# വയനാട് ജില്ലയിലെ കുറിച്യൻ, പണിയൻ സമുദായ ങ്ങൾക്കിടയിൽ നടപ്പിലാക്കിയിട്ടുള്ള വികസനപദ്ധതി കളുടെ സ്വാധീനത്തെക്കുറിച്ചുള്ള താരതമ്യ പഠനം



## വികസന പഠനവിഭാഗം

കിർടാഡ്സ്
(കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന
വികസന പഠനവകുപ്പ്)
കോഴിക്കോട്-17

മാർച്ച് 2018

# വയനാട് ജില്ലയിലെ കുറിച്യൻ, പണിയൻ സമുദായങ്ങൾക്കിടയിൽ നടപ്പിലാക്കിയിട്ടുള്ള വികസനപദ്ധതികളുടെ സ്വാധീനത്തെക്കുറിച്ചുള്ള താരതമ്യ പഠനം

**വിലയിരുത്തൽ പഠനം**
**(Evaluation Study)**


**ഗവേഷണ മേൽനോട്ടം**

**മിനി.പി.വി**
**ഡെപ്യൂട്ടി ഡയറക്ടർ (വികസനപഠനവിഭാഗം)i/c**

**തയ്യാറാക്കിയത്**

**ടി .സന്ധ്യശേഖർ**
**റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്)**

**ബർസില്ല ജോർജജ്**
(പ്രൊജക്ട് ഫെല്ലോ)

**ഡോണ മാരിയറ്റ് ജോർജജ്**
(പ്രൊജക്ട് ഫെല്ലോ)

**വികസന പഠന വിഭാഗം**
**കിർടാഡ്സ്**



**മാർച്ച് 2018**

## ഉള്ളടക്കം

പേജ്

മുഖവുര

അദ്ധ്യായം-1. ഭൂമിക 6

അദ്ധ്യായം-2. പട്ടികവർഗ്ഗ വികസന പദ്ധതികളും കുറിച്ച്യർ, പണിയൻ സമുദായങ്ങളുടെ ഇന്നത്തെ സാമൂഹിക സാമ്പത്തിക അവസ്ഥയും 19

അദ്ധ്യായം-3. വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള സങ്കേതങ്ങളുടെ ഇന്നത്തെ അവസ്ഥ 46

അദ്ധ്യായം-4. കുറിച്യർ, പണിയൻ സമുദായങ്ങളുടെ ഇടയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പ്രതിഫലനം 107

അദ്ധ്യായം-5. സംഗ്രഹവും ഉപസംഹാരവും 127

# മുഖവുര

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി കേന്ദ്രസംസ്ഥാന സർക്കാറുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതികൾ അവരുടെ ജീവിത നിലവാരത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയെന്നത് അന്വേഷണ വിധേയമാക്കേണ്ടത് കിർടാഡ്സ് വകുപ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നാണ്. ചരിത്രപരമായി തദ്ദേശജനതക്ക് മറ്റു ജനവിഭാഗങ്ങളുടെ വികസന വേഗതയോടൊപ്പം സഞ്ചരിക്കുവാനുള്ള പരിമിതികൾ ഉള്ളതുകൊണ്ട് തന്നെ പലതട്ടുകളിലായിട്ടാണ് കാണപ്പെടുന്നത്. ഇങ്ങിനെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തന്നെ വ്യത്യസ്ത ധ്രുവങ്ങളിൽ നിന്നുള്ള രണ്ട് സമുദായങ്ങളാണ് വയനാട് ജില്ലയിലെ കുറിച്ച്യരും പണിയരും. 2017-18 സാമ്പത്തിക വർഷം സർക്കാർ അനുമതി നൽകിയ പഠനങ്ങളിലൊന്നാണ് '**വയനാട് ജില്ലയിലെ കുറിച്യൻ, പണിയൻ സമുദായങ്ങൾക്കിടയിൽ നടപ്പിലാക്കിയിട്ടുള്ള വികസനപദ്ധതികളുടെ സ്വാധീനത്തെക്കുറിച്ചുള്ള താരതമ്യ പഠനം**'

സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഈ പഠന പ്രൊജക്റ്റിന് അനുമതി നൽകുകയും, പഠനം പൂർത്തീകരിക്കുന്നതിന് പിന്തുണ തരികയും ചെയ്ത പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു ഐ.എ.എസ് ന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. 12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട, എടവക, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിലെ കുറിച്യർ, പണിയൻ സമുദായങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകി സഹായിച്ച പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, ഈ പ്രൊജക്ടിന്റെ ആരംഭം മുതൽ അവസാനം വരെ പഠനവുമായി ബന്ധപ്പെട്ട് വേണ്ടത്ര നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ ഭാഗത്ത് വേണ്ടത്ര തിരുത്തലുകൾ വരുത്തി തരികയും ചെയ്ത കിർടാഡ്സിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വി.കെ മോഹൻകുമാർ, കിർടാഡ്സ് വകുപ്പിലെ ഉദ്യോഗസ്ഥർ, ഗവേഷകർ തുടങ്ങിയവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സാമൂഹിക സാംസ്കാരിക സവിശേഷതകൾ വികസന ക്ഷേമപദ്ധതികളിൽ വ്യത്യസ്ത രൂപത്തിലാണ് കുറിച്യൻ-പണിയൻ സമുദായങ്ങൾക്കിടയിൽ പ്രതിഫലിക്കുന്നത്. ഈ വിഷയത്തെ കേന്ദ്രബിന്ദുവായി അടിസ്ഥാനപ്പെടുത്തി നടത്തിയ പ്രസ്തുത പഠന റിപ്പോർട്ട് ആസൂത്രണ പ്രക്രിയയ്ക്ക് വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. പി.പുഗഴേന്തി, ഐ.എഫ്.എസ്
ഡയറക്ടർ

**കോഴിക്കോട്**

23.03.2019

## പട്ടികകൾ

പേജ്


| | | |
|---|---|---|
| പട്ടിക 1.1 | 2011 ലെ സെൻസസ് പ്രകാരം ജില്ല തിരിച്ചുള്ള കേരളത്തിലെ പട്ടികവർഗ വിഭാഗത്തിന്റെ വിശദാംശങ്ങൾ | 8 |
| പട്ടിക 2.4.1 | കുറിച്ച്യൻ സമുദായത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിശദാംശങ്ങൾ | 22 |
| പട്ടിക 2.4.2 | പണിയൻ സമുദായത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിശദാംശങ്ങൾ | 23 |
| പട്ടിക 2.5.1 | ഊരുകൾ പട്ടികവർഗ വിഭാഗാടിസ്ഥാനത്തിൽ | 24 |
| പട്ടിക 2.5.2 | സാക്ഷരതാ നിലവാരം | 24 |
| പട്ടിക 2.5.3 | വിദ്യാഭ്യാസ നിലവാരം | 25 |
| പട്ടിക 2.5.4. | വിദ്യാർതഥികൾ പഠനം ഉപേക്ഷിച്ചതിന്റെ തോത് | 25 |
| പട്ടിക 2.5.5 | വിദ്യാർത്ഥികളുടെ പഠന നിലവാരം | 26 |
| പട്ടിക 2.5.6 | കടബാധ്യത | 27 |
| പട്ടിക 2.5.7 | 15-59 വയസ്സ് പ്രായമുള്ളവരിൽ കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ | 27 |
| പട്ടിക 2.5.8 | മുഖ്യതൊഴിലും ഉപതൊഴിലും പട്ടികവർഗ്ഗ വിഭാഗാടിസ്ഥാനത്തിൽ | 28 |
| പട്ടിക 2.5.9 | മരണകാരണം | 29 |
| പട്ടിക 2.5.10 | വൈദ്യുതി ഇല്ലാത്ത വീടുകൾ | 29 |
| പട്ടിക 2.5.11 | കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ | 30 |
| പട്ടിക 2.5.12 | കൈവശഭൂമി ഇല്ലാത്ത കുടുംബങ്ങൾ | 30 |
| പട്ടിക 2.5.13 | മാനസിക വെല്ലുവിളികളോ സ്ഥിരമായ രോഗമോ അഭിമുഖീകരിക്കുന്ന കുടുംബങ്ങളും വ്യക്തികളും | 30 |
| പട്ടിക 2.5.14 | പോഷകാഹാരക്കുറവ് | 31 |
| പട്ടിക 2.5.15 | അഞ്ച് വയസ്സിൽ കുറവ് പ്രായമുള്ള കുട്ടികൾക്ക് ലഭിച്ച പ്രതിരോധ പരിചരണം | 31 |

പട്ടിക 2.5.16 ചികിത്സാ ചിലവ് 32

പട്ടിക 2.5.17 റേഷൻ കാർഡ് ലഭ്യത പട്ടികവർഗ വിഭാഗാടിസ്ഥാനത്തിൽ 32

പട്ടിക 2.5.18 വിധവ പെൻഷൻ 33

പട്ടിക 2.5.19 വാർദ്ധക്യകാല പെൻഷൻ 33

പട്ടിക 2.5.20 ഭിന്നശേഷി പെൻഷൻ 34

പട്ടിക 2.5.21 അതിക്രമങ്ങൾ 34

പട്ടിക 2.6.1 ജനസംഖ്യ 35

പട്ടിക 2.6.2 ഊരുകൾ 35

പട്ടിക 2.6.3 വിദ്യാഭ്യാസ നിലവാരം 36

പട്ടിക 2.6.4 ബ്ലോക്കിലെ തൊഴിൽ വിവരങ്ങൾ 37

പട്ടിക 2.6.5 കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകൾ 38

പട്ടിക 2.6.6. വൈദ്യുതീകരിക്കാത്ത വീടുകൾ 39

പട്ടിക 2.6.7 വനമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊരുകൾ 40

പട്ടിക 2.6.8 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ 41

പട്ടിക 2.6.9 അതിക്രമ രീതികൾ 41

പട്ടിക 2.6.10. പാരമ്പര്യ ചികിത്സാരീതി നിലവിലുള്ള ഊരുകൾ 42

പട്ടിക 2.6.11 അഞ്ച് വർഷത്തിനുള്ളിലെ മരണം, മരണകാരണം 43

പട്ടിക 2.6.12. ഭവനരഹിതരും, നിലവിലുള്ള വീടുകളുടെ അവസ്ഥയും 44

പട്ടിക 2.6.13 കൈവശഭൂമിയുടെ വിസ്തൃതി 44

പട്ടിക 4.1 12 – ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ അവലോകനം 108

പട്ടിക 4.2 കുടുംബത്തിന്റെ തരം 108

പട്ടിക 4.3 കുടുംബത്തിന്റെ വലുപ്പം 110

പട്ടിക 4.4 കുടുംബത്തിന്റെ വലുപ്പം പ്രായപരിധിയിലുള്ള അംഗങ്ങളുടെ എണ്ണം 112

| | | |
|---|---|---|
| പട്ടിക 4.5 | സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾ | 112 |
| പട്ടിക 4.6 | വൈവാഹികാവസ്ഥ | 113 |
| പട്ടിക 4.7 | വീടിന്റെ ഉടമസ്ഥത | 114 |
| പട്ടിക 4.8 | തൊഴിൽ | 114 |
| പട്ടിക 4.9 | തൊഴിൽ , വീടിന്റെ അവസ്ഥ | 115 |
| പട്ടിക 4.10 | വീട് വൈദ്യുതീകരിച്ചതാണോ | 116 |
| പട്ടിക 4.11 | വിദ്യാഭ്യാസ നിലവാരം | 116 |
| പട്ടിക 4.12 | ഏതു ജില്ലയിലാണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ | 120 |
| പട്ടിക 4.13 | ഏതു സംസ്ഥാനത്താണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ | 120 |
| പട്ടിക 4.14 | എപ്പോഴെങ്കിലും പത്രം വായിച്ചിട്ടുണ്ടോ | 121 |
| പട്ടിക 4.15 | ഉടമസ്ഥത | 121 |
| പട്ടിക 4.16 | കൈവശഭൂമിയുടെ വിസ്തൃതി | 122 |
| പട്ടിക 4.17 | ഗൃഹനാഥൻ/നാഥയുടെ തൊഴിലും കൈവശഭൂമിയുടെ വിസ്തൃതിയും | 122 |
| പട്ടിക 4.18 | കുടിവെള്ളം | 124 |
| പട്ടിക 4.19 | സംഗ്രഹ പട്ടിക | 126 |

അദ്ധ്യായം-1

# ഭൂമിക

## 1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ 342-ാം അനുഛേദ പ്രകാരം വിവിധങ്ങളായ പ്രത്യേക പരിഗണനകളും പരിരക്ഷകളും നൽകി ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളാണ് പട്ടികവർഗ്ഗ സമുദായങ്ങൾ. ഭാരതത്തിലെ ജനസംഖ്യയുടെ 8.60% വരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനമാണ് ഭരണഘടനയിലൂടെ ലക്ഷ്യമിടുന്നത് 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെ ജനസംഖ്യയുടെ 1.45% പട്ടികവർഗ്ഗ ജനവിഭാഗങ്ങളാണ്. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷങ്ങൾ പിന്നിട്ടിട്ടും ഈ വിഭാഗങ്ങളെ പൊതുധാരയിലേക്ക് എത്തിക്കുന്നതിന് നമുക്കു കഴിഞ്ഞിട്ടില്ല എന്നതാണ് യഥാർത്ഥ്യം. വിവിധ വകുപ്പുകൾ ഇവർക്കുവേണ്ടി പ്രത്യേകം ഫണ്ട് നീക്കിവെക്കുന്നുണ്ടെങ്കിലും പൂർണ്ണമായും പദ്ധതികൾ വിജയത്തിലെത്തുന്നില്ല.

സ്വന്തമായ സമ്പദ് വ്യവസ്ഥയും സാമൂഹിക ക്രമവുമായി വനവിഭവങ്ങളെ ആശ്രയിച്ചും പുനം കൃഷി ചെയ്തും സ്വയം പര്യാപ്തതയിൽ കഴിഞ്ഞു വന്നിരുന്നവരാണ് പട്ടികവർഗ്ഗ സമൂഹം. എന്നാൽ വൻ തോതിലുള്ള കയ്യേറ്റങ്ങളും അധിനിവേശങ്ങളും അവരുടെ സമ്പദ് വ്യവസ്ഥയേയും സാമൂഹ്യഘടനയേയും മാറ്റിമറിച്ചു. വനസമ്പത്തും ജൈവവൈവിധ്യവും അവരുടെ പൈതൃകവും പാരമ്പര്യത്തിൽ അധിഷ്ഠിതവുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ടുതന്നെ വേണമായിരുന്നു അവരുടെ വികസനവും സാധ്യമാക്കേണ്ടിയിരുന്നത്. കൂടാതെ ആരോഗ്യപരമായും വിദ്യാഭ്യാസപരമായും അവരെ പൊതുധാരയിലേക്കെത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രസ്തുത സമുദായങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മിഷനുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയവർ നിരവധി പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. എന്നാൽ പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും സമുദായങ്ങൾക്കിടയിൽ നിലനിൽക്കുന്ന പലതരത്തിലുള്ള വിശ്വാസപ്രമാണങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ വേളയിൽ അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങളുടെ അപര്യാപ്തതയും പദ്ധതി നേടിയെടുക്കുന്നതിനുള്ള അറിവില്ലായ്മയും പലപ്പോഴും പട്ടികവർഗ്ഗ മേഖലകളിൽ അർഹമായ അവകാശങ്ങൾ നഷ്ടമാകുന്നതിന് കാരണമാകുന്നു.

## 1.2 ഇന്ത്യയിടെ ഗോത്രവർഗ്ഗക്കാർ

ലോകത്തിലെ ഏറ്റവും കൂടുതൽ ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളിൽ രണ്ടാംസ്ഥാനം ഇന്ത്യയ്ക്കാണ്. ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം 635 ഗോത്രവിഭാഗങ്ങൾ ഇവിടെ വസിക്കുന്നുണ്ട്. സാംസ്കാരികപരമായും മൂല്യ ങ്ങൾ നൽകുന്നതിലെ വ്യത്യാസപരമായും ഇന്ത്യയിലെ ഗോത്രവർഗ്ഗങ്ങൾ ഒരിക്കലും ഏകീ കൃതർ അല്ല. മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിലാണ് ഇന്ത്യയിൽ കൂടുതലും ഗോത്രവിഭാഗങ്ങളെ കാണാൻ സാധിക്കുന്നത്. ഭൂമിശാസ്ത്രപരമായി മദ്ധ്യ ഇന്ത ്യയിലാണ് ഏറ്റവും കൂടുതൽ ഗോത്രവിഭാഗങ്ങൾ ഉള്ളത് (46.04%). പടിഞ്ഞാറൻ ഭാഗത്ത് 27.81%, തെക്ക് 10.97%, വടക്ക്കിഴക്ക് 10.29% എന്നിങ്ങനെയാണ് വിന്യസിച്ചിരിക്കുന്നത്.പട്ടിക വർഗ്ഗ ജനസംഖ്യയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അത് ആകെയുള്ള ഇന്ത്യൻ ജനസം ഖ്യാനിരക്കിന് കാര്യമായ മാറ്റം കൊണ്ടുവന്നിട്ടില്ലാ എന്നുള്ളതാണ് പഠനങ്ങൾ വ്യക്തമാക്കു ന്നത്.

## 1.3 കേരളത്തിലെ ഗോത്രവർഗക്കാർ

കേരളത്തിൽ നിലവിൽ 37 പട്ടികവർഗ്ഗ വിഭാഗങ്ങളാണുള്ളത്. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. പുരുഷൻ 2,38,203, (49.13%) സ്ത്രീകൾ 2,46,636 , ( 50.86%). പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാക്ഷരതാ നിരക്ക് 74.5% ആണ്. (പുരുഷൻ 77%, സ്ത്രീ 72%) ഇത് പൊതു സാക്ഷരതാ നിരക്കിനേക്കാൾ 20% കുറവാണ്. 37 പട്ടികവർഗ്ഗ വിഭാഗങ്ങളിലായി 4762 ഊരുകളിലായിട്ടാണ് കേരളത്തിലെ പട്ടികവർഗ്ഗക്കാർ താമസിച്ചു വരുന്നത്. 2008 ൽ പട്ടികവർഗ്ഗ വികസന വകുപ്പും കിലയുമായി ചേർന്ന് നടത്തിയ സർവ്വേയിൽ 1518 (31.88%) സങ്കേതങ്ങളാണ് വനത്തിനകത്തു സ്ഥിതി ചെയ്യുന്നത്. ഇതിൽ 540 സങ്കേതങ്ങൾ (35.57%) ഉൾവനത്തിനകത്തും 978 (64.43%) സങ്കേതങ്ങൾ ഉൾവനത്തോട് ചേർന്നും സ്ഥിതി ചെയ്യുന്നു. കേരളത്തിൽ ഏറ്റവും അധികം പട്ടികവർഗ്ഗക്കാർ അധിവസി ക്കുന്നത് വയനാട് ജില്ലയിലാണ്. ഇടുക്കി, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലാണ് വയനാട് കഴിഞ്ഞാൽ കൂടുതലായും ഗോത്രവർഗക്കാർ അധിവസിച്ചു വരുന്നത്. കേരള ത്തിലെ 37 ഗോത്ര വർഗ്ഗക്കാരിൽ പണിയരാണ് ജനസംഖ്യയിൽ മുന്നിട്ട് നിൽക്കുന്നത്. പണിയൻ, മുള്ളുകുറുമർ, അടിയൻ, കുറിച്ച്യർ, തച്ചനാടൻ മൂപ്പൻ, വെട്ടക്കുറുമൻ, വയനാട് കാടർ, കരിംപാലൻ, കാട്ടുനായ്ക്കർ, തുടങ്ങിയ വിവിധ വിഭാഗങ്ങളാണ് വയനാട്ടിലെ ഗോത്രവർഗ്ഗക്കാർ. ഇവർ പ്രധാനമായും താമസിച്ചു വരുന്നത് പുൽവീടുകൾ, മുള


കൾക്കൊണ്ട് നിർമ്മിച്ച വീടുകൾ, മൺവീടുകൾ, ഓടിട്ട വീടുകൾ, കോൺക്രീറ്റു വീടുകൾ തുടങ്ങിയവയിൽ ആണ്.

**പട്ടിക 1.1 2011 ലെ സെൻസസ് പ്രകാരം ജില്ല തിരിച്ചുള്ള കേരളത്തിലെ പട്ടികവർഗ വിഭാഗത്തിന്റെ വിശദാംശങ്ങൾ**

| ക്രമനമ്പർ | ജില്ല | ജനസംഖ്യ | പട്ടികവർഗ ജനസംഖ്യയുടെ ശതമാനം |
|---|---|---|---|
| 1 | കാസർഗോഡ് | 48857 | 10.08 |
| 2 | കണ്ണൂർ | 41371 | 8.53 |
| 3 | വയനാട് | 151443 | 31.23 |
| 4 | കോഴിക്കോട് | 15228 | 3.14 |
| 5 | മലപ്പുറം | 22990 | 4.74 |
| 6 | പാലക്കാട് | 48972 | 10.10 |
| 7 | തൃശ്ശൂർ | 9430 | 1.94 |
| 8 | എറണാകുളം | 16559 | 3.43 |
| 9 | ഇടുക്കി | 55815 | 11.51 |
| 10 | കോട്ടയം | 21972 | 4.53 |
| 11 | ആലപ്പുഴ | 6574 | 1.35 |
| 12 | പത്തനംതിട്ട | 8108 | 1.67 |
| 13 | കൊല്ലം | 10761 | 2.22 |
| 14 | തിരുവനന്തപുരം | 26759 | 5.51 |
| 15 | കേരളം | 4,84,839. | 100 |

Source: Census 2011

**Figure 1.1 District-wise Percentage of ST to total ST Population of Kerala**




Source: Census of India, (2011)

2011 സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യയിൽ മുൻപിൽ നിൽക്കുന്നത് വയനാട് (31.23%) ജില്ലയും രണ്ടാമത് ഇടുക്കിയും (11.51%) ആകുമ്പോൾ ഏറ്റവും കുറവ് ആലപ്പുഴ ജില്ലയിലാണ്. (1.35%). അവരിൽ തന്നെ ജനസംഖ്യ കൂടുതൽ ഉള്ളത് പണിയൻ (81,940), കുറിച്ച്യൻ (32,746) വിഭാഗങ്ങൾക്കാണ്.

കേരളത്തിലെ ഗോത്രവർഗ്ഗക്കാർക്ക് ഓരോ വിഭാഗത്തിനും തനത് ഭാഷയുണ്ട്. ചില ഭാഷകൾക്ക് ലിപിയില്ല. മിക്ക പട്ടികവർഗ്ഗവിഭാഗങ്ങളും മലയാളമോ മലയാളത്തോട് സാദൃശ്യമുള്ള പ്രാദേശിക ഭാഷയോ ഉപയോഗിക്കുന്നു. എല്ലാ ഗോത്രവർഗ്ഗ വിഭാഗ ക്കാർക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും പൊതുവിഭാ ഗത്തോടു കൂടെയുള്ള നിരന്തര സമ്പർക്കം മൂലം ഇത്തരം ആചാരാനുഷ്ഠാനങ്ങളുടെ പ്രാധാന്യം മുൻപത്തെ അപേക്ഷിച്ച് താരതമ്യേന ഏറിയോ കുറഞ്ഞോ ഇരിക്കുന്നു.

## 1.4 ഗവേഷണ വിഷയം

വയനാട്ടിലെ പണിയൻ, കുറിച്ച്യൻ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, വികസ നത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ സ്വാധീനം അന്വേഷിക്കുക എന്നതാണ് പ്രധാനമായും ഈ ഗവേഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത വിഭാഗങ്ങളിലെ ഇന്നത്തെ യഥാർത്ഥ സാമൂഹ്യ സാമ്പത്തിക സാഹചര്യം എന്താണ് എന്ന് കൂടി പരിശോധി ക്കുകയും എന്നതാണ് ഈ പഠനത്തിലൂടെ ഉദ്ദേശിക്കുന്നത്.

## 1.5 പഠനത്തിന്റെ പ്രാധാന്യം

കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നും വയനാടിനെ എപ്പോഴും വ്യത്യസ്തമാക്കുന്നത് വയനാടിന്റെ പ്രകൃതി മനോഹാരിതയും കാലങ്ങളായി അവിടെ താമസിച്ചു വരുന്ന ഗോത്ര വിഭാഗങ്ങളും ആണ്. മുൻകാലങ്ങളിൽ വനവുമായി ഇണങ്ങിച്ചേർന്ന് ജീവിച്ചിരുന്ന ഇവർ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ് കുറിച്ച്യൻ, പണിയൻ വിഭാഗ ത്തിൽപ്പെട്ടവരാണ് ഗോത്രജനതയിൽ കൂടുതലായും വയനാട്ടിൽ ജീവിക്കുന്നവർ. കേരള ത്തിലെ ഗോത്രവിഭാഗങ്ങളിൽ ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്ന പണിയരും വയനാട് ജില്ലയിൽ ജനസംഖ്യാടിസ്ഥാനത്തിൽ രണ്ടാമതായി വരുന്ന കുറിച്യരും പരമ്പരാഗതമായി പ്രത്യേകം സങ്കേതങ്ങളിലാണ് വസിച്ചിരുന്നത്. ഗോത്രവിഭാഗത്തിലെ ഉയർന്ന സാമൂഹിക പദവി ഉള്ളവർ എന്ന് അവകാശപ്പെടുന്ന കുറിച്ച്യരും, അടിമവ്യവസ്ഥിതിക്ക് വിധേയരായ പണിയരും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലാണ് ഉള്ളത്. പല കാലഘട്ടങ്ങളായി സാമൂഹ്യ ഘടനയിൽ വരുന്ന മാറ്റങ്ങൾ ആദിവാസികളുടെ തനത് സംസ്ക്കാരവും ജീവിതരീതിയും സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. പട്ടിണി യാലും രോഗത്താലും ലഹരിയുടെ ഉപയോഗങ്ങളാലും ജീവിത പ്രശ്നങ്ങൾ നേരിടുന്ന ഇവർക്കായി ഇന്ത്യൻ ഭരണഘടന പലതരത്തിലുള്ള ഭരണഘടനാ പരിരക്ഷകളും നൽകു

ന്നുണ്ട്. അതിന്റെ ഭാഗമായി വർഷങ്ങളായി ധാരാളം വികസന പദ്ധതികളും സാമ്പത്തിക സഹായവും പട്ടികവർഗ്ഗ വികസനക്ഷേമ വകുപ്പുവഴി ഗോത്ര വിഭാഗം ജനതകളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിലവിൽ നടന്നിട്ടുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് വികസന പദ്ധതികൾ പലതും പദ്ധതികളായി അവശേഷിക്കുന്നു, മറ്റു പലതും നടപ്പിലാക്കി യിട്ടുണ്ടെങ്കിലും ഇവർക്കിടയിലെ പ്രശ്നങ്ങൾ അതേപടി തുടരുന്നു എന്നതാണ്.

ഇത്തരം ഒരു സാഹചര്യം നിലനിൽക്കുമ്പോൾ ഗോത്രവിഭാഗങ്ങൾക്കിടയിലെ മുന്നോക്ക- പിന്നോക്ക അവസ്ഥകളാൽ തരം തിരിക്കപ്പെട്ട് നിലനിൽക്കുന്നതും എന്നാൽ മിക്കപ്പോഴും ഒരേ ആവാസവ്യവസ്ഥയിൽ താമസിക്കുന്ന കുറിച്ച്യൻ, പണിയൻ വിഭാഗങ്ങളി ലേക്ക് ആഴ്ന്നിറങ്ങിച്ചെന്ന് ഒരു പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. കാരണം കുറി ച്ച്യർക്കും പണിയർക്കും ഒരേ രീതിയിലുള്ള വികസന പദ്ധതികളും സാമ്പത്തിക സഹായവു മാണ് സർക്കാർ കാലാകാലങ്ങളായി നൽകിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും ഭൂരിഭാഗം പണി യരും ഇന്നും സാമ്പത്തികമായും, സാമൂഹ്യപരമായും വളരെ പിന്നോക്ക നിലയിലും കുറി ച്ച്യൻ താരതമ്യേന ഉയർന്ന നിലവാരമുള്ള ജീവിതരീതി നയിക്കുകയും ചെയ്യുന്ന അവസ്ഥ യാണ് നിലവിലുള്ളത്. അതിനാൽ എവിടെയാണ് പ്രശ്നം സംഭവിച്ചത് എന്ന് തിരിച്ചറിയേ ണ്ടത് ഗൗരവമേറിയ വിഷയമാണ്. വികസന പദ്ധതികൾ ഒരു പോലെയാണോ നൽകിയിരി ക്കുന്നത്? ആണെങ്കിൽ അവ സങ്കേതങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ? ഉണ്ടെ ങ്കിൽ എന്തുകൊണ്ടാണ് ഗുണഭോക്താക്കളിൽ അതിന്റെ സ്വാധീനം ദൃശ്യമാകുന്നില്ല തുട ങ്ങിയ ചോദ്യങ്ങളാണ് ഈ പഠനത്തിൽ പ്രധാനമായും ഉന്നയിക്കുന്നത്. വികസനപദ്ധതി കൾ നടപ്പിലാക്കുന്നതിലെ അപാകതകളോ അല്ലെങ്കിൽ പദ്ധതികളിലെ പോരായ്മകളോ ആണ് കുറിച്ച്യരുടെയും പണിയരുടെയും ഇടയിൽ ദൃശ്യമായിരിക്കുന്ന പ്രശ്നങ്ങൾക്ക് കാര ണമെങ്കിൽ അത് എന്തുകൊണ്ടാണെന്ന് കണ്ടുപിടിച്ച് പരിഹാരമാർഗ്ഗം കൊണ്ടുവരേണ്ടത് വളരെ അത്യാവശ്യമാണ്. അതിനുള്ള ഒരു ശ്രമമാണ് വയനാട് ജില്ലയിലെ തവിഞ്ഞാൽ, വെള്ളമുണ്ട, എടവക എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുറിച്ച്യൻ പണിയൻ വിഭാഗങ്ങ ൾക്ക് നൽകിയ വികസന പദ്ധതികളുടെ ഒരു താരതമ്യപഠനം.

## 1.6 പഠനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of the study)

- ⇒ വരുമാനവും ഉപജീവനമാർഗ്ഗങ്ങളും കണക്കിലെടുത്ത് കുറിച്ച്യൻ, പണിയൻ സമുദാ യങ്ങൾക്കിടയിൽ നിലനിൽക്കുന്ന അസമത്വങ്ങൾ കണ്ടുപിടിക്കുക.
- ⇒ കുറച്ച്യൻ , പണിയൻ ഗോത്ര വിഭാഗങ്ങളിൽ നിലനിൽക്കുന്ന സാമൂഹിക സാഹചര്യ ങ്ങൾ പഠിക്കുക; വിദ്യാഭ്യാസം, പൊതുകാര്യങ്ങളിലെ അവബോധം, പൊതുപ്ര വർത്തനങ്ങളിൽ ഉള്ള പങ്കാളിത്തം തുടങ്ങിയവ.
- ⇒ ഈ രണ്ട് സമുദായങ്ങളിൽ നടപ്പിലാക്കിയ വിവിധ വികസന പദ്ധതികളുടെ സ്വാധീനം താരതമ്യം ചെയ്യുക.

## 1.7പഠനമേഖല (Area of the sutdy)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന വെള്ളമുണ്ട, എടവക, തവിഞ്ഞാൽ എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിശദ പഠനത്തിലുള്ള കുടുംബങ്ങളെ തെരഞ്ഞെടുത്തത്. പ്രസ്തുത മൂന്ന് പഞ്ചായത്തുകളിൽ 12-ാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികളെക്കുറിച്ചുള്ള വിവരശേഖരണം മാനന്തവാടിയിൽ സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഓഫീസിൽ നിന്നും ശേഖരിച്ചു. ഇതിൽ നിന്നും ഏറ്റവും കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള കുറിച്യൻ, പണിയൻ സങ്കേതങ്ങൾ തിരിച്ചറിയപ്പെട്ടു. ഇങ്ങനെ തവിഞ്ഞാൽ പഞ്ചായത്തിൽ നിന്നും 12 കുറിച്യൻ സങ്കേതങ്ങളിലെ 50 വീടുകളും, വെള്ളമുണ്ട പഞ്ചായത്തിലെ 18 പണിയൻ സങ്കേതങ്ങളിലെ 50 വീടുകളും, എടവക പഞ്ചായത്തിലെ 20 സങ്കേതങ്ങളിലുമായി 25 വീതം പണിയൻ, കുറിച്യൻ വീടുകൾ പഠനത്തിനായി തെരഞ്ഞെടുത്തു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്ത് | സമുദായം | സങ്കേതങ്ങളുടെ എണ്ണം | വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തവിഞ്ഞാൽ | കുറിച്യൻ | 12 | 50 |
| 2 | വെള്ളമുണ്ട | പണിയൻ | 18 | 50 |
| 3 | എടവക | കുറിച്യൻ<br>പണിയൻ | 10<br>10 | 25<br>25 |
| 4 | ആകെ | | 50 | 150 |

## 1.8 രീതിശാസ്ത്രം (Methodology)

പ്രാഥമിക, ദ്വിതീയസ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗിച്ചാണ് ഈ പഠനം പൂർത്തീകരിച്ചിരിക്കുന്നത്. പ്രാഥമിക സ്രോതസ്സുകൾ പ്രധാനമായും പങ്കാളിത്ത പഠനത്തിലൂടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സാമൂഹ്യപ്രവർത്തകരുമായുള്ള അഭിമുഖത്തിലൂടെയും, ചർച്ചകളിലൂടെയും ആണ് പൂർത്തിയാക്കിയത്. കൂടുതൽ വിവരശേഖരണത്തിനായി മുൻകൂട്ടി തയ്യാറാക്കിയ അഭിമുഖ ഷെഡ്യൂളുകളും പങ്കാളിത്ത പഠനത്തിലൂടെയും നടത്തി. ദ്വിതീയ സ്രോതസ്സുകൾ പ്രധാനമായും വിവിധ പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസുകളിലെ രേഖകളിലൂടെയും പുസ്തകങ്ങളിലൂടെയും ജേണലുകളിലൂടെയുമാണ് ലഭ്യമായത്.

## 1.9 അദ്ധ്യായവത്ക്കരണം (Chapterization)

ആദ്യത്തെ അദ്ധ്യായത്തിൽ വയനാടിനെക്കുറിച്ചും അവിടെ ജീവിക്കുന്ന ഗോത്രവർഗ്ഗ വിഭാഗങ്ങളെക്കുറിച്ചും ചേർത്തിരിക്കുന്നു. കൂടാതെ പഠനത്തിന്റെ ലക്ഷ്യങ്ങളും, മാർഗ്ഗങ്ങളും പ്രാധാന്യവും ആമുഖ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തുടർന്ന് പഠന വിഷയവുമായി ബന്ധപ്പെട്ട പഠനങ്ങളുടെ ചുരുക്കത്തിലുള്ള അവലോകനം ചേർത്തിരിക്കുന്നു.

രണ്ടാമത്തെ അദ്ധ്യായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളേക്കുറിച്ചും കുറിച്ച്യൻ, പണിയൻ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ചരിത്രത്തെക്കുറിച്ചുള്ള വിശദീകരണവുമാണ് നൽകിയിട്ടുള്ളത്. കില റിപ്പോർട്ടിന്റെയും സ്ഥിതിവിവരണകണക്കുകളുടെ അവലോകനത്തിന്റെയും സഹായത്തോടെ ഇത് പൂർത്തിയാക്കിയിരിക്കുന്നു.

മൂന്നാമത്തെ അദ്ധ്യായം സാദ്ധ്യമായ  പഠനത്തിലൂടെ ലഭിച്ചിട്ടുള്ള വികസനത്തിന്റെ നിലവിലുള്ള അവസ്ഥയാണ്.  ഗവേഷണത്തിന്റെ പ്രാരംഭ ഭാഗത്ത് ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങളുടെ വ്യക്തമായ വിശദീകരണം ഈ അദ്ധ്യായത്തിൽ ഉണ്ട്.  കുറിച്ച്യരുടേയും പണിയരുടേയും സാമൂഹിക സാമ്പത്തിക നിലവാരം എങ്ങനെയാണെന്നും, ഭൂസ്വത്തിന്റെ അവസ്ഥ, തൊഴിൽ, വിദ്യാഭ്യാസം, ഉപജീവനമാർഗങ്ങൾ, സമ്പത്ത് തുടങ്ങിയ കാര്യങ്ങളുടെ വിശദീകരണവും ഈ അദ്ധ്യായത്തിൽ ഉണ്ട്.  നാലാമത്തെ അദ്ധ്യായം പഠനത്തിന്റെ വിശകലനം ആണ് നടത്തുന്നത്.  ഇതുവരെ അനുഭവതുല്യമായ ഫീൽഡ് വർക്കിലൂടെ ലഭിച്ചിട്ടുള്ള വിവരങ്ങളുടെ വിശദീകരണവും വിശകലനവും വ്യക്തമായി ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു.

അവസാന അദ്ധ്യായം സംഗ്രഹവും ഉപസംഹാരവും ആണ്. പഠനം നടത്തിയ ആറു മാസത്തിൽ മനസിലാക്കിയ കാര്യങ്ങളുടെ ഒരു സംക്ഷിപ്ത രൂപവും മുന്നോട്ട് വെയ്ക്കാനുള്ള നിർദ്ദേശങ്ങളും ഉപസംഹാരവും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 1.10 വയനാട് ജില്ല

സമുദ്രനിരപ്പിൽ നിന്നും 700-2100 അടി ഉയരത്തിൽ പടിഞ്ഞാറൻ മലനിരകളിൽ സ്ഥിതിചെയ്യുന്ന കേരളത്തിന്റെ ഒരു ഭാഗമാണ് വയനാട് ജില്ല.  വയനാട് എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് പല കഥകളും ഇന്ന് നിലവിൽ ഉണ്ട്.  ചില ഗവേഷകരുടെ പഠനത്തിൽ 'വനനാട്' എന്ന വാക്കിൽ നിന്നുമാണ് വയനാട് രൂപംകൊണ്ടതെന്ന് അഭിപ്രായപ്പെടുന്നുണ്ട് കാടുകളാൽ ചുറ്റപ്പെട്ട പ്രദേശം ആയതുകൊണ്ടായിരിക്കാം അങ്ങനെ പറയപ്പെടുന്നത്.  മറ്റു ചില ഗവേഷകരുടെ വീക്ഷണത്തിൽ 'വയലുകളുടെ നാട്' എന്നറിയപ്പെടുന്ന 'വയൽ നാട്' എന്ന വാക്കിൽ നിന്നുമാണ് വയനാടിന്റെ ഉത്ഭവം.  വയനാടൻ ഭൂപ്രകൃതിയും കാലാവസ്ഥയും വയനാട്ടിലെ ജനങ്ങളുടെ ചരിത്രത്തെയും സംസ്കാരത്തെയും ഗണ്യമായി സ്വാധീ

നിച്ചിട്ടുണ്ട്. ഇടതൂർന്ന വനപ്രദേശങ്ങളാലും നീലഗിരി ജൈവസംരക്ഷണ മേഖലയാലും അനുഗ്രഹീതമാണ് വയനാട് ജില്ല. കുത്തനെയുള്ള ഭൂപ്രദേശവും ഏക്കറുകണക്കിനുള്ള കാട്ടുപ്രദേശവും കാലാകാലങ്ങൾക്കു മുമ്പേ ഗോത്രവർഗ്ഗ ജനങ്ങൾ സ്ഥിരവാസമുറപ്പിച്ച മേഖലയാണ്. അവരാണ് യഥാർത്ഥത്തിൽ വയനാടിന്റെ ഉടമസ്ഥർ. വയനാട്ടിൽ പ്രധാന മായും ഉള്ള പട്ടികവർഗ്ഗ വിഭാഗങ്ങളാണ് കുറിച്ച്യൻ, അടിയൻ, മുള്ളുക്കുറുമർ, പണിയൻ, തേൻകുറുമർ , വെട്ടക്കുറുമൻ, വയനാട് കാടർ, തച്ചനാടൻ മൂപ്പൻ, കരിംപാലൻ, കാട്ടുനായി ക്കൻ തുടങ്ങിയവർ. വയനാട്ടിലെ ആകെ ജനസംഖ്യയിൽ 18.52% ഗോത്രവർഗ്ഗക്കാർ ആണ്

തൊഴിലിന്റെ അടിസ്ഥാനത്തിൽ ഗോത്ര വിഭാഗങ്ങളെ പ്രധാനമായും മൂന്നായി തരം തിരിച്ചിരിക്കുന്നു. ഭക്ഷണം ശേഖരിക്കുന്നവർ, കൃഷിക്കാർ, തൊഴിലാളികൾ, എന്നിവയാണ് ഈ മൂന്നു തലങ്ങൾ. കാട്ടുനായ്ക്കൻ വനവിഭവശേഖരണവും നായാട്ടുമായി കഴിഞ്ഞുകൂടി യവരായിരുന്നു. തേനെടുക്കുന്നതിൽ വിദഗ്ധരായ ഇവർ തേൻകുറുമൻ എന്ന പേരിലും അറിയപ്പെടുന്നു. കേരളത്തിലെ ഗോത്രവർഗ്ഗക്കാർക്കിടയിൽ കരകൗശല വിദഗ്ധരാണ് വെട്ട ക്കുറുമൻ. “ArtisanTribe” എന്നറിയപ്പെടുന്ന ഇവർ കൈകൊണ്ട് കലമുണ്ടാക്കുന്നതിലും മാനിപ്പുല്ലുകൊണ്ട് മനോഹരമായ കുട്ടകൾ നെയ്യുന്നതിനും വിദഗ്ധരായിരുന്നു. കുറിച്ച്യരും മുള്ളുക്കുറുമ്മരും സ്ഥിരം കൃഷി ചെയ്ത് ജീവിക്കുന്നവർ ആയിരുന്നു. പണിയരും അടി യരും കാർഷിക തൊഴിലാളികൾ ആണ്. അവർ ജന്മിമാരുടെ കീഴിൽ മുൻകാലങ്ങളിൽ അടിമജോലി (Bonded labours) ചെയ്ത് ജീവിച്ചിരുന്നവരാണ്

## 1.11 പൂർവ്വ പഠനങ്ങൾ (Review of Literature)

പട്ടികവർഗ്ഗക്കാരുടെ വികസനവുമായി ബന്ധപ്പെട്ട മേഖലകളിൽ നിരവധി ഗവേഷണ പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അത്തരത്തത്തിലുള്ള ചില പഠനങ്ങളാണ് ഇവിടെ വിശദീകരിക്കുന്നത്.

ഏഴ് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുള്ള ശ്രീ. എഡ്ഗാർ തേഴ്സറ്റണിന്റെ (1909) '*കാസ്റ്റ് ആന്റ് ട്രൈബ്സ് ഓഫ് സതേൺ ഇന്ത്യ*' എന്ന ഗ്രന്ഥത്തിൽ ദക്ഷിണേന്ത്യയിലെ എല്ലാ പട്ടികവർഗ്ഗ സമുദായങ്ങളുടേയും മാറുന്ന ജീവിത സാഹചര്യങ്ങളെക്കുറിച്ച് വിശക ലനം ചെയ്തിട്ടുണ്ട്. ഈ പഠനത്തിന്റെ മുഖ്യ വിഷയം പട്ടികവർഗ്ഗ സമുദായങ്ങളുടെ ആചാരങ്ങൾ, മതപരമായ വിശ്വാസങ്ങൾ, ജീവിതരീതികൾ, ഭൗതീകമായ പ്രത്യേകതകൾ എന്നിവയാണ്. കുറിച്യരുടേയും പണിയരുടേയും സാമൂഹിക സാംസ്ക്കാരിക ജീവിതരീതി കൾ ഈ പഠനത്തിൽ നിന്നും ലഭിക്കുന്നു.

കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങളെക്കുറിച്ചുള്ള സൂക്ഷമമായ പഠനം ശ്രീ. എ. എ.എഡി ലൂയിസ് (1962) തന്റെ '*ട്രൈബ്സ് ഓഫ് കേരള*' എന്ന പുസ്തകത്തിൽ വിവ

രിച്ചിരിക്കുന്നു. ഈ പുസ്തകത്തിൽ കുറിച്യരുടേയും പണിയരുടേയും ആചാരാനുഷ്ഠങ്ങ ളേക്കുറിച്ചും ജീവിത രീതികളേക്കുറിച്ചും ഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നു.

കെ. പാനൂരിന്റെ '*കേരളത്തിലെ ആഫ്രിക്ക* ' (1963) എന്ന പുസ്തകത്തിൽ വയനാട്ടിലെ അടിയൻ, കണ്ണവം കാട്ടിലെ കുറിച്യർ, കൊറഗർ, പണിയൻ, കാട്ടു നാട്ടിയ്ക്കൻ, കുറുമർ എന്നീ സമുദായങ്ങളേക്കുറിച്ച് വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ "എല്ലാ ഗിരിവർഗ്ഗക്കാരും നിർഭാഗ്യവാൻമാരാണ്. എന്നാൽ നിർഭാഗ്യവാൻമാരുടെ കൂട്ടത്തിലെ നിർഭാഗ്യവാൻമാരാണു പണിയർ." പണിയർ സമുദായംഗങ്ങൾ എങ്ങിനെ അടിമകളായി എന്നതിനെക്കുറിച്ചും വ്യക്തമായ ചിത്രം ഈ പുസ്തകത്തിൽ നിന്നും ലഭിക്കുന്നു. പാനൂരിന്റെ അഭിപ്രായത്തിൽ കുറിച്യരുടെ തൊഴിൽ കൃഷിയും നായാട്ടുമാണ്. കുറിചൃരുടെ സംസ്ക്കാരത്തേയും ജീവിത രീതികളേക്കുറിച്ചും ഗ്രന്ഥകാരൻ വളരെ ആഴത്തിലുള്ള പഠനം നടത്തി വിവരണം ചെയ്തിരിക്കുന്നു.

നെട്ടൂർ പി.ദാമോദരൻ രചിച്ച '*ആദിവാസികളുടെ കേരളം*' (1974) എന്ന ഗ്രന്ഥത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പ്രസ്തുത കൃതിയിൽ കേരളത്തിലെ 45 പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജീവിതസംസ്ക്കാരം വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഈ ഗ്രന്ഥത്തിന് വളരെയധികം പ്രാധാന്യം ഉണ്ട്. കേരളത്തിലെ ആദി വാസികളായ അടിയൻ, അരനാടൻ, ഇരുളർ, കാടർ, കാണിക്കാർ, കരിമ്പാലർ, കുറിച്ച്യർ, മുള്ളുകുറുമർ തുടങ്ങിയ 45 പട്ടികവർഗ്ഗങ്ങളുടെ വൈവിധ്യം നിറഞ്ഞ സാമൂഹിക സാംസ്ക്കാരിക ജീവിതത്തിന്റെ വിശദമായ വിശദീകരണമാണ് ഈ ഗ്രന്ഥം. കൃഷിയും കന്നുകാലി വളർത്തലും നായാട്ടും തൊഴിലുകളായി സ്വീകരിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരുടെ വിവാഹജീവിതം, അയിത്താചാരങ്ങൾ, ശവസംസ്കാരാദി കർമ്മങ്ങൾ തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളെപ്പറ്റി വളരെ വൈദഗ്ധ്യത്തോടും നിരീക്ഷണബുദ്ധിയോടും കൂടിയാണ് അദ്ദേഹം ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്നത്.

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവസ്ഥയെക്കുറിച്ച് പി. ആർ. ജി മാത്തൂർ (1977) ൽ വിശദമായ പഠനം നടത്തിയിട്ടുണ്ട്. ഈ പഠനത്തിൽ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭാഷ, അവരുടെ സാമൂഹിക, സാംസ്ക്കാരിക സവിശേഷതകൾ എന്നിവ വിവരിച്ചിരിക്കുന്നു. കൂടാതെ പട്ടികവർഗ്ഗ സമുദായങ്ങൾ നേരിടുന്ന ഭൂമി അന്യവത്ക്കരണം, കടബാധ്യതകൾ, അടിമപ്പണി, സ്ത്രീകളുടെ അവസ്ഥ എന്നിവയെക്കെറിച്ചും വിശദമായ പഠനം നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കുടുംബവ്യവസ്ഥ, ആചാരാനുഷ്ഠാനങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ഈ പഠനത്തിലൂടെ ലഭിക്കുന്നു.

ബി.ഡി ശർമ്മയുടെ (1978:4) '*ട്രൈബൽ ഡവലപ്പ്മെന്റ് : ദ കൺസപ്റ്റ് ആന്റ്* ദ ഫ്രെയിം' എന്ന ഗ്രന്ഥത്തിൽ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയേക്കുറിച്ചും പട്ടിക

വർഗ്ഗ സമൂഹങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ചും വിവരിച്ചിരിക്കുന്നു. പട്ടികവർഗ്ഗ വികസന ദർശനങ്ങളെക്കുറിച്ചും സാമ്പത്തിക സൂചകങ്ങളേക്കുറിച്ചും, ജീവിത നിലവാരം, വികസനത്തിനു സ്വീകരിക്കേണ്ട പാതകളേക്കുറിച്ചും ഗ്രന്ഥകാരൻ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മുഖ്യധാരാ സമൂഹം പട്ടികവർഗ്ഗ വികസനത്തിൽ 'മ്യൂസിയം പീസ് തീയറി' യാണ് ആവിഷ്ക്കരിക്കുന്നത്. അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

ഡി.ചാക്കോയുടെ '*കുറിച്ച്യരുടെ ലോകം*' (1994) എന്ന പുസ്തകത്തിൽ കേരളത്തിലെ കുറിച്ച്യൻ ഗോത്ര സമൂഹത്തെക്കുറിച്ചുള്ള അനുഭവ സമ്പന്നമായ ഒരു വിശദീകരണം ദൃശ്യമാണ്. വയനാടൻ കുറിച്യരുടെ ഉത്പ്പത്തിയെക്കുറിച്ച് അവരുടെ നേതാവ് തന്നെ പറഞ്ഞകാര്യങ്ങൾ അതേപടി പകർത്തിക്കൊണ്ട് യാതൊരു പൊരുത്തക്കേടുകൂടാതെ കുറിച്ച്യരുടെ കുടുംബസംവിധാനം, വേട്ടയാടൽ, കല്ല്യാണം, ഉത്സവങ്ങൾ തുടങ്ങിയവ വിശദീകരിച്ചിരിക്കുന്നു. ചരിത്രത്തിന് പ്രാധാന്യം നൽകിയിരിക്കുന്ന ഈ പഠനത്തിൽ കുറിച്ച്യരുടെ ഉത്പത്തിയെക്കുറിച്ചുള്ള രണ്ട് തരത്തിലുള്ള വീക്ഷണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. തെക്കും വടക്കും വയനാടുകളിലുള്ള കുറിച്ച്യൻകുടുംബങ്ങളുമായി അടുത്ത മൈത്രീബന്ധം പുലർത്തുന്നവർക്ക് അവരുടെ പുതുമ കൈവന്നുകൊണ്ടിരിക്കുന്നു, പഴയകഥ പറയുന്ന വീടുകളും പരിസരങ്ങളും ശ്രദ്ധയമായ പഠനവിഷയങ്ങളാണ്.

ഗോവിന്ദചന്ദ്രറാത്ത് (2006 : 73) ന്റെ '*ട്രൈബൽ ഡവലപ്പ്മെന്റ് ഇൻ ഇന്ത്യ*' എന്ന പുസ്തകത്തിൽ പട്ടികവർഗ്ഗ വികസനത്തെക്കുറിച്ചുള്ള ശ്രീ. ജവർഹർലാൽ നെഹ്റുവിന്റേയും ശ്രീ. വെരിയർ എൽവിന്റേയും കാഴ്ചപ്പാടിനേക്കുറിച്ചു വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസനത്തിനായി നെഹ്റു ആവിഷ്ക്കരിച്ച പഞ്ചശീലതത്വങ്ങൾ, വികസന സമീപങ്ങൾ എന്നിവ ഈ പുസ്തകത്തിൽ നിന്നും മനസ്സിലാക്കാം.

2006 ൽ കേരള സർക്കാരിന് സമർപ്പിക്കപ്പെട്ട ' *വയനാട് ഇനീഷ്യറ്റീവ്* ' എന്ന റിപ്പോർട്ടിൽ ജില്ലയിലെ ആദിവാസി സമൂഹങ്ങളുടെ വികസന പ്രശ്നങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടുണ്ട്. കുറിച്യൻ സമുദായം സ്ഥിരം കൃഷി ജീവിക്കുന്നവരും കൂട്ടുകുടുംബ വ്യവസ്ഥിതി പിന്തുടരുന്നവരും മുൻ കാലങ്ങളിൽ ആയോധനകല സ്വായത്തമാക്കിയവരും, പ്രാദേശിക രാജകുടുംബങ്ങൾക്ക് ഒപ്പം ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്. പണിയ സമുദായം അടിമ വ്യവസ്ഥിതിക്ക് വിധേയമായി കൃഷിപ്പണി ചെയ്തു വന്നിരുന്നവരാണ്. രണ്ടു സമുദായങ്ങളുടേയും സാമൂഹ്യപദവിക്ക് വളരെയധികം അന്തരമുണ്ട്. ആയുർദൈർഘ്യത്തിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള 6.55% കുറിച്യൻ സമുദായത്തിലുള്ളപ്പോൾ പണിയൻ സമുദായത്തിന്റേത് 4.45% മാത്രമാണ്. രണ്ട് സമുദായങ്ങളുടേയും ശക്തി - ദുർബല- അവസര- വെല്ലുവിളികൾ **(SWOT)** നടത്തിയിട്ടുണ്ട്. പണിയൻ സമുദായത്തിന് കൃഷിപ്പണികളിൽ വൈദഗ്ധ്യവും ജനസംഖ്യാ വലുപ്പവും ശക്തിയായി കണക്കാക്കാമെങ്കിലും ഭൂരാഹിത്യം, നേതൃത്വപാഠവമില്ലായ്മ, ആരോഗ്യപ്രശ്ന

ങ്ങൾ, കുറഞ്ഞസാക്ഷരതാ നിരക്ക് എന്നിവ സമുദായത്തിന്റെ പാർശ്വവൽക്കരണത്തിന് ഇട യായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നെൽകൃഷി ചെയ്യുന്നത് കുറഞ്ഞു വരുന്നതുകൊണ്ട് അവരുടെ വരുമാന മാർഗ്ഗത്തെ ബാധിക്കുകയും കീടനാശിനി പ്രയോഗത്തിന്റെ തിക്തഫ ലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നത് പണിയരാണ്.ഭാവിയിൽ വികസന നിക്ഷേപത്തിനു വേണ്ടിയുള്ള പദ്ധതികളും അവയിൽ നിന്ന് ലഭിക്കാവുന്ന ഫലത്തെക്കുറിച്ചുള്ള അപഗ്രഥ നവും പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

എൻ.വിശ്വനാഥൻ നായരുടെ (2008) ' *ട്രൈബൽ ഹെൽത്ത് ആന്റ് മെഡിസിൻ ഇൻ കേരള*' എന്ന ഗ്രന്ഥത്തിൽ കുറിച്യരുടേയും പണിയരുടേയും ജീവിതരീതികൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം മതപരമായ വിശ്വാസങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിച്ചിരി ക്കുന്നു. വള്ളിയൂർക്കാവ് അമ്പലത്തിലെ ഉത്സവ ദിവസം പണിയൻ കുടുംബാംഗങ്ങളെ 'തലപട്ടം' എന്ന പേരിൽ മുൻകൂറായി പണം നൽകി ഭൂഉടമകൾ അടികമളായി വാങ്ങു കയും ആ അംഗങ്ങൾ ഭൂഉടമകളുടെ നാമത്തിൽ അറിയപ്പെടുകയും ചെയ്യുന്നു. കൂടാതെ കുറിച്യർ അമ്മവഴിയുള്ള കൂട്ടുകുടുംബങ്ങളായും കൃഷിയിലൂടെ ഉപജീവനം നടത്തുന്നവ രുമാണ് എന്നുമാണ് ഗവേഷകന്റെ അഭിപ്രായം. ഉപതൊഴിലായി കുറിച്യർ കന്നുകാലികളെ വളർത്തുകയും ചെയ്യുന്നു.

'*ആക്ഷൻ ആന്ത്രോപ്പോളജി, ട്രൈബൽ ഡവലപ്മെന്റ് ഇഷ്യൂസ്*' (2008:69) എന്ന പുസ്തകത്തിൽ ഡോ.എസ്. ബിന്ദു പണിയൻ സമുദായങ്ങളുടെ കുടുംബജീവിതം, ആരോഗ്യസ്ഥിതി, കൈവശഭൂമി എന്നിവക്കുറിച്ചെല്ലാം വിവരിച്ചിരിക്കുന്നു. പണിയൻ സമുദാ യംഗങ്ങൾ നയിച്ചിരുന്ന അടിമജീവിതത്തെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കു ന്നു. കൂടാതെ പണിയൻ സമുദായംഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് സ്വീകരിക്കേ ണ്ടുന്ന മാർഗ്ഗങ്ങളെക്കുറിച്ചും പ്രസ്തുത ഗ്രന്ഥത്തിൽ ഗവേഷക അഭിപ്രായപ്പെട്ടിരിക്കുന്നു.

സന്ധ്യാരശ്മിയുടെ (2008) ഏക വിഷയക പ്രബന്ധമായ 'പണിയാസ് ഓഫ് വയ നാട്' എന്ന ഗ്രന്ഥത്തിൽ വയനാട്ടിലെ ആദിമ വിഭാഗമായ പണിയൻ സമുദായത്തെക്കുറി ച്ചാണ് വിവരിച്ചിരിക്കുന്നത്. ചരിത്രപരമായ സാമൂഹിക അവസ്ഥയും സംസ്ക്കാരം, പാരമ്പ ര്യം, അനുഷ്ഠാനങ്ങൾ എന്നീ ഘടകങ്ങൾ പണിയരുടെ ജീവിതത്തിൽ ഇഴചേർന്നു നിൽക്കുന്നു എന്നും വരച്ചു കാണിക്കുന്നുണ്ട്. വയനാട്ടിൽ തന്നെ വ്യത്യസ്ത പ്രദേശങ്ങ ളിൽ പണിയരുടെ സാംസ്ക്കാരിക തനിമ വ്യത്യസ്തപ്പെട്ടു കാണുന്നതായി ചൂണ്ടിക്കാണിച്ചി ട്ടുണ്ട്. അടിമ വ്യവസ്ഥിതിയിൽ നിന്നും ഉടലെടുത്ത അധമബോധം ഈ സമുദാത്തെ ഇപ്പോഴും പിന്തുടരുന്നുണ്ട്. ഈ ആദിവാസി സമൂഹങ്ങളുടെ നിലനിൽപിന് സംസ്ക്കാര ത്തെക്കുറിച്ചുള്ള അവബോധം അനിവാര്യമാണെന്ന് ഗ്രന്ഥകർത്താവ് വാദിക്കുന്നുണ്ട്.

ഡോ.കുമാരൻ വയലേരിയുടെ '*ഗോത്രസംസ്കാര പഠനങ്ങൾ*' **(2010)** എന്ന ഗ്രന്ഥത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നുമാറി തങ്ങളുടേതായ ആചാരാനുഷ്ഠാന

ങ്ങളോടും വിശ്വാസങ്ങളോടും കൂടി ജീവിക്കുന്ന ഗോത്രജനതയുടെ പൊതു സംസ്ക്കാര സവിശേഷതകളും, സാഹിത്യവും, ഭാഷ, ഗോത്രകലകൾ, കാട്ടറിവുകൾ തുടങ്ങിയവയെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണം കാണാൻ സാധിക്കുന്നു. ഗോത്രസംസ്ക്കാരത്തെക്കുറിച്ച് പല കാലങ്ങളിലായി മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളെക്കൂടി ഉപജീവിച്ചികൊണ്ട് എഴുതപ്പെട്ട ഏതാനും ലേഖനങ്ങളുടെ സമാഹാരമാണ് ഗോത്രസംസ്കാര പഠനങ്ങൾ എന്ന ഈ കൃതി. ഗവേഷകന്റെ അഭിപ്രായത്തിൽ അമ്പതിൽപരം വരുന്ന ആദിവാസികളുടെ ജീവിത രീതികളെയും സംസ്കാരത്തെയും കുറിച്ച് ഏറെ പഠനങ്ങൾ നടന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഗോത്രവർഗ്ഗക്കാർ ആരാണെന്നും അവരുടെ സംസ്കാരത്തിന്റെ മഹത്വം എന്താണെന്നും പരിഷ്കൃത സമൂഹത്തെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് ഈ പഠനങ്ങൾ.

പ്രദീപ്കുമാർ (2011) മുതലായവർ പണിയൻ സമുദായത്തിന്റെ ജീവനോപാധികൾ ആഗോളവത്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പണിയരുടെ നിലവിലെ ജീവിതസാഹചര്യങ്ങളേക്കുറിച്ചും വിവരിച്ചിരിക്കുന്നു. സർക്കാർ നടപ്പിലാക്കിയിരിക്കുന്ന വികസന പദ്ധതികൾ വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ പണിയൻ സമുദായംഗങ്ങൾക്കു കഴിയാതെ പോകുന്നതിന്റെ കാരണങ്ങളേക്കുറിച്ചും '*ഇവോൾവിംഗ് എ വയബിൾ ഡവലപ്പ്മെന്റ് സ്കീം ഫോർ ദ പണിയൻ കമ്മ്യൂണിറ്റി ഓഫ് വയനാട് ഇൻ ദ കോൺടെക്സ്റ്റ് ഓഫ് ഗ്ലോബലൈസേഷൻ*' എന്ന പ്രബന്ധത്തിൽ വിശദീകരിച്ചിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസന കാഴ്ചപ്പാടുകളേക്കുറിച്ച് ഭരണഘടന സംവിധാനങ്ങളേക്കുറിച്ചും സുരേഷ് മാഞ്ചീ (2015:1) യുടെ '*ട്രൈബൽ ഡവലപ്പ്മെന്റ് ഇൻ ഇന്ത്യ*' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. കൂടാതെ പട്ടികവർഗ്ഗ വികസനത്തിൽ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും, നെഹ്റു, എൽവിൻ തുടങ്ങിയവരുടെ കാഴ്ചപ്പാടുകളേക്കുറിച്ചും ഭരണഘടനാ പരിരക്ഷകളേക്കുറിച്ചും ഈ ഗ്രന്ഥത്തിൽ എടുത്തു പറയുന്നു.

പൂർവ്വകാല പഠനങ്ങളിലെല്ലാം തന്നെ ഗോത്രവർഗ്ഗക്കാരുടെ സാമൂഹിക ജീവിതരീതികളെക്കുറിച്ചും, അവരുടെ ഭരണഘടനാ പരിരക്ഷകളെക്കുറിച്ചും, കാഴ്ച്ചപ്പാടുകളെക്കുറിച്ചും നിലവിലെ വികസന അവസ്ഥകളെക്കുറിച്ചും വ്യക്തമായ ചിത്രം ലഭിക്കുന്നുണ്ട്

## അദ്ധ്യായം- 2

# പട്ടികവർഗ്ഗ വികസന പദ്ധതികളും കുറിച്ച്യൻ, പണിയൻ സമുദായങ്ങളുടെ ഇന്നത്തെ സാമൂഹിക സാമ്പത്തിക അവസ്ഥയും

## 2.1 ആമുഖം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടി സർക്കാർ പലതരത്തിലുമുള്ള വികസന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുക എന്നതാണ് വികസനം കൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ വികസനം എന്നത് അവരുടെ പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ടു തന്നെ സാധ്യമാക്കേണ്ടുന്ന ഒന്നാണ്.

ഭരണഘടനയുടെ അനുഛേദം 342, 365(25) പ്രകാരം വിവിധങ്ങളായ പ്രത്യേക പരിഗണനകളും പരിരക്ഷകളും നൽകി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിഭാഗമാണ് പട്ടികവർഗ്ഗ വിഭാഗക്കാർ. പൊതുധാരയിൽ നിന്നും വേർപെട്ട് ജീവിതം നയിച്ചുപോന്നിരുന്ന ഗോത്രവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനുവേണ്ടിയുള്ള ചർച്ചകൾ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപുതന്നെ ആരംഭിച്ചിരുന്നതാണ്. 1947 ൽ ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും സാമൂഹികവും സാമ്പത്തികവുമായി അസന്തുലിതാവസ്ഥ നിലനിന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ. ബാബാ സാഹേബ് അംബേദ്കർ ചെയർമാനും ജയ്പാൽസിംഗ് മുണ്ട അംഗമായിരുന്ന ഭരണഘടന നിർമ്മാണ അസംബ്ലിയിൽ പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഭരണഘടനയിൽ പ്രത്യേക വകുപ്പുകൾ ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് പട്ടികവിഭാഗങ്ങളുടെ വികസനം കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ എല്ലാ വിഭാഗങ്ങളുടെയും സന്തുലിതമായ വികസനം ഉണ്ടായില്ലെന്നു മാത്രമല്ല, ചില വിഭാഗങ്ങൾ വീണ്ടു പാർശ്വവത്ക്കരിക്കപ്പെടുകയും ചെയ്തു.

## 2.2 കേരളത്തിലെ പട്ടികവർഗ്ഗ വികസനം

ഭാരതത്തിൽ സമയാസമയങ്ങളിൽ പട്ടികവർഗ്ഗ വികസനത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ കേരളത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആരംഭഘട്ടങ്ങളിൽ രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ തന്നെയായിരുന്നു സംസ്ഥാനത്തിലും നടപ്പാക്കിയിരുന്നത്. പക്ഷേ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഈ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയില്ല. അതിനാൽ പട്ടികവർഗ്ഗ ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ പട്ടികവർഗ്ഗ വികസന ബ്ലോക്കുകൾ രൂപീകരിച്ചു. അങ്ങിനെ കേരളത്തിൽ 1962 ഏപ്രിൽ മാസത്തിൽ ആദ്യത്തെ പട്ടിക

വർഗ്ഗ വികസന ബ്ലോക്ക് അട്ടപ്പാടിയിൽ ആരംഭിച്ചു. ഇതോടുകൂടി സമഗ്രവും ചിട്ടയോടുകൂടിയുള്ളതുമായ പട്ടികവർഗ്ഗ വികസനത്തിന് ആരംഭം കുറിച്ചു.

നമ്മുടെ സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പാണ്. വകുപ്പിൽ നിന്നും പട്ടികവർഗ്ഗ ജന വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിലെ വികസനത്തിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികനത്തിനായുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പിനെക്കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മറ്റു അനുബന്ധ വകുപ്പുകളും ചേർന്ന് നിർവഹിക്കുന്നു.

## 2.3 പട്ടികവർഗ്ഗ വികസന പദ്ധതികൾ

**1. വിദ്യാഭ്യാസം**

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസപരവും സാംസ്ക്കാരികപരവുമായ ഉന്നതി ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും മറ്റും വകുപ്പുകളും ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ ചിലതാണ് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഗോത്ര സാരഥി, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, ട്യൂട്ടോറിയൽ ഗ്രാന്റ്, വസ്ത്രവിതരണം മുതലായവ.

**2. ആരോഗ്യം**

'ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്ത്' എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി കേന്ദ്ര/കേരള സർക്കാർ വിവിധ വകുപ്പുകൾ വഴി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് അവരുടെ ആരോഗ്യസംരക്ഷണം ഒരു മുഖ്യഘടകമാണ്. അതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.

i. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ.
ii. അരിവാൾ രോഗത്തിനുള്ള ധനസഹായം
iii. ജനനി-ജന്മരക്ഷ
iv. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ
v. ആരോഗ്യപദ്ധതികൾ

**3. സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിനുവേണ്ടി ആവിഷ്ക്കരിച്ചിക്കുന്ന പദ്ധതികൾ

i. അടിയ-പണിയ പ്രാക്തന ഗോത്രവർഗ്ഗ പാക്കേജ്

ii. ഭക്ഷ്യസഹായ പരിപാടി
iii. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)
iv. പൂൾഡ് ഫണ്ട് പദ്ധതികൾ
v. ഹാംലെറ്റ് വികസന പദ്ധതി
vi. ഗോത്രസംസ്കൃതി (കേരള സംസ്ഥാന ട്രൈബൽ കോംപ്ലക്സ്)
vii. പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം
viii. ഭവനരഹിതർക്ക് ഭവനം
ix. ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം
x. വീടുകളുടെ അറ്റകുറ്റപ്പണികൾ മുതലായവ

## 2.4 സാമൂഹിക സാമ്പത്തിക നില

2011 ലെ സെൻസസ് പ്രകാരം കേരള സംസ്ഥാനത്തിലെ ആകെ ജനസംഖ്യയിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം 1.45% ആണ്. 2008-10 വർഷങ്ങളിൽ നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം, 2001-ൽ അവരുടെ ജനസംഖ്യ 3,64,189 ആയിരുന്നത്, 2002-03 ലെ പട്ടിക ജാതി പട്ടിക വർഗ്ഗ ഭേദഗതിയിൽക്കൂടി ചില സമുദായ ങ്ങളെ ഒഴിവാക്കൽ, കൂട്ടിച്ചേർക്കൽ, ഒന്നായി ചേർക്കൽ എന്നീ പ്രക്രിയകൾക്ക് വിധേയമാ കുകയുണ്ടായി. 08-01-2003-ലെ കേന്ദ്രസർക്കാരിന്റെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം കേരളത്തിലെ പട്ടിക വർഗ്ഗ ലിസ്റ്റിൽ നിന്നും 5 സമുദായങ്ങളെ ഒഴിവാക്കുകയും പട്ടികജാതി ലിസ്റ്റിൽ ഉണ്ടായിരുന്ന 2 സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിലേക്കും പുതിയതായി 6 സമുദാ യങ്ങളേക്കൂടി കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ 2011-ലെ വളർച്ചാ നിരക്ക് കണക്കാക്കുവാൻ സാധിക്കുകയില്ല എന്നിരുന്നാലും പണിയൻ (7.94%), കുറിച്യൻ (7.40%) സമുദായങ്ങളുടെ 2001-11 ലെ വളർച്ചാ നിരക്ക് ഇപ്രകാരമാണ്. 2008-10 വർഷങ്ങളിൽ 4,26,208 ആയി ഉയർന്നതായി മനസ്സിലാക്കാം. അതായത് , വർദ്ധനവിന്റെ നിരക്ക് 17.03% . എന്നാൽ കേരളത്തിലെ മൊത്തം ജനസംഖ്യാ വർദ്ധനവ് 2001-11 കാലയളവിൽ 4.86% മാത്രമാണ്.

2008-2009 ൽ കിലയും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടത്തിയ പഠന പ്രകാരമുള്ള വസ്തുതകളാണ് താഴെ വിവരിക്കുന്നത്.

കേരളത്തിലെ മൊത്തം പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 35.94% വയനാട് ജില്ലയിലാണ്. ഇടുക്കിയിൽ 12.42% വും കാസർഗോഡ് 11.21% ഉം, പാലക്കാട് 11.01% ഉം ആണ് ഇവരുടെ പ്രാതിനിധ്യം. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും താഴ്ന്ന നിരക്ക്, 0.17% മാത്രം.

## 2.4.1 കുറിച്ച്യൻ

പട്ടികവർഗ്ഗ വിഭാഗത്തിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനം കുറിച്യൻ സമുദായക്കാർക്കാണ്. 8362 കുടുംബങ്ങളിലായി ആകെ 35909 ആണ് അവരുടെ ജനസംഖ്യ. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ 8.42% ആണ് കുറിച്ച്യർ. അവരുടെ കുടുംബങ്ങളുടെ വലുപ്പം സംസ്ഥാന ശരാശരിയേക്കാൾ ഉയരത്തിലാണ്. അതായത് 4.29 ഇവരിൽ 18129 പുരുഷന്മാരും, 17,780 സ്ത്രീകളുമാണ് ഉള്ളത്. സ്ത്രീ പുരുഷ അനുപാതം 981:1000 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. കുറിച്ച്യരിൽ ഏതാണ്ട് 99.96% വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് താമസിച്ചുവരുന്നത്. അതിൽ 49 ഗ്രാമപഞ്ചായത്തുകളിലും, 3 മുനിസിപ്പാലിറ്റികളിലുമാണ് ആണ് ഇവർ പ്രധാനമായും അധിവവസിച്ചു വരുന്നത്.

**പട്ടിക 2.4.1 കുറിച്ച്യൻ സമുദായത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | കുടുംബം | പുരുഷൻ | സ്ത്രീ | ആകെ | % |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 1 | വയനാട് | 5812 | 12855 | 12411 | 25266 | 70.36 |
| 2 | കണ്ണൂർ | 2172 | 4480 | 4569 | 9049 | 25.21 |
| 3 | കോഴിക്കോട് | 373 | 786 | 791 | 15.77 | 4.39 |
| 4 | എറണാകുളം | 4 | 8 | 9 | 17 | 0.04 |
| 5 | ആകെ | 8361 | 18129 | 17780 | 35909 | 100% |

അവലംബം ഃ സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ട്, പട്ടികവർഗ്ഗ വികസന വകുപ്പ് (2013)

ഊരുകളിൽ (കൂട്ടുകുടുംബമായി) താമസിക്കുന്ന പട്ടികവർഗക്കാരിൽ രണ്ടാം സ്ഥാനം കുറിച്യർക്കാണ്. ആകെ ഉള്ള 8361 കുറിച്ച്യർ കുടുംബങ്ങളിൽ 7913 കുടുംബങ്ങൾ ഊരുകളിൽ താമസിക്കുന്നവരാണ്. 6410 കുടുംബങ്ങൾ (81.01%)

കൃഷിയെ ആശ്രയിക്കുമ്പോൾ 626 കുടുംബങ്ങൾ (7.91%) സർക്കാർ / അർദ്ധ സർക്കാർ ജോലിക്കാരാണ്.

### 2.4.2 പണിയൻ

കേരളത്തിലെ പട്ടികവർഗ വിഭാഗക്കാരിൽ ജനസംഖ്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സമൂദായമാണ് പണിയൻ, ഇവർ പ്രധാനമായും വയനാട് ജില്ലയിലാണ് അധിവസിച്ചുവരുന്നത്. കൂടാതെ, പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലും താമസിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഏറ്റവും പിന്നാക്കാവസ്ഥയിൽ ജീവിക്കുന്നവരാണ് പണിയൻ സമുദായം. വയനാട് ജില്ലയിൽ 74.49%, 13.55% കണ്ണൂരും, 8.10% മലപ്പുറത്തും 3.07% കോഴിക്കോടും ആണുള്ളത്. കേരളത്തിലെ പട്ടികവർഗ്ഗ ജന വിഭാഗത്തിന്റെ 21.77% പണിയൻ ജനവിഭാഗമാണ്.

ആകെ മൊത്തം പണിയൻ ജനസംഖ്യയിൽ 45112 പുരുഷന്മാരും, 47675 സ്ത്രീകളും ഉൾപ്പെടുന്നു. ഈ സമുദായത്തിന്റെ കുടുംബത്തിന്റെ വലുപ്പം 4.29ഉം, സ്ത്രീ-പുരുഷ അനുപാതം 1000:1057 ഉം ആണ്. പണിയൻ സമുദായംഗങ്ങൾ 82 ഗ്രാമപഞ്ചായത്തിലും 3 മുനിസിപ്പാലിറ്റികളിലുമായി കാണപ്പെടുന്നു.

**പട്ടിക 2.4.2 പണിയൻ സമുദായത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | കുടുംബം | പുരുഷൻ | സ്ത്രീ | ആകെ | % |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | | 5 |
| 1 | വയനാട് | 15876 | 33639 | 35477 | 69116 | 74.49 |
| 2 | മലപ്പുറം | 1891 | 3563 | 3955 | 7518 | 8.10 |
| 3 | കോഴിക്കോട് | 716 | 1386 | 1471 | 2857 | 3.107 |
| 4 | കണ്ണൂർ | 2907 | 6141 | 6416 | 12557 | 13.55 |
| 5 | പാലക്കാട് | 213 | 379 | 352 | 731 | 0.79 |
| 6 | തിരുവനന്തപുരം | 1 | 2 | 2 | 4 | - |
| 7 | എറണാകുളം | 4 | 2 | 2 | 4 | - |
| 8 | ആകെ | 21,605 | 45112 | 47675 | 92787 | 100% |

അവലംബം : സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ട്, പട്ടികവർഗ്ഗ വികസന വകുപ്പ്

## 2.5 വയനാട് ജില്ല

പട്ടികവർഗ്ഗ വിഭാഗം ഏറ്റവും കൂടുതൽ അധിവസിച്ചുവരുന്നത് വയനാട് ജില്ലയിലാണ്. ജില്ലയിൽ 36135 പട്ടികവർഗ്ഗ കുടുംബങ്ങളിലായി 153181 ജനങ്ങളുണ്ട്. കേരളത്തിലെ മൊത്തം പട്ടികവർഗ്ഗ കുടുംബങ്ങളുടെ 35.94% വയനാട് ജില്ലയിലാണ്. വയനാട് ജില്ലയിൽ ആകെ 11 പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്; അതിൽ ജനസംഖ്യ പ്രകാരം കൂടുതൽ പണിയൻ വിഭാഗവും (45.12%), കുറിച്യൻ വിഭാഗവും (16.49%) ആണ്.

### 2.5.1 ഊരുകൾ

**പട്ടിക 2.5.1 ഊരുകൾ പട്ടിക വർഗ വിഭാഗാടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വിഭാഗം | ഊരുകളുടെ എണ്ണം | ഊരുകളുടെ ശതമാനം |
|---|---|---|---|
| | 1 | 2 | 3 |
| 1 | കുറിച്ച്യൻ | 614 | 9.58% |
| 2 | പണിയൻ | 1586 | 24.75% |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

കേരളത്തിൽ ആകെ ഉള്ള 4762 ഊരുകളിൽ 2167 എണ്ണം വയനാട് ജില്ലയിലാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ വെച്ച് ഏറ്റവുമധികം ആളുകൾ ഊരുകളിൽ താമസിക്കുന്നത് പണിയൻ വിഭാഗത്തിലാണ്.

### 2.5.2 വിദ്യാഭ്യാസ സ്ഥിതി

**പട്ടിക 2.5.2 സാക്ഷരതാ നിലവാരം**

| ക്രമ നമ്പർ | വിഭാഗം | സാക്ഷരതാ നിലവാരം | | | | |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| | പട്ടികവർഗ്ഗ വിഭാഗം | ജനസംഖ്യ 5 വയസിനു മുകളിൽ | നിരക്ഷരർ | ഔപചാരിക വിദ്യാഭ്യാസം ഉള്ളവർ | സാക്ഷരർ | സാക്ഷരതാ നിരക്ക് |
| 1 | കുറിച്ച്യൻ | 32896 | 5324 | 26903 | 27572 | 83.82% |
| 2 | പണിയൻ | 81936 | 28521 | 50557 | 53415 | 65.19% |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**പട്ടിക 2.5.3 വിദ്യാഭ്യാസ നിലവാരം**

| | | വിദ്യാഭ്യാസ നിലവാരം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ക്രമ നമ്പർ | പട്ടിക വർഗ്ഗ വിഭാഗം | SSLC | +2 | ആകെ | % | SSLC ക്കു താഴെ | % | ബിരുദം | % | ബിരുദാനന്തര ബിരുദം | % | എഞ്ചിനീയറിംഗ് ബിരുദം | മറ്റുള്ളവ | % |
| 1 | കുറിച്ച്യർ | 3358 | 1920 | 5278 | 16.04 | 21229 | 9.66 | 352 | 7.87 | 26 | 2.16 | 7 | 26 | 5.56 |
| 2 | പണിയൻ | 1696 | 609 | 2305 | 2.81 | 48164 | 21.92 | 74 | 1.65 | – | – | | 11 | 2.35 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

പട്ടികവർഗ്ഗ കുടുംബങ്ങളിൽ 21.77% പണിയൻ സമുദായമാണെങ്കിലും പണിയൻ സമുദായത്തിലെ നിരക്ഷരർ ആകെ നിരക്ഷരുടെ 28.99% ആണ്. മാത്രമല്ല പണിയൻ വിഭാഗത്തിലെ നിരക്ഷരർ, അവരുടെ ജനസംഖ്യയുടെ 34.81 % ആണ്. ഉന്നത വിദ്യാഭ്യാസ രംഗത്തും പണിയൻ വിഭാഗം വളരെ പിന്നിലാണ്

**പട്ടിക 2.5.4. വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചതിന്റെ തോത്**

| | | വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചതിന്റെ തോത് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | പ്രൈമറി | സെക്കന്ററി | ഹയർ സെക്കന്ററി | ബിരുദം | ബിരുദാനന്തര ബിരുദം | സർട്ടിഫിക്കറ്റ് കോഴ്സ് | ഡിപ്ലോമ കോഴ്സ് | മറ്റുള്ളവ | ആകെ |
| 1 | കുറിച്ച്യർ | 873 | 1670 | 169 | 27 | 1 | 42 | 163 | 172 | 3117 |
| 2 | പണിയൻ | 6798 | 2507 | 225 | 52 | 5 | 307 | 368 | 37 | 10299 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

പല ഘട്ടങ്ങളിലായി ആകെ 33,387 വിദ്യാർത്ഥികൾ പല തലങ്ങളിലായ് പഠനം ഉപേക്ഷിച്ച് പോയിട്ടുണ്ട്. എന്നാൽ പഠനം ഉപേക്ഷിച്ചു പോയവരുടെ നിരക്ക് ഏറ്റവും കൂടുതൽ ഉള്ളത് പണിയൻ സമുദായത്തിലാണ്. വിദ്യാർത്ഥികളുടെ പഠനത്തിനിടയിലെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ സെക്കന്ററി തലത്തിലാണ്, തുടർന്ന് പ്രൈമറി തലത്തിലുമാണ്

**പട്ടിക 2.5.5 വിദ്യാർത്ഥികളുടെ പഠന നിലവാരം**

| | | വിദ്യാർത്ഥികളുടെ വിവരം | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | പ്രൈമറി | സെക്കന്ററി | ഹയർ സെക്കന്ററി | ബിരുദം | ബിരുദാനന്തര ബിരുദം | സർട്ടിഫിക്കറ്റ് കോഴ്സ് | ഡിപ്ലോമ കോഴ്സ് | മറ്റുള്ളവ | ആകെ |
| 1 | കുറിച്ച്യർ | 5019 | 1575 | 831 | 431 | 14 | 78 | 56 | 131 | 8167 |
| 2 | പണിയൻ | 15995 | 1673 | 449 | 135 | þ | 17 | 10 | 78 | 18364 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

## 2.5.3 തൊഴിലും വരുമാനവും

**തൊഴിലില്ലായ്മ**

തൊഴിലില്ലായ്മയെക്കുറിച്ചു പഠിക്കുകയാണെങ്കിൽ, അവിടെയും മുൻപന്തിയിൽ പണിയൻ വിഭാഗം തന്നെയാണ്. പണിയരിൽ 14,494 പേർ തൊഴിൽരഹിതരാണ്. അതായത്, ആകെ തൊഴിൽരഹിതരുടെ 17.2% കൂടാതെ, കുറിച്ച്യരിൽ 7786 തൊഴിൽരഹിതരുണ്ട്.

**പട്ടികവർഗ്ഗ വിഭാഗവും കടബാധ്യതയും**

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ 60,430 കുടുംബങ്ങൾ കടബാധ്യതയിലാണ് അതായത്, ആകെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ 55.97% . കടബാധ്യത ഏറ്റവും കൂടുതൽ വയനാട് ജില്ലയിലാണ് (22.16%). ഏറ്റവും കൂടുതൽ വായ്പ വാങ്ങിയിട്ടുള്ളത് കർഷക തൊഴിലാളി കുടുംബങ്ങളാണ്.

പട്ടിക 2.5.6 കടബാധ്യത

| | | കടബാധ്യതയുടെ സ്രോതസ്സ് | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| ക്രമ നമ്പർ | വിഭാഗം | സഹകരണ സംഘം | ജില്ലാ/സംസ്ഥാന സഹകരണ ബാങ്ക് | മറ്റു ബാങ്ക് | കുടുംബശ്രീ | സ്വകാര്യ വ്യക്തി | ബന്ധുക്കൾ | മറ്റു രീതിയിൽ | ആകെ |
| 1 | കുറിച്ച്യൻ | 698 | 581 | 911 | 1337 | 876 | 117 | 117 | 4137 |
| 2 | പണിയൻ | 221 | 223 | 308 | 769 | 2152 | 105 | 234 | 4012 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**തൊഴിൽ സ്ഥിതി**

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ 177,910 (46.21%) പേർക്ക് ഒരു വരുമാനവും ഇല്ല. ബാക്കി 2,070,68 (53.79%) ആളുകൾ ഏന്തെങ്കിലും ഒരു തൊഴിൽ ചെയ്യുന്നവരാണ്. ഇവരിൽ 4.45% ആളുകൾ വനമേഖലയിലും 37.45% കൃഷിയും, 11.86%. കാർഷികേതര മേഖലയിലും പ്രവർത്തിക്കുന്നു. കർഷികമേഖല മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ ഏറ്റവും കൂടുതലുള്ളത് വയനാട് ജില്ലയിലാണ്.

**പട്ടിക 2.5.7 15-59 വയസ്സ് പ്രായമുള്ളവരിൽ കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ**

| ക്രമ നമ്പർ | തൊഴിൽ | കുറിച്ച്യൻ | പണിയൻ |
|---|---|---|---|
| | 1 | 2 | 3 |
| 1 | കൃഷി | 4965 | 478 |
| 2 | മൃഗപരിപാലനം | 575 | 196 |
| 3 | കർഷകതൊഴിലാളി | 6820 | 36039 |
| 4 | ആകെ | 12360 (74.15%) | 36713 (86.57%). |
| 5 | ആകെ തൊഴിലാളികൾ | 16668 | 42408 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

കേരളത്തിലെ പട്ടികവർഗ്ഗ സമുദായത്തിലെ കൃഷിക്കാരെക്കുറിച്ച് പഠിക്കുമ്പോൾ ഏറ്റവും കൂടുതൽ കർഷകർ തൊഴിലാളികൾ ഉള്ളത് പണിയൻ സമുദായത്തിലാണെന്ന് മനസിലാക്കാം (33.90%). കൂടാതെ, കർഷകരിൽ രണ്ടാം സ്ഥാനം കുറിച്ച്യർക്കാണ്, 4965. കാർഷിക മേഖല

യുമായി ബന്ധപ്പെട്ട കൂടുതൽ സംഭാവനകൾ നൽകുന്നവരുടെ പട്ടികയിൽ കുറിച്ച്യൻ,പണിയൻ സമുദായങ്ങൾ ഉൾപ്പെടുന്നുണ്ട്.

**പട്ടിക 2.5.8 മുഖ്യതൊഴിലും ഉപതൊഴിലും പട്ടികവർഗ്ഗ വിഭാഗാടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | തൊഴിൽ | | |
|---|---|---|---|
| | കുടുംബം | കുറിച്ച്യൻ | പണിയൻ |
| | 1 | 2 | 3 |
| 1 | ഊരുകളിൽ താമസിക്കുന്ന ആകെ കുടുംബം | 8362 | 21605 |
| 2 | വനവുമായി ബന്ധപ്പെട്ടവ | 102 | 335 |
| 3 | കൃഷിയുമായി ബന്ധപ്പെട്ടവ | 6410 | 18333 |
| 4 | സ്വയംതൊഴിൽ | 42 | 35 |
| 5 | തൊഴിലുറപ്പ് പദ്ധതി | 135 | 377 |
| 6 | സർക്കാർ ജോലി | 626 | 196 |
| 7 | മറ്റുള്ളവ | 27 | 87 |
| 8 | തൊഴിലില്ലാത്തവർ | 62 | 273 |
| 9 | ആകെ | 7913 | 20689 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

## 2.5.4 ആരോഗ്യസ്ഥിതി

കേരളത്തിൽ 2103 ഊരുകളിൽ ആരോഗ്യസേവനത്തിന് പൊതുസംവിധാനം നിലവില്ലാത്ത അവസ്ഥയാണ്. ഇത്, ആകെ ഊരുകളുടെ 44.16% വരും. 780 ഊരുകളിൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാകാറില്ല. രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, ശുചീകരണപ്രവർത്തനങ്ങൾ, ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ മുതലായവ 1306 ഊരുകളിൽ തീരെ ലഭ്യമാകാറില്ല. വയനാട് ജില്ലയിൽ ഇതിന്റെ സ്ഥിതി വളരെ ഗുരുതരമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, സ്ഥിരമായ രോഗം ബാധിച്ചവർ എന്നിവർ പട്ടികവർഗവിഭാഗത്തിൽ വളരെ കൂടുതലാണ്.

**പട്ടിക 2.5.9 മരണകാരണം**

| ക്രമ നമ്പർ | മരണകാരണം | | | | |
|---|---|---|---|---|---|
| | | 1 | 2 | 3 | 4 |
| | സമുദായം | രോഗത്തിന് ചികിത്സ ലഭിക്കാത്തത് | ശതമാനം | ലഹരിപദാർത്ഥഉപയോഗം | ശതമാനം |
| 1 | കുറിച്യൻ | 193 | 5.17% | 15 | 3.47% |
| 2 | പണിയൻ | 1054 | 28.26% | 125 | 28.94% |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മരണപ്പെട്ട 12,189 പട്ടികവർഗ്ഗ അംഗങ്ങളിൽ 28 പേർ ദാരിദ്ര്യം മൂലവും, 697 പേർ അപകടത്തിൽപ്പെട്ടും 432 പേർ ലഹരിവസ്തുക്കളുടെ അമിത ഉപഭോഗം മൂലവും 48 പേർ വന്യമൃഗങ്ങളുടെ ആക്രമണത്താലും മരണപ്പെട്ടവരാണ്. വിവിധ സമുദായങ്ങളെ താരതമ്യം ചെയ്യുമ്പോൾ , ചികിത്സ കിട്ടാതെയും, അമിത മദ്യപാനത്താലും മരണപ്പെട്ടവരുടെ നിരക്ക് പണിയൻ സമുദായത്തിലാണ് ഏറ്റവും കൂടുതലായി കാണപ്പെടുന്നത്.

## 2.5.5 അടിസ്ഥാനസൗകര്യങ്ങൾ

പട്ടികവർഗ കുടുംബങ്ങളിൽ 90.40% കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ട്

**പട്ടിക 2.5.10 വൈദ്യുതി ഇല്ലാത്ത വീടുകൾ**

| | | വൈദ്യുതി ഇല്ലാത്ത വീടുകൾ | | | |
|---|---|---|---|---|---|
| | | 1 | 2 | 4 | 5 |
| ക്രമ നമ്പർ | പട്ടികവർഗ വിഭാഗം | വൈദ്യുതി ലഭ്യമായ ഊരുകൾ | ലഭ്യമല്ലാത്തവ | ആകെ വൈദ്യുതി ലഭ്യമല്ലാത്തവ | % |
| 1 | കുറിച്ച്യർ | 2022 | 810 | 3004 | 35.92 |
| 2 | പണിയൻ | 10702 | 4772 | 16170 | 74.84 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**പട്ടിക 2.5.11 കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ**

| | കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബങ്ങൾ | | |
|---|---|---|---|
| | 1 | 2 | 3 |
| ക്രമ നമ്പർ | പട്ടികവർഗ വിഭാഗം | കുടുംബം | % |
| 1 | കുറിച്ച്യർ | 2487 | 29.74 |
| 2 | പണിയൻ | 11551 | 53.4% |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**പട്ടിക 2.5.12 കൈവശഭൂമി ഇല്ലാത്ത കുടുംബങ്ങൾ**

| ക്രമ നമ്പർ | കൈവശഭൂമി ഇല്ലാത്ത കുടുംബങ്ങൾ | | | |
|---|---|---|---|---|
| | 1 | 2 | 3 | 4 |
| | പട്ടികവർഗ വിഭാഗം | ആകെ കുടുംബം | ഭൂമിയില്ലാത്ത കുടുംബം | % |
| 1 | കുറിച്ച്യൻ | 8362 | 179 | 2.14 |
| 2 | പണിയൻ | 21605 | 1689 | 7.84 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

കേരളത്തിലെ മുഴുവൻ പട്ടികവർഗ കുടുംബങ്ങളിൽ 5158 കുടുംബങ്ങൾക്ക് (4.78%) കൈവശഭൂമി ഇല്ല എന്നു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**പട്ടിക 2.5.13 മാനസിക വെല്ലുവിളികളോ സ്ഥിരമായ രോഗമോ അഭിമുഖീകരിക്കുന്ന കുടുംബങ്ങളും വ്യക്തികളും**

| മാനസികം, സ്ഥിരമായ വെല്ലുവിളി അഭിമൂഖീകരിക്കുന്നവർ | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പട്ടിക വർഗ വിഭാഗം | ആകെ | മാനസിക വെല്ലുവിളികൾ ഉള്ള വ്യക്തികൾ | ശത മാനം | സ്ഥിര മായ രോഗം ഉള്ള വ്യക്തികൾ | ശതമാനം | സ്ഥിര രോഗം കിടക്ക രോഗികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | കുറി ച്ച്യൻ | 35909 | 1298 | 3.61 | 3016 | 8.43 | 32 |
| 2 | പണി യൻ | 92787 | 4178 | 4.50 | 6605 | 7.12 | 113 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

കേരളത്തിലെ മുഴുവൻ പട്ടികവർഗ വിഭാഗത്തിൽ 5.41% പേരും മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരാണ്. കൂടാതെ സ്ഥിരമായ രോഗം ബാധിച്ചവർ 9.54% ആണ്.

**പട്ടിക 2.5.14പോഷകാഹാരക്കുറവ്**

| ക്രമ നമ്പർ | | ആകെ | പോഷകാഹാരം ഇല്ലാത്തവർ | ശതമാനം |
|---|---|---|---|---|
| | | 1 | 2 | 3 |
| 1 | കുറിച്ച്യൻ | 8362 | 502 | 6 |
| 2 | പണിയൻ | 21605 | 4682 | 21.67 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

ഈ വിഭാഗത്തിൽപ്പെട്ടവർ ആകെ കുടുംബങ്ങളുടെ 13.09 ശതമാനം വരും.

**പട്ടിക 2.5.15 അഞ്ച് വയസ്സിൽ കുറവ് പ്രായമുള്ള കുട്ടികൾക്ക് ലഭിച്ച പ്രതിരോധ പരിചരണം**

| പ്രതിരോധ പരിചരണം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | | 5 വയസ്സിൽ കുറവ് പ്രായമുള്ള കുട്ടികളുള്ള കുടുംബങ്ങൾ | വാക്സിനുകൾ ലഭിക്കാത്ത കുട്ടികൾക്കുള്ള കുടുംബങ്ങൾ | വാക്സിനുകൾ ഭാഗികമായി ലഭിച്ച കുട്ടികൾക്കുള്ള കുടുംബങ്ങൾ | സ്ഥിരമായ രോഗം ഉള്ള വ്യക്തികൾ | ശതമാനം |
| | | 1 | 2 | 3 | 4 | 5 |
| 1 | കുറിച്ച്യൻ | 2027 | 167 | 91 | 256 | 12.63 |
| 2 | പണിയൻ | 6774 | 788 | 506 | 1294 | 19.10 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**പട്ടിക 2.5.16 ചികിത്സാ ചിലവ്**

| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | ആകെ കുടുംബം | രോഗങ്ങൾക്ക് ചികിത്സ തേടുന്ന കുടുംബങ്ങൾ | ശതമാനം | മദ്യപാന രേഗങ്ങൾക്കും ചികിത്സ തേടുന്ന കുടുംബങ്ങൾ | ശതമാനം |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 1 | കുറിച്ച്യൻ | 8362 | 3534 | 42.26 | 1419 | 16.97 |
| 2 | പണിയൻ | 24609 | 11322 | 46.01 | 11658 | 47.37 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

മുകളിലുള്ള വിവരണപട്ടിക പണിയൻ സമുദായത്തിന്റെ മദ്യപാനത്തിന്റെ തോത് വ്യക്തമാക്കുന്നു.

## 2.5.6 സാമൂഹിക സുരക്ഷ

**പട്ടിക 2.5.17 റേഷൻ കാർഡ് ലഭ്യത പട്ടികവർഗ വിഭാഗാടിസ്ഥാനത്തിൽ**

| റേഷൻ കാർഡ് ലഭ്യത | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | റേഷൻകാർഡ് ഉള്ള കുടുംബങ്ങൾ കുടുംബം | പുതുക്കേണ്ട കാർഡുകൾ | ശതമാനം | റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങൾ | ശതമാനം |
| | | 1 | 2 | 3 | 4 | 5 |
| 1 | കുറിച്ച്യൻ | 6949 | 2229 | 32.08 | 1413 | 14.90 |
| 2 | പണിയൻ | 15764 | 5783 | 36.68 | 5841 | 27.04 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

പട്ടികവർഗ വിഭാഗത്തിലെ 76.86% കുടുംബങ്ങൾക്ക് റേഷൻകാർഡ് ഉണ്ട്. എന്നാൽ ഇതിൽ തന്നെ 27.66% റേഷൻ കാർഡുകൾ പലതരത്തിലുള്ള അപാകതകൾ നിറഞ്ഞതാണ്. അപാകതകൾ ഉള്ള കാർഡുകൾ ഏറ്റവും കൂടുതൽ ഉള്ളത് വയനാട് ജില്ലയിലാണ്. 2503 കുടുംബങ്ങൾക്ക് റേഷൻകാർഡ് ഇല്ല. റേഷൻകാർഡില്ലാത്തവരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് പണിയൻ സമുദായത്തിലാണ്.

**പെൻഷൻ ലഭിക്കുന്നവർ**

**പട്ടിക 2.5.18 വിധവ പെൻഷൻ**

| വിധവ പെൻഷൻ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | ആകെ വിധവകൾ | ഉപഭോക്താക്കൾ | വിധവകളുടെ ശതമാനം |
| | | 1 | 2 | 3 |
| 1 | കുറിച്ച്യൻ | 1467 | 223 | 15.20 |
| 2 | പണിയൻ | 5044 | 1070 | 21.21% |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

ആകെ വിധവകളുടെ 16.64% മാത്രമാണ് ഈ പെൻഷൻ ലഭിക്കുന്ന ഉപഭോക്താക്കൾ. വയനാട് ജില്ലയിൽ ആകെ 2.01% വിധവകൾക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്.

**പട്ടിക 2.5.19 വാർദ്ധക്യകാല പെൻഷൻ**

| വാർദ്ധക്യകാല പെൻഷൻ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | 60 വയസ്സിനു മുകളിൽ ഉള്ളവർ | പെൻഷൻ ലഭിക്കുന്നവർ | ശതമാനം |
| | | 1 | 2 | 3 |
| 1 | കുറിച്ച്യൻ | 2861 | 220 | 7.69 |
| 2 | പണിയൻ | 7230 | 1381 | 19.10 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

34948 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നുവെന്നു കണ്ടെത്തിയിട്ടുണ്ട്. അതിൽ 12.95% പേർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. കുറിച്ച്യൻ സമുദായത്തെക്കാൾ കൂടുതൽ പണിയൻ സമുദായത്തിനാണ് പെൻഷൻ ലഭിക്കുന്നത്.

**പട്ടിക 2.5.20 ഭിന്നശേഷി പെൻഷൻ**

| ഭിന്നശേഷി പെൻഷൻ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | ആകെ | ഉപഭോക്താക്കൾ | ശതമാനം |
| | 1 | 2 | 3 | 4 |
| 1 | കുറിച്ച്യൻ | 483 | 59 | 12.22% |
| 2 | പണിയൻ | 1894 | 151 | 7.97% |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

**ഇൻഷൂറൻസ് പരിരക്ഷ**

പട്ടികവർഗ വിഭാഗത്തിൽ 1.73% കുടുംബങ്ങൾക്ക് മാത്രമാണ് ഇൻഷൂറൻസ് പരിരക്ഷ ലഭ്യമായിട്ടുള്ളത്. ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവർ കൂടുതൽ വയനാട് ജില്ലയിലാണ്. ഇവരിൽ തന്നെ പണിയൻ വിഭാഗം പിന്നിലുമാണ്.

**പട്ടിക 2.5.21 അതിക്രമങ്ങൾ**

| അതിക്രമങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പട്ടികവർഗ്ഗ വിഭാഗം | ശാരീരിക മർദ്ദനം | സ്വത്ത് നശിപ്പിക്കൽ | വീടിന് നാശനഷ്ടം വരുത്തൽ | മാനഭംഗപ്പെടുത്തൽ | വീട്ടുസാധനങ്ങൾ നശിപ്പിക്കൽ | സമുദായത്തിൽ നിന്ന് | വഴിതടയൽ | തൊഴിൽസ്ഥലത്ത് സ്ത്രീകൾക്കു നേരെ | മറ്റുള്ളവ | ആകെ |
| 1 | കുറിച്ച്യർ | 19 | 6 | 1 | 12 | 1 | 1 | 2 | 8 | 12 | 62 |
| 2 | പണിയൻ | 82 | 18 | 13 | 44 | 17 | 8 | 10 | 15 | 48 | 255 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, വയനാട് ജില്ലാ റിപ്പോർട്ട്, കില 2008

5 വർഷ കാലയളവിൽ 1558 ആളുകൾ അതിക്രമത്തിനിരയായിട്ടുണ്ട്. പാലക്കാടാണ് ഏറ്റവും കൂടുതൽ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. തുടർന്ന് വയനാട് ജില്ലയിലും.

മാനവ വികസന സൂചികകളായ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ നിലവാരം, തൊഴിൽസ്ഥിതി എന്നിവ പരിശോധിച്ചാൽ എല്ലാ മേഖലകളിലും പണിയൻ

സമുദായാംഗങ്ങൾ പിന്നോക്കം നിൽക്കുന്നതായാണ് കാണുവാൻ കഴിയുന്നത്. മാതാപിതാക്കളുടെ അറിവില്ലായ്മയും സ്കൂളിൽ പോകുന്നതിനുള്ള കുട്ടികളുടെ മടിയും കാരണം ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പണിയൻ സമുദായാംഗങ്ങൾ എത്തിപ്പെടുന്നില്ല.

## 2.6 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

വെള്ളമുണ്ട, തിരുനെല്ലി, തൊണ്ടർനാട്, എടവക, തവിഞ്ഞാൽ, മാനന്തവവാടി എന്നീ ആറ് ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്. ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 28.47% മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ് അധിവസി ക്കുന്നത്. അതിൽ 22308 പുരുഷന്മാരും, 22814 സ്ത്രീകളും ഉൾപ്പെടുന്നു. ഗ്രാമപ ഞ്ചായത്തുകളിൽ തിരുനെല്ലിയിലാണ് പട്ടികവർഗ്ഗ ജനസംഖ്യയും, കുടുംബങ്ങളും കൂടു തൽ ഉള്ളത്. എടവക ഗ്രാമപഞ്ചായത്തിലാണ് ഏറ്റവും കുറവ് പട്ടികവർഗ്ഗ ജനസംഖ്യ

### പട്ടിക 2.6.1 ജനസംഖ്യ

| ജനസംഖ്യ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കുടുംബ ങ്ങൾ | ശതമാനം | ജനസംഖ്യ | ശതമാനം |
| | 1 | 2 | 3 | 4 | 5 |
| 1 | വെള്ളമുണ്ട | 1428 | 13.88 | 6436 | 14.26 |
| 2 | എടവക | 11062 | 10.32 | 5026 | 11.14 |
| 3 | തവിഞ്ഞാൽ | 1795 | 17.45 | 7853 | 17.40 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

### പട്ടിക 2.6.2 ഊരുകൾ

| ഊരുകൾ | | | |
|---|---|---|---|
| ക്രമ നം | പഞ്ചായത്ത് | എണ്ണം | ശതമാനം |
| | 1 | 2 | 3 |
| 1 | വെള്ളമുണ്ട | 103 | 16.80 |
| 2 | എടവക | 80 | 13 |
| 3 | തവിഞ്ഞാൽ | 113 | 18.40 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ആകെ 614 ഊരുകൾ ഉണ്ട്. ദൈനംദിന ആവശ്യ ങ്ങൾ നിറവേറ്റുന്നതിനുള്ള സ്ഥാപനങ്ങളിലേക്കും, കുട്ടികൾ താമസിച്ചു പഠിക്കുന്ന ഹോസ്റ്റ ലുകളിലേക്കും മറ്റും ഊരുകളിൽ നിന്നുള്ള ദൂരം വളരെ കൂടുതലാണ്. കൂടാതെ, 492 ഊരുകളിൽ അംഗൻവാടികൾ ഇല്ലാത്തവയാണ്.

## വിദ്യാഭ്യാസം, സാക്ഷരത

### സാക്ഷരത

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 72.45% ആണ്. സാക്ഷരത ഏറ്റവും കൂടുതൽ തൊണ്ടർനാട്, എടവക ഗ്രാമപഞ്ചായത്തുകളിലും, കുറവ് തിരുനെല്ലി ഗ്രാമപഞ്ചായത്തിലും ആണ്. കൂടാതെ, ജില്ലാതല സാക്ഷരതയെക്കാൾ അൽപം മുന്നിലാണ് മാനന്തവാടി ബ്ലോക്കിലെ സാക്ഷരത.

### വിദ്യാഭ്യാസ നിലവാരം

ജനസംഖ്യയിൽ പണിയൻ സമുദായമാണ് കൂടുതൽ ബ്ലോക്ക് പഞ്ചായത്തിലെ നിരക്ഷരരിൽ 40.36 % പണിയൻ സമുദായമാണ്. എസ്.എസ്.എൽ.സി ജയിച്ച 158 പേരും, പ്ലസ്ടു ജയിച്ചിട്ടുള്ള 52 പേരും , ബിരുദധാരികൾ 5 പേരുമാണ് ഈ സമുദായത്തിൽ വിദ്യാഭ്യാസം നേടിയവർ. ബ്ലോക്ക് പഞ്ചായത്ത് ജനസംഖ്യയിൽ 33.80% കുറിച്യൻ വിഭാഗമാണ്. ബ്ലോക്ക് പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ കൂടുതലും, കുറിച്യൻ വിഭാഗത്തിൽപ്പെട്ടവരാണ്.

**പട്ടിക 2.6.3 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | വിദ്യാഭ്യാസ നിലവാരം | വെള്ളമുണ്ട | എടവക | തവിഞ്ഞാൽ | കുറിച്യൻ | പണിയൻ |
| | | 1 | 2 | 3 | 4 | 5 |
| 1 | നിരക്ഷരർ | 1341 | 1045 | 1909 | 2329 | 4498 |
| 2 | നവ സാക്ഷരർ | 142 | 81 | 84 | 228 | 365 |
| 3 | പ്രൈമറി | 2672 | 2084 | 2733 | 4635 | 7149 |
| 4 | എസ്..എസ്. എൽ.സി താഴെ | 1176 | 980 | 1757 | 4540 | 1613 |
| 5 | എസ്..എസ്. എൽ.സി | 209 | 180 | 386 | 1166 | 158 |
| 6 | പ്ലസ് ടു | 111 | 114 | 223 | 644 | 52 |
| 7 | ബിരുദം | 17 | 28 | 45 | 123 | 5 |
| 8 | ബിരുദാനന്തര ബിരുദം | 2 | 1 | 0 | 5 | 0 |
| 9 | മറ്റുള്ളവർ | 0 | 0 | 1 | 2 | 1 |
| 10 | ആകെ | 5670 | 4513 | 7138 | 13672 | 13871 |
| 11 | ശരാശരി | 76.35% | 76.84% | 73.26% | | |

അവലംബം ፡ അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

### സാങ്കേതിക വിദ്യാഭ്യാസം

പണിയൻ സമുദായത്തിൽ നിന്ന് അഞ്ച് പേർ മാത്രമാണ് സാങ്കേതിക യോഗ്യത നേടിയിട്ടുള്ളത്. അവരിൽ രണ്ട് എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികളും ഉൾപ്പെടുന്നു. കുറിച്യൻ സമുദായമാണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മുന്നിൽ നിൽക്കുന്നത്. കുറിച്യൻ വിഭാഗത്തിൽ 162 പേർ സാങ്കേതിക വിദ്യാഭ്യാസം നേടിയവരാണ്, ബ്ലോക്ക് പഞ്ചായത്തിലെ ഏക മെഡിക്കൽ വിദ്യാർത്ഥിയും കുറിച്യൻ വിഭാഗത്തിൽപെട്ടതാണ്.

### തൊഴിലും, വരുമാനവും

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 5 വയസ്സിനുള്ളിൽ പ്രായമുള്ള 40449 പേരിൽ 17852 പേർ പ്രത്യേകിച്ച് വരുമാനമാർഗം ഇല്ലാത്തവരാണ്.

### പട്ടിക 2.6.4 ബ്ലോക്കിലെ തൊഴിൽ വിവരങ്ങൾ

| ബ്ലോക്കിലെ തൊഴിൽ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നം. | വിഭാഗം | എണ്ണം | ശതമാനം |
| | 1 | 2 | 3 |
| 1 | കർഷക തൊഴിലാളികൾ | 13616 | 33.66% |
| 2 | കർഷകർ | 3468 | 8.57 |
| 3 | വനമേഖലയിൽ കൂലിപ്പണി | 882 | 2.18 |
| 4 | വനവിഭവശേഖരണം | 72 | 0.18 |
| 5 | പച്ചമരുന്നു ശേഖരണം | 28 | 0.07 |
| 6 | തൊഴിലുറപ്പു പദ്ധതി | 2131 | 5.27 |
| 7 | കാർഷികേതര തൊഴിലാളി | 937 | 2.32 |
| 8 | എസ്.ടി.പ്രൊമോട്ടർ | 92 | 0.23 |
| 9 | അറ്റുള്ളവർ | 1371 | 3.39 |
| 10 | വരുമാനം ഇല്ലാത്തവർ | 17852 | 44.13 |
| | | 40449 | 100% |

അവലംബം ঃ അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

വയനാട് ജില്ലയിലെ മെഡിക്കൽ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ളവരിൽ നാലിലൊന്ന് മാനന്തവാടി ബ്ലോക്കിലാണ്. കൈതൊഴിലുകൾ, ഡ്രൈവിംഗ്, തയ്യൽപണി എന്നിവയിൽ വൈദഗ്ധ്യം ഉള്ളവരിൽ ഭൂരിഭാഗവും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽപെടുന്നവരാണ്.

**തൊഴിൽരഹിതർ**

വയനാട് ജില്ലയിലെ 15-59 വയസ്സ് പ്രായത്തിലെ തൊഴിൽരഹിതരിൽ 30 ശതമാനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ്. കൂടാതെ, സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ കൂടുതലും, 72.03% . മാത്രവുമല്ല, ജില്ലയിലെ തൊഴിൽരഹിതരിൽ നിരക്ഷരരായിട്ടുള്ളവർ 31.02% മാനന്തവാടി ബ്ലോക്കിലാണ്.

## അടിസ്ഥാന സൗകര്യങ്ങൾ

### ശുചിത്വ സൗകര്യങ്ങൾ

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 44.47% വീടുകൾക്കും, കക്കൂസ് സൗകര്യം ഇല്ലാത്തവയാണ്. ജില്ലയിൽ കക്കൂസ് ഇല്ലാത്ത വീടുകളിൽ 28.04% മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ്.

പട്ടിക 2.6.5 **കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകൾ**

| കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകൾ | | | | |
|---|---|---|---|---|
| ക്രമ നം. | പഞ്ചായത്ത് | ആകെ | സൗകര്യം ഇല്ലാത്തവ | ശതമാനം |
| | | 1 | 2 | 3 |
| 1 | വെള്ളമുണ്ട | 1428 | 663 | 46.42% |
| 2 | എടവക | 1062 | 325 | 30.60 |
| 3 | തവിഞ്ഞാൽ | 1795 | 653 | 36.37 |
| | മാനന്തവാടി ബ്ലോക്ക് | 10289 | 4576 | 44.47% |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

### കുടിവെള്ള ലഭ്യത

കിണർ, കുഴൽ കിണർ, നീർച്ചാൽ, പുഴ, തോട്, പൈപ്പുവെള്ളം, ഓലി മഴവെള്ള സംഭരണി, നീരുറവ എന്നിവയാണ് ബ്ലോക്കിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ. ഇവയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് പൊതുകിണർ ആണ്.

### വൈദ്യുതി ലഭ്യത

മാനന്തവാടി ബ്ലോക്കിലെ 101 ഊരുകൾ വൈദ്യുതീകരിക്കാത്തവയാണ്. 497 ഊരുകളിൽ തെരുവു വിളക്കുകൾ ഇല്ലാത്ത അവസ്ഥയാണ്. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.6.6. **വൈദ്യുതീകരിക്കാത്ത വീടുകൾ**

| വൈദ്യുതീകരിക്കാത്ത വീടുകൾ | | | | |
|---|---|---|---|---|
| ക്രമ നം. | പഞ്ചായത്ത് | ആകെ ഊരുകൾ | വൈദ്യുതീകരിച്ച ഊരിൽ വൈദ്യുതീകരിക്കാത്ത വീടുകൾ | ശതമാനം |
| | 1 | 2 | 3 | 4 |
| 1 | വെള്ളമുണ്ട | 103 | 486 | 18 |
| 2 | എടവക | 80 | 366 | 7 |
| 3 | തവിഞ്ഞാൽ | 113 | 577 | 24 |
| | മാനന്തവാടി ബ്ലോക്ക് | 614 | 4347 | 101 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

മാനന്തവാടി ബ്ലോക്കിലെ 98.61% വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. 1.01% വീടുകളിൽ മണ്ണെണ്ണയും , 0.37% വീടുകളിൽ ഗ്യാസും ഉപയോഗിക്കുന്നു. വെള്ളമുണ്ട പഞ്ചായത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഒരു കുടും ബത്തിന് മാത്രമാണ് ഗ്യാസ് കണക്ഷൻ ഉള്ളത്. സൗരോർജ്ജ വെളിച്ചം ഉപയോഗിക്കുന്ന 400 വീടുകൾ ബ്ലോക്കിലുണ്ട്. അവയിൽ വെള്ളമുണ്ടയിൽ 40 ഉം, എടവകയിൽ 17 ഉം, ത വിഞ്ഞാലിൽ 29 ഉം വീടുകൾ ഉണ്ട്.

**വഴി സൗകര്യം**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ് ജില്ലയിലെ 29.91% സഞ്ചാരയോഗ്യ മല്ലാത്ത റോഡുകൾ ഉള്ളത്. ഇതിൽ 261 ഊരുകളിലേക്ക് സഞ്ചാരയോഗ്യമായ റോഡ് ഇല്ലാത്ത അവസ്ഥയാണ്. വഴിസൗകര്യം ഇല്ലാത്ത വീടുകൾ കൂടുതൽ തിരുനെല്ലി (712) , വെള്ളമുണ്ട (300) എന്നി ഗ്രാമപഞ്ചായത്തുകളിലും കുറവ് എടവക ഗ്രാമപഞ്ചായത്തിലു മാണ് സ്ഥിതി ചെയ്യുന്നത് (53) .

**വനവുമായുള്ള ആഭിമുഖ്യം**

**പട്ടിക 2.6.7 വനമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊരുകൾ**

| വനമേഖലയിൽ സ്ഥിതി ചെയ്യുന്ന ഊരുകൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | റിസർവ്വ് വനത്തിനുള്ളിൽ | | റിസർവ് വനത്തിനു സമീപം | | മറ്റ് പ്രദേശങ്ങൾ | | ആകെ | |
| | | ഊരുകൾ | കുടുംബങ്ങൾ | ഊരുകൾ | കുടുംബങ്ങൾ | ഊരുകൾ | കുടുംബങ്ങൾ | ഊരുകൾ | കുടുംബങ്ങൾ |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | വെള്ളമുണ്ട | 2 | 34 | 5 | 121 | 96 | 124 | 103 | 1396 |
| 2 | എടവക | 0 | 0 | 1 | 10 | 79 | 985 | 80 | 995 |
| 3 | തവിഞ്ഞാൽ | 1 | 10 | 31 | 543 | 81 | 1090 | 113 | 1643 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

ആകെ 10289 കുടുംബങ്ങളിൽ 9736 കുടുംബങ്ങൾ 614 ഊരുകളിലായാണ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ താമസിക്കുന്നത്. ഇതിൽ 19 ഊരുകൾ റിസർവ് വനത്തിലും, 153 ഊരുകൾ റിസർവ് വനത്തിനു സമീപത്തുമാണ് സ്ഥിതിചെയ്യുന്നത്. വനപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിൽ 52 കുടുംബങ്ങൾ മാത്രമാണ് വനമേഖലയിൽ പ്രവർത്തിക്കുന്നത്.

**സാമൂഹിക സുരക്ഷിതത്വം**

**റേഷൻകാർഡ്**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 261 പണിയൻ കുടുംബങ്ങൾക്കും, 121 കുറിച്യൻ കുടുംബങ്ങൾക്കും റേഷൻകാർഡ് ലഭ്യമായിട്ടില്ല. ബ്ലോക്കിലെ 79.91% പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും റേഷൻകാർഡ് ലഭിച്ചിട്ടുണ്ട്. റേഷൻകാർഡ് ലഭിച്ചിട്ടുള്ള 8222 കുടുംബങ്ങളിൽ 5004 എണ്ണത്തിനു മാത്രമാണ് ന്യൂനതകൾ ഇല്ലാത്തതായി കാണപ്പെടുന്നത്.

**പെൻഷൻ**

ജില്ലയിൽ പെൻഷൻ ലഭിക്കുന്നവരുടെ 22.81% വും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ് താമസിക്കുന്നത്.

പട്ടിക 2.6.8 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ

| മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | വിധവ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | വികലാംഗ പെൻഷൻ | സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിൽരഹിത വേതനം | മറ്റ് സാമൂഹ്യക്ഷേമ പെൻഷൻ | സർവ്വീസ് പെൻഷൻ | ആകെ |
| 1 | വെള്ളമുണ്ട | 48 | 73 | 13 | 0 | 69 | 1 | 5 | 4 | 213 |
| 2 | എടവക | 49 | 48 | 3 | 0 | 31 | 4 | 3 | 7 | 145 |
| 3 | തവിഞ്ഞാൽ | 53 | 54 | 9 | 0 | 5 | 0 | 0 | 1 | 122 |
| 4 | ബ്ലോക്ക് | 361 | 424 | 56 | 0 | 271 | 7 | 24 | 26 | 1169 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

**അതിക്രമങ്ങൾ**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 65 പേർക്കെതിരെ അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. തിരുനെല്ലി 28, മാനന്തവാടി 15 , തൊണ്ടർനാട് 7, വെള്ളമുണ്ട 3, തവിഞ്ഞാൽ 11, എടവക 1 എന്നിങ്ങനെയാണ് കണക്കുകൾ.

**പട്ടിക** 2.6.9 അതിക്രമ രീതികൾ

| അതിക്രമ രീതികൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | ശാരീരിക മർദ്ദനം | സ്വത്തു നശിപ്പിക്കൽ | വീടിന് നാശനഷ്ടം വരുത്തൽ | മാനഭംഗപ്പെടുത്തൽ | വീട്ടുസാധനം നശിപ്പിക്കൽ | സമുദായത്തിൽ നിന്ന് ഒറ്റപ്പെടുത്തൽ | വഴി തടയൽ | തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്കു നേരെ പീഡനം | മറ്റു കുറ്റങ്ങൾ | ആകെ |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | വെള്ളമുണ്ട | 0 | 1 | 0 | 1 | 0 | 0 | 0 | 1 | 0 | 3 |
| 2 | എടവക | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 1 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | തവിഞ്ഞാൽ | 4 | 3 | 0 | 1 | 0 | 0 | 0 | 3 | 0 | 11 |
| 4 | ബ്ലോക്ക് | 18 | 6 | 0 | 16 | 1 | 1 | 2 | 21 | 0 | 65 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

**കൈതൊഴിൽ**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 119 ഊരുകളിൽ പരമ്പരാഗത നൈപുണ്യങ്ങളും, കൈതൊഴിലുകളും പ്രചാരത്തിലുണ്ട്. ജില്ലയിൽ 259 ഊരുകൾ ഇത്തരത്തിൽ ഉള്ളതു കൊണ്ട് അവയിൽ 45.94% മാനന്തവാടി ബ്ലോക്കിലാണ്. പരമ്പരാഗത നൈപുണ്യങ്ങൾ പുതിയ തലമുറയ്ക്ക് കൈമാറുവാൻ കഴിയുന്ന 12 ഊരുകൾ ബ്ലോക്കിലുണ്ട്. എന്നാൽ 106 ഊരുകളിൽ ഇവ മെച്ചപ്പെടുത്തുന്നതിന് പരിശീലനം ആവശ്യമാണ്.

**ആരോഗ്യം**

ആരോഗ്യ സേവനത്തിന് പൊതുസംവിധാനം നിലവിലില്ലാത്ത 172 ഊരുകൾ മാനന്തവാടി ബ്ലോക്കിലുണ്ട്. ഇതു കൂടാതെ, ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭിക്കാത്ത 26 ഊരുകളും, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും, രോഗപ്രതിരോധ കുത്തിവെയ്പ്പുകളും നിലവിലില്ലാത്ത 70 ഊരുകളും, സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കാത്ത 1 ഊരും, വനിതകൾക്ക് പ്രസവശുശ്രൂഷയും, പരിചരണവും ലഭിക്കാത്ത 9 ഊരുകളും മാനന്തവാടി ബ്ലോക്കിൽ ഉൾപ്പെടുന്നു.

**പട്ടിക** 2.6.10. പാരമ്പര്യ ചികിത്സാരീതി നിലവിലുള്ള ഊരുകൾ

| ക്രമ നമ്പർ | പഞ്ചായത്ത് | പാരമ്പര്യ ചികിത്സാരീതി നിലവിലുള്ള ഊരുകൾ | പാരമ്പര്യ വൈദ്യന്മാർ താമസമുള്ള ഊരുകൾ | പാരമ്പര്യ വൈദ്യർ സമീപത്ത് താമസമുള്ള ഊരുകൾ |
|---|---|---|---|---|
| | | 1 | 2 | 3 |
| 1 | വെള്ളമുണ്ട | 6 | 5 | 3 |
| 2 | എടവക | 5 | 4 | 5 |
| 3 | തവിഞ്ഞാൽ | 17 | 15 | 11 |
| 4 | ബ്ലോക്ക് | 67 | 47 | 56 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

ജില്ലയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളിൽ 17.49 ശതമാനവും (1049 വ്യക്തികൾ), സ്ഥിരമായ രോഗം ബാധിച്ച 2771 കുടുംബങ്ങൾ, അതാ

യത്, ജില്ലയിലെ 27.12% വും മാനന്തവാടി ബ്ലോക്കിലാണ് ഉള്ളത്. രണ്ടു മേഖലകളിലും ഇത്തരത്തിലുള്ള രോഗികൾ കൂടുതൽ തിരുനെല്ലിയിലും, കുറവ് തൊണ്ടർനാടും ആണ്.

### അഞ്ച് വർഷത്തിനുള്ളിലെ മരണം, മരണകാരണം

അഞ്ച് വർഷത്തിനുള്ളിൽ 1043 മരണങ്ങൾ മാനന്തവാടി ബ്ലോക്കിൽ സംഭവിച്ചിട്ടുണ്ട്. ഇത് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ 26.09 ശതമാനം ആണ്.

പട്ടിക 2.6.11 **അഞ്ച് വർഷത്തിനുള്ളിലെ മരണം, മരണകാരണം**

| **അഞ്ച് വർഷത്തിനുള്ളിലെ മരണം, മരണകാരണം** | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | | | മരണകാരണം മാനന്തവാടി ബ്ലോക്ക് | | | | | | | | | | |
| | മരണപ്പെട്ടവരുടെ പ്രായം | മരണം സംഭവിച്ച കുടുംബം | ഭക്ഷണമില്ലായ്മ | ചികിത്സ ലഭ്യമാകാതെ | ആത്മഹത്യ | ചികിത്സ കിട്ടാതെ ശിശു മരണം | പ്രസവം അനുബന്ധിച്ച് | അപകടം | ലഹരിയുടെ അമിത ഉപയോഗം | വന്യമൃഗ ആക്രമം | സ്വാഭാവിക മരണം | മറ്റ് കാരണം | ആകെ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | <1 | 38 | 0 | 0 | 0 | 38 | 0 | 0 | 0 | 0 | 0 | 0 | 38 |
| 2 | 1-3 | 13 | 0 | 9 | 0 | 2 | 0 | 2 | 0 | 0 | 0 | 0 | 13 |
| 3 | 4-5 | 3 | 0 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 |
| 4 | 6-14 | 25 | 0 | 24 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 25 |
| 5 | 15-29 | 116 | 0 | 60 | 34 | 0 | 5 | 14 | 3 | 0 | 0 | 0 | 116 |
| 6 | 30-44 | 160 | 0 | 104 | 36 | 0 | 1 | 12 | 7 | 0 | 0 | 0 | 160 |
| 7 | 45-59 | 205 | 0 | 156 | 15 | 0 | 0 | 14 | 18 | 2 | 0 | 0 | 205 |
| 8 | >60 | 483 | 1 | 32 | 8 | 0 | 0 | 11 | 9 | 2 | 338 | 82 | 483 |

അവലംബം : അടിസ്ഥാന വിവര ശേഖരണം, **ബ്ലോക്ക് പഞ്ചായത്ത്** റിപ്പോർട്ട്, കില 2008

## വീട്, കൈവശഭൂമി:

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 10289 കുടുംബങ്ങളിൽ 9217 കുടുംബങ്ങൾ സ്വന്തമായി വീടുള്ളവരാണ്. ജില്ലയിലെ ഭവനരഹിതരിൽ 16.10 ശതമാനം ബ്ലോക്കിലുണ്ട്. ബ്ലോക്കിലെ 92.40% കുടുംബങ്ങൾക്കും ഊരിനുള്ളിൽത്തന്നെ ഭൂമിയുള്ളവരാണ്. പണിയൻ സമുദായത്തിലെ 3458 കുടുംബങ്ങളിൽ 491 കുടുംബങ്ങൾ (14.19%) സ്വന്തമായി വീടില്ലാത്തവരാണ്. കുറിച്ച്യൻ സമുദായത്തിൽ ഇത് 6.75 ശതമാനം ആണ്.

പട്ടിക 2.6.12. ഭവനരഹിതരും, നിലവിലുള്ള വീടുകളുടെ അവസ്ഥയും

| ഭവനരഹിതരും, നിലവിലുള്ള വീടുകളുടെ അവസ്ഥയും | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | ഭൂരഹിത ഭവനരഹിത കുടുംബം | ഭവനരഹിത കുടുംബം | താമസയോഗ്യമല്ലാത്ത വീടുകൾ | ഭാഗികമായി താമസയോഗ്യമല്ലാത്ത വീടുകൾ | താമസയോഗ്യമായ വീടുകൾ |
| | 1 | 2 | 3 | 4 | 5 | 6 |
| 1 | വെള്ളമുണ്ട | 131 | 215 | 481 | 515 | 217 |
| 2 | എടവക | 22 | 62 | 513 | 367 | 120 |
| 3 | തവിഞ്ഞാൽ | 55 | 150 | 872 | 544 | 229 |
| 4 | ബ്ലോക്ക് | 471 | 1072 | 4182 | 3569 | 14666 |
| 5 | % | 24.20 | 28.03 | 32.33 | 29.44 | 20.22 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

**പട്ടിക 2.6.13കൈവശഭൂമിയുടെ വിസ്തൃതി**

| കൈവശഭൂമിയുടെ വിസ്തൃതി | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പഞ്ചായത്ത് | < 5 സെന്റ് | 5-9 സെന്റ് | 10-24 സെന്റ് | 25-49 സെന്റ് | 50-99 സെന്റ് | >100 സെന്റ് | ആകെ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | വെള്ളമുണ്ട | 189 | 303 | 253 | 146 | 189 | 236 | 1447 |
| 2 | എടവക | 84 | 238 | 261 | 126 | 189 | 163 | 1083 |
| 3 | തവിഞ്ഞാൽ | 53 | 274 | 358 | 125 | 303 | 692 | 1860 |

അവലംബം ഃ അടിസ്ഥാന വിവര ശേഖരണം, ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട്, കില 2008

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 11.91% കുടുംബങ്ങൾക്ക് 5 സെന്റിൽ കുറവ് ഭൂമി കൈവശമുള്ളവരാണ്. മാനന്തവാടി ബ്ലോക്കിൽ 480 കുടുംബങ്ങൾ കൈവശഭൂമി ഇല്ലാത്തവരാണ്. ഒരേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളത് 1943 കുടുംബങ്ങൾക്കാണ്. ഇവരിൽ 1097 കുടുംബങ്ങൾക്ക് അത് പാരമ്പര്യമായി ലഭിച്ച ഭൂമിയാണ്. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഭൂമി കൈവശമുള്ള 6033 കുടുംബങ്ങൾ (58.63%) പാരമ്പര്യമായി ഭൂമി നേടിയവരും, 965 കുടുംബങ്ങൾ (9.37%) സ്വന്തമായി ഭൂമി വാങ്ങിയവരും, 5.4%

മിച്ചഭൂമി പതിച്ചു കിട്ടിയവരും, 4.75% സർക്കാർ കുടിയിരുത്തിയ ഭൂമി ലഭിച്ചവരും, 3.05% രേഖയില്ലാതെ വനഭൂമി കൈവശം ഉള്ളവരും, 304 കുടുംബങ്ങൾ രേഖയോടു കൂടി വന ഭൂമി കൈവശം വച്ചിട്ടുള്ളവരും ആണ്.

വയനാട് ജില്ലയിലെ പണിയൻ സമുദായത്തിൽ 22.97%, കുറിച്യൻ സമുദായത്തിൽ 59.30% വും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലാണ് ഉള്ളത്. തവിഞ്ഞാൽ, എടവക, വെള്ളമുണ്ട എന്നീ പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ഊരുകൾ ഉള്ളത് തവിഞ്ഞാൽ പഞ്ചായത്തിലും, കുറവ് എടവക പഞ്ചായത്തിലുമാണ്. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ 33.66% പട്ടികവർഗ്ഗ ജനങ്ങൾ കർഷക തൊഴിലാളികളും 44.13% പേർ വരുമാനമില്ലാത്തവരുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ 14.19% പണിയൻ സമുദായാംഗങ്ങൾക്കും 6.75% കുറിച്യൻ സമുദായാംഗങ്ങൾക്കും സ്വന്തമായി വീടില്ലാത്തവരാണ്. സാക്ഷരതാ നിലവാരത്തിൽ ജില്ലാതല സാക്ഷരതയേക്കാൾ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരതാ നിലവാരം കൂടുതലാണ്. എടവക, വെള്ളമുണ്ട, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തുകളിലെ സാക്ഷരതാനിരക്ക് ബ്ലോക്ക് പഞ്ചായത്തിലെ സാക്ഷരതാ നിരക്കിനേക്കാൾ മെച്ചപ്പെട്ട നിലയിലാണുള്ളത്.

മുകളിൽ കിലയുടെ 2008 -ലെ സർവ്വേയുടെ സമഗ്ര വിശകലനത്തിൽ നിന്നും അടി സ്ഥാന സൗകര്യങ്ങൾ, മനുഷ്യ വിഭവ ശേഷി, സേവനങ്ങളുടെ ഗുണ നിലവാരം എന്നീ പ്രധാന മേഖലകളിൽ പണിയ സമുദായം കുറിച്യൻ സമുദായത്തെ അപേക്ഷിച്ച് വികസന ത്തിന് താഴ്ന്ന നിലവാരത്തിലാണ് ഉള്ളത് എന്നു മനസ്സിലാക്കാം. വികസനത്തിന്റെ ഏതു സൂചകങ്ങൾ എടുത്താലും പഞ്ചായത്തുകളിലെ പിന്നോക്കാവസ്ഥക്ക് നിദാനമായിരിക്കു ന്നത് പണിയൻ സമുദായമാണെന്ന് കാണുന്നു. 2008-09 ലെ അവസ്ഥയിൽ നിന്നും ഇപ്പോ ഴത്തെ പഠനത്തിൽ (2017-18) ഗുണപരമായ എന്തെങ്കിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോ എന്ന് തുടർന്നുള്ള അദ്ധ്യായത്തിൽ പരിശോധിക്കുന്നതാണ്.

## അദ്ധ്യായം-3

# വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള സങ്കേതങ്ങളുടെ ഇന്നത്തെ അവസ്ഥ

കേരളത്തിലെ ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരവും പരമ്പരാഗത കൃഷിരീതികളും തനതുകലകളും നിലനിർത്തിക്കൊണ്ട് തന്നെ അവരെ പൊതുധാരയിലേക്കു കൊണ്ടുവരുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരുകൾ പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കു മാത്രമായ തനതു പദ്ധതികളും പൊതു പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്ഥാപിത ലക്ഷ്യം തന്നെ ഈ ജനവിഭാഗങ്ങളെ മറ്റ് വിഭാഗങ്ങൾക്കൊപ്പം എല്ലാ കാര്യത്തിലും പ്രാപ്തരാക്കുക എന്നതാണ്. പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനു വേണ്ടി ധാരാളം പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പല പദ്ധതികളും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നുവെല്ലോ.

ഇതുവരെ നടത്തിയിട്ടുള്ള പട്ടികവർഗ്ഗ വികസന പദ്ധതികളെല്ലാം തന്നെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോട് കൂടിയതായിരുന്നു. അത് ഒരു പരിധിവരെ വിജയിച്ചുവെങ്കിലും ഏറ്റവും ദുർബ്ബല വിഭാഗങ്ങളുടെ കാര്യത്തിൽ പരാജയപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ പൊതു ദാരിദ്ര്യത്തിന്റെ തോത് കുറയുമ്പോഴും ദരിദ്രരിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ മേഖലയിലാണ് കാണപ്പെടുന്നത്. ശരാശരി വരുമാനം, ഭൂവുടമസ്ഥത, വിദ്യാഭ്യാസ നിലവാരം എന്നീ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോഴും മേൽ പറഞ്ഞ വിഭാഗങ്ങളുടെ അവസ്ഥ പൊതു നിലവാരത്തേക്കാൾ ഏറെ താഴെയാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരിരക്ഷയ്ക്കായി നിർമ്മിക്കപ്പെട്ട പല പദ്ധതികളും പൂർണ്ണതയിൽ എത്തിയിട്ടില്ല. വയനാട് ജില്ലയിലെ എടവക, വെള്ളമുണ്ട, തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 50 സങ്കേതങ്ങളിലായി താമസിച്ചു വരുന്ന 150 കുറിച്യൻ, പണിയൻ ഗോത്രകുടുംബങ്ങളിൽ 12 -ാം പഞ്ചവത്സര പദ്ധതി പ്രകാരം നടപ്പിലാക്കിയിരിക്കുന്ന വികസന പദ്ധതികളും അവയുടെ നിർവ്വഹണ രീതികളെക്കുറിച്ചും വിശദമായ പഠനം നടത്തിയതിന്റെ പ്രസക്തമായ കണ്ടെത്തലുകളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## എടവക പഞ്ചായത്ത്

### (1) നെച്ചോളി

നെച്ചോളി പണിയൻ സങ്കേതത്തിലുള്ളവർ വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ഉപജീവന രീതിയിലും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതയാലും ദിനം പ്രതി ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. സങ്കേതത്തിൽ ഗോത്രസാരഥി വാഹനം വരുന്നുണ്ടെങ്കിലും കുട്ടികളെല്ലാം തന്നെ പഠിക്കുന്നത് സ്വന്തം ചിലവിലാണ്. നിലവിലുള്ള വിദ്യാഭ്യാസ സഹായം അപര്യാപ്തമാണ്. ഗ്രാന്റായും സ്കോളർഷിപ്പായും ലഭിക്കുന്ന പണം സ്കൂളിൽ തന്നെ മറ്റ് പല ആവശ്യങ്ങൾക്കുമായി ചിലവഴിക്കേണ്ടി വരുന്നു. നിത്യേനയുള്ള കുട്ടികളുടെ പഠനത്തിന്റെ ചിലവ് നർവ്വഹിക്കുന്നതിന് ഈ ഫണ്ട് അപര്യാപ്തമാണ്. അതുകൊണ്ടു 10-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾ പൊതുവെ തുടർ പഠനത്തിന് പോകാതെ വീട്ടിലിരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

മെഡിക്കൽ ക്യാമ്പുകൾ ഊർജ്ജിതമായി സങ്കേതത്തിൽ നടക്കുന്നുണ്ടെങ്കിലും അസുഖങ്ങൾക്ക് യാതൊരു കുറവുമില്ല. നിരന്തരമായുള്ള വെറ്റില മുറുക്ക് കാരണം ഇവിടെ പലരും കാൻസർ ബാധിതരാണ്. അതു കൂടാതെ രണ്ടുപേരിൽ അരിവാൾ രോഗം കാണുന്നുണ്ട്. പനി, ജലദോഷം പോലെയുള്ള അസുഖങ്ങൾ ഇതോടൊപ്പം ഈ സങ്കേതത്തിൽ കാണപ്പെടുന്നുണ്ട്. മദ്യപാനം മുൻകാലങ്ങളിലേക്കാൾ കുറവാണ് കാണപ്പെടുന്നതെങ്കിലും പുകയില ഉത്പന്നങ്ങളുടെ ഉപയോഗം വളരെയധികം വർദ്ധിച്ചുവന്നിട്ടുണ്ട്. സങ്കേത നിവാസികൾ പ്രമോട്ടർമാരോടൊ ആശാ വർക്കേർസിനോടോ തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പറയാൻ തയ്യാറല്ല. ഏതാനും മാസങ്ങൾക്ക് മുമ്പ് പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീ യാതൊരു വിധ ചികിത്സയും തേടാതെ ആരോടും പറയാതെയും ഇരിക്കുകയും വേദന അധികമായപ്പോൾ മാത്രം ചികിത്സാസഹായം തേടുകയും ചെയ്തു. എന്നാൽ രക്തസമ്മർദ്ദം കൂടിയതിനെ തുടർന്ന് ഗർഭസ്ഥശിശു മരിച്ചുപോയി. ഏതാനും ആഴ്ചകൾക്കു മുമ്പും സമാനമായ സാഹചര്യത്തിൽ പൂർണ്ണഗർഭിണിയായ മറ്റൊരു സ്ത്രീ വേദന വന്നിട്ടും ചികിത്സതേടാൻ തയ്യാറായില്ല. രോഗം മൂർദ്ധന്യാവസ്ഥയിലായാലും ആശുപത്രി ചികിത്സ ഇവർ ഒഴിവാക്കുന്നു. സങ്കേത നിവാസികൾക്ക് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ചികിത്സ നൽകുന്നതിനെക്കാൾ ഉപരിയായി ഒരു ബോധവത്ക്കരണ ക്ലാസ് നടത്തേണ്ടത് അത്യാവശ്യമായ സംഗതിയാണ്.

സങ്കേതത്തിൽ താമസിക്കുന്നവർക്ക് തൊഴിൽ അവസരങ്ങൾ വളരെ കുറവാണ്. മാസത്തിൽ 3,4 ദിവസങ്ങളിൽ മാത്രം തൊഴിൽ ലഭിക്കുന്ന ഇവരുടെ പ്രധാന ഉപജീവന മാർഗ്ഗമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്. കൃഷിചെയ്യാൻ സന്നദ്ധരായ ഇവർക്ക് സ്വന്തമായി കൃഷിഭൂമിയും ഇന്നില്ല. നെൽകൃഷി, ഇഞ്ചികൃഷി തുടങ്ങിയകൃഷി രീതികളുടെ

സാങ്കേതിക വിദ്യകൾ പുരോഗമിച്ചതോടെ മെഷീൻ ഉപയോഗിച്ചാണ് വിളവെടുപ്പ് നടത്തുന്നത്. അതുകൊണ്ട് കാർഷിക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറഞ്ഞുവന്നുകൊണ്ടിരുന്നു. തൊഴിലുറപ്പ് പണി ഒരു പരിഹാരമാർഗ്ഗം ആണെങ്കിലും തൊഴിൽ ദിനങ്ങളുടെ എണ്ണം വളരെ കുറവാണ്.

സങ്കേതത്തിൽ നിലവിലുള്ള ശ്മശാന ഭൂമിയിലേക്ക് പോകുന്നതിന് റോഡ് സൗകര്യം ഇല്ല. നിലവിൽ ഫണ്ടില്ല എന്ന കാരണത്താലാണ് റോഡ് പണി നടക്കാത്തത്. കുടിവെള്ള സൗകര്യം കുറവാണ്. 15 കുടുംബങ്ങൾ വെള്ളത്തിനായി 1 കിണറിനെ ആശ്രയിക്കുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. കബനി നദി അടുത്തുകൂടി ഒഴുകുന്നതിനാൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നില്ലെങ്കിലും നദിയിൽ നിന്നും ജലസേചനത്തിനായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കുകയാണെങ്കിൽ കുടിവെള്ള പ്രശ്നം ഒഴിവാക്കുന്നതിന് സാധിക്കും. സങ്കേതത്തിലെ എല്ലാവരുടെയും ഭൂമി ഒരു വ്യക്തിയുടെ മാത്രം അധീനതയിലാണ്. ഇക്കാരണത്താൽ തന്നെ ഓരോരുത്തർക്കും വ്യക്തിഗതമായി കൃഷി ചെയ്യാൻ സാധിക്കുന്നില്ല. തോട് സൈഡ് കെട്ടാത്തതുകൊണ്ട് തന്നെ മണ്ണിടിച്ചിൽ രൂക്ഷമാണ്. അതുകാരണം പല വീടുകൾക്കും കേടുപാടുകൾ സംഭവിക്കുന്നു.

ശ്മശാന ഭൂമിയുടെ സംരക്ഷണത്തിനും പൂർത്തീകരണത്തിനും തോടിനു കുറുകെ കോൺക്രീറ്റ് പാലവും, കോൺക്രീറ്റ് റോഡും സംരക്ഷണത്തിനായി ചുറ്റുമതിലും പണിയേണ്ടത് അത്യാവശ്യമാണ്. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 5 ഏക്കർ വീതം സ്ഥലം എല്ലാ കുടുംബത്തിനും തുല്യമായി നൽകേണ്ടതാണെന്ന് സങ്കേതനിവാസികൾ അഭിപ്രായപ്പെടുന്നു. നിലവിലുള്ള വീടുകൾ കാലപ്പഴക്കം സംഭവിച്ചതുകൊണ്ട് തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പുതിയ വീടുകൾ നൽകേണ്ടതുണ്ട്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ സ്ഥലസൗകര്യം ഉള്ളതുകൊണ്ടു തന്നെ സർക്കാർ പദ്ധതികൾ ഈ സ്ഥലത്തേ കേന്ദ്രീകരിച്ച് നടത്തേണ്ടതുണ്ട്. മണ്ണിടിച്ചിൽ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി തോടിന് സൈഡ് കെട്ടി പൂർത്തിയാക്കേണ്ടതുണ്ട്. സങ്കേതത്തിലെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് ആമ്പുലൻസ് സൗകര്യം കൃത്യമായി ഏർപ്പെടുത്തേണ്ടതുണ്ട്. നിലവിൽ മാനന്തവാടി ട്രൈബൽ ഓഫീസിൽ മാത്രമാണ് ഈ സൗകര്യമുള്ളത്.

### (2)പന്നിയോറ

വയനാട് ജില്ലയിലെ എടവക പഞ്ചായത്തിലെ നല്ലൂർനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന പന്നിയോറ സങ്കേതത്തിൽ 8 കുറിച്ച്യൻഗോത്രകുടുംബങ്ങൾ താമസിക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, എന്നീ വികസന മേഖലകളിൽ ഈ സങ്കേതം മുന്നിട്ടു നിൽക്കുന്നു. കോളനിയിലേക്കുള്ള ഭാഗികമായി നിർമ്മിച്ച ടാർ റോഡ് ഗോത്ര സാരഥി പദ്ധതിപ്രകാരം വിദ്യാർത്ഥികളുടെ യാത്രാസൗകര്യം സുഗമമാക്കുന്നു. റോഡിന്റെ തുടർനിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. 7 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പന്നിയോറ സങ്കേ

തത്തിലെ ഭൂരിഭാഗം ആളുകളും രക്തബന്ധമുള്ളവരാണ്. അതുകൊണ്ടു തന്നെ ഓരോരുത്തർക്കും പാരമ്പര്യ സ്വത്തായി ലഭിച്ച ഭൂമിക്ക് പട്ടയമില്ല. പഞ്ചായത്ത് സ്കീമിൽ ഗഡുക്കളായി നൽകിക്കൊണ്ടിരിക്കുന്ന തുകയിൽ നിർമ്മാണം ആരംഭിച്ചിരിക്കുന്ന വീടുകൾക്ക് അതിലുമധികം പണം പണി പൂർത്തീകരിക്കുന്നതിൽ ചെലവാകുന്നു. വീടിന്റെ തറ പണിക്കാവശ്യമായ ഒന്നാം ഗഡുവായി പഞ്ചായത്ത് നൽകുന്നത് 2,52,000 ആണ്. എന്നാൽ പണി പൂർത്തിയാക്കാൻ സാധാരണ നിരക്കിൽ ഒരു ലക്ഷം രൂപ ചിലവാകുന്നു. അതിനാൽ സ്വന്തമായി പണി ചെയ്തിട്ടും പുറത്തു നിന്നു അധിക പണം കടമായി വാങ്ങേണ്ട അവസ്ഥ ഉണ്ടാകുന്നു. ആരോഗ്യ കാര്യങ്ങളിൽ സുരക്ഷിതരായിരിക്കുന്ന സങ്കേതത്തിൽ ജനനീ ജന്മരക്ഷയുടെ സേവനവും ആയുർവേദ മെഡിക്കൽ ക്ലാസ്സുകളും കൃത്യ സമയങ്ങളിൽ നടത്തപ്പെടുന്നു. പഠിക്കാൻ താൽപര്യമുള്ള കുട്ടികൾ ധാരാളമുള്ള ഇവിടെ പഠനവീട് സൗകര്യം ഇല്ല. എന്നാൽ സ്കൂളിൽ നിന്നും ഹൈസ്ക്കൂൾ വരെയുള്ള കുട്ടികൾക്ക് ഗ്രാന്റുകൾ കൃത്യസമയം രക്ഷിതാക്കളുടെ കൈവശം നൽകുന്നു. മുതിർന്ന കുട്ടികൾക്ക് അവ ബാങ്ക് അക്കൗണ്ടിലുമാണ് നൽകുന്നത്. വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ഈ സങ്കേതത്തിന്റെ 2 കി.മീ ചുറ്റളവിൽ സ്കൂളും 8 കി.മീ ചുറ്റളവിൽ കോളേജും, അംഗൻവാടി കോളനിക്കടുത്തായും സ്ഥിതി ചെയ്യുന്നു. കൂടാതെ PHC 8 കിലോമീറ്ററിനുള്ളിലും, ആയുർവേദ ആശുപത്രി 3 കി.മീ ഉള്ളിലായും സ്ഥിതി ചെയ്യുന്നു. എല്ലാവിധത്തിലും പന്നിയോറ സങ്കേതം മുന്നിട്ടു നിൽക്കുന്നു. കൂടാതെ പഞ്ചായത്ത് സെക്രട്ടറി മുഖേന വൃദ്ധരായ വയോജനങ്ങൾക്കായി കട്ടിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2 | .02 | 2 | 8 | 8 | 3 | 8 |

## ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 38 | 27 | 55 |

## (3)പുതുശേരിക്കുന്ന്

എടവക പഞ്ചായത്തിലെ പുതുശ്ശേരിക്കുന്ന് പണിയൻ സങ്കേതത്തിൽ 27 കുടുംബ ങ്ങളിലായി 107 പേർ താമസിക്കുന്നു. പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ ഉള്ള കോളനിയിൽ 60 കഴിഞ്ഞ വിധവകൾ കുറെ ഉണ്ടെങ്കിലും പുരുഷന്മാർ ആരും ഇല്ല.

റേഷൻകട, സ്കൂൾ എന്നിവ 3, 1.-കി.മീ ചുറ്റളവിൽ സ്ഥിതി ചെയ്യുന്നു. സങ്കേ ത നിവാസികൾ കൂലിപ്പണി , തൊഴിലുറപ്പ് എന്നീ തൊഴിലുകൾ ചെയ്യുന്നു. വീട് വയ റിംഗ്, കട്ടിൽ വിതരണം, ആട് വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മഴ വെള്ള സംഭരണി കോളനിയിലെ 3 വീടുകളിൽ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാ ണ്. പഞ്ചായത്ത് കിണറിൽ നിന്നും വെള്ളം കോരികൊണ്ടുപോകേണ്ട അവസ്ഥയുണ്ട്. ചില വീടുകളുടെ പണി പൂർത്തീകരിച്ചിട്ടില്ല. സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം ചില വീടുകളിൽ ഒരു നേരം മാത്രമാണ് ആഹാരം വെക്കുന്നത്. സങ്കേതത്തിലേക്ക് ടാർ റോഡ് സൗകര്യം ഉണ്ട്. ആട്, കോഴി എന്നിവ ഉണ്ടെങ്കിലും ഇവയിൽ നിന്നും മതിയായ വരുമാനം ലഭ്യമല്ല.

പുതുശ്ശേരിക്കുന്ന് സങ്കേതം എല്ലാ മേഖലകളിലും വളരെ പിന്നിൽ നിൽക്കുന്നു. വീടു നിർമ്മിക്കാൻ കരാർ എടുക്കുന്ന വീടുകൾ എല്ലാം ചോർന്നൊലിക്കുന്നു. മഴക്കാലത്ത് കുട പിടിച്ചാണ് വീട്ടിൽ ഇരിക്കുക. സാധാരണ 4 ഇഞ്ച് കനത്തിൽ വാർക്കേണ്ട വീട് 1.5 ഇഞ്ച് കനത്തിൽ വാർത്തും, സിമന്റ് കുറച്ച് ഉപയോഗിച്ചും കരാറുകാർ കോളനിക്കാരെ ചൂഷണം ചെയ്യുന്നു.

കുടിവെള്ളത്തിനായി 3 കിണറുകൾ ഉണ്ടെങ്കിലും ആഴം കൂടുതൽ ഉള്ളതിനാൽ വെള്ളം കോരാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിലവിൽ സങ്കേതത്തിലെ 4 വീടുകൾക്ക് കക്കൂസ് സൗകര്യം ഇല്ല. വീടേറ്റെടുക്കുന്ന കരാറുകാർ ഫണ്ട് തികയുന്നില്ല എന്ന കാരണം പറഞ്ഞ് കക്കൂസ് പണി ചെയ്തുകൊടുക്കാറില്ല.

സങ്കേതത്തിലെ അടുത്ത പ്രധാന പ്രശ്നം വിദ്യാഭ്യാസ മേഖലയിലാണ്. ഇവിടെ ആകെ 28 കുട്ടികൾ ഉണ്ടെങ്കിലും ആരും സ്കൂളിൽ പോകാറില്ല. ഗോത്രസാരഥി വാഹന സൗകര്യം ഉണ്ടെങ്കിലും നിരക്ഷരരായ രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലും അംഗൻവാടിക ളിലും പറഞ്ഞയക്കാൻ മടി കാണിക്കുന്നു. പഠനവീട് ആരംഭിച്ചിട്ടില്ല. ചെറുപ്പം മുതൽ ഉള്ള വെറ്റില മുറുക്കന്ന ശീലം രാവിലെ 10 മുതൽ വൈകീട്ട് 4 വരെ പ്രാവർത്തികമാക്കാൻ പറ്റാത്ത അസ്വസ്ഥത കുട്ടികളെ സ്ക്കൂളിൽ പോകുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. മാത്രമല്ല ചെറുപ്രായത്തിൽ തന്നെ മദ്യപാനത്തിന്റെ അടിമകളും ആണ് ഇവിടു കുട്ടികൾ.

നെൽകൃഷി കൂടുതൽ ഉണ്ടായിരുന്ന കാലഘട്ടങ്ങളിൽ എന്നും പണി ഉണ്ടായിരുന്നെന്ന് സങ്കേതനിവാസികൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ നെൽകൃഷി കുറഞ്ഞതോടെ തെഴിലില്ലായ്മ രൂക്ഷമായി. മുതലാളിമാർ കൂലിക്കു പകരം 4 നേരം മദ്യം കൊടുത്ത് സങ്കേതത്തിലെപുരുഷന്മാരെ കൂലിപ്പണിക്കായി ആകർഷിച്ച് ഇപ്പോൾ അവർ മദ്യത്തിന് അടിമകൾ ആയിരിക്കുന്നു. മദ്യപാനം മൂലം മെതിയന്ത്രത്തിൽ കൈകുടുങ്ങി അടുത്തിടെ ഒരാളുടെ കൈമുട്ടിനു താഴെ മുറിഞ്ഞുപോയി. മാത്രമല്ല, പുരുഷന്മാർ 60 വയസ്സ് തികയ്ക്കുന്നതിനു മുന്നേ പലവിധ രോഗങ്ങളാൽ മരണപ്പെടുന്നു. മദ്യത്തിന്റെ ലഹരിയിൽ ബോധം നഷ്ടപ്പെട്ട ഭർത്താവ് സ്വന്തം ഭാര്യയ്ക്ക് മദ്യത്തിൽ ആസിഡ് കലർത്തി കുടിപ്പിച്ച് ആ സ്ത്രീ ആന്തരിക അവയവങ്ങൾ വെന്തുരുകി കിടപ്പിലായ സംഭവവും സങ്കേതത്തിലെ മദ്യപാനത്തിന്റെ തോത് എടുത്തുകാട്ടുന്നു. പി.എച്ച്.സി, 4 കി.മീ ദൂരത്തിൽ ഉള്ള ഈ സങ്കേതത്തിൽ 45 വയസുള്ള ഒരു സ്ത്രീക്ക് തളർവാതവും 3 വയസുള്ള ഒരു കുട്ടിക്ക് കണ്ണിന് പരിക്കേറ്റു ചികിത്സയിലാണ്. പഠിക്കുന്ന ഒരു കുട്ടി ഇവിടെ ഉണ്ടെങ്കിൽ തന്നെയും വൈകുന്നേരങ്ങളിലെ മദ്യപാനത്തിനുശേഷമുള്ള കുടുംബവഴക്കു മൂലം പഠിക്കാൻ കഴിയാറില്ല. ഒരുനേരം ഭക്ഷണം കഴിക്കുന്നവരാണ് ഭൂരിഭാഗമെങ്കിലും മദ്യം മുറുക്ക് എന്നിവയുടെ ഉപയോഗത്തിനു പരിമിതികൾ ഇല്ല.

## പരിഹാരം - സങ്കേതനിവാസികളുടെ നിർദ്ദേശങ്ങൾ

1. വീടുപണി കരാർ കൊടുക്കാതെ സ്വയം പണിയുന്നതിന് സങ്കേതനിവാസികളെ പ്രാപ്തരാക്കുക.
2. രോഗികളെ ആശുപത്രിയിൽ കൃത്യസമയം എത്തിക്കുന്നതിനും ഭൂമിക്കു പട്ടയം നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുക.
3. രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം, മദ്യപാനം നിർത്തുന്നതിനായുള്ള കൗൺസിലിംഗുകളും നൽകുക.
4. റേഷൻ കടയിൽ നിന്നും സാധനങ്ങളുടെ തോത് വർദ്ധിപ്പിക്കുക. (അരി 7 കിലോ മാത്രമേ കിട്ടാറുള്ളൂ)

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ കട | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി |
|---|---|---|---|---|---|
| ദൂരം (കി.മീ) | 3 | .05 | 1 | 4 | 4 |

## ജനസംഖ്യ

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 27 | 4 | 51 | 56 | 107 |

## (4) കൊടുമയിൽ

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്കിലെ നല്ലൂർനാട് വില്ലേജിൽ 32 ഏക്കർ ഭൂമിയിലായി 14 കുറിച്ച്യൻഗോത്രകുടുംബങ്ങൾ താമസിക്കുന്നു. കൊടുമയിൽ സങ്കേതത്തിൽ പേരുകേട്ട തലക്കറ തറവാട് സ്ഥിതിചെയ്യുന്നു. കാർഷിക മേഖലയിൽ സങ്കേതം മുന്നിട്ടു നിൽക്കുന്നു. സങ്കേത നിവാസികൾ പ്രധാനമായും നെല്ല്, മഞ്ഞൾ, തെങ്ങ്, കാപ്പി, കുരുമുളക്, വാഴ, പച്ചക്കറികൾ തുടങ്ങിയവ ധാരാളമായി കൃഷി ചെയ്യുന്നു. 18 വർഷങ്ങൾക്ക് മുൻപ് പണിത ഓടിട്ട തലക്കറ തറവാടിന്റെ ഇരുവശങ്ങളിലായി പുല്ലുമേഞ്ഞതും ചാണകം മെഴുകിയതുമായ പ്രാചീന വീടുകൾ നിലനിർത്തിയിരിക്കുന്നു. ഇവരുടെ കുടുംബസ്വത്തായ 18 ഏക്കർ കരയും 14 ഏക്കർ വയലുമാണ് മൊത്തം സങ്കേത ഭൂമി. കാലങ്ങളായി ഭാഗം വെയ്ക്കാത്ത ഈ ഭൂമിക്ക് 110 ഓളം അനന്തരാവകാശികൾ ഇന്നുണ്ട്. എന്നാൽ തലമുതിർന്ന കാരണവരുടെ നേതൃത്വത്തിൽ ഇവരെല്ലാം കൂട്ടുകൃഷി ചെയ്യുകയും ഉൽപന്നങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ ആണെങ്കിലും സങ്കേതത്തിലേക്കുള്ള റോഡിന് പഞ്ചായത്ത് 5 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഇതുവരെ റോഡു പണി പൂർത്തിയായിട്ടില്ല. ആരോഗ്യ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുക്കളായ ഇവരുടെ സങ്കേതത്തിനു 2കി.മീ ചുറ്റളവിൽ പി.എച്ച്.സി യും 6.കി.മീ. ചുറ്റളവിൽ ആയുർവേദ, ഹോമിയോ ആശുപത്രികളും സ്ഥിതിചെയ്യുന്നു. 2017 ഡിസംബർ മാസം പി.എച്ച്.സി മുഖേന മെഡിക്കൽ ക്യാമ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പഠനവീട് സൗകര്യം ഇല്ലാത്ത ഈ കോളനിയിൽ കുട്ടികൾക്ക് ട്യൂഷൻ ആവശ്യമാണ്. എന്നാൽ സ്കോളർഷിപ്പുകൾ കൃത്യമായി ലഭിക്കുന്നുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും പഞ്ചായത്തും വീടുകൾ പണിതു നൽകുന്നു. റേഷൻ കടയിലേക്കും സ്കൂളിലേക്കും 1 കി.മീ ദൂരവും, കോളേജിലേക്ക് 5 കി.മീ ഉം അംഗൻവാടി തൊട്ടടുത്തും സ്ഥിതി ചെയ്യുന്നു. കൊടുമയിൽ സങ്കേതത്തിൽ 2016-17 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളല്ലാതെ മറ്റു വികസന പ്രവൃത്തികൾ നടന്നിട്ടില്ല.

**പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)**

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 | .02 | 1 | 5 | 2 | 6 | 6 |

## (5) ചെറുവയൽ

നല്ലൂർനാട് വില്ലേജിലെ 26 കുറിച്ച്യൻഗോത്രകുടുംബങ്ങൾ താമസിക്കുന്ന ചെറുവയൽ സങ്കേതം സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതിൽ പ്രസിദ്ധമാണ്. വയനാട് ജില്ലയിലെ പ്രസിദ്ധനായ പരമ്പരാഗത നെൽവിത്തു സംരക്ഷകനും നിരവധി പുരസ്കാരങ്ങൾ ലഭിച്ച ശ്രീ. ചെറുവയൽ രാമൻ ഈ സങ്കേതത്തിലാണ് താമസം. വയനാട് ജില്ലയിലെ അന്യംനിന്നു പോകുന്ന 45 ഇനം നെൽവിത്തുകൾ അദ്ദേഹം 15 വർഷങ്ങളായി സംരക്ഷിച്ചുപോരുന്നു.ഈ വിത്തുകൾ പുറമെ ഉള്ളവർക്ക് സൗജന്യമായി വിതരണം ചെയ്യുകയും തിരിച്ച് പണത്തിനു പകരം നെല്ലു വാങ്ങിപ്പോരുകയും ചെയ്യുന്നു. ഈ സങ്കേത നിവാസികൾ അവരുടെ പരമ്പരാഗത ഭവനം നിലനിർത്താൻ പരമാവധി ശ്രമിക്കുന്നു. കൂടാതെ സ്വന്തമായി ബോട്ടു നിർമമിച്ച് കബനിനദിയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ഇവിടുത്തെ സ്ത്രീകൾ പൊതുവെ തൊഴിലുറപ്പിലും പുരുഷന്മാർ കൂലിപണിയിലും ഏർപ്പെടുകയും, പശു, ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളിലൂടെ ഉപജീവനം കണ്ടെത്തുകയും ചെയ്യുന്നു. സങ്കേതത്തിലെ എല്ലാ വീടുകളിലും തന്നെ വി.ഇ.ഒ മുഖേന വയറിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ ഹഡ്കോ, കട്ടിൽ വിതരണം എന്നീ സ്കീമുകളും നടപ്പിലാക്കിയിട്ടുണ്ട്. സങ്കേതത്തിൽ നിന്നും റേഷൻ കടയിലേക്ക് അര കി.മീ ദൂരവും, കോളേജ്, സ്ക്കൂൾ എന്നിവയിലേക്ക് 6,7 കി.മീ ദൂരവും ആണ്. അംഗൻവാടി തൊട്ടടുത്തും, 1 കി.മീ ചുറ്റളവിൽ പി.എച്ച്.സി യും സ്ഥിതി ചെയ്യുന്നു. 40 വർഷം മുൻപ് പനി കൂടിയതിനെ തുടർന്ന് കേൾവി നഷ്ടപ്പെട്ട മൂകയായ ഒരു സ്ത്രീയും, ജീവിതശൈലി രോഗത്താൽ ശരീരം തളർന്നു പോയ 80 വയസ്സുള്ള ഒരു സ്ത്രീയും ഇവിടെ ഉൾപ്പെടുന്നു. 8 കി.മീ ചുറ്റളവിൽ ഉള്ള ആയൂർവേദ ആശുപത്രി മുഖേന മെഡിക്കൽ ക്യാമ്പ് 2017ൽ നടത്തിയിട്ടുണ്ട്. പഞ്ചായത്ത് നിർമ്മിച്ച ടാർ റോഡ് സങ്കേതം വരെ ഉണ്ടെങ്കിലും സങ്കേതത്തിനകത്തെ മൺറോഡ് ദുർഘടമാണ്. ഇവിടെ ഗോത്രസാരഥി പദ്ധതിപ്രകാരമുള്ള വാഹന സൗകര്യം ലഭ്യമല്ല.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 5 | .03 | .8 | 6 | 1 | 8 |

## ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 32 | 34 | 66 |

## (6)പൂളക്കൽ

നല്ലൂർനാട് വില്ലേജിലെ 40 ഏക്കർ ഭൂമിയിൽ 48 കുറിച്ച്യൻകുടുംബങ്ങൾ 31 വീടുകളിലായി താമസിക്കുന്നു. 160-ഓളം കുടുംബങ്ങളുള്ള തറവാടിന്റെ ഭാഗമായ പൂളക്കൽ സങ്കേതത്തിൽ നിയമപരമായി സ്ഥലം ഭാഗംവെച്ചു നൽകിയിട്ടില്ലാത്തതിനാൽ പലർക്കും പട്ടയം ലഭിക്കുകയോ വീട്, റേഷൻകാർഡ്, വൈദ്യുതി ,വെള്ളം തുടങ്ങിയ സൗകര്യങ്ങൽ ലഭിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ തന്നെ താൽക്കാലികമായി കുടിൽകെട്ടി വെള്ളം, കറന്റ്, കക്കൂസ് തുടങ്ങിയ സൗകര്യങ്ങളില്ലാതെ പലരും താമസിക്കുന്നു. ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി, റേഷൻകട എന്നിവ 8,5,7,2 കി.മീ ചുറ്റളവിൽ ഉണ്ടെങ്കിലും വർഷങ്ങളായി മെഡിക്കൽ ക്യാമ്പ് ഇവിടെ നടത്തിയിട്ടില്ല. ജീവിതശൈലീ രോഗങ്ങൾക്കു പുറമെ 35 വയസിനടുത്ത് പ്രായമുള്ള 2 സ്ത്രീകൾക്ക് അപസ്മാര രോഗം ഉണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമായ ഈ പ്രദേശത്ത് പഞ്ചായത്ത് കിണർ ഉണ്ടെങ്കിലും വറ്റിപോയിരിക്കുന്നു. ധാരാളം വിദ്യാർത്ഥികൾ ഉള്ള സങ്കേതത്തിൽപഠനവീടിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നടപ്പിലായിട്ടില്ല. പൂളക്കൽ കൂടാതെ അതിനടുത്തുള്ള ബംഗ്ലാക്കുന്ന്, നെച്ചോളി എന്നീ സങ്കേതങ്ങളിൽ നിന്നും അംഗൻവാടി ദൂരം കൂടുതൽ ആയതിനാൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. വർഷങ്ങൾക്കു മുൻപേ ഇവിടെ സ്ഥിതി ചെയ്തിരുന്ന അംഗൻവാടി തുറന്നു പ്രവർത്തിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല. ഇതിനു ബദലായി ഗോത്രസാരഥി പദ്ധതി ഒരുക്കേണ്ടിയിരിക്കുന്നു. സങ്കേതത്തിലേക്കു റോഡ് പണി പൂർത്തിയായതാണ്. 7 വർഷം മുൻപേ ബാംബു കോർപ്പറേഷൻ തൊഴിൽ പരിശീലനം നൽകിയെങ്കിലും ഇവിടെ തൊഴിൽക്ഷാമം രൂക്ഷമാണ്. ഉപജീവനത്തിനായി പശു,കോഴി,ആട് തുടങ്ങിയ വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിലും ഇവയ്ക്കുള്ള

തൊഴുത്ത്, കൂട് സംവിധാനങ്ങൾ ചുരുക്കമാണ്. ഭവനനിർമ്മാണം പട്ടികവർഗ്ഗ വികസന വകുപ്പാണ് ചെയ്യുന്നതെങ്കിലും അനുവദിച്ച തുകയിൽ പണി പൂർത്തിയാക്കാനാകുന്നില്ല. സങ്കേതത്തിലെ ഒരു വ്യക്തിയെ ഒരു വർഷം മുൻപ് ആന ചവിട്ടി കൊന്നിട്ടുണ്ട്.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2 | - | 4 | 5 | 8 | 5 | 7 |

## ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 26 | 35 | 61 |

## (7) മുക്കത്ത്

നല്ലൂർനാട് വില്ലേജിലെ അര ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പണിയ സങ്കേതത്തിൽ 3 വീടുകളാണുള്ളത്. സ്കൂളിലേക്കും, അംഗൻവാടിയിലേക്കും 3 കി.മീ വിദ്യാർത്ഥികൾക്കു യാത്രചെയ്യേണ്ടിയിരിക്കുന്നു. മാത്രമല്ല ഗോത്രസാരഥി സൗകര്യം ലഭ്യമല്ല. അതുകൊണ്ടു തന്നെ കൊഴിഞ്ഞുപോക്ക് ധാരാളമുണ്ട്. കുട്ടികൾ പൊതുവെ സ്കൂളിൽ പോകുന്നതിനോട് താൽപര്യം കാണിക്കുന്നില്ല., 2017 നവംബറിൽ ഐക്യരാഷ്ട്ര സഭയുടെ തദ്ദേശ ജന അവകാശപ്രഖ്യാപന പരിപാടി ഇവിടെ സംഘടിപ്പിക്കുകയും ഊരുമൂപ്പന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും സാന്നിധ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസത്തിൽ മാത്രം കൂലിപ്പണിക്കോ, തൊഴിലുറപ്പിനോ പോകുന്ന ഇവർ സാമ്പത്തികമായി വളരെ പിന്നിൽ നിൽക്കുന്നു. ആയുർവേദ, ഹോമിയോ ആശുപത്രികൾ 3,3,7 കി.മീ ചുറ്റളവിൽ ആണ്. വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിലും ഇവയിൽനിന്നും വരുമാനം ലഭിക്കാറില്ല. മാത്രമല്ല ഇവയെ പരിപാലിക്കാൻ തൊഴുത്തു സംവിധാനങ്ങളുമില്ല. വീടുകൾ, കിണർ എന്നീ സൗകര്യങ്ങൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 | 3 | 3 | 7 | 3 | 3 | 7 |

## (8) ബംഗ്ലാക്കുന്ന്

നല്ലൂർനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ബംഗ്ലാക്കുന്ന് സങ്കേതത്തിൽ 10 പണിയൻ കുടുംബങ്ങളും 6 കുറിച്ച്യൻകുടുംബങ്ങളും ഉൾപ്പെടുന്നു. 20 വർഷങ്ങൾക്കു മുൻപ് മിച്ച ഭൂമി ആയിരുന്ന 4 ഏക്കർ സ്ഥലം 10 പണിയൻ കുടുംബങ്ങൾക്കു നൽകിയെങ്കിലും ഇതു വരെ പട്ടയം ലഭിച്ചിട്ടില്ല. 2002-ൽ മുക്കത്തു സങ്കേതത്തിൽ നിന്നും ഇവിടേക്ക് താമസം മാറ്റുകയായിരുന്നു. അംഗൻവാടി സൗകര്യം ഇല്ല. സ്ക്കൂൾ സൗകര്യം 5 കി.മീ. അകലെ ആണ്. ധാരാളം കുട്ടികൾ ഉള്ള ഈ സങ്കേതത്തിൽ ഗോത്രസാരഥി സൗകര്യം ഇല്ല. ഇവി ടുത്തെ കുറിച്ച്യൻവിദ്യാർത്ഥികൾ സ്ഥിരമായി സ്കൂളുകളിൽ ഹാജരാകുന്നുണ്ടെങ്കിലും പണിയൻ വിദ്യാർത്ഥികളിൽ ഏറെയും സ്കൂളിൽ ചേർത്തതല്ലാതെ പോകാറില്ല. കൂടാതെ പഠനവീടു സൗകര്യവും ഇല്ല. കുറിച്ച്യർ കൂലിപ്പണി, തൊഴിലുറപ്പ് തുടങ്ങി ഗവൺമെന്റ് ജോലി വരെ ചെയ്യുന്നവർ ഉള്ള ഈ സങ്കേതത്തിലെ പണിയൻ വിഭാഗം തൊഴിൽമേഖല യിൽ വളരെ പിന്നിലാണ്. ആഴ്ചയിൽ ഒന്നോ രണ്ടോ തൊഴിൽ ദിനങ്ങൾ മാത്രമായി ചുരു ക്കപ്പെടുന്നു. ആയുർവേദം, ഹോമിയോ എന്നീ ആശുപത്രികൾ 2,4,6 കി.മീ ദൂരപരിധിയിൽ ഉൾപ്പെടുന്നെങ്കിലും മെഡിക്കൽ ക്യാമ്പുകൾ ഇതുവരെ നടത്തിയിട്ടില്ല. രണ്ടുവിഭാഗ ത്തിൽപ്പെട്ടവർക്കും ജീവിതശൈലീ രോഗങ്ങൾ ഉണ്ട്. സങ്കേതത്തിൽ ടാർറോഡ് സൗകര്യം ഉണ്ട്. ബ്ലോക്കിൽ നിന്നും വീടുപണിക്കാവശ്യമായ പണം പാസാക്കുന്നുണ്ടെങ്കിലും ഈ തുക കൊണ്ട് പൂർത്തീകരിക്കാനാകാറില്ല. പണിയൻ വീടുകളിൽ ജലനിധി സൗകര്യം ലഭ്യ മാണെങ്കിലും പണം അടക്കാത്തതിനാൽ വിച്ഛേദിക്കാറുണ്ട്. കൂടോതെ കക്കൂസ് സൗകര്യ ങ്ങളും പരിമിതമാണ്. 17 വർഷമായി പണിയർ ഇവിടെ താമസിക്കുന്നുണ്ടെങ്കിലും ഇതു വരെ വൈദ്യുതി സൗകര്യം ലഭ്യമായിട്ടില്ല. റേഷൻകടയിൽ നിന്ന് ലഭിക്കുന്ന മണ്ണെണ്ണയുടെ നിരക്ക് അരലിറ്ററാക്കി കുറക്കുകയും ചെയ്തു. ബംഗ്ലാക്കുന്ന് സങ്കേതത്തിൽ പഞ്ചായത്ത്

മുഖേന കട്ടിൽ വിതരണം നടത്തിയിട്ടുണ്ട്. മാത്രമല്ല പണിയൻ വിഭാഗത്തിൽപ്പെട്ടവർ നിയമപരമായി വിവാഹം ചെയ്യാതെ താമസിക്കുന്നവരുമുണ്ട്.

**ജനസംഖ്യ**

| ആൺ | പെൺ | ആകെ |
|---|---|---|
| 8 | 10 | 18 |

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | .05 | - | 5 | 7 | 2 | 4 | 6 |

## (9) മണൽവയൽ

തോണിച്ചാൽ വില്ലേജിലെ മണൽവയൽ സങ്കേതത്തിൽ 12 കുടുംബങ്ങൾ 9 വീടുകളിലായി താമസിക്കുന്നു. സ്കൂൾ, 700 മീറ്റർ ചുറ്റളവിലും അംഗൻവാടി 2 കി.മീ ചുറ്റളവിലും സ്ഥിതിചെയ്യുന്നു. കുട്ടികൾക്ക് ട്യൂഷൻ സൗകര്യം പഠനവീട് എന്നിവ ലഭ്യമല്ല. ഗോത്രസാരഥി വാഹനസൗകര്യവും ലഭ്യമല്ല. സങ്കേതത്തിലെ ഭൂരിഭാഗം കുടുംബങ്ങളും കൃഷിയെയും, കൂലിപ്പണിയെയും ആശ്രയിക്കുമ്പോൾ ചുരുക്കം ചിലർ ഗവൺമെന്റ് സർവീസിലും ഉൾപ്പെടുന്നു. റേഷൻകട, പി.എച്ച്.സി, ആയുർവേദം, ഹോമിയോ ആശുപത്രികൾ 700 മീ. 1.5കി.മീ, 700 മീ. 4കിമീ ചുറ്റളവിൽ സ്ഥിതി ചെയ്യുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തപ്പെടാറുള്ള ഈ സങ്കേതത്തിൽ ജീവിതശൈലീ രോഗങ്ങൾ ആണ് കൂടുതൽ കാണപ്പെടുന്നത്. ജനനീ ജന്മരക്ഷാ പോഷകാഹാരം കൗമാരപ്രായക്കാരായ കുട്ടികൾക്ക് ഇവിടെ ലഭ്യമല്ല. പഞ്ചായത്ത് കിണർ, ജലനിധി എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് വീടുപണിയാൻ സഹായിക്കുന്നു. ആദ്യഗഡു തറകെട്ടാനായി 52,500 രൂപ അനുവദിക്കുന്നുണ്ടെങ്കിലും 1,00,000 രൂപ ചിലവാകുന്നു. രണ്ടാം ഗഡു 1,05,500 രൂപ അനുവദിക്കുന്നുണ്ടെങ്കിലും 1,50,000 രൂപ ചിലവാകുന്നു. അതിനാൽ ഭവന നിർമ്മാണം

പൂർത്തീകരിക്കാൻ ബാങ്ക് ലോൺ എടുക്കേണ്ടി വരുന്നു. കൂടാതെ പഞ്ചായത്ത് കോളനി യിൽ 2016-17 വർഷത്തിൽ കട്ടിൽ വിതരണം നടത്തിയിട്ടുണ്ട്.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 0.07 | 2 | .70 | 4 | 1.5 | .70 | 4 |

## ജനസംഖ്യ

| ആകെ കുടുംബം | ഭൂരഹിത കുടുംബങ്ങൾ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 12 | 2 | 22 | 18 | 40 |

## (10) ചുള്ളിയാട്ട്കുന്ന്

തോണിച്ചാൽ വില്ലേജിൽ ചുള്ളിയാട്ട്കുന്ന് സങ്കേതത്തിൽ 8 പണിയവീടുകൾ ഉൾപ്പെടു ന്നു. പല വീടുകളിലും കൂട്ടുകുടുംബമായി താമസിക്കുന്നതിനാൽ അംഗസംഖ്യ വളരെ കൂടുതലാണ്. റേഷൻകട, സ്കൂൾ, കോളേജ്, അംഗൻവാടി എന്നിവ 1 കി.മീ മുതൽ 1.5 കി.മീ വരെയുള്ള ദൂര പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.പഠനവീട് സൗകര്യം ലഭ്യമല്ല. ഭൂരിഭാഗം ആളുകളും കൂലിപ്പണിയെ ആശ്രയിച്ച് ജീവിക്കുമ്പോൾ തന്നെ പലരും കുട കിൽഅടക്കാ ശേഖരിക്കുവാൻ പോകുന്നു. ഗോത്രസാരഥി വാഹനം ലഭ്യമല്ല. പി.എച്ച്.സി, ആയുർവേദ ആശുപത്രികൾ എന്നിവ 2, 1.5 കി.മീ ദുരങ്ങളിൽ സ്ഥിതി ചെയ്യുന്നു. ജനനീ ജന്മരക്ഷാ പദ്ധതി നടക്കുന്നുണ്ട്. സ്ഥിരമായി വെറ്റില മുറുക്കാറുള്ള 55 വയസുള്ള ഒരു സ്ത്രീക്ക് വായിൽ കാൻസർ ഉണ്ട്. സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പ് ഇതുവരെ നടത്തി യിട്ടില്ല. ഇവിടേക്കുള്ള റോഡുപണി പൂർത്തിയായിട്ടില്ല. നിലവിലുള്ളത് മൺറോഡും വയൽവരമ്പും ആണ്. മണ്ണിടിയുന്നതിനാൽ സൈഡുകെട്ട് അത്യാവശ്യമാണ്. 1,15,000 രൂപ നൽകിയ വീട് ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇത് പൂർത്തീകരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിൽ അപേക്ഷിച്ചെങ്കിലും ഇതു വരെ നടപടികളൊന്നും സ്വീകരി ച്ചിട്ടില്ല. പഞ്ചായത്ത് കിണർ ഇടിഞ്ഞുപോയതിനാൽ റിപ്പയർ ചെയ്യേണ്ടത് അത്യാവശ്യമായി

രിക്കുന്നു. വീടു വയറിംഗ്, കട്ടിൽ വിതരണം എന്നീ പദ്ധതികൾ ഇവിടെ നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് 10 കോഴികളെ വീതം നൽകിയിട്ടുണ്ടെങ്കിലും ശ്രദ്ധക്കുറവ് മൂലം അവയിൽ നിന്നും മതിയായ വരുമാനം ലഭിക്കുന്നില്ല.

**പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)**

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1.5 | 1 | 1.5 | 1 | 2 | 1.5 |

## (11) കാരക്കോട്

കല്ലോടി പഞ്ചായത്തിൽ ഉൾപ്പെടുന്ന കാരക്കോട് സങ്കേതത്തിൽ 27 പണിയൻ കുടുംബങ്ങൽ താമസിക്കുന്നു. റേഷൻകട, സ്കൂൾ, കോളേജ് എന്നിവ 1, 1, 7 കി.മീ ദൂരത്ത് സ്ഥിതി ചെയ്യുന്നു. വിദ്യാർത്ഥികൾ പൊതുവെ സ്ക്കൂളിൽ പോകുന്നതിന് ഉത്സാഹം കാണിക്കുന്നു. എള്ളുമന്ദം സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് മേശ,കസേര, 5 കോഴിക്കുഞ്ഞ് എന്നിവ കൊടുക്കുന്നു. സങ്കേതത്തിൽ നിന്നും പി.എച്ച്.സി യിലേക്ക് 2.5 കി.മീ ദൂരം ഉണ്ടെങ്കിലും എല്ലാ മാസവും മെഡിക്കൽ ക്ലാസ്സുകൾ നടത്തപ്പെടുന്നു. ആയുർവേദ ആശുപത്രി അടുത്താണുള്ളത്. സങ്കേതത്തിലെ 6 വയസ്സുള്ള പെൺകുട്ടിക്ക് നടക്കാൻ പറ്റാത്ത അവസ്ഥയും 58 വയസ്സുള്ള ഒരു ഗൃഹനാഥന് തൈറോയ്ഡിന്റെ അസുഖവും ഉണ്ട്. തൈറോയിഡിന് ജില്ലാ ആശുപത്രിയിൽ ചികിത്സിച്ചാലും മരുന്ന് പുറമെ നിന്നും വാങ്ങിക്കേണ്ടതിനാൽ ഇപ്പോൾ ചികിത്സിക്കാറും ഇല്ല. ഗോത്ര സാരഥി വാഹനസൗകര്യവും, പഠനവീടും ഉണ്ട്. സങ്കേതത്തിൽ വി.ഇ.ഒ മുഖേന വീടു വയറിംഗ് നടത്തിയിട്ടുണ്ട്. മുതിർന്നവർ മിക്ക ദിവസവും കൂലിപ്പണിക്കും, തൊഴിലുറപ്പിനും പോകുന്നവരാണ്. പഞ്ചായത്തു പൊതുകിണറിൽ നിന്നും എല്ലാവരും വെള്ളം കോരി ഉപയോഗിക്കുന്നു. വീടുപണിക്ക് ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകയെക്കാൾ കൂടുതൽ ചിലവാകുന്നു. സങ്കേതത്തിൽ മുന്നിൽക്കൂടി ടാർ റോഡ് സൗകര്യം ഉണ്ട്.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ | അംഗൻ വാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദം |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 0.1 | 0.7 | 0.1 | 7 | 2.5 | 0.1 |

## ജനസംഖ്യ

| ആകെ കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 27 | 4 | 42 | 51 | 93 |

## (12)പുതൂർ

കല്ലോടി വില്ലേജിലെ പുതൂർ സങ്കേതത്തിൽ 10 കുറിച്ച്യൻകുടുംബങ്ങൾ താമസിച്ചു പോരുന്നു. സങ്കേതത്തിൽ നിന്നു റേഷൻകട, സ്കൂൾ, അംഗൻവാടി എന്നിവയിലേക്ക് അര കിലോമീറ്റർ ആണുള്ളത്. വിദ്യാർത്ഥികൾക്ക് ഗോത്രസാരഥി വാഹനസൗകര്യവും പഠന വീടും ഇല്ല. സ്വന്തമായി കാപ്പി, വാഴ, നെല്ല്, കുരുമുളക് തുടങ്ങിയവ കൃഷിചെയ്യുന്നവരാണ് കൂടുതൽ ഉള്ളതെങ്കിലും , കൂലിപ്പണിക്കും, തൊഴിലുറപ്പിനും പോകുന്നവരും ഉണ്ട്. ജനനീ ജന്മരക്ഷ പദ്ധതിയുടെ ആനുകൂല്യങ്ങൾ സങ്കേതത്തിൽ ലഭ്യമാണ്. സങ്കേതത്തിന്റെ 4 കി.മീ ചുറ്റളവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നു. ജീവിതശൈലീ രോഗങ്ങൾക്കു പുറമെ ജന്മനാ കാഴ്ച ഇല്ലാത്ത ഒരു സ്ത്രീയും ഉൾപ്പെടുന്നു. സങ്കേതത്തിലേക്കുള്ള റോഡ് ടാർ ഇട്ടതും സങ്കേതത്തിനുള്ളിൽ പൂർത്തീകരിച്ച കോൺക്രീറ്റ് റോഡും ആണ് ഉള്ളത്. 3 വർഷങ്ങൾക്കു മുമ്പേ നിർമ്മിച്ച മഴവെള്ള സംഭരണി സങ്കേതത്തിലെ 4 വീടുകളിൽ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. പഞ്ചായത്തു കിണർ കൂടാതെ സ്വന്തം കിണർ ഉള്ളവരും ഉണ്ട്. കോഴി, പശു, ആട്, പോത്ത് തുടങ്ങിയ മൃഗങ്ങൾ മിക്ക വീടുകളിലും ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച തുക കൂടാതെയുള്ള പണം ചിലവാക്കിയാണ് വീടു പണി പൂർത്തീകരിക്കുന്നത്. 2016-17 വർഷത്തിൽ കുടുംബശ്രീ അംഗങ്ങൾ മുഖേന കോഴി വാങ്ങൽ പദ്ധതി നടത്തിയിട്ടുണ്ട്.

## പൊതു സ്ഥാപനത്തിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ കട | സ്ക്കൂൾ | അംഗൻവാടി | കോളേജ് | പി.എച്ച്.സി |
|---|---|---|---|---|---|
| ദൂരം (കി.മീ) | .5 | .5 | .5 | 7 | 4 |

ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 17 | 17 | 34 |

## (13) കാവണക്കുന്ന്

നല്ലൂർനാട് വില്ലേജിലെ കാവണക്കുന്നു സങ്കേതത്തിൽ 18 പണിയൻ കുടുംബങ്ങളും 2 കുറിച്ച്യൻകുടുംബങ്ങളും താമസിച്ചു പോരുന്നു. സങ്കേതത്തിൽ നിന്നും അംഗൻവാടി, റേഷൻ കട, സ്കൂൾ എന്നിവയിലേക്ക് ½ , 2, 3 കി.മീ ദൂരത്താണ് സ്ഥിതിചെയ്യുന്നത്. ജനനീ ജന്മരക്ഷ, ഗോത്ര സാരഥി എന്നീ പദ്ധതികൾ ഉണ്ടെങ്കിലും പഠന വീട് സൗകര്യം ഇല്ല പി.എച്ച്.സി, ആയുർവേദ ആശുപത്രികൾ 3,4 കി.മീ പരിധിയിൽ പെടുന്നു. 36 വയസ്സുള്ള തനിച്ചു താമസിക്കുന്ന സ്ത്രീക്ക് ജന്മനാ ഉള്ള ചെവി വേദന മൂലം പലപ്പോഴും പണിക്കു പോകാൻ സാധിക്കാറില്ല. ജനുവരി മാസം ഇവിടെ മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്താണ് വീടുകൾ പണിതു കൊടുക്കുന്നത്. വീട് വയറിംഗ്, കട്ടിൽ വിതരണം, എ.റ്റി.എസ്.പി ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടത്തപ്പെട്ടിട്ടുണ്ട്. കോഴി, ആട് തുടങ്ങിയ വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിലും സങ്കേതത്തിനു പുറമെ മറ്റു വീടുകളിൽ അവ എത്തുന്നതിനാൽ അയൽപക്കക്കാരുടെ പരാതിയാൽ ഇത്തരം മൃഗങ്ങളെ വളർത്തുന്നതിൽ നിന്നും സങ്കേത നിവാസികളെ പിന്തിരിപ്പിക്കുന്ന അവസ്ഥയാണ് ഉള്ളത്. സങ്കേതത്തിനുള്ളിൽ കോൺക്രീറ്റ് ചെയ്ത നടപ്പാത ഉണ്ട്. സ്ഥല പരിമിതി മൂലം വളരെ വീർപ്പുമുട്ടിക്കുന്ന അവസ്ഥാവിശേഷമാണ് ഇവിടെ കാണുന്നത്. സങ്കേതത്തിലെ നടുവിൽ ഒരാൾക്കുമാത്രം നടക്കാവുന്ന നടപ്പാത കുത്തനെ ഉള്ള ഇറക്കത്തിലാണ്. സങ്കേത നിവാസികൾ കൂലിപ്പണിയിലും, തൊഴിലുറപ്പു പണികളിലും ആശ്രയിക്കുന്നു. ഒരു നേരം മുറുക്കിയാൽ രണ്ടു നേരം ഭക്ഷണത്തിനു തുല്യമായതിനാൽ മുറുക്കാൻ ഉള്ള താൽപര്യം കൂടുതൽ ആണ്. 2 വീടുകളിൽ മഴവെള്ള സംഭരണി ഉണ്ടെങ്കിലും ഇപ്പോൾ ഉപയോഗശൂന്യമാണ്. ജലനിധി പദ്ധതിയിലൂടെ വെള്ളം എത്തുന്നുണ്ടെങ്കിലും കൂടുതൽ മലിനജലമാണ് ലഭിക്കുന്നത്. തുണി അലക്കാൻ അടുത്തുള്ള കബനി നദിയെ ആശ്രയിക്കുന്നെങ്കിലും അവിടെ

മുതലയുടെ അപകടകരമായ സാമീപ്യവും ഉണ്ട്. വീടു പണിയാൻ പഞ്ചായത്ത് സഹായിക്കുന്നുണ്ടെങ്കിലും അതിൽ കൂടുതൽ തുക ചെലവാകുന്നുണ്ട്.

### പൊതു സ്ഥാപനത്തിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ കട | സ്ക്കൂൾ | അംഗൻവാടി | കോളേജ് | പി.എച്ച്.സി | ആയുർവേദം |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2 | .5 | 3 | | 3 | 4 |

### ജനസംഖ്യ

| | ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|---|
| കുറിച്ചൻ | 2 | - | 4 | 5 | 9 |
| പണിയൻ | 18 | 6 | 35 | 36 | 71 |

## (14) കല്ലടിക്കുന്ന്

നല്ലൂർനാട് വില്ലേജിൽ ഉൾപ്പെടുന്ന കല്ലടിക്കുന്ന് സങ്കേതത്തിൽ 8 കുറിച്ച്യൻ കുടുംബങ്ങളും 22 പണിയൻ കുടുംബങ്ങളും താമസിക്കുന്നു. റേഷൻ കട, സ്കൂൾ എന്നിവ 1, 2 കി.മീ ദൂരപരിധിയിലും അംഗൻവാടി വളരെ അടുത്തും ആണ് ഉള്ളത്. ജനനീ ജന്മരക്ഷ, പഠനവീട് തുടങ്ങിയ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് വാഹനസൗകര്യം ഇല്ലാത്തതിനാൽ പണിയൻ വിഭാഗം വിദ്യാർത്ഥികളിൽ ചിലർ സ്കൂളിൽ പോകാൻ ഉത്സാഹം കാണിക്കുന്നില്ല. പി.എച്ച്.സി, ആയുർവേദ ആശുപത്രികൾ 4,3 കി.മീ ദൂര പരിധിയിൽ ഉൾപ്പെടുന്നു. മെഡിക്കൽ ക്യാമ്പ് 2017ൽ നടത്തിയിട്ടുണ്ട്. സങ്കേതത്തിൽപണിതീർത്ത കോൺക്രീറ്റ് റോഡ് ഉണ്ട്. കട്ടിൽ വിതരണം പദ്ധതി പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണി ഉണ്ടെങ്കിലും ജലനിധി പദ്ധതി വന്നതുമൂലം ഉപയോഗിക്കാതെ സംഭരണി നശിച്ചു പോയി. എന്നാൽ തന്നെയും ജലനിധിയിലൂടെ രാവിലെ 2 മണിക്കൂർ സമയം മാത്രമാണ് വെള്ളം ലഭിക്കുന്നത്. പണിയൻ വിഭാഗം കൂടുതലായി ആഴ്ചയിൽ വല്ലപ്പോഴും കൂലിപ്പണിക്കു പോകുമ്പോൾ കുറിച്ച്യർ പൈതൃകമായി ലഭിച്ച സ്ഥലത്ത് കാപ്പി, വാഴ തുടങ്ങിയ കൃഷികൾ ചെയ്യുകയും മറ്റു കൂലിപ്പണിക്കും തൊഴിലുറപ്പു പണികളിലും ഏർപ്പെടുകയും ചെയ്യുന്നു. കുറിച്ച്യർ പശു, കോഴി തുടങ്ങിയ മൃഗങ്ങളെ നന്നായി സംരക്ഷിച്ചു പോരുകയും എന്നാൽ പണിയവിഭാഗത്തിനു പഞ്ചായത്തിൽ നിന്നും നൽകിയ 10 കോഴികളെ പരിപാലനത്തിലെ പിഴവു മൂലം ചത്തു നശിക്കുകയും

ചെയ്തിരിക്കുന്നു. പഠനവീട്ടിൽ ക്ലാസ്സ് എടുക്കുന്നത് ജനറൽ വിഭാഗത്തിൽപ്പെട്ട ഒരു അദ്ധ്യാപിക ആണ്. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്കും ശനിയാഴ്ചകളിൽ വൈകുന്നേരം മൂന്ന് മണിക്കും ആണ് ക്ലാസ്സ് ആരംഭിക്കുന്നത്. 20 കുട്ടികൾ സങ്കേതത്തിൽ ഉണ്ടെങ്കിലും 15 പേരാണ് പഠനവീട്ടിൽ വരുന്നത്. ഭൂരിഭാഗം കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയാത്തതുകൊണ്ടുതന്നെ അക്ഷരങ്ങളും ചിത്രരചനയും ആണ് പ്രധാനമായിട്ടും പഠിപ്പിക്കുന്നത്.

## ജനസംഖ്യ

| | ആൺ | പെൺ | ആകെ |
|---|---|---|---|
| കുറിച്ചൻ | 18 | 23 | 41 |
| പണിയൻ | 31 | 36 | 67 |

## (15) ഒതയോത്ത് സങ്കേതം

മാനന്തവാടി ബ്ലോക്കിലെ നല്ലൂർനാട് ഉൾപ്പെടുന്ന ഒതയോത്ത് സങ്കേതത്തിൽ 10 കുറിച്ച്യൻകുടുംബങ്ങൾ താമസിക്കുന്നു. സങ്കേതത്തിൽ ജനനീ ജന്മരക്ഷ പദ്ധതിയും ഗോത്രസാരഥി പദ്ധതിയും നടപ്പിലാക്കിവരുന്നു. സങ്കേതത്തിലേക്കുള്ള ടാറിട്ട റോഡ് പണി പൂർത്തീകരിച്ചതാണ്. ഒതയോത്ത് സങ്കേതത്തിൽ പുരാതനമായ ഒതയോത്തു തറവാട് സ്ഥിതി ചെയ്യുന്നത്. കാപ്പി, കുരുമുളക്, നെല്ല് എന്നിവ പൊതുവായി കൃഷി ചെയ്ത് തറവാട്ടിലെ കുടുംബാംഗങ്ങൾ എല്ലാവരും പങ്കിട്ടെടുക്കുന്നു. തറവാട് വീട് കുറിച്ച്യർ സ്വന്തമായും മറ്റ് വീടുകൾ പഞ്ചായത്ത് സഹായത്തോടെയുമാണ് പണികഴിപ്പിച്ചിട്ടുള്ളത്. കുടിവെള്ളത്തിനായി സ്വന്തം കിണറിനെ ആശ്രയിക്കുന്നു. വീടു പണിയാൻ പൊതുവെ കരാർ കൊടുക്കുകയാണ് ചെയ്യുന്നത്. ഇവിടുത്തെ 35 വയസ്സുള്ള ഒരു പുരുഷന് ജന്മനാ കാഴ്ച ഇല്ല. സ്വന്തം കൃഷിപ്പണിക്കു പുറമെ മറ്റു കൂലിപ്പണിക്കും തൊഴിലുറപ്പിനും കുറിച്ച്യർ പോകാറുണ്ട്. വി.ഇ.ഒ മുഖേന വീടു വയറിംങ്ങ്, കട്ടിൽ വിതരണം മുതലായ പദ്ധതികളും ലഭിച്ചിട്ടുണ്ട്.

ജനസംഖ്യാ വിവരങ്ങളും പൊതുസ്ഥാപനത്തിലേക്കുള്ള ദൂരവും താഴെ കൊടുത്തിരിക്കുന്നു.

## ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 22 | 24 | 46 |

## പൊതുസ്ഥാപനത്തിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ കട | സ്ക്കൂൾ | അംഗൻവാടി | കോളേജ് | പി.എച്ച്.സി | ഹോമിയോ ആശുപത്രി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 | 3 | 1 | 1 | 5 | 5 | 3 |

### (16) കോശാലി

നല്ലൂർനാട് വില്ലേജിലെ കോശാലി സങ്കേതത്തിൽ 18 കുറിച്ച്യൻകുടുംബങ്ങൾ താമസിക്കുന്നു. ഗോത്രസാരഥി പദ്ധതിയും ജനനീ ജന്മരക്ഷാ പദ്ധതിയും സങ്കേതത്തിൽ നടപ്പിലാക്കി വരുന്നു. കുറച്ചുനാളുകളായി സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താറില്ല. എസ്.ടി ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന പണം ഉപയോഗിച്ച് സ്വന്തമായി ഭവനം പണിയുന്നു. കൂടാതെ സങ്കേതത്തിലേക്കുള്ള റോഡ് പണി പൂർത്തീകരിച്ചിട്ടും ഉണ്ട്. പഞ്ചായത്തു സെക്രട്ടറി മുഖേന കട്ടിൽ വിതരണം പദ്ധതി സങ്കേതത്തിൽ നടപ്പാക്കിയിട്ടുണ്ട്. സങ്കേതത്തിൽ വെള്ളത്തിനായി ജലനിധി സൗകര്യവും പഞ്ചായത്ത് കിണറും ഉണ്ട്. തൊഴിലുറപ്പ്, കൂലിപ്പണി എന്നിവയിലൂടെ ആണ് ഭൂരിഭാഗം കുടുംബങ്ങളും ഉപജീവനം കണ്ടെത്തുന്നത്. VEO മുഖേന വീട് വയറിംഗ്, പഞ്ചായത്ത് സെക്രട്ടറി മുഖേന കട്ടിൽ വിതരണം തുടങ്ങിയ പദ്ധതികൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ജനസംഖ്യാ വിവരങ്ങളും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരവും താഴെ കൊടുത്തിരിക്കുന്നു.

## ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 28 | 32 | 60 |

## പൊതുസ്ഥാപനത്തിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ കട | സ്ക്കൂൾ | അംഗൻവാടി | കോളേജ് | പി.എച്ച്.സി | ഹോമിയോ ആശുപത്രി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1.5 | 2.5 | 0.100 | 8 | 2.5 | 12 | 4 |

## (17) വാളേരി

എടവക വില്ലേജിലെ ജനസാന്ദ്രത കൂടിയ പണിയ സങ്കേതം ആണ് വാളേരി. ജന സംഖ്യാ വിവരങ്ങളും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരവും താഴെ കൊടുത്തിരിക്കുന്നു.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 33 | 6 | 39 | 59 | 98 |

| സ്ഥാപനം | റേഷൻ കട | അംഗൻവാടി | സ്ക്കൂൾ | കോളേജ് | പി.എച്ച്.സി | ഹോമിയോ ആശുപത്രി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 | 2 | 1 | 5 | 2 | 2 | 2 |

ഗോത്രസാരഥി, ജനനീ ജന്മരക്ഷാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ട്യൂഷൻ ആവശ്യമുണ്ടെങ്കിലും പഠനവീട് സൗകര്യം ഇല്ല. 2017 ഒക്ടോബർ മാസം മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. സങ്കേതത്തിൽ ടാർ റോഡ് സൗകര്യം ഉണ്ട്. ഇവിടെ 24 വയസ്സുള്ള മാനസിക അസുഖമുള്ള ഒരു മകൻ ഉണ്ട്. ജോലിയിലൂടെയുള്ള വരുമാനത്തിന്റെയും കാര്യത്തിൽ വളരെ പിന്നിലാണ് കോളനി നിവാസികൾ. ആഴ്ചയിൽ രണ്ടോ, മൂന്നോ ദിവസം കൂലിപ്പണി, തൊഴിലുറപ്പ് എന്നിവയ്ക്ക് പോകാറുണ്ട്. ജലനിധി സൗകര്യം ലഭ്യമാണ്. വി ഇ ഒ മുഖേന വീട് വയറിംങ്, എ.റ്റി.എസ്.പി ഭവന നിർമ്മാണം, പഞ്ചായത്ത് സെക്രട്ടറി മുഖേന കട്ടിൽ വിതരണം തുടങ്ങിയ പദ്ധതികൾ സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

### (18) ചുള്ളിയിൽ

എടവക വില്ലേജിലെ ചുള്ളിയിൽ സങ്കേതത്തിൽ 6 കുറിച്ച്യൻ കുടുംബങ്ങളാണുള്ള ത്. 3 കി.മീ ദൂരെ ഉള്ള സ്കൂളിലേക്ക് ഗോത്രസാരഥി സൗകര്യം ലഭ്യമല്ല. പ്രധാനമായും കൃഷിയെ ആശ്രയിക്കുന്ന ഇവർക്ക് കോഴി, പശു, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളും ഉണ്ട്. റേഷൻകട, സ്കൂൾ, കോളേജ്, അംഗൻവാടി ഹോമിയോ ആശുപത്രി എന്നിവ 2.5 കി.മീ, 3, 6.കി.മീ ദൂരങ്ങളിൽ സ്ഥിതി ചെയ്യുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്താറില്ല. ജനനീ ജന്മ രക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്. 5 വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തു കിണർ നിർമ്മിച്ചിട്ടുണ്ട്. സങ്കേതത്തിലേക്ക് 3 വർഷം മുമ്പ് പഞ്ചായത്ത് മുഖേന പണിത കോൺക്രീറ്റ് റോഡ് സൗകര്യം ഉണ്ട്. വീട് വയറിംഗ്, കട്ടിൽ വിതരണം തുടങ്ങിയ പദ്ധതി കൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്.

### പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ഹോമിയോ ആശുപത്രി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2.5 | 0.5 | 3 | 6 | 3 | 6 |

### ജനസംഖ്യ

| ആൺ | പെൺ | ആകെ |
|---|---|---|
| 9 | 10 | 19 |

### (19) അഗ്രഹാരം

അഗ്രഹാരം സങ്കേതത്തിനെ മേലെ അഗ്രഹാരം (4 പണിയ, 6 കുറിച്ച്യ), താഴെ അഗ്രഹാരം (39 പണിയൻ, 2 കുറിച്ച്യ) എന്നിങ്ങനെയായി തിരിച്ചിരിക്കുന്നു. എടവക വില്ലേ ജിൽ ഉൾപ്പെടുന്ന സങ്കേതത്തിന് ഉള്ളിൽ തന്നെ അംഗൻവാടി സൗകര്യം ലഭ്യമാണ്. എന്നാൽ ജനനീജന്മരക്ഷാ പദ്ധതി പ്രകാരമുള്ള പോഷകാഹാരം ലഭ്യമല്ല. റേഷൻകട, സ്ക്കൂൾ എന്നിവ 2.5 കി.മീ പരിധിയിൽപ്പെടുന്നു. പണിയൻ വിഭാഗത്തിൽപെട്ട കുട്ടികൾ

സ്കൂളിൽ പോകാൻ മടി കാണിക്കുന്നതിനാൽ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്. പണിയൻ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായും കൂലിപ്പണി, തൊഴിലുറപ്പ് എന്നിവയിൽ ആഴ്ചയിൽ രണ്ടോ, മൂന്നോ ദിവസങ്ങളിൽ ഏർപ്പെടുന്നു. പി.എച്ച്.സി, ആയുർവേദ ആശുപത്രികൾ 3, 2.5 കി.മീ ചുറ്റളവിലായി പ്രവർത്തിക്കുന്നു. ഈ രണ്ടു സങ്കേതങ്ങളിലും പഠനവീട് സൗകര്യം ലഭ്യമാണ്. മെഡിക്കൽ ക്യാമ്പ് അടുത്തിടെ നടത്തിയിട്ടുണ്ട്. താഴെ അഗ്രഹാരം സങ്കേതത്തിൽ 85 വയസുള്ള സ്ത്രീക്ക് കുഷ്ഠരോഗവും, മറ്റൊരു പ്രായം ചെന്ന സ്ത്രീക്ക് ക്ഷയരോഗവും ബാധിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് വഴി വീട്, കട്ടിൽ വിതരണം എന്നിവ നടത്തിയിട്ടുണ്ട്. പ്രാവ്, ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളിൽ നിന്നും മതിയായ വരുമാനം ലഭ്യമല്ല. എന്നുമാത്രമല്ല അവയെ സംരക്ഷിക്കാൻ കൂടുകളും ഇല്ല. പഞ്ചായത്ത് പൂർത്തിയാക്കിയ റോഡ് സങ്കേതത്തിനു ഉള്ളിൽക്കൂടി ഉണ്ട്. പഞ്ചായത്തിൽ നിന്ന് കോഴിവിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാം മതിയായ പരിചരണം ഇല്ലാത്തതിനാൽ നാമാവശേഷമായിത്തീർന്നു.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2.5 | .2 | 2.5 | 6 | 3 | 2.5 |

## (20) ചൊവ്വാപൊയിൽ

കല്ലോടി വില്ലേജിലെ ചൊവ്വാപൊയിൽ സങ്കേതത്തിൽ 5 പണിയൻ കുടുംബങ്ങളും 8 കുറിച്ച്യൻകുടുംബങ്ങളും താമസിച്ചുപോരുന്നു. റേഷൻകട, സ്കൂൾ, കോളേജ് തുടങ്ങിയവ 2കി.മീ പരിധിയിൽ ഉൾപ്പെടുന്നു. ഗോത്രസാരഥി വാഹനസൗകര്യവും, പഠനവീടും ഉണ്ട്. കുറിച്ച്യൻകുടുംബങ്ങൾ കൃഷിയെയും, തൊഴിലുറപ്പിനെയും ഗവൺമെന്റ് ജോലിയിലും ആശ്രയിക്കുമ്പോൾ പണിയൻ വിഭാഹത്തിൽപ്പെട്ടവർ ആഴ്ചയിൽ രണ്ടോ മൂന്നോ തവണ കൂലിപ്പണിക്കുപോകുന്നു. പി.എച്ച്.സി, ആയുർവേദ ആശുപത്രി എന്നിവ 5 കി.മീ പരിധിയിൽപ്പെടുന്നു. പി.എച്ച്.സി മുഖേന ഡിസംബർ മാസം മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. പഞ്ചായത്ത് മുഖേന കട്ടിൽ വിതരണം നടത്തിയിട്ടുണ്ട്. സങ്കേതത്തിലേക്കുള്ള ടാർ റോഡ് പണി പൂർത്തിയായിട്ടില്ല. ബ്ലോക്ക് പണി കഴിപ്പിച്ച കിണർ ഉണ്ടെങ്കിലും ചില സമയങ്ങളിൽ ഇതു വറ്റിപ്പോകാറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വീടുപണിയാൻ സഹായിക്കുന്നുണ്ടെങ്കിലും അനുവദിക്കുന്ന തുകയ്ക്കു വീടുപണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കുറിച്ച്യൻകുടുംബങ്ങൾക്ക് കുടുംബശ്രീയിൽ നിന്നും മറ്റും ലോൺ എടുക്കേണ്ടി വരാറുണ്ട്.

രണ്ടു വിഭാഗക്കാർക്കും പശു , ആട് മുതലായ വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിലും അവയിൽ നിന്നും മതിയായ വരുമാനം ലഭിക്കാറില്ല.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ കട | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദ ആശുപത്രി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 2 | 1 | 2 | 2 | 5 | 5 |

## ജനസംഖ്യ

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 7 | 1 | 30 | 12 | 42 |

എടവക പഞ്ചായത്തിലെ 50 കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന 10 പണിയൻ സങ്കേതങ്ങളിലും 10 കുറിച്ച്യ സങ്കേതങ്ങളിലും ഫീൽഡ് വർക്ക് നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളുടെ സംഗ്രഹമാണ് ചുവടെ ചേർത്തിരിക്കുന്നത്. കുറിച്ച്യ സങ്കേതങ്ങളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൈവശഭൂമി, കുടിവെള്ളത്തിന്റെ ലഭ്യത, റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അനാസ്ഥ തുടങ്ങിയ പ്രശ്നങ്ങളാണ് പ്രധാനമായും ശ്രദ്ധയാകർഷിച്ചിട്ടുള്ളത്. കുറിച്ച്യ കുടുംബങ്ങൾ കാലാകാലമായി മരുമക്കത്തായ സമ്പ്രദായത്തിൽ ജീവിച്ചു വരുന്നതുകൊണ്ടുതന്നെ ഭൂമി കുടുംബത്തിലെ കാരണവരുടെ മേൽനോട്ടത്തിൽ ആയിരിക്കും സാധാരണയായി ഉണ്ടാവുക. മറ്റ് കുടുംബാംഗങ്ങൾക്ക് ഭൂമി വീതം വെച്ച് നൽകുക എന്ന ഒരു രീതി കാലങ്ങളായി ഇവരുടെ ഇടയിൽ ഇല്ല. സ്വന്തമായി ഭൂമി കൈവശമില്ലത്തുതുകൊണ്ടു തന്നെ പലർക്കും സർക്കാർ നേതൃത്വത്തിൽ ലഭിക്കുന്ന ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും പ്രയോജനം ലഭിക്കാതെ വരുന്നു. കൂടാതെ സ്വന്തമായി ഭവനം ഇല്ലാത്തതുകൊണ്ടുതന്നെ റേഷൻ ആനുകൂല്യങ്ങൾ ലഭി റാകുന്നില്ല. ഇക്കാരണത്താൽ തന്നെ ഒരു ഗർഭണിയായ പണിയൻ സ്ത്രീക്ക് ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നത് മുടങ്ങുകയും സഹായം നൽകിയാൽ അവ സ്വീകരിക്കാൻ താൽപര്യം പ്രകടമാക്കാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്.

പലപ്പോഴും വിദ്യാഭ്യാസ ആനുകൂല്യമായി നൽകുന്ന ഗ്രാന്റ് സംവിധാനത്തിൽ നിന്നും പ്രയോജനം നേടാൻ സാധിക്കുന്നില്ല. ഗ്രാന്റായി ലഭിക്കുന്ന തുക കുട്ടികൾക്ക് ആവശ്യമുള്ള സമുയത്ത് ലഭിക്കുന്നതില്ല എന്ന് മാത്രമല്ല ലഭിക്കുമ്പോൾ അതിൽ മുക്കാൽ ഭാഗം തുകയും പി.ടി.എ ഫണ്ടായി തിരികെ നൽകേണ്ടി വരുന്നു. അതിനാൽ ഈ പ്രശ്നങ്ങളുടെയെല്ലാം പരിഹാരം പണിയൻ ഗോത്ര വിഭാഗത്തിന്റെ ബലഹീനത മനസ്സിലാക്കികൊണ്ട് വികസന പദ്ധതികൾ ലഭ്യമാക്കുമ്പോഴാണ് പരിഹരിക്കാൻ സാധിക്കുന്നത്. പൂളക്കൽ എന്ന കുറിച്ച്യ സങ്കേതമാണ് ഇത്തരം പ്രശ്നങ്ങൾ രൂക്ഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ സങ്കേതത്തിലും മറ്റ് ഭൂരിഭാഗം കുറിച്ച്യസങ്കേതങ്ങളിലെയും പോലെതന്നെ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പഞ്ചായത്തു കിണർ ഉണ്ടെങ്കിലും വേനൽക്കാലത്ത് ഇവ വറ്റിപ്പോകുന്നതിനാൽ ഏകദേശം ഒരു കിലോമീറ്ററോളം അകലെയുള്ള പുഴയിൽ നിന്നുമാണ് ആവശ്യമായ വെള്ളം കൊണ്ടുവരുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് നിലവിലുള്ള വികസന പദ്ധതികൾ സങ്കേതനിവാസികൾക്ക് പൂർണ്ണമായും ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് വേണ്ടത്.

10 പണിയൻ സങ്കേതങ്ങളിലെ 25 കുടുംബങ്ങളിൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം, കുടുംബക്രമീകരണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഘലകളിൽ വ്യത്യസ്ഥ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗഡുക്കളായി പണം അധികാരികൾ നൽകുന്നുണ്ടങ്കിലും അവ കാര്യക്ഷമമായി ആണോ ഉപയോഗിക്കുന്നത് എന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. പണിയരുടെ അറിവില്ലായ്മയെ മുതലെടുത്തുകൊണ്ട് പല നിർമ്മാണ സംരംഭങ്ങളും ഭവനനിർമ്മാണം പൂർത്തീകരിക്കാതെയും, നല്ല രീതിയിൽ നടത്താതെയും ഇരിക്കുന്ന അവസ്ഥയാണ് സാധാരണയായി എല്ലാ സങ്കേതങ്ങളിലും കണ്ടുവരുന്നത്. പലർക്കും സ്വന്തമായി ഭവനം ഇല്ല എന്ന കാരണം പറഞ്ഞുകൊണ്ട് റേഷൻ നിഷേധിച്ചിരിക്കുന്നു.

ഈ സങ്കേതങ്ങളിൽ ഉള്ള പണിയർ എപ്പോഴും പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നു. പുകയിലയുടെ ഉപയോഗത്തെ അപേക്ഷിച്ച് മദ്യപാനം കുറവാണെങ്കിലും ഇവിടെയുള്ള ധാരാളം ആളുകൾക്ക് പുകയിലയുടെ ഫലമായി ക്യാൻസർ കണ്ടുവരുന്നു. കൂടാതെ അരിവാൾ രോഗം, ജലദോഷം, പനി തുടങ്ങിയ അസുഖങ്ങൾ ഇവിടെ ധാരളം കാണപ്പെടുന്നു. പണിയൻ സ്ത്രീകളുടെ അപകർഷതാബോധവും ഉൾവലിയൽ മനോഭാവവും കാരണം പ്രമോട്ടർമാർ, ആശാവർക്കേഴ്സ് തുടങ്ങിയവരുമായി സംസാരിക്കുന്നതിനോ തങ്ങളുടെ ആവശ്യങ്ങൾ അറിയിക്കുന്നതിനോ ഇവർ തയ്യാറല്ല.

## തവിഞ്ഞാൽ പഞ്ചായത്ത്

### (1) ഗോദാവരി

തവിഞ്ഞാൽ പഞ്ചായത്തിലെ ഗോദാവരി സങ്കേതത്തിൽ കുറിച്ച്യൻ, പണിയൻ, അടിയൻ, മുള്ളുക്കുറുമൻ വിഭാഗങ്ങളിൽപ്പെട്ടവർ 250 ഓളം വീടുകളിലായി താമസിക്കുന്നു. 2002 ൽ രാഷ്ട്രീയ നേതൃത്വത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സമരം വഴി വയനാട്ടിലെ പല പ്രദേശങ്ങളിൽ നിന്നുള്ള പട്ടികവർഗ വിഭാഗത്തിൽപെട്ടവർ കാടുതെളിച്ച് നേടിയെടുത്ത താണ് ഈ സങ്കേതം, 15 വർഷങ്ങൾക്കിപ്പുറം ചുരുങ്ങിയ കാലയളവിൽ വളരെയധികം പുരോഗമിച്ചിരിക്കുന്നു. സങ്കേതത്തിലെ 40% ആളുകൾക്കും പുതിയ വീടായി ബാക്കി 60% വീടുകളുടെ പണി പുരോഗമിക്കുന്നു. 90% വീടുകൾക്കും വൈദ്യുതി ടോയ്‌ലറ്റ് സംവിധാനങ്ങൾ ഉള്ളവയാണ്. കൂടാതെ അംഗൻവാടി, കമ്മ്യൂണിറ്റിഹാൾ സൗകര്യവും സങ്കേതത്തിനകത്തുതന്നെ ഉണ്ട്.

മലമ്പ്രദേശം ആയതിനാൽ തന്നെ യാതൊരു വിധത്തിലുമുള്ള കൃഷിയും ഇവിടെ സാധ്യമാകുന്നില്ല, കൂടാതെ ജലക്ഷാമം രൂക്ഷവും ആണ്.കുടിവെള്ളത്തിനായി ജലനിധിയെ ആശ്രയിക്കുമ്പോൾ പലപ്പോഴും വെള്ളം കിട്ടാറില്ല. വേനൽകാലമായാൽ കൊടുംക്ഷാമ മാണ് അനുഭവപ്പെടാറ്. പലരും അരുവികളിൽ നടന്നു പോയി വെള്ളം ശേഖരിക്കാറാണ് പതിവ്. ഇതിനു കാരണമായി, സങ്കേതനിവാസികൾ കാണിച്ചുകൊടുത്ത സ്ഥലത്ത് കുളം കുഴിക്കാതെ വെള്ളംകുറവുള്ള സ്ഥലം തിരഞ്ഞെടുത്തു എന്നതാണെന്ന് സങ്കേതനിവാസികൾ ഒന്നടങ്കം ചൂണ്ടിക്കാണിക്കുന്നു. കൂടാതെ പൈപ്പ്ലൈൻ കൃത്യമായ സ്ഥലത്തല്ല സ്ഥാപിച്ചതെന്നും ഇവർ കണ്ടെത്തിയിരിക്കുന്നു. കുടിവെള്ള ആവശ്യങ്ങൾക്കായി പള്ളിക്കാർ സങ്കേതത്തിൽ വെള്ളമുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കുളമുണ്ടാക്കിയിട്ടുണ്ട്. ഇത് വേനലിലും വറ്റാറില്ല. ഇതുകൂടാതെ, പല വീടുകളും ഇവർ നിർമ്മിച്ചു കൊടുത്തിട്ടുമുണ്ട്.

എല്ലാ വീടുകളും തന്നെ ഇവർ സ്വന്തം മണ്ണു കുഴച്ച് ഉണ്ടാക്കിയതാണ്. പുതിയ വീടിനുള്ള അപേക്ഷകൾ പാസ്സായിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അനുവദിച്ച തുകയിൽ പണി പൂർത്തിയാക്കാൻ ആർക്കും തന്നെ സാധിക്കാറില്ല. വീടുപണിക്കായി സ്വന്തം അധ്വാനം മുടക്കിയവരുമുണ്ട്.

സങ്കേതത്തിലെ ഭൂരിഭാഗം ആളുകൾക്കും മാസം അഞ്ചോ ആറോ ദിവസം മാത്രമാണ് ജോലി ലഭിക്കുന്നത്. മിക്കവരും തൊഴിലുറപ്പുപണിക്കു പോകുന്നവരാണ്. യന്ത്രവൽക്കരണവും, നെൽകൃഷിയുടെ കുറവും, കൂലികൂടിയതും, പണി കുറയാൻ ഇടയാക്കി കൂടാതെ, ഗോദാവരി, കോട്ടക്കുന്ന് കോളനിയിലെ മിക്ക സ്ഥലങ്ങളും കൃഷിയോഗ്യമല്ല. അതിനാൽ ഇവർക്ക് സ്ഥലമുണ്ടെങ്കിലും ഇവിടെ കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല.

മിക്കവർക്കും 60 സെന്റോ അതിനുമുകളിലോ സ്ഥലമുണ്ടെങ്കിലും ജലക്ഷാമം നിമിത്തം യാതൊരു വിധത്തിലുമുള്ള കൃഷിയും ഇല്ല.

അതിനാൽ തന്നെ സാമ്പത്തികമായി എല്ലാ വിഭാഗക്കാരും പിന്നോക്കാവസ്ഥ നേരിടുന്നു. കുറിച്ച്യരുടെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. ഇവിടെ ഒരു മേന്മയും പറയാനില്ല. കുറിച്ച്യൻ പണിയൻ വിഭാഗക്കാർ ഏല്ലാവരും ഒന്നുപോലെതന്നെ. കൂടാതെ വിറകു ക്ഷാമവും രൂക്ഷമാണ്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഔഷധി സംഘം ഈ സംങ്കേതത്തിൽ അടുത്ത കാലത്തായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആടലോടകം, കസ്തൂരി മഞ്ഞൾ എന്നിവ സങ്കേതത്തിൽ നട്ടുവളർത്തുകയും വിൽക്കുകയും ചെയ്യുന്നു. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പു വഴി ഭവനിർമ്മാണം, വനബന്ധു കല്ല്യാൺ യോജന, വയറിംഗ് ഗ്രാന്റ് 2016-17 വർഷത്തിൽ ആടുവിതരണം, പി.എം.എ.വൈ. സാംസ്കാരിക നിലയം നിർമ്മാണം, അംഗൻവാടി ചുറ്റുമതിൽ തുടങ്ങിയ പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

സങ്കേതത്തിൽ കുറച്ചു ഭാഗം മാത്രമാണ് റോഡ് ടാർ ചെയ്തിരിക്കുന്നത്. ഭൂരിഭാഗവും മൺറോഡാണ്. 2006ൽ തൊഴിലുറപ്പു പദ്ധതി പ്രകാരം വെട്ടിയ മൺറോഡ് ഇപ്പോളും അതേ അവസ്ഥയിൽ സങ്കേതത്തിൽ നിലനിൽക്കുന്നു. അതിനാൽ മഴക്കാലത്തും, വേനൽകാലത്തും യാത്ര ഒരുപോലെ ദുഷ്കരമാണ്. വനാവകാശം വഴി 199 കുടുംബങ്ങൾക്കു ഭൂമി ലഭിച്ചിട്ടുണ്ട്. ബാക്കി 75 കുടുംബങ്ങൾക്ക് ഭൂമി ലഭിക്കുവാനുണ്ട്. കൈവശരേഖ കിട്ടാത്തതിനാൽ വീട്, കൃഷി ആവശ്യങ്ങൾക്ക് ലോൺ തുടങ്ങിയവ ലഭിക്കാതെ വരുന്നു.

ഗോദാവരി സങ്കേതത്തിൽ അരിവാൾ രോഗം, കാൻസർ, ടി.ബി, ഷുഗർ, പ്രഷർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ ഉള്ള ധാരാളം പേർ ഉണ്ട്. രണ്ടു മാസം കൂടുമ്പോൾ മെഡിക്കൽ ക്യാമ്പുകൾ സങ്കേതത്തിൽ നടത്തപ്പെടാറുണ്ടെങ്കിലും അവ പെട്ടെന്ന് അറിയിക്കുന്നതിനാൽ പലർക്കും കൂലിപണി മുടക്കി പോകാൻ കഴിയാറില്ല. അതിനാൽ തന്നെ ക്യാമ്പുകളിൽ പ്രാതിനിധ്യം നന്നേ കുറവാണ്.

ജനനിജന്മരക്ഷ, ഗോത്രസാരഥി എന്നീ പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ട്. കുറിച്ച്യൻ വിഭാഗത്തിൽപെട്ട ഒരു സ്ത്രീയുടെ നേതൃത്വത്തിൽ വൈകുന്നേരങ്ങളിൽ പഠനവീട് നടത്തപ്പെടുന്നു. ഗോത്രസാരഥി, പഠനവീട് മുതലായ പദ്ധതികൾ സങ്കേതത്തിൽ നടപ്പാക്കുന്നുണ്ടെങ്കിലും പണിയൻ വിഭാഗത്തിലെ കുട്ടികൾ സ്കൂളിൽ പോകാറില്ല. പണിയൻ വിഭാഗത്തിലെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.

സങ്കേതത്തിൽ നിന്നും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം താഴെ കൊടുത്തിരിക്കുന്നു.

## ജനസംഖ്യ കുറിച്ച്യൻവിഭാഗം

| ആകെ കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|
| 55 | 102 | 100 | 202 |

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | പി.എ ച്ച്.സി |
|---|---|---|---|---|---|---|
| ദൂരം (സാ) | 2 | 3 | 7 | 13 | 5 | 5 |

**പരിഹാരം** – സങ്കേത നിവാസികളുടെ **നിർദ്ദേശങ്ങൾ**

1. സങ്കേത നിവാസികൾ കാണിച്ചുകൊടുത്ത സ്ഥലത്ത് കുളം കുഴിക്കുക.
2. ഗുണമേന്മ ഉള്ള പൈപ്പുകൾ സ്ഥാപിക്കുക
3. വനാവകാശം നടപ്പിലാക്കുക
4. 250 ഓളം കുടുംബങ്ങൾ സങ്കേതത്തിൽ ഉള്ളതിനാൽ സങ്കേതത്തിൽ തന്നെ പ്രാഥ മികാരോഗ്യ കേന്ദ്രം തുടങ്ങുക

## (2)പാലക്കോളി

തവിഞ്ഞാൽ പഞ്ചായത്തിൽ പേരിയ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന കുറിച്ച്യൻ സങ്കേതമാണ് പാലക്കോളി. സങ്കേതത്തിലേക്കുള്ള റോഡ് പണി പൂർത്തിയായി ട്ടില്ല. ജലസേചനത്തിനായി ജലനിധി സൗകര്യം ഉണ്ടെങ്കിൽത്തന്നെയും സ്ഥിരമായി വെള്ളം ലഭിക്കാറില്ല. 5 ഏക്കർ വീതം സ്വന്തമായി സ്ഥലം കൈവശമുള്ള ഇവർ പ്രധാനമായും നെല്ല്, വാഴ, കപ്പ, കാപ്പി, കുരുമുളക് തുടങ്ങിയവ കൃഷിചെയ്യുന്നു. പഞ്ചായത്തും മൃഗാശു പത്രിയും മുഖേന നൽകുന്ന ആട്, കോഴി, പശു തുടങ്ങിയ വളർത്തുമൃഗങ്ങളെ സങ്കേ തനിവാസികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ഉയർത്തു കേൾക്കുന്നുണ്ട്. അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ സങ്കേതത്തിൽ തന്നെ ഉണ്ട്. ഗോത്രസാരഥി വാഹനസൗക ര്യവും കുട്ടികൾക്ക് ആവശ്യമായ ട്യൂഷൻ സൗകര്യവും ലഭ്യമാണ്. മെഡിക്കൽ ക്യാമ്പ് കഴിഞ്ഞവർഷം നടന്നിരുന്നു. തോട് സൈഡ്കെട്ടിന് പണത്തിന് അപേക്ഷ നൽകിയെ ങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. വീട് നിർമ്മിക്കാൻ ലഭിക്കുന്ന ധനസഹായം പണി പൂർത്തി യാക്കാൻ തികയുന്നില്ല. അതിനാൽ കൂടുതൽ പണം ലോൺ എടുക്കേണ്ടതായി വരുന്നു.

സങ്കേതത്തിൽ ഊരുകൂട്ടം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക മായി പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന ആളുകൾക്ക് വീട് നൽകാൻ സർക്കാരിന്റെ ഭാഗത്തു നിന്നും നടപടിയുണ്ട് എന്ന് അറിയുകയും ചെയ്തു. വീടിന് ആവശ്യമുള്ളവർ പേര് രജിസ്റ്ററ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1 വർഷത്തിനു ശേഷം ആദ്യഗഡു ആയ 52500 രൂപ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായി. 640 സ്ക്വയർ ഫീറ്റിൽ ആണ് വീട് പണിയാൻ സർക്കാർ പ്രതീക്ഷിക്കുന്നതെങ്കിലും ഇടുങ്ങിയ വീട് ആയതിനാൽ വലുപ്പം കൂട്ടി ഭവനം പണിയുന്നു. തറപണി കഴിഞ്ഞ ഫോട്ടോ സമർപ്പിച്ചാൽ 2-ാം മാസം രണ്ടാം ഗഡു ആയ 150000 രൂപ ലഭിക്കുന്നു. ഇതിന്റെ കൂടെ വീണ്ടും ഒരു 10000 രൂപ കൈയ്യിൽ നിന്നും ചേർത്താൽ മാത്രമെ അടുത്ത പണി പൂർത്തിയാക്കാൻ സാധിക്കുന്നുള്ളൂ. രണ്ടാംഘട്ട പണി പൂർത്തിയാക്കി ഫോട്ടോ എഞ്ചിനീയർക്ക് സമർപ്പിക്കുന്ന പക്ഷം 3- ാം ഗഡു ആയ 140000 രൂപ ഒരു മാസത്തിനുള്ളിൽ ലഭിക്കുന്നു. ഇതിനോട് 300000 രൂപയും ചേർത്താണ് പണി പൂർത്തിയാക്കുന്നത്. ശേഷം ഫോട്ടോ സമർപ്പിക്കുമ്പോൾ അവസാന ഗഡു ആയ 52500 രൂപ ലഭിക്കുന്നു. നിലവിൽ ഗവൺമെന്റ് 350000 രൂപയാണ് ആദിവാ സികൾക്ക് നൽകുന്നതെങ്കിലും ഒരു ശരാശരി കുടുംബത്തിന് അധികമായി 300000 രൂപ കൂടി കൈയ്യിൽ നിന്നും ഇട്ട് 650000 രൂപയുടെ വീട് പണി പൂർത്തിയാക്കേണ്ടി വരുന്നു.

ഇവിടെ എസ്.എസ്.എൽ.സി, +2, ഡിഗ്രി തുടങ്ങിയ ഉന്നത വിദ്യാഭ്യാസം നേടിയവർ ഉണ്ട്. പി.എസ്.സി.ക്ലാസ്സുകൾക്ക് പോകുന്ന കുട്ടികൾ ഉണ്ട്. സ്കൂളിലെ കുട്ടികളിലെ കൊഴിഞ്ഞ്പോക്ക് ഇല്ല. 2 പേർക്ക് ഗവൺമെന്റ് ജോലി ഉണ്ട്. സങ്കേത നിവാസികൾ പ്രധാനമായും കൃഷി, കൂലിപ്പണി, തൊഴിലുറപ്പ് പണി എന്നിവയിൽ ഏർപ്പെട്ടുവരു ന്നു.എന്നാൽ നിലവിലുള്ള കൂലിപ്പണി സ്ഥിരമായി ലഭ്യമല്ല. കൃഷി ഭൂമിയുടെ അളവ് ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്നു. കൃഷിയിൽ നിന്നുള്ള വരുമാനം കുറയുകയും പുതിയ തൊഴിൽമേഖല കണ്ടെത്താൻ സാധിക്കാതിരിക്കുകയും ചെയ്യുന്നു.

പൊതുവെ വികസനപരമായി നല്ല നിലവാരം പുലർത്തുന്ന സങ്കേതമാണ് പാലക്കോ ളി. ഈ സങ്കേതത്തിൽ വീട്, കക്കൂസ്, കറന്റ്, കുടിവെള്ളം, റോഡ്, കമ്മ്യൂണിറ്റിഹാൾ, അംഗൻവാടി തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ട്. സങ്കേതത്തിലെ മൂന്ന് ആളുകൾ കിടപ്പ് രോഗികളാണ്. രണ്ട്പേർ തളർന്നു കിടക്കുകയും ഒരാൾ മാനസികരോഗിയുമാണ്. മദ്യം, കഞ്ചാവ് എന്നീ ലഹരി വസ്തുക്കൾ കോളനി നിവാസികൾ ധാരാളമായി ഉപയോ ഗിച്ചു വരുന്നു.

ജനസംഖ്യാ വിവരങ്ങളും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരവും താഴെ കൊടുത്തി രിക്കുന്നു.

| ആകെ കുടുംബങ്ങൾ (കുറിച്യർ) | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 25 | 3 | 41 | 40 | 81 |

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | Phc |
|---|---|---|---|---|---|---|
| ദൂരം (കി. മീ) | ½ km | 8 km | 12 km | 5 k.m | 8 k.m | 2 k.m |

## പ്രശ്നങ്ങ ളും പരിഹാരമാർഗ്ഗങ്ങളും

.

- കുടിവെള്ള സൗകര്യം പര്യാപ്തമല്ലാത്തതുകൊണ്ട് തന്നെ പൊതുകിണർ പണിയുക എന്നുള്ളത് അത്യാവശ്യമായ സംഗതിയാണ്. സ്ഥല സൗകര്യം സങ്കേതത്തിൽ ഉണ്ട്. എന്നാൽ ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുകയാണ് എത്രയും പെട്ടെന്ന് വേണ്ടത്.
- താത്ക്കാലികമായി വനത്തിൽ നിന്നും ലഭിക്കുന്ന നീരുറവ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.
- ഉന്നത വിദ്യാഭ്യാസം ആവശ്യമുള്ള പഠിതാക്കൾക്ക് ട്യൂഷൻ സൗകര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടതുണ്ട്.
- സർക്കാർ ജോലിയോട് താത്പ്പര്യമുള്ളവർക്ക് പി. എസ്. സി കോച്ചിംഗ് സങ്കേത ത്തിൽ നടത്തേണ്ടതുണ്ട്

## (3) കാപ്പാട്ടുമല

വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിൽ പേരിയ വില്ലേജിൽ സ്ഥിതിചെ യ്യുന്ന കാപ്പാട്ടുമല കുറിച്ച്യ സങ്കേതത്തിൽ 44 കുടുംബങ്ങളിലായി 147 ആളുകൾ താമസി ക്കുന്നു. 20 വർഷങ്ങൾക്കു മുമ്പ് ജന സാന്ദ്രതയിൽ വളരെ പുറകോട്ടായിരുന്ന കാപ്പാട്ടുമല സങ്കേതത്തിൽ ഗതാഗത സൗകര്യത്തോട് കൂടിയ റോഡോ, അടിസ്ഥാന വിദ്യാഭ്യാസമോ ഇല്ലായിരുന്നു. തോടുകളും കുളങ്ങളും നിറഞ്ഞൊഴുകിയിരുന്ന സങ്കേതത്തിൽ ജല ദൗർലഭ്യതയുടെ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഭക്ഷണമായി കാട്ടിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച ഇവർ പ്രധാനമായും കിഴങ്ങ്, പഴം, മറ്റ് കായികനികൾ തുടങ്ങിയവ ശേഖരിച്ചുപോന്നിരുന്നു. തങ്ങളുടെ പറമ്പുകളിൽ കൃഷി ചെയ്തും ആരോ ഗ്യപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കാട്ടിലെ പച്ചമരുന്നുകൾ ഉപയോഗിച്ചും പ്രകൃതിയോട്

ചേർന്ന് ജീവിച്ചിരുന്ന ഇവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും മേൽനോട്ടം വഹിച്ചും നല്ല ദിശയിൽ നടത്താൻ ഊര് മൂപ്പൻ എപ്പോഴും സന്നദ്ധനായിരുന്നു.

എന്നാൽ ഇന്ന് കാപ്പാട്ടുമല സങ്കേതത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ദൈനംദിന ജീവിതത്തിൽ അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വളരെയധികം ആണ്. ടൗണിൽ നിന്നും 3 കിമീ. അകലെയായി സ്ഥിതിചെയ്യുന്ന സങ്കേതത്തിൽ വാഹനങ്ങൾ എത്തിപ്പെടുക എന്നത് ദുരിതപൂർണ്ണമാണ്. ഇന്ന് സങ്കേതത്തിൽ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം കുടിവെള്ളക്ഷാമം ആണ്. ആരോഗ്യപരമായി പണ്ടുകാലത്തേക്കാൾ വളരെ മോശം അവസ്ഥയാണ് ഇന്നുള്ളത്. വിദ്യാഭ്യാസത്തിനും ഉപജീവനത്തിനും സങ്കേതത്തിൽ ഉള്ളവർ ഇന്ന് വളരെയധികം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു.

സങ്കേതത്തിലേക്കുള്ള റോഡ് സൗകര്യം പൂർത്തിയായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ആണ് ഭവനനിർമ്മാണത്തിനുള്ള പണം നൽകുന്നത്. എന്നാൽ നൽകുന്ന പണത്തിന് അടിസ്ഥാനത്തിലുള്ള ചെറിയ വീട് അംഗസംഖ്യ കൂടുതലുള്ളതിനാൽ നിർമ്മിക്കാൻ സാധിക്കുന്നില്ല. ഭൂമി ഭാഗം വെച്ച് ലഭിച്ചിട്ടില്ലാത്തതിനാൽ പാട്ടം എടുത്ത സ്ഥലങ്ങളിലാണ് കൃഷി ചെയ്യുന്നത്. നിലവിലുള്ള റോഡിലൂടെ ഉള്ള മഴക്കാല യാത്ര വളരെ ദുസ്സഹമാണ്. സങ്കേതത്തിലേക്ക് റോഡ് നവീകരിക്കുകയും ബസ് അല്ലെങ്കിൽ ജീപ്പ് സർവ്വീസ് ആരംഭിക്കുകയും വേണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ജലക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന സങ്കേതത്തിലേക്കു സ്വന്തമായി നിർമ്മിച്ച ഓലിയിൽ നിന്നും ആണ് ആവശ്യമായ ജലം ലഭിക്കുന്നത്. ഗോത്ര സാരഥീ വാഹന സൗകര്യം സങ്കേതത്തിൽ ഉണ്ടെങ്കിലും അവ കൃത്യസമയത്ത് വരാറില്ല. പഠനവീട് സൗകര്യം ഇല്ല. പത്രം ലഭിക്കേണ്ടത് അത്യാവശ്യമാണ്. സ്കൂൾ കുട്ടികൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ടെങ്കിലും പി.ടി.എ.ഫണ്ട് 400 രൂപ നൽകുന്നതിനാൽ ഗ്രാന്റ്കൊണ്ട് ഉപയോഗം ഇല്ലാതാകുന്നു. സങ്കേതത്തിൽ മിക്കവാറും ആളുകൾക്ക് സ്ഥിരമായി ഒരു തൊഴിൽ ഇല്ല. സ്വയം തൊഴിൽ പരിശീലനം ആഗ്രഹിക്കുന്ന ഒരുപാട് പേർ ഈ കോളനിയിൽ ഉണ്ട്. നബാഡ് മുഖേന ഏതാനും മാസങ്ങൾക്ക് മുമ്പ് കോളനിയിൽ മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. അസുഖമുള്ള കുട്ടികൾക്കുള്ള ചികിത്സാസഹായം ലഭിക്കുന്നില്ല. ഇവർ ഇക്കാര്യം ചോദിച്ചാൽ ഫണ്ടില്ല എന്ന കാര്യം പറഞ്ഞ് ഒഴിവാക്കുകയാണ് പതിവ്. പഠിക്കുന്ന കുട്ടികൾ ഉള്ള സങ്കേതത്തിൽ അത്യാവശ്യമായും മേശ കസേര തുടങ്ങിയ സൗകര്യം വേണം സങ്കേതത്തിലെ ഒരു കുടുംബത്തിൽ 2 പേർക്ക് കേൾവിക്കുറവ് ഉണ്ട്. അതിനാവശ്യമായ ചികിത്സ സ്വീകരിച്ചിട്ടില്ല. 2 വയസ്സുള്ള ഒരു കുട്ടിക്ക് കേൾവി ശക്തി ഇല്ലാത്തതുകൊണ്ട് തന്നെ സംസാരശേഷിയും ഇല്ല. കുട്ടിക്കാവശ്യമായ ശരിയായ ചികിത്സാ സഹായം ഇതുവരെ ലഭ്യമായിട്ടില്ല. സങ്കേതത്തിൽ കമ്മ്യൂണിറ്റി ഹാൾ ഉണ്ട്.

കാപ്പാട്ടുമല സങ്കേതം ഇന്ന് പ്രധാനമായും നേരിടുന്ന പ്രശ്നങ്ങൾ ഉപജീവനം, അടിസ്ഥാനസൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ആണ്. തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. മാസത്തിൽ രണ്ടോ മൂന്നോ ദിവസം മാത്രം കൂലിവേലയ്ക്ക് പോകുന്നവരാണ് സങ്കേതത്തിൽ എല്ലാവരും തന്നെ. സ്വന്തമായി കൃഷിചെയ്യാനുള്ള സ്ഥലം ഇന്ന് ഇവർക്കില്ല. കാർഷിക മേഖലയിൽ ഇന്ന് മാറ്റങ്ങൾ വന്നതോടുകൂടി പാട്ടം എടുത്ത് കൃഷിചെയ്യുന്നതിനും ഇവർ ബുദ്ധിമുട്ട് അനുഭവിക്കുന്നു. സ്ത്രീകളിൽ ഭൂരിഭാഗം പേരും തൊഴിൽ ഇല്ലാതെ സങ്കേതത്തിൽ തന്നെ ദിവസവും കഴിച്ചുകൂട്ടുന്നു. സ്വയംതൊഴിൽ പരിശീലനത്തിനും മറ്റും സന്നദ്ധരായിരിക്കുന്ന ഇവർക്ക് ഇന്ന് ഒന്നും ലഭ്യമല്ല. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ആയതുകൊണ്ടുതന്നെ മതിയായ വിദ്യാഭ്യാസം കുട്ടികൾക്ക് കൊടുക്കുന്നതിനോ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്ന അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതിനോ പുതിയ തൊഴിൽമേഖലയിലേക്ക് എത്തുന്നതിനോ ഇവർക്ക് സാധിക്കുന്നില്ല.

ഗോത്രസാരഥി വാഹനം ക്രമമായി ഒരിക്കലും സങ്കേതത്തിൽ എത്താറില്ല. എങ്കിലും പഠനത്തോട് താത്പര്യം ഉള്ള കുട്ടികൾ ദിവസവും സ്കൂളിൽ പോകുന്നു. എന്നാൽ വിജയശതമാനം വളരെ കുറവാണ്. സാങ്കേതിക സ്ഥാപനങ്ങളെക്കുറിച്ച് മതിയായ അറിവ് സങ്കേതത്തിലുള്ളവർക്ക് ഇല്ല. കുട്ടികൾക്ക് പഠിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സങ്കേതത്തിൽ ഇല്ല. മേശ, കസേര തുടങ്ങിയവ ഇല്ലാത്തതുകൊണ്ടുതന്നെ വിദ്യാർത്ഥികൾ തണുത്ത സിമന്റ് തറയിൽ കമഴ്ന്നുകിന്ന് എഴുതേണ്ട അവസ്ഥയാണ്. വർഷങ്ങളായി ഇത്തരത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ കൈയ്യിലും കൈമുട്ടിലും തഴമ്പ് വന്ന് പൊട്ടി വ്രണം ആകുന്ന അവസ്ഥയാണ്. അഭിരുചിക്ക് അനുസരിച്ചുള്ള ഒരു പഠനരീതി ഇല്ലാത്തതുകൊണ്ടുതന്നെ സ്വന്തം കഴിവുകളെ തിരിച്ചറിയാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള വ്യക്തമായ ബോധവത്ക്കരണം ഇല്ലാത്തതുകൊണ്ട് തന്നെ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനോ സർക്കാർ ജോലി ലഭിക്കുന്നതിനോ സാധ്യമല്ല.

ഭക്ഷണരീതിയിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ ധാരാളം അസുഖങ്ങൾക്ക് അടിമപ്പെടുന്നതിലേക്ക് സങ്കേതനിവാസികളെ നയിച്ചിരിക്കുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗത്താലുണ്ടാകുന്ന പ്രശ്നങ്ങളും മാനസിക സമ്മർദ്ദങ്ങളും സങ്കേതത്തിൽ ധാരാളമായികാണാൻ സാധിക്കുന്നുണ്ട്. ആരോഗ്യകാര്യങ്ങളെക്കുറിച്ച് മതിയായ അറിവില്ലാത്തതുകൊണ്ട് തന്നെ ദൈനംദിന ജീവിതത്തിൽ ഇവർക്ക് ധാരാളം ആരോഗ്യ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നു.

പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരവും, ജനസംഖ്യാ വിവരങ്ങളും താഴെ കൊടുത്തിരിക്കുന്നു.

| സ്ഥാ പനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവര |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | ½ | 15 | 20 | 3 | 3 | 3 |

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 44 | 5 | 78 | 69 | 147 |

**പരിഹാരം** – സങ്കേത നിവാസികളുടെ **നിർദ്ദേശങ്ങൾ**

- വിദ്യാഭ്യാസത്തിൽ ഉണ്ടാകുന്ന വിജയശതമാനത്തിന്റെ കുറവും ഗതാഗത മാർഗ്ഗത്തിന്റെ തടസ്സവുമെല്ലാം പഠനസൗകര്യങ്ങൾ ഉയർത്തുന്നതിന്റെ ഭാഗമായി പഠനവീട്, പഠനോപകരണങ്ങൾ തുടങ്ങിയവ നൽകിയാൽ പരിഹരിക്കാനാകുന്നതാണ്.
- കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് പഠിപ്പിക്കുന്ന സ്ഥാനങ്ങൾ അത്യാവശ്യമായി പ്രവർത്തിക്കേണ്ടതുണ്ട്.
  സങ്കേതത്തിലേക്ക് വാഹനസൗകര്യം മെച്ചപ്പെടുത്തുകയും ഗോത്രസാരഥി പദ്ധതി കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.
- മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം സങ്കേതത്തിൽ നിന്നും ഇല്ലായ്മ ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നത് ഏറെക്കുറെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാണ്.
- ഉപജീവന പ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ഥിരവരുമാനം ലഭിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.
- കാർഷികമേഖലയിൽ പുരോഗതി കൈവരിക്കാൻ ഗവൺമെന്റ് ധനസഹായം നൽകേണ്ടതുണ്ട്.
- പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് അർഹമായ പരിഗണന കൊടുത്തുകൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.
- ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കേതനിവാസികൾ തന്നെ മുന്നോട്ടു വെയ്ക്കുന്ന ഒരു പ്രധാന പോംവഴി പോഷകാഹാരങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ സങ്കേതത്തിൽ ലഭ്യമാക്കുക എന്നതാണ്.

- മായം കലർന്ന ഭക്ഷണസാധനങ്ങൾ ഒഴിവാക്കാൻ ബോധവത്ക്കരിക്കേണ്ടതുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സങ്കേത പരിസരത്ത് തന്നെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിതമാക്കുകയും വേണ്ടത് ഇവരെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്.

### (4) എടത്തന

തവിഞ്ഞാൽ പഞ്ചായത്തിലെ എടത്തനകുറിച്ച്യ സങ്കേതത്തിൽ 48 കുടുംബങ്ങളിലായി 147 ആളുകൾ താമസിക്കുന്നു. സങ്കേതത്തിലേക്ക് റോഡ് സൗകര്യം പൂർത്തിയായിട്ടില്ല. ഗോത്രസാരഥി വാഹനം സൗകര്യം ലഭ്യമാണ്. പഠനവീട് ഇല്ല. ജലനിധി സൗകര്യം ഉണ്ട്. കൃഷിയാണ് ഇവിടുള്ളവരുടെ പ്രധാന ജോലി. ഭവനനിർമ്മാണത്തിന് ലഭിക്കുന്ന പണം തികയുന്നില്ല. അതിനാൽ തന്നെ ലോൺ എടുത്ത് കടക്കെണിയിലാകുന്ന രീതി ഇവിടെ സ്വാഭാവികമാണ്. സങ്കേതത്തിൽ കമ്മ്യൂണിറ്റി ഹാൾ ഇല്ല. ജനനീജന്മരക്ഷയുടെ സഹായം ലഭ്യമല്ല. നെല്ല്, വാഴ, കാപ്പി, പച്ചക്കറി തുടങ്ങിയവ ആണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

സങ്കേതത്തിൽ കുടിവെള്ളത്തിനായി സർക്കാർ ഭാഗത്തുനിന്നും ലഭ്യമായ പദ്ധതികൾ പ്രവർത്തനരഹിതമാണ്. ഇപ്പോൾ കേണി, മലവെള്ളം എന്നിവയാണ് കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുന്നത്. ആകെ 170 ഓളം വീടുകളിൽ 120 എണ്ണങ്ങളിലും കുടിവെള്ള സൗകര്യം ഇല്ല. 5 വർഷങ്ങൾക്കു മുമ്പ് 2000 രൂപ വച്ച് 300 ഓളം കുടുംബങ്ങളിൽ നിന്നും ജലനിധിക്കായി സർക്കാർ പിരിക്കുകയും ഇതുവരെയായി അതിനുള്ള പൈപ്പ് ലൈൻ സംവിധാനം പോലും നടന്നിട്ടില്ല. അതിനും മുമ്പേ പമ്പ് ഹൗസ് നിർമ്മാണത്തിനായി കുളം കുഴിക്കുകയും മോട്ടർ വെയ്ക്കുകയും ചെയ്തെങ്കിലും ഒരു മാസം തികഞ്ഞപ്പോഴേക്കും മോട്ടർ പ്രവർത്തനം നിലച്ചു. പിന്നീട് അധികൃതരോട് പരാതിപ്പെട്ടെങ്കിലും ഫലം ചെയ്തില്ല. ജലനിധി പദ്ധതി പ്രാബല്യത്തിൽ വരും എന്നധാരണയിൽ പലരും ഉണ്ടായിരുന്ന കേണി ഉപേക്ഷിച്ചു. ഇപ്പോൾ ഒന്നുമില്ലാത്ത അവസ്ഥ ആയി. ഇത് കൃഷിയെ വല്ലാതെ ബാധിക്കുകയും ചെയ്യുന്നു.

എടത്തന സങ്കേതത്തിൽ 170 ഓളം വീടുകളിലായി 200 കുടുംബങ്ങൾ താമസിക്കുന്നു. പാരമ്പര്യ ഭൂമിയിൽ മാറിതാമസിക്കുന്നവർക്കാകട്ടെ കൈവശരേഖകൾ ഇല്ലാത്തതിനാൽ വീട്ടു നമ്പർ, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭിക്കാതെ പോകുന്നു.

ഗതാഗത സൗകര്യമുള്ള റോഡിൽ നിന്നും 5 കി.മീ അകലെയുള്ള സങ്കേതത്തിലേക്ക് പകുതി ഇപ്പോഴും മൺറോഡാണ്. നിലവിലുള്ള ടാർ റോഡ് തന്നെ പൊട്ടിപൊളിഞ്ഞ അവസ്ഥയിലാണ്. ടി.എസ്.പി.ഫണ്ട് ഉണ്ടെങ്കിലും ഉപയോഗപ്പെടുത്തുന്നില്ലെന്ന്

സങ്കേതനിവാസികൾ പരാതിപ്പെടുന്നുണ്ട്. റോഡിന്റെ അവസ്ഥ ഇത്തരത്തിൽ ആയതിനാൽ രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ ബുദ്ധിമുട്ടാകുകയും മരണം വരെ സംഭവിക്കുകയും ചെയ്യുന്നുണ്ട്.

10 പാരമ്പര്യ വൈദ്യന്മാർ ഉള്ള സങ്കേതം, പഠനം, വൈദ്യുതി, കക്കൂസ് എന്നീ സൗകര്യങ്ങളിൽ മുന്നിട്ടു നിൽക്കുന്നു. എന്നാൽ സങ്കേതനിവാസികൾ സ്ഥലം കൊടുത്ത് 40 വർഷങ്ങൾക്കു മുൻപ് തുടങ്ങിയ ട്രൈബൽ സ്കൂളിന്റെ അവസ്ഥ, റോഡ് സൗകര്യക്കുറവു മൂലം വളരെ ശോചനീയമാണ്.

വർദ്ധിച്ചുവരുന്ന കീടനാശിനിയുടെ ഉപയോഗം കാൻസർ രോഗം സങ്കേതത്തിൽ കൂടുതൽ കാണപ്പെടുന്നതിന്റെ കാരണമായി സങ്കേതനിവാസികൾ ചൂണ്ടിക്കാണിക്കുന്നു.

ഗവൺമെന്റ് പല പദ്ധതികളും നടപ്പിലാക്കുമ്പോഴും വേണ്ടി രീതിയിലുള്ള മേൽനോട്ടം ഇല്ലാത്തതിനാൽ ഫലത്തിൽ വിജയം കണ്ടെത്തുന്നില്ല എന്ന് സങ്കേതനിവാസികൾ അഭിപ്രായപ്പെടുന്നു. നിർമ്മിക്കപ്പെടുന്ന റോഡുകൾ ഗതാഗതം കുറവായ സ്ഥലങ്ങളിൽ പോലും 2 മാസം തികയുന്നതിനു മുമ്പെ മോശമാകുന്നു. കൂടാതെ തൊഴിലുറപ്പു പദ്ധതിയിലൂടെയുള്ള പണികളിൽ 80% വും കോളനിയിൽ ആവശ്യമില്ലാത്തവയാണ് ചെയ്യുന്നതെന്ന് ഇവർ കുറ്റപ്പെടുത്തുന്നു.

സങ്കേതത്തിന്റെ ആവശ്യങ്ങൾ അവിടെ താമസിക്കുന്നവർക്കാണ് കൂടുതലായി അറിയുവാൻ സാധിക്കുന്നത്. അതവർ ഊരുകൂട്ടം കൂടി ആവശ്യങ്ങൾ നിരത്തി പദ്ധതി രൂപീകരിക്കുന്നതിനായി അധികൃതരെ അറിയിക്കണം. എന്നാൽ ഇവിടെ സംഭവിക്കുന്നത് നേരെ മറിച്ചാണ്. സങ്കേതനിവാസികളുടെ ആവശ്യങ്ങൾ നോക്കാതെ പല പദ്ധതികളും ഗവൺമെന്റ് മുന്നോട്ട് വെയ്ക്കുകയും ആ പദ്ധതികൾ നടപ്പാക്കുകയും , തൽഫലമായി വിജയിക്കാതെ പോവുകയും ഫണ്ട് അനാവശ്യമായ ചിലവഴിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ്. അതിനാൽ പ്രദേശവാസികളുടെ ആവശ്യം മനസിലാക്കിയും സങ്കേതത്തിന്റെ ഭൂപ്രകൃതി മനസിലാക്കിയും വേണം പദ്ധതികൾ രൂപീകരിക്കാൻ എന്ന് സങ്കേതനിവാസികൾ അഭിപ്രായപ്പെടുന്നു.

രണ്ട് വർഷം മുമ്പ് 25 വയസ്സുള്ള പൂർണ്ണ ഗർഭിണി ആയ സ്ത്രീ പ്രസവവേദനയെ തുടർന്ന് എടത്തന സങ്കേതത്തിൽ നിന്നും ദുരിതപൂർണ്ണമായ 3 കി.മീ.ദൂരം ഉള്ള റോഡിലൂടെ യാത്രചെയ്ത് വീണ്ടും 15 കി.മീ മാനന്തവാടിയിലേക്ക് യാത്രചെയ്ത് ആശുപത്രിയിൽ എത്തിയപ്പോൾ അന്ന് ജോലിസ്ഥാനത്ത് ഉണ്ടായിരുന്ന ഡോക്ടർ രോഗിയെ പരിചരിക്കാൻ തയ്യാറായില്ല. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെക്കുള്ള യാത്രാമധ്യേ പ്രസവം നടക്കുകയും മതിയായ ചികിത്സാ സൗകര്യം ലഭിക്കാഞ്ഞതിനാൽ ഒറ്റ പ്രസവത്തിൽ ജനിച്ച

മൂന്ന് കുട്ടികളും മരിക്കുകയും ചെയ്തു. 6 ലക്ഷം രൂപ നഷ്ടപരിഹാരമായി ഈ സ്ത്രീക്ക് നൽകുകയും മാനന്തവാടി ആശുപത്രിയിൽ ഉണ്ടായിരുന്ന ഡോക്ടറെ സസ്പെൻഡ് ചെയ്യുകയും ചെയ്തതോടു കൂടി പ്രശ്നം അവിടെ പൂർണ്ണമായി. എന്നാൽ ഇന്നും എടത്തന സങ്കേതത്തിലെ ജനങ്ങൾ പറയുന്ന കാര്യം റോഡ് സൗകര്യം ഉണ്ടായിരുന്നെങ്കിൽ രോഗികൾക്ക് യഥാസമയം ചികിത്സ നേടാൻ സാധിക്കുമായിരുന്നു. സങ്കേതത്തിന്റെ നിലവിലുള്ള പ്രശ്നം റോഡ് ഇല്ലാത്തതല്ല. നിലവിലുള്ള റോഡിന്റെ ദാരുണമായ അവസ്ഥയാണ്. മൂന്ന് കിലോമീറ്റർ ദൂരമുള്ള റോഡിലൂടെ ഓട്ടോറിക്ഷയിൽ യാത്ര ചെയ്യണമെങ്കിൽ 30 മിനിറ്റ് വേണം. ഓട്ടോ കൂലി 80 രൂപയും. ജനസാന്ദ്രത കൂടിയതും 500-ഓളം കുട്ടികൾ പഠിക്കുന്നതുമായ സ്കൂൾ ഉള്ള എടത്തന ഗ്രാമപ്രദേശത്തേക്ക് യാത്രാസൗകര്യത്തോട് കൂടിയ റോഡ് എന്നത് വളരെ ലളിതമായ ആവശ്യമാണ്. ഇതിനായി ഗ്രാമവാസികൾ വർഷങ്ങളായി സർക്കാർ സ്ഥാപനങ്ങൾ കയറിയിറങ്ങുന്നു.

പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരവും, ജനസംഖ്യാ വിവരങ്ങളും താഴെ കൊടുത്തിരിക്കുന്നു.

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | പി. എ ച്ച്. സി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | ½ | 0.100 | 20 | -- | 6 | 4 |

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 48 | 0 | 78 | 69 | 147 |

**സങ്കേതവാസികളുടെ നിർദ്ദേശങ്ങൾ**

1. പമ്പ് ഹൗസ്, ജലനിധി എന്നിവ പ്രവർത്തനരഹിതമായതിനാൽ 15 വീടുകൾ കേന്ദ്രീകരിച്ചാണ് കിണർ കുഴിക്കുവാൻ ഗവൺമെന്റ് ധനസഹായം നൽകുക.

2. ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് റോഡു നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുക
3. എടത്തനയിലെ ഗവൺമെന്റ് ട്രൈബൽ സ്കൂളിന് ബസ് സൗകര്യം ഏർപ്പെടുത്തുക. ഇതുവഴി പഠനത്തിനിടെ കൊഴിഞ്ഞു പോക്ക്, സ്ഥിരാദ്ധ്യാപകർ ഇല്ലാത്ത അവസ്ഥ എന്നിവയ്ക്ക് പരിഹാരമാകും.
4. ഉന്നത വിദ്യാഭ്യാസം ഉള്ളവർക്ക് പി.എസ്.സി. പരിശീലന സൗകര്യം ലഭ്യമാക്കുക. ഓട്ടോറിക്ഷ, പോത്തു വളർത്തൽ തുടങ്ങിയ സ്വയംതൊഴിലും , തയ്യൽ മെഷീൻ പരിശീലനം കുട്ടനെയ്ത്ത് പരിശീലനം തുടങ്ങിയവ എസ്.ടി കുടുംബശ്രീ വഴിയും സങ്കേതത്തിൽ നടപ്പിലാക്കുക.
5. നെൽകൃഷിക്ക് ജൈവ വള സംവിധാനം ഏർപ്പെടുത്തി പ്രോൽസാഹിപ്പിക്കുക. കാപ്പി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് ഇൻഷൂറൻസ് പദ്ധതികൾ നടപ്പിലാക്കുക. കാർഷിക വിളകൾക്ക് മാർക്കറ്റ് വാല്യൂവില ഉറപ്പാക്കുക.
6. സങ്കേതത്തിലെ 10-ഓളം വൈദ്യന്മാരെ കിർടാഡ്സ് അംഗീകരിക്കുകയും അവർക്കു വേണ്ടുന്ന പരിശീലന ക്ലാസ്സുകളും സർട്ടിഫിക്കറ്റുകളും നൽകുക.

## എടത്തന ട്രൈബൽ സ്കൂൾ

### അവസ്ഥാപഠനം

എടത്തന കുറിച്ച്യൻസങ്കേത നിവാസികൾ ഏകദേശം 40 വർഷം മുമ്പ് നിരക്ഷരരായ ആളുകളെ ഒരു വീട്ടിൽ കൂട്ടി വരുത്തി സാക്ഷരത നൽകി. സങ്കേതത്തിലെ തന്നെ അക്ഷരാഭ്യാസം ഉള്ള വ്യക്തിയായിരുന്നു ഇതിന് നേതൃത്വം നൽകിയത്. ഇത്തരത്തിൽ ട്യൂഷൻ രീതിയിൽ ആരംഭിച്ച പഠന സംവിധാനം 10 വർഷത്തോളം വീടികളിലായി നടത്തികൊണ്ടു വന്നു. പിന്നീട് തറവാട് സ്ഥലത്ത് ഒരു ഷെഡ്ഡ് പണിയുകയും അവിടേക്ക് പഠനം മാറ്റുകയും ചെയ്തു. രണ്ട് വർഷത്തിന് ശേഷം എടത്തന സ്ക്കൂൾ അനുവദിച്ചു തരുന്നതിനായി കലക്ടർക്ക് നിവേദനം നൽകുകയും 50 പേർക്ക് ഇരിക്കാനുള്ള വിസ്താരത്തിൽ ഓലമേഞ്ഞ് ഷെഡ് ലഭിക്കുകയും ചെയ്തു. അതുവരെ സങ്കേതത്തിലെ പഠിക്കാൻ താത്പര്യമുള്ള ആളുകൾ പ്രായഭേദമന്യേ സ്കൂളിൾ സജീവമായിരുന്നെങ്കിലും സർക്കാർ സ്ക്കൂൾ ഏറ്റെടുത്തതോടുകൂടി 1 മുതൽ 7 വരെ ക്ലാസ്സുകളിലായി ഔദ്യോഗികമായി കുട്ടികൾ വരാൻ തുടങ്ങി. 20 വർഷം ഓലമേഞ്ഞ സ്ക്കൂൾ ക്രമമായി പ്രവർത്തിച്ചു പോന്നു. പിന്നീട് നവീകരിച്ച പുതിയ സ്കൂൾകെട്ടിടം ലഭിക്കുകയും ഹൈസ്ക്കൂൾ ആരംഭിക്കുകയും ചെയ്തു. ഹൈസ്ക്കൂൾ തുടങ്ങിയതോടെ പുറത്തുനിന്നും ധാരാളം കുട്ടികൾ സ്കൂളിലേക്ക് വരാൻ തുടങ്ങി. ഇന്ന് നിലവിൽ 1 മുതൽ 10 വരെ ക്ലാസുകളിലായി 236 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഈ സ്ക്കൂളിൽ പഠിക്കുന്നു. അടുത്തുള്ള ടൗണിൽ നിന്നും സ്കൂളിലേക്ക് 3

കി.മീ.ദൂരം യാത്രചെയ്യേണ്ടതുണ്ട്. 3 കി.മീ ഉള്ള റോഡ് ഒരു വിധത്തിലുള്ള യാത്രസൗകര്യ ത്തോട് കൂടിയതും അല്ല. അതുകൊണ്ടു തന്നെ കുട്ടികൾക്ക് ഇന്ന് സ്കൂളിൽ എത്തിച്ചേരുക എന്നത് വളരെ കഷ്ടപ്പാട് നിറഞ്ഞതാണ്. യാത്രാദുരിതം കാരണം പല കുട്ടികളും ദിവസ ങ്ങളോളം പഠിപ്പ് മുടക്കുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. പഠനത്തോട് വളരെ താത്പര്യമുള്ളതുകൊണ്ട് തന്നെ ഇവിടുത്തെ കുട്ടികളിൽ കൊഴിഞ്ഞുപോക്ക് കാണാറില്ല. കൂടാതെ ഇവിടെ പഠിപ്പിക്കുന്ന അദ്ധ്യപകർക്ക് താമസിക്കാൻ സൗകര്യമോ യാത്രാ സൗക ര്യമോ ഇല്ലാത്തതുകൊണ്ട് മിക്ക അദ്ധ്യാപകരും ട്രാൻസ്ഫർ വാങ്ങി മറ്റു സ്ഥലങ്ങളിലേക്ക് പോകാൻ താത്പ്പര്യപ്പെടുന്നു. അദ്ധ്യാപകർക്കും കുട്ടികൾക്കും താമസിക്കാനുള്ള ഹോസ്റ്റൽ സൗകര്യവും ഗതാഗത സൗകര്യത്തോട് കൂടിയ റോഡും ഇന്ന് എടത്തന സങ്കേ തത്തിനു ചുറ്റുപാടുമുള്ളവർക്കും വളരെ അത്യാവശ്യമുള്ള കാര്യങ്ങളാണ് . ഹോസ്റ്റൽ പണിയുന്നതിന് നിലവിൽ സങ്കേതത്തിനും നൽകാൻ സ്ഥലം ഇല്ലാത്ത അവസ്ഥയാണ്.

സങ്കേതത്തിൽ പഠനവീട് ഇല്ലാത്തതുകൊണ്ടു തന്നെ 5 വർഷം മുൻപ് ഇവിടെ ഉള്ള വർ ചേർന്ന് ട്യൂഷൻ സെന്റർ ആരംഭിച്ചു. എന്നാൽ ട്യൂഷൻ അദ്ധ്യാപികയ്ക്ക് നൽകേണ്ട ശമ്പളത്തിലെ അഭിപ്രായ വ്യത്യാസം കാരണം നിലവിൽ ട്യൂഷൻ സെന്റർ നിർത്തിയിരി ക്കുന്ന അവസ്ഥയാണ് ഉള്ളത്. കൂടാതെ സ്കൂളിലെ ജലലഭ്യത വളരെ പരിമിതമാണ്. നില വിൽ ഉള്ള കിണർ പെട്ടെന്നു തന്നെ വറ്റിപ്പോകുന്നതുകൊണ്ട് സ്കൂളിലേക്ക് അത്യാവശ്യ ത്തിനു പോലും വെള്ളം ലഭിക്കുന്നില്ല. അതിനാൽ മിക്കവാറും വർഷങ്ങളിലും വേനൽക്കാ ലത്ത് സ്കൂളിന് അവധി നൽകുന്നു.

ഗതാഗത പ്രശ്നം, ജലത്തിന്റെ ദൗർലഭ്യം, താമസസൗകര്യത്തിന്റെ അഭാവം തുട ങ്ങിയ പ്രശ്നങ്ങളാൽ വർഷങ്ങൾക്ക് മുമ്പ് എടത്തനയിലെ പട്ടികവർഗ്ഗക്കാർ ചേർന്ന് അവ രുടെ ആവശ്യാനുസരണം നേടിയെടുത്ത ഇവർക്കും പൊതുവിഭാഗത്തിനും ഒരു പോലെ ഉപകാരപ്രദമായിരിക്കുന്ന എടത്തന ട്രൈബൽ സ്ക്കൂൾ സുഗമമായി മുന്നോട്ട് പ്രവർത്തി ക്കുന്നതിനു നിലവിൽ നിരവധി പ്രതിസന്ധികൾ ഉണ്ട്.

## (5) കോട്ടക്കുന്ന്

മാനന്തവാടി ബ്ലോക്കിലെ തവിഞ്ഞാൽ പഞ്ചായത്തിലെ കോട്ടക്കുന്ന് സങ്കേതത്തിൽ 35 പണിയൻ കുടുംബങ്ങളും 24 കുറിച്ച്യൻകുടുംബങ്ങളും ഉൾപ്പെടുന്നു. ഗോദാവരി സങ്കേതത്തിന്റെ ഭാഗമായാണ് കോട്ടക്കുന്ന് സങ്കേതം അറിയപ്പെടുന്നത്. 2002-ൽ സമരം ചെയ്തു ലഭിച്ച വനഭൂമിയാണ് ഈ രണ്ടു സങ്കേതത്തിലും എന്നതാണ് ഇതിന്റെ കാരണം. കൂടുതൽ ആളുകളും കൂലിപ്പണിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. കൂടാതെ കാപ്പി, കുരുമുളക് തുടങ്ങിയവ ചെറിയതോതിൽ കൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം രേഖ ഉള്ളവർക്ക് വീട് കൊടുത്തുപോരുന്നു. ജനനീ ജന്മരക്ഷ, ഗോത്രസാരഥി പദ്ധതികൾ നടപ്പാക്കുപ്പെടുന്നുണ്ടെങ്കിലും കുട്ടികൾ കുറവായതിനാൽ പഠനവീട് സൗകര്യം

ലഭ്യമല്ല. രണ്ടോ മൂന്നോ കുടുംബങ്ങൾ ചേർന്ന് കുളമോ കിണറോ സ്വയം ഉണ്ടാക്കി വെള്ളം പങ്കിട്ടെടുക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ മാസത്തിലൊരിക്കൽ നടത്താറുണ്ട്. സങ്കേതത്തിനകത്ത് മൺറോഡാണ് ഉള്ളത്. അതിനാൽ വേനൽക്കാലത്തും മഴയത്തും യാത്ര ഒരുപോലെ ദുഷ്കരവും ആണ്. കൂടാതെ വീട് വയറിംഗ്, പഞ്ചായത്ത് ഭവനനിർമ്മാണം, പി.എം.എ.വൈ തുടങ്ങിയ പദ്ധതികളും സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

| ആകെ കുടുംബം (കുറിച്ച്യർ) | ഭൂരഹിത കുടുംബങ്ങൾ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 24 | 10 | 43 | 39 | 82 |

പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | പി.എച്ച്.സി |
|---|---|---|---|---|---|---|
| ദൂരം (കി. മീ) | 2 | 3 | 7 | 13 | 3 | 7 |

## (6) കുറ്റ്യോട്ടിൽ

തവിഞ്ഞാൽ പഞ്ചായത്തിലെ കുറ്റ്യോട്ടിൽ സങ്കേതത്തിൽ കോളിക്കൽ മുറ്റം തറവാട്ടിൽപ്പെടുന്ന 38 കുറിച്ച്യൻകുടുംബക്കാർ താമസിച്ചു പോരുന്നു. പ്രധാനമായും കാപ്പി, കുരുമുളക്, നെല്ല്, വാഴ തുടങ്ങിയ കൃഷിയിലൂടെയും മറ്റു കർഷകതൊഴിലുകളിലൂടെയും പാരമ്പര്യമായി ലഭിച്ച ഭൂമിയിൽ ഉപജീവനം കഴിക്കുന്നു. ഗോത്രസാരഥി, പഠനവീട് തുടങ്ങിയ പദ്ധതികൾ ഇവിടെ നടപ്പാക്കപ്പെടുന്നില്ല. എങ്കിലും ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വർഷത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെടുന്നുണ്ട്. കുടിവെള്ളത്തിനായി കൂടുതൽ പേരും സ്വന്തം കിണറിനെ ആശ്രയിക്കുന്നു. സങ്കേതത്തിൽ നിന്നും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം ചുവടെ കൊടുത്തിരിക്കുന്നു

| ആകെ കുടുംബം (കുറിച്ച്യർ) | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 38 | 1 | 64 | 80 | 144 |

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | പി.എ ച്ച്.സി |
|---|---|---|---|---|---|---|
| ദൂരം (കി. മീ) | 5 | 2 | 10 | 2 | 2 | 200 |

സങ്കേതത്തിൽ ടാർ റോഡ് സൗകര്യം ലഭ്യമാണ്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പു വഴി ഭവനനിർമ്മാണം, വീടികളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം, പി.എം. എ.വൈ കമ്മ്യൂണിറ്റി ഹാൾ റിപ്പയറിംഗ്, വയൽ തടയിണ നിർമ്മാണം തുടങ്ങിയ പദ്ധതി കളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

## (7)പാലോട്ടിൽ

തവിഞ്ഞാൽ പഞ്ചായത്തിൽ വാളാട് വില്ലേജിൽ ഉള്ള പാലോട്ടിൽ സങ്കേതത്തിൽ 51 കുടുംബങ്ങളിലായി 161 കുറിച്യൻ സമുദായാംഗങ്ങൾ താമസിച്ചു വരുന്നു. 150 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന സങ്കേതത്തിൽ സ്ഥലം ഭാഗം വെച്ച് എല്ലാവർക്കും നൽകിയിരിക്കുന്നു. സങ്കേതത്തിലേക്കുള്ള റോഡ് പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാവരും ഒരുമിച്ച് കൃഷിചെയ്യുന്ന രീതി തുടരുന്ന ഇവർ പ്രധാനമായും വാഴ, നെല്ല്, പച്ചക്കറി, കാപ്പി, കുരുമുളക്, കപ്പ തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പാണ ്ഭവനം നിർമ്മിച്ചു നൽകുന്നത്. ഈ പണം വീട് പണി പൂർത്തിയാക്കാൻ തികയാത്തതുകൊ ണ്ടുതന്നെ കടം എടുക്കേണ്ട സ്ഥിതി ഉണ്ടാകുന്നു. പഞ്ചായത്ത് കിണർ സൗകര്യം കൂടാതെ സ്വന്തം കിണർ സൗകര്യവും എല്ലാവർക്കും ഉണ്ട്. പഠനവീട് ഗോത്ര സാരഥി തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ട്. കമ്മ്യൂണിറ്റി ഹാൾ കോളനിക്കകത്ത് ഉണ്ട്.

| ആകെ കുടുംബങ്ങൾ (കുറിച്യർ) | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 50 | 0 | 89 | 72 | 161 |

| സ്ഥാ പനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവര | റേഷൻ കട |
|---|---|---|---|---|---|---|---|
| ദൂരം | | 1 km | 1.2 km | 5 k.m | 1 k.m | 3 k.m | 1 k.m |

## (8)എടമന

തവിഞ്ഞാൽ പഞ്ചായത്തിലെ എടമന കുറിച്ച്യൻസങ്കേതത്തിൽ 36 കുടുംബങ്ങളിലായി 132 ആളുകൾ താമസിക്കുന്നു. 14 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സങ്കേതത്തിന് അവകാശികളായി 200 പേർ ഉണ്ട്. അതുകൊണ്ട് തന്നെ സ്ഥലം ഭാഗംവെയ്ക്കുന്നത് അസാധ്യമാണ്. സങ്കേതത്തിലേക്കുള്ള റോഡ് പണി പൂർത്തിയാക്കിയിട്ടില്ല. ഗോത്രസാരഥി വാഹനവും പഠനവീട് സൗകര്യവും ഉണ്ട്. പഞ്ചായത്ത് കിണറും ജലനിധി സൗകര്യവും ഉണ്ട്. കഴിഞ്ഞവർഷം പി.എച്ച്.സി മെഡിക്കൽ ക്യാമ്പ് നടത്തിയിരുന്നു. അംഗൻവാടി സങ്കേതത്തിനകത്ത് തന്നെയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തറവാട് വീടിന്റെ മുറ്റം കോൺക്രീറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഭവനനിർമ്മാണത്തിന് ബ്ലോക്കിൽ നിന്നും പണം ലഭിക്കുന്നുണ്ടെങ്കിലും പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പുറത്തുനിന്നും ലോൺ എടുക്കുന്നു. കാട്ടുപൂച്ചയുടെ ശല്യം നേരിടുന്നതുകൊണ്ടും മൃഗപരിപാലനത്തിനാവശ്യമായ തൊഴുത്ത് സൗകര്യം ഇല്ലാത്തതുകൊണ്ടും തന്നെ മൃഗങ്ങളെ വളർത്തുന്നത് വളരെ ബുദ്ധിമുട്ടാണ്

| ആകെ കുടുംബങ്ങൾ (കുറിച്യർ) | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 36 | 6 | 68 | 64 | 132 |

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവര | റേഷൻ കട |
|---|---|---|---|---|---|---|---|
| ദൂരം | ½ km | 4 km | 12 km | 20 k.m | 15 k.m | 8 k.m | 4 k.m |

### (9) മേലെ തലപ്പുഴ

തവിഞ്ഞാൽ പഞ്ചായത്തിലെ മേലെ തലപ്പുഴ സങ്കേതത്തിൽ മെലെ തലപ്പുഴ തറവാട്ടിലെ 40 കുറിച്ച്യൻകുടുംബങ്ങൾ താമസിക്കുന്നു. പാരമ്പര്യ വൈദ്യ ചികിത്സകൻമാരും ഈ സങ്കേതത്തിൽ ഉണ്ട്. കൃഷിയിലും കൂലിപ്പണിയിലും ഏർപ്പെടുന്ന ഇവർക്ക് വളർത്തുമൃഗങ്ങളിലൂടെയും വരുമാനം ലഭിക്കുന്നു. ഗോത്രസാരഥി, ജനനീ ജന്മരക്ഷ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പഠനവീട് സൗകര്യം ലഭ്യമല്ല. സ്വന്തം കിണർ ഉണ്ടെങ്കിലും പലരും മറ്റു വ്യക്തികളുടെ കിണറിൽ നിന്നുമാണ് വെള്ളം ഉപയോഗിക്കുന്നത്. പഠന കാര്യങ്ങളിൽ സങ്കേതനിവാസികൾ വളരെ താൽപര്യം കാണിക്കുന്നു. മാസത്തിൽ

ഒരിക്കൽ സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെടാറുണ്ട്. സങ്കേതത്തിൽ നിന്നും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവ ര |
|---|---|---|---|---|---|---|
| ദൂരം | 2 km | 4 km | 16 km | - | - | 3 k.m |

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 40 | 11 | 75 | 59 | 134 |

കൂടാതെ പഞ്ചായത്ത് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണ പദ്ധതി , വന ബന്ധു കല്ല്യാണ യോജന തുടങ്ങിയ പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

### (10) കൈതക്കൊല്ലി (താഴെ തലപ്പുഴ)

മാനന്തവാടി ബ്ലോക്കിലെ തവിഞ്ഞാൽ പഞ്ചായത്തിലെ താഴെ തലപ്പുഴ കുറിച്ച്യൻസങ്കേതത്തിൽ 39 കുറിച്യൻ കുടുംബങ്ങളാണുള്ളത് താഴെ തലപ്പുഴ തറവാട്ടിലെ അംഗങ്ങളായ ഇവർ പാരമ്പര്യമായി ലഭിച്ചുവരുന്ന ഭൂമിയിൽ നെല്ല്, വാഴ മുതലായവ കൃഷി ചെയ്തും മറ്റു കൂലിപണികൾ ചെയ്തും ഉപജീവനം കഴിക്കുന്നു. വെള്ളത്തിനായി സ്വന്തം കിണർ പഞ്ചായത്തു കിണർ, ജലനിധി എന്നീ പദ്ധതികളെ ആശ്രയിക്കുന്നു. ഗോത്രസാരഥി, ജനനീ ജന്മരക്ഷ എന്നീ പദ്ധതികൾ സങ്കേതത്തിൽ നടത്തപ്പെടുന്നുണ്ടെങ്കിലും പഠന വീട് സൗകര്യം ലഭ്യമല്ല. സ്വന്തമായി കൃഷിയും ഭൂമിയും ഉണ്ടെങ്കിലും വളർത്തു മൃഗങ്ങളെ പരിപാലിക്കാൻ മടികാണിക്കുന്നു. സങ്കേതത്തിൽ നിന്നും പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം താഴെ കൊടുത്തിരിക്കുന്നു.

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | പി. എ ച്ച്. സി |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 km | 4 km | 16 km | - | - | 15 k.m |

| ആകെ കുടുംബങ്ങൾ (കുറിച്യർ) | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 39 | 5 | 58 | 51 | 109 |

കൂടാതെ പഞ്ചായത്ത് ഭവന നിർമ്മാണം, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായം, വനബന്ധു കല്ല്യാൺയോജന റോഡ് കോൺക്രീറ്റ്, സൈഡ് കെട്ട് എന്നീ പദ്ധതികളും സങ്കേതത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

## (11) കാവിൽപ്പാടം

മാനന്തവാടി ബ്ലോക്കിലെ തവിഞ്ഞാൽ വില്ലേജിലെ കാവിൽപ്പാടം സങ്കേതത്തിൽ 57 കുറിച്ച്യൻകുടുംബങ്ങൾ ഉൾപ്പെടുന്നു. പാരമ്പര്യമായി ലഭിച്ച ഭൂമിയിൽ വാഴ, കാപ്പി, നെല്ല് തുടങ്ങിയവ കൃഷി ചെയ്യുന്നു. കർഷകതൊഴിലിൽ ഏർപ്പെട്ടും മറ്റു കൂലിപ്പണികൾ ചെയ്തും ഉപജീവനം കഴിക്കുന്നു. രണ്ടു മാസം കൂടുമ്പോൾ മെഡിക്കൽ ക്യാമ്പുകൾ നട ത്തപ്പെടുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പു വഴി ഭവനനിർമ്മാണം, നടപ്പാത കോൺക്രീറ്റ് എന്നീ പദ്ധതികൾ ഇവിടെ നടപ്പാക്കിയിട്ടുണ്ട്. പാരമ്പര്യ വൈദ്യത്തിനു പേരുകേട്ട വൈദ്യനും കിർതാഡ്സിൽ നിന്നും ദ്രാവിഡ ഹെർബൽ മെഡിസിൻ കോഴ്സ് കഴിഞ്ഞ ഒരു വ്യക്തിയും ഈ സങ്കേതത്തിൽ സേവനം ചെയ്യുന്നു. മിക്ക കുടുംബങ്ങളും ആട് ,കോഴി തുടങ്ങിയവയെ വളർത്താൻ ശ്രദ്ധ ചെലുത്തുന്നു. സങ്കേതത്തിൽ നിന്നും പൊതു സ്ഥാപ നങ്ങളിലേക്കുള്ള ദൂരം താഴെ കൊടുത്തിരിക്കുന്നു.

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവ ര |
|---|---|---|---|---|---|---|
| ദൂരം | 1 km | 3 km | 15 km | 10 | 20 | 2k. m |

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 57 | 1 | 125 | 102 | 227 |

## (12) എടലക്കുനി

തവിഞ്ഞാൽ പഞ്ചായത്തിലെ എടലക്കുനി കുറിച്ച്യൻസങ്കേതത്തിൽ 39 കുടുംബങ്ങളിലായി 169 ആളുകൾ താമസിക്കുന്നു. സങ്കേതത്തിലേക്കുള്ള റോഡ് പണി പൂർത്തിയാക്കിയിട്ടില്ല. മഴക്കാലമായാൽ ഈ റോഡിലൂടെയുള്ള യാത്ര ദുസ്സഹമാണ്. പഠിക്കുന്ന കുട്ടികൾക്ക് ഗോത്രസാരഥി വാഹന സൗകര്യം ലഭ്യമാണ്. കുട്ടികൾക്ക് ട്യൂഷൻപുറത്തുനിന്നും വരുന്ന ഒരു സ്ത്രീ നൽകുന്നു. സ്കൂളിലേക്ക് പോകാൻ ഹയർസെക്കൻഡറി കുട്ടികൾ മര നിർമ്മിതമായ പാലത്തെയാണ് ആശ്രയിക്കുന്നത്. അതിനാൽ പാലം പണിയേണ്ടത് അത്യാവശ്യമാണ്. സങ്കേതത്തിലെ തളർന്നു കിടക്കുന്ന 2 പേരെ ഹെൽത്ത് സെന്റർ അധികൃതർ സംരക്ഷിക്കുന്നു. മെഡിക്കൽ ക്യാമ്പ് 2 മാസം മുമ്പ് സങ്കേതത്തിൽ നടത്തിയിരുന്നു. ജലനിധി സൗകര്യം ലഭ്യമാണ്. വീട് പണിക്ക് പഞ്ചായത്ത് പണം നൽകുന്നുണ്ടെങ്കിലും അത് തികയാത്തതിനാൽ ലോൺ എടുക്കേണ്ട അവസ്ഥ ഉണ്ടാകുന്നു. പഞ്ചായത്ത് നെൽകൃഷിക്ക് വിത്ത് നൽകുന്നുണ്ട്.

| സ്ഥാപനം | അംഗൻവാടി | സ്കൂൾ | കോളേജ് | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | ജവ ര |
|---|---|---|---|---|---|---|
| ദൂരം (കി.മീ) | ½ | 1 | 20 | 1 | 1 | 3 |

| ആകെ കുടുംബം | ഭൂരഹിതർ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 39 | 0 | 88 | 81 | 169 |

തവിഞ്ഞാൽ പഞ്ചായത്തിലെ 50 കുറിച്യൻ കുടുംബങ്ങൾ പ്രതിനിധീകരിക്കുന്ന 12 സങ്കേതങ്ങളുടെ അവസ്ഥാ പഠനമാണ് മുകളിൽ വിവരിച്ചിരിക്കുന്നത്. തൊഴിൽ, ഗതാഗതം, കുടിവെള്ളം, ഭവന നിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യപരിചരണം എന്നീ മേഖലകളിലാണ് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതെങ്കിലും പ്രധാനമായും കുടിവെള്ളം, റോഡ്, ആരോഗ്യ പരിരക്ഷാ ക്യാമ്പ്, ഗതാഗതം എന്നീ മേഖലകളിലാണ് കൂടുതലായും പ്രശ്നങ്ങൾ നില നിൽക്കുന്നത്.

തവിഞ്ഞാൽ പഞ്ചായത്തിലെ പല കുറിച്ച്യ സങ്കേതങ്ങളിലും 250-ൽ അധികം കുടുംബങ്ങൾ ഉണ്ടെങ്കിലും ഇവിടെ ഗതാഗത സൗകര്യം തീരെ കാര്യക്ഷമമല്ലാത്തതിനാൽ അത്യാഹിത സാഹചര്യങ്ങളിൽ ആശുപത്രിയിൽ എത്തിക്കാൻ സാധിക്കാതെ മരണം സംഭവിക്കാറുണ്ട്. പലയിടങ്ങളിലും മൺറോഡ് ആയതിനാൽ മഴക്കാലത്തും വേനൽക്കാലത്തും ഒരുപോലെ ദുരിതം അനുഭവിക്കുന്നു. ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം റോഡ് നിർമ്മാണം കഴിഞ്ഞ് വെറും 2 മാസം കഴിയുമ്പോഴേക്കും ഗതാഗതയോഗ്യമല്ലാതാകുന്നു.

ഗതാഗതം പോലെതന്നെ ഇവർ പൊതുവിൽ അനുഭവിക്കുന്ന മറ്റൊരു പ്രശ്നമാണ് ജല ക്ഷാമം.. പല ട്രസ്റ്റുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും കൊടും വേനലിൽ പോലും വറ്റാത്ത കുളങ്ങൾ സങ്കേതത്തിനുള്ളിൽ നിർമ്മിക്കാമെങ്കിൽ എന്തുകൊണ്ട് ഗവൺമെന്റിന് ചെയ്തുകൂടാ എന്ന ചോദ്യം നിലനിൽക്കുന്നു. മാത്രമല്ല പമ്പ് ഹൗസ്, ജലനിധി പോലുള്ള പദ്ധതികൾക്കായി പലപ്പോഴും കോളനിക്കാർ പണമടച്ചിട്ടും ഇത്തരം പദ്ധതികൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നു എന്നത് ശ്രദ്ധേയമാണ്.

മെഡിക്കൽ ക്യാമ്പുകൾ പലയിടങ്ങളിലും നടത്തുന്നുണ്ടെങ്കിലും തലേ ദിവസം മാത്രം സങ്കേത നിവാസികളെ അറിയിക്കുന്നതിനാൽ ഒരു ദിവസത്തെ തൊഴിൽ നഷ്ടപ്പെടുത്തി പലതും ഇതിൽ പങ്കുചേരാൻ മടിക്കുന്നു. ആരോഗ്യ പ്രവർത്തകർ ഇത്തരം കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വെള്ളമുണ്ട പഞ്ചായത്ത്

### (1) വളാരംകുന്ന്

വെള്ളമുണ്ട പഞ്ചായത്തിലെ വളാരംകുന്ന് പണിയൻ സങ്കേതം വനത്താട് ചേർന്ന ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഗതാഗതസൗകര്യം ഉള്ള സ്ഥലത്തുനിന്നും 5കി.മീ അകലെ ഉള്ള സങ്കേതത്തിൽ 45 കുടുംബങ്ങൾ ഉണ്ട്.

ഗോത്രസാരഥി പദ്ധതി പ്രകാരം സങ്കേതത്തിൽ വാഹനം എത്തുന്നുണ്ടെങ്കിലും കുട്ടികൾക്ക് ദിവസവും സ്കൂളിൽ പോകുന്ന പതിവില്ല. അമൃതാനന്ദമയീ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ധാരാളം പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നുണ്ട്. രണ്ട് ആഴ്ച കൂടുമ്പോൾ മെഡിക്കൽ ക്യാമ്പ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. സോളാർ ലൈറ്റ് ട്രസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുൽതൈല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ട്രസ്റ്റ് പ്രവർത്തകൻ ട്യൂഷൻ എടുക്കുന്നുണ്ട്. ഊരുകൂട്ടം കാര്യക്ഷമമായി നടക്കാറില്ല. ജലവിതരണ സ്കീമിലൂടെയാണ് കുടിവെള്ളം ലഭിക്കുന്നത്. ഭർത്താവിന്റെ മദ്യപാനം കാരണം ബന്ധം വേർപിരിഞ്ഞ് താമസിക്കുന്നവർ കോളനിയിൽ ഉണ്ട്. കട്ടിൽ, കിടക്ക വിതരണം, ജനനീ ജന്മരക്ഷ, വയോജനങ്ങൾക്കുള്ള സമഗ്ര ആയുർവേദ ആരോഗ്യ പരിചരണം, ഹഡ്ക്കോ തുടങ്ങിയ പദ്ധതികളും നടപ്പായിട്ടുണ്ട്.

33 വീടുകളിൽ 2015-16 ഹഡ്കോ പദ്ധതിയിൽ ഉൾപ്പെടുന്ന 15 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. വീടു നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ തല ചുമടായി എത്തിക്കുന്നതിനാലുള്ള സമയ നഷ്ടവും, കരാറുകാരന്റെ അനാസ്ഥയും വീടു പണി പൂർത്തീകരണം താമസിപ്പിക്കുന്നു. പണി തീർന്ന വീടുകൾക്കെല്ലാം കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാണ്. ഓരോ വീടുകളിലും രണ്ടോ മൂന്നോ കുടുംബങ്ങൾ ഉള്ളതി നാൽ കിടക്കുവാനും കുട്ടികൾക്കു പഠിക്കുവാനുമുള്ള സൗകര്യം കുറവാണ്.

നിലവിൽ സങ്കേതത്തിലേക്ക് റോഡ് സൗകര്യം ഉണ്ടെങ്കിലും സങ്കേതത്തിന്റെ മുകൾഭാഗത്ത് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയിലേക്ക് ലോറിയുടെ സ്ഥിര സഞ്ചാരം റോഡു പെട്ടെന്ന് മോശമാക്കുന്നു. ക്വാറിയുടെ പ്രവർത്തനം വീടുകൾക്ക് ഭീഷണിയാണ്. മാത്രമല്ല ശബ്ദം കാരണം അംഗൻവാടി കുട്ടികൾക്ക് അസ്വസ്ഥത ഉണ്ടാക്കുന്നു. കൂടാതെ സങ്കേതത്തിലെ ചെറിയ റോഡിലൂടെ വലിയ വാഹനങ്ങൾ പോകുന്നതിനാൽ കുട്ടികളുടെ സ്കൂൾ യാത്ര തടസ്സപ്പെടുന്നു. നിരവധി പരാതികൾ ഈ കാരണങ്ങൾ കാണിച്ച് അധികാരി കളെ അറിയിച്ചെങ്കിലും പൂർവ്വാധികം ശക്തിയോടെ ക്വാറി പ്രവർത്തനം തുടരുന്നു എന്നു മാത്രമല്ല കുന്നിൻ മുകളിലെ സങ്കേതത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായി ഇവി ടുത്തെ മുകൾ ഭാഗത്തെ ഭൂമി മുഴുവൻ ക്വാറി നടത്തിപ്പുകാരന്റെ കൈയ്യിലാണ്.

സങ്കേതത്തിൽ ക്ഷയരോഗം ബാധിച്ച ഒരു വ്യക്തിയും, ശരീരം തളർന്ന രണ്ടുപേരും ഉൾപ്പെടുന്നു. അപ്രതീക്ഷിതമായി ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസ്ഥകൾ ഗർഭിണികൾ എന്നിവരെ അത്യാസന്നമായി ആശുപത്രിയിൽ എത്തിക്കേണ്ടി വന്നാൽ അതിനു പലപ്പോഴും സാധിക്കാറില്ല. 14,15 വയസ്സു മുതൽ തന്നെ കുട്ടികൾ മദ്യപാനം, പുകവലി, മുറുക്ക് എന്നിവയ്ക്ക് അടിമപ്പെടുന്നു. തൊഴിൽ സമയം കഴിഞ്ഞാൽ മുതലാളി മാർ മദ്യം കാണിച്ച് ഇവരെ കൂടുതൽ നേരം പണിയെടുപ്പിക്കുന്നു. റേഷൻകടയിൽ എത്തി ച്ചേരാൻ 5.കി.മീ ദൂരം കാൽ നടയായി സഞ്ചരിക്കേണ്ടി വരുന്നു. ഈ ഭാഗങ്ങളിൽ ഗതാഗത സൗകര്യവും ലഭ്യമല്ല.

സങ്കേതനിവാസികൾ തൊഴിലുറപ്പിലും കൂലിപ്പണിയിലും ആശ്രയിക്കുന്നു. ഒരു തൊഴിൽകാർഡിന് ആകെ 100 തൊഴിൽ ദിനങ്ങളാണ് ഒരു വർഷം കിട്ടാറ്. തൊഴിലുറപ്പു പണിയിൽ കൃത്യമായി വേതനവും ലഭിക്കാറില്ലെന്ന് അവർ പരാതിപ്പെടുന്നു. കൂടാതെ കൂലിപ്പണി സീസണിൽ മാത്രമേ ലഭിക്കാറുള്ളൂ. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ജോലി കിട്ടാത്തതിനാൽ കൂലിപ്പണിയെ ആശ്രയിക്കേണ്ടി വരുന്നു.

കുന്നിൻപ്രദേശത്തുള്ള സങ്കേതത്തിൽ കിണർ നിർമ്മാണം സാധ്യമല്ല. ജലനിധിയും ലഭ്യമ ല്ല. ചോലയിൽ നിന്നും ഹോസ്സിട്ടാണ് ഇപ്പോൾ വെള്ളം ലഭ്യമാക്കുന്നത്. സർക്കാർ പദ്ധതി പ്രകാരം ചോലയിൽ നിന്ന് ടാങ്കിലേക്ക് വെള്ളം നിറയ്ക്കാൻ സംവിധാനം ഉണ്ടെങ്കിലും ചോലയിൽ വെള്ളം ഇപ്പോൾ കുറവായതിനാൽ പ്രവർത്തനരഹിതമാണ്.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 45 | 10 | 110 | 90 | 200 |

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം (കി.മീ)

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | പി.എച്ച്.സി | കോളേജ് | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 1 | ½ | 3 | 8 | 5 | 0.500 | |

## സങ്കേത നിവാസികളുടെ നിർദ്ദേശങ്ങൾ

1. സ്ഥിരവരുമാനത്തിനായുള്ള ആശാരിപ്പണി, വയറിംഗ്, പ്ലംബിംഗ്, ഡ്രൈവിംഗ്, തയ്യൽ തുടങ്ങിയവയിൽ പരിശീലനം നൽകുക
2. സങ്കേതത്തിലേക്ക് ഗതാഗതയോഗ്യമായ റോഡും പൊതു സംവിധാവും ഏർപ്പെടുത്തുക.
3. മരണം സംഭവിച്ചാൽ മറവുചെയ്യാൻ സ്ഥലമില്ലാത്തതിനാൽ സങ്കേതത്തിനോടു ചേർന്നു പൊതുശ്മശാന സൗകര്യം ലഭ്യമാക്കുക.
4. പഠിച്ചതിന് ആനുപാതികമായി തൊഴിൽ ലഭ്യമാക്കാൻ പി.എസ്സ്.സി പരിശീലന സൗകര്യം നടത്തുക.
5. മലയോര പ്രദേശങ്ങളിൽ വീടുപണിക്ക് കൂടുതൽ ഫണ്ട് അനുവദിക്കുക.
6. സർക്കാർ ഇടപെട്ട് ക്വാറി പ്രവർത്തനം നിർത്തലാക്കുക.
7. കൊടുംവേനലിൽ പോലും വറ്റാത്ത ഉറവ സങ്കേതത്തിലുണ്ട്. മുകൾഭാഗത്തായുള്ള ഉറവയ്ക്കടുത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി സങ്കേതത്തിലെ മുഴുവൻ വീട്ടുകാർക്കും വെള്ളം എത്തിക്കാൻ സംവിധാനം ഉണ്ടാക്കുക.

## (2)പിള്ളേരി

വെള്ളമുണ്ട പഞ്ചായത്തിലെ പിള്ളേരി പണിയൻ സങ്കേതത്തിൽ 30 കുടുംബങ്ങളിലായി പണിയൻ വിഭാഗത്തിൽപ്പെട്ട 104 ആളുകൾ താമസിക്കുന്നു. വീട് അനുവദിച്ചിരിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പ് ആണ്. 3.5 ലക്ഷം രൂപ രണ്ട് ഗഡുക്കളിലായി ലഭിച്ച പലവീടുകളും പൂർത്തായാക്കാതെയുണ്ട്. വീട് പണിയുന്നത് ഡിപ്പാർട്ട്മെന്റ് നേരിട്ടല്ല. മറിച്ച് കോൺട്രാക്ടർക്ക് കരാർ കൊടുത്തിരിക്കുകയാണ്. ഗോത്ര സാരഥി പദ്ധതിപ്ര

കാരം വാഹനം ഊരിൽ എത്തുന്നുണ്ട്. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഗ്രാന്റ് കൃത്യ മായി രക്ഷിതാക്കളുടെ കൈയ്യിൽ ലഭിക്കുന്നുണ്ട്. സങ്കേതത്തിൽ 10-ാം ക്ലാസ്സ് പാസ്സായ ഒരാൾ കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നുണ്ട്. പഞ്ചായത്ത് വക പൈപ്പ് കണക്ഷനും, പൊതു കിണറും ഉണ്ട്. കുട്ടികൾക്ക് അംഗനവാടിയിൽ നിന്ന് പോഷകാഹാരം ലഭിക്കുന്നുണ്ട്. എസ്.ടി.വനിതകൾക്ക് ആട് വളർത്തൽ, ജനനീജന്മരക്ഷ, വനബന്ധു കല്ല്യാൺയോജന, ജന റൽ ഹൗസിംഗ് തുടങ്ങിയ പദ്ധതികളാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്.

മേലെ ഭാഗം സങ്കേതത്തിൽ കിണർ സൗകര്യം ഉണ്ടെങ്കിലും താഴെ ഇത് ലഭ്യമല്ല. നില വിലുള്ള ജലനിധി പദ്ധതിയിലൂടെ പലപ്പോഴും വെള്ളം കിട്ടാറില്ല എന്നു മാത്രമല്ല, മാസാവ സാനം അടക്കേണ്ട തുക താങ്ങാനാകാത്തതിനാൽ ഇപ്പോൾ വെള്ളം മുടങ്ങിയിരിക്കുകയാ ണ്. സങ്കേതത്തിലെ 11 വീടുകളിൽ കക്കൂസ് സൗകര്യം ഇല്ല. അതിനായി ജലനിധിയുടെ കക്കൂസ് സൗകര്യത്തിനായി 700 രൂപ വീതം അടച്ച് പഞ്ചായത്തിൽ കരാർ ഒപ്പു വെച്ചെ ങ്കിലും ഒരു വർഷത്തിനു ശേഷവും പണം തിരികെ ലഭിക്കുകയോ പദ്ധതി തുടങ്ങുകയോ ചെയ്തില്ല. തോട് സൈഡ് കെട്ടാത്തതുമൂലം, മഴക്കാലത്ത് താഴെ സങ്കേതത്തിലെ സ്ഥലം ഇടിയുകയും ഓരോരുത്തർക്കും ആകെ ഉള്ള 3 സെന്റ് സ്ഥലം പോലും ഇല്ലാതാകുകയും ചെയ്യുന്നു. കൂടാതെ മഴയത്ത് തോട് നിറഞ്ഞ് കവിയുന്നതിനാൽ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാതാകുന്നു. പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. മാത്രമല്ല, അടുത്തിടെയായി മേലെ ഭാഗത്ത് തോട് സൈഡ് കെട്ടിയത് ഇടിഞ്ഞു പോയിരിക്കുന്നു. കോൺട്രാക്റ്റ് കൊടുത്ത് പണിത വീടുകൾ മഴയത്ത് ചോരുകയും വീടിന്റെ സൈഡ് ഇടി യുകയും ചെയ്യുന്നു. 2009-10 വർഷം കിട്ടിയ വീടിന്റെ പണി സ്വന്തം ചെയ്യുന്നതിനാൽ ഇതുവരെ പൂർത്തിയായിട്ടില്ല. സ്ഥലപരിമിതി മൂലം 3 വീടുകളിൽ കൂട്ടുകുടുംബമായി താമ സിക്കുന്നതിനാൽ പാചകം പോലുള്ള അടുക്കള വിഷയങ്ങളിൽ പലപ്പോഴും കലഹങ്ങൾ ഉണ്ടാകുന്നു.

സങ്കേത നിവാസികൾ തൊഴിലുറപ്പിലും കൂലിപ്പണിയിലും ആശ്രയിക്കുന്നു. ചിലർ സ്വന്തം ആവശ്യങ്ങൾക്കായി വനത്തിൽനിന്നും തേൻ ശേഖരിക്കുകയും 3 വീടുകൾ പാട്ട ത്തിനു വാഴകൃഷി ചെയ്യുകയും ചെയ്യുന്നു.

62 വയസ്സുള്ള സ്ത്രീക്ക് കാൻസർ ഉണ്ടെങ്കിലും ചികിത്സിക്കാൻ പണം ഇല്ല. മാന സിക ആരോഗ്യം ഇല്ലാത്ത സ്ത്രീയും സങ്കേതത്തിൽ ഉൾപ്പെടുന്നു. സങ്കേതത്തിലെ പുരുഷ ന്മാരും ചുരുക്കം സ്ത്രീകളും മദ്യത്തിന് അടിമകളാണ്. പലപ്പോഴും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ടെങ്കിലും അവ ഫലപ്രദമായിട്ടില്ല. വെള്ളമുണ്ട ടൗണിലെ ചില ഓട്ടോഡ്രൈവർമാർ ബീവറേജിൽ നിന്നും മദ്യം വാങ്ങി സങ്കേതത്തിൽ എത്തിച്ചുകൊടുക്കു കയും ഇവരിൽ നിന്നും ഇരട്ടിയിലധികം പണം വാങ്ങുകയും ചെയ്യുന്നു. ഈ സങ്കേതത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. അതിൽ 11 പേർ വിധവകളും.

പഞ്ചായത്തിൽ നിന്നും 8 കോഴികളെ വീതം 15 വീടുകൾക്ക് ലഭിച്ചെങ്കിലും സ്ഥലപരിമിതി മൂലം ഇവയെ നന്നായി വളർത്തുവാൻ സാധിക്കാതെ വരുന്നു. അതിനാൽ ഇനി കോഴികളെ നൽകരുതെന്ന് സങ്കേത നിവാസികൾ അഭിപ്രായപ്പെടുന്നുണ്ട്.

## സങ്കേത നിവാസികളുടെ നിർദ്ദേശങ്ങൾ

1. കോഴി വളർത്തൽ പദ്ധതിയിലൂടെ ലഭിക്കുന്ന കോഴികൾ മറ്റു പറമ്പുകളിൽ കയറി കൃഷി നശിപ്പിക്കുന്നതിനാൽ ഈ പദ്ധതി പ്രായോഗികമല്ല. അതിനാൽ കോഴിക്കു പകരം ആടിനെ നൽകുവാൻ അവർ ആവശ്യപ്പെടുന്നു.
2. തയ്യൽ, ഡ്രൈവിംഗ് എന്നിവയിൽ സ്വയംതൊഴിൽ പരിശീലനം നൽകുക. തയ്യൽ മെഷീൻ നൽകുക.
3. ശ്മശാന സൗകര്യം ലഭ്യമാക്കുക.
4. ഓട്ടോക്കാരുടെ മദ്യം വഴിയുള്ള ചൂഷണം അവസാനിപ്പിച്ച് വിതരണം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
5. ജലനിധിയുടെ പൈസ കുറയ്ക്കുക

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 30 | 25 | 16 | 58 | 104 |

**പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം**

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | പി.എച്ച്.സി | കോളേജ് | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | | ½ | 1 | | | | |

## (3) മുണ്ടയ്ക്കൽ

മുണ്ടക്കൽ പണിയൻ സങ്കേതത്തിൽ 121 ആളുകൾ 34 കുടുംബങ്ങളിലായി താമസിക്കുന്നു. ഈ സങ്കേതത്തിൽ സ്കൂൾ 500 മീറ്റർ അകലെ സ്ഥിതി ചെയ്യുന്നു. അംഗനവാടി കെട്ടിടം ഊരിനുള്ളിൽ തന്നെയുണ്ട്. എന്നാൽ ഉത്ഘാടനം കഴിഞ്ഞിട്ടില്ല. മുട്ടിൽ വിവേകാനന്ദ ട്രസ്റ്റ് കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നതിന് മാസം 5000 രൂപ സങ്കേതത്തിലെ 10-ാം ക്ലാസ് വിദ്യാഭ്യാസമുള്ള ഒരു കുട്ടിക്ക് നൽകുന്നു. 10 കുട്ടികൾക്ക് ട്യൂഷൻ എടുക്കു

ന്നുണ്ട്. ഹാംലെറ്റ് പദ്ധതി പ്രകാരം റോഡ് ടൈൽ ഇട്ട് നവീകരിച്ചിട്ടുണ്ട്. വീടുകളിലേക്ക് ഇറങ്ങിച്ചെല്ലാൻ കോൺക്രീറ്റ് പടവുകൾ നിർമ്മിച്ചിട്ടുണ്ട്. പൊതുകിണറാണ് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. വേനൽക്കാലത്ത് കിണർ വറ്റിപ്പോകുന്നതിനാൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. സങ്കേതത്തിൽ മദ്യപാനം വളരെ കൂടുതലാണ്. ജോലികഴിഞ്ഞ് വരുന്ന പുരുഷന്മാർ മദ്യപിച്ചാണ് സ്ഥിരമായി വരാറുള്ളത്. ഭർത്താക്കന്മാരുടെ മദ്യപാനം മൂലം താൽക്കാലികമായി ഭർത്താവിൽ നിന്നും വേർപിരിഞ്ഞു താമസിക്കുന്ന സ്ത്രീകൾ ഇവിടെയുണ്ട്. ഹൃദയ സംബന്ധമായ അസുഖമുള്ള ഒരു കുട്ടി കോഴിക്കോട് സ്ഥിരമയി ചികിത്സയിലാണ്. ഹഡ്ക്കോ, പഞ്ചായത്ത് കിണർ തുടങ്ങിയ പദ്ധതികൾ സങ്കേതത്തിൽ നടപ്പാക്കിയിട്ടുണ്ട്. അംഗൻവാടിയിൽ നിന്ന് കുട്ടികൾക്ക് പോഷകാഹാരങ്ങൾ ലഭിക്കുന്നുണ്ട്. A.R.D.No.1 പ്രകാരം പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവ റേഷൻ കടയിൽ നിന്നും ലഭിക്കാറില്ല. കോഴിവിതരണ പദ്ധതി നടപ്പാക്കിയെങ്കിലും അവയുടെ പരിപാലനത്തിലുള്ള അശ്രദ്ധ മൂലം പദ്ധതി ഫലപ്രദമായില്ല.

അടിസ്ഥാന പ്രശ്നങ്ങൾ നേരിടുന്നതായി സങ്കേതനിവാസികൾ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത് കുടിവെള്ളം, കൃഷിയോഗ്യമായ ഭൂമിയുടെ അഭാവം, അംഗൻവാടിയുടെ അഭാവം , പുതിയ തലമുറയ്ക്ക് വീട് വെയ്ക്കാൻ ഭൂമിയില്ല എന്നിവയാണ്. കുടിവെള്ളത്തിന്റെ പരിമിതി സങ്കേതത്തിൽ ഉണ്ടാകാനുള്ള പ്രധാന കാരണമായി ഇവർ പറയുന്നത് ഭൂഗർഭ ജലവിദാനത്തിന്റെ കുറവും നെൽകൃഷിയുടെ ഇല്ലായ്മയും തണ്ണീർത്തടാകങ്ങളുടെ അഭാവവുമാണ്. ഇവയൊക്കെയാണ് ജല ദൗർലഭ്യത കാരണം ആരോഗ്യപ്രശ്നങ്ങൾ, കൃഷിചെയ്യുന്നതിനുള്ള പ്രയാസങ്ങൾ തുടങ്ങിയവ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ചെങ്കുത്തായ സ്ഥലങ്ങളാണ് സങ്കേതത്തിൽ പലസ്ഥലത്തും. അതുകൊണ്ടു തന്നെ കൃഷിചെയ്യുന്നതിനോ അതിലൂടെ വരുമാനം ഉണ്ടാക്കാനോ സാധ്യമല്ല. സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് സങ്കേതത്തിൽ ഇതുവരെ അംഗൻവാടി സ്ഥാപിതമായിട്ടില്ല. ധാരാളം കുട്ടികളുള്ള ഈ സങ്കേതത്തിൽ അംഗൻവാടിയുടെ അഭാവം വരുത്തുന്ന പ്രശ്നം വളരെ വലുതാണ്. ഗവൺമെന്റ് ഇവർക്ക് നൽകിയിട്ടുള്ള മിച്ചഭൂമി താമസയോഗ്യമല്ലാത്ത അവസ്ഥയിലാണ് നിലവിലുള്ളത്. എന്നാൽ ഇവർക്ക് പാരമ്പര്യമായി ലഭിച്ച ഭൂമിയുടെ അളവ് കുറവുമാണ്. അതുകൊണ്ടുതന്നെ പുതിയ തലമുറയ്ക്ക് ഭവനം നിർമ്മിക്കുന്നതിനോ, കുട്ടികളെ സംരക്ഷിക്കുന്നതിനോ ഒരു വീട് സ്വന്തമായി ഇല്ലാത്ത അവസ്ഥയുണ്ട്.

പൊതുവെ മദ്യപാനികൾ ധാരാളം ഉള്ള സങ്കേതത്തിൽ പലരും മാനസിക പ്രശ്നങ്ങൾ ഉള്ളവരാണ്. കുടുംബപ്രശ്നങ്ങളും ലഘുവായി ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ തിരിച്ചറിയാതെ പോകുന്നതും ഗുരുതരമായ മാനസിക പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. ഇതിലൂടെ കുടുംബാന്തരീക്ഷം താറുമാറാവുകയും, സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാവുകയും, പഠനമേഖലകളിൽ കുട്ടികൾ പിന്നോട്ട് പോവുകയും ചെയ്യുന്നു. പൊതുവെ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സങ്കേതത്തിൽ അരിവാൾ രോഗം കണ്ടുവരുന്നു. കൂടാതെ ക്രമം

തെറ്റിയുള്ള ഭക്ഷണരീതിയും, പരാമ്പര്യ ഭക്ഷണരീതിയിലുള്ള മാറ്റവും കാരണം പലർക്കും പോഷകാഹാരക്കുറവ് കാരണം രോഗങ്ങൾ വർദ്ധിച്ചുവരുന്നു.

സങ്കേതം നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ജോലിയുടെ അപര്യാപ്തത. മുൻ കാലങ്ങളിൽ ചെയ്തു വന്നിരുന്ന നെൽകൃഷി കാർഷിക രീതിയിൽ വന്ന മാറ്റത്തിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ഇല്ലാതായത് സാമ്പത്തിക പ്രശ്നം രൂക്ഷമാകുന്നതിലേക്കും ഉപജീവനം ഇല്ലാതാകുന്നതിലേക്കും നയിച്ചിരിക്കുന്നു. സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത കാരണം ആട്, പശു തുടങ്ങിയ മൃഗങ്ങളെ വളർത്താൻ സാധിക്കുന്നില്ല. കൂട്ടായ്മയോ സ്വയം സഹായ സംഘങ്ങളോ ഇല്ലാത്തതുകൊണ്ടു തന്നെ സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം സങ്കേതത്തിൽ ഇല്ല.

വിദ്യാഭ്യാസപരമായി സങ്കേതത്തിൽ ഉള്ളവർ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം എന്നത് സങ്കേതത്തിലുള്ള ഭൂരിഭാഗം പേർക്കും ഉയർന്ന വിദ്യാഭ്യാസ മെഖലകളിൽ എത്തിപ്പെടാൻ സാധിക്കുന്നില്ല എന്നതാണ്. രക്ഷിതാക്കളുടെ താൽപര്യക്കുറവ് കാരണം കുട്ടികൾ മറ്റ് ജോലികളിലേക്ക് തിരിയുന്ന സാഹചര്യം നിലനിൽക്കുന്നു. ലഹരി വസ്തുക്കൾ കുട്ടികൾ ധാരാളമായി ഉപയോഗിക്കുന്നു. കുടുംബത്തിൽ പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നില്ല. ഇത്തരത്തിലുള്ള പലകാരണങ്ങളാൽ കുട്ടികൾ പഠിക്കാൻ താത്പര്യം കാണിക്കാതെ മുരടിച്ചു പോകുന്നു.

കുടുംബത്തിലുള്ള സാമ്പത്തിക പരാധീനതകൾ കാരണവും ഹൈസ്ക്കൂൾ വിദ്യാഭ്യാസം എത്തുന്നതിനു മുമ്പേ പലരും പഠനം നിർത്തുന്നു. പ്രായപൂർത്തി ആകുന്നതിനു മുൻപേ കുട്ടികളെ വിവാഹം കഴിച്ച് അയക്കുന്ന പ്രവണതയും നിലനിന്നിരുന്നു. കൂടാതെ വിവാഹമോചനം, കുടുംബ ഛിദ്രത, മാനസിക സംഘർഷങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും ഇവർക്കിടയിൽ നിലനിൽക്കുന്നു. കുട്ടികളിലെ പഠനവൈകല്യം വ്യക്തമായി തിരിച്ചറിയുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ധാരാളമായി പഠനത്തിനിടയിലെ കൊഴിഞ്ഞുപോക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. രക്ഷിതാക്കൾ അമിതമായി മദ്യപിക്കുന്നതുകൊണ്ട് തന്നെ കുട്ടികൾക്ക് പഠിക്കാനും പഠനത്തിൽ ശ്രദ്ധിക്കാനും കഴിയാത്ത അവസ്ഥ ഉണ്ട് കൂടാതെ കുട്ടികളിൽ മദ്യത്തിനോട് ആസക്തി കണ്ടുവരുന്നു.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | പി.എച്ച്.സി | കോളേജ് | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 0.5 | 0.2 | 0.400 | 3.5 | 13 | 4 | 2.5 |

### സങ്കേത നിവാസികളുടെ നിർദ്ദേശങ്ങൾ

- പ്രധാനമായും മുണ്ടക്കൽ സങ്കേതം നേരിടുന്ന പ്രശ്നങ്ങൾ മാനസിക ആരോഗ്യപ്രശ്നങ്ങൾ, വിദ്യാഭ്യാസം, ഉപജീവനം എന്നിവയാണ്. മാനസിക ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു പ്രധാനപ്പെട്ട പരിഹാരം ബോധ വത്ക്കരണത്തോടൊപ്പം ആവശ്യമായ ചികിത്സയും, സാമൂഹിക മാനസിക പുനരധിവാസവും നൽകുക എന്നതാണ്.
- മദ്യത്തിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിലൂടെയും വിദ്യാഭ്യാസ പ്രവർത്തന ങ്ങൾ ഊർജ്ജിതമാക്കുന്നതിലൂടെയും ഒരു പരിധിവരെ മാനസിക പ്രശ്ന ങ്ങൾ ഇല്ലാതാക്കാൻ സാധിക്കും. ശരിയായ ചികിത്സ ഉറപ്പുവരുത്തുകയും രോഗങ്ങൾ നേരത്തെ തിരിച്ചറിയാൻ പ്രാപ്തമാവുകയും ചെയ്യുകയാണെ ങ്കിൽ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.
- വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞ്പോക്ക് ഒഴിവാക്കാൻ പ്രാഥമിക തല ത്തിൽ കൂടുതൽ ശ്രദ്ധകൊടുക്കേണ്ടതുണ്ട്. അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളുടെ കാര്യത്തിൽ കൂട്ടായ ശ്രദ്ധചെലുത്തേണ്ടതുണ്ട്.
- വിദ്യാഭ്യാസകാര്യങ്ങൾ ചർച്ച ചെയ്യാൻ ഒരു പ്രത്യേക കൂട്ടായ്മ രൂപീകരിക്കു കയും പഠനവീട് കാര്യക്ഷമമാക്കുകയും ചെയ്യുകയാണെങ്കിൽ ഭൂരിഭാഗം വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും.
- ഉപജീവനപ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രധാനപ്പെട്ട മാർഗ്ഗം സ്വയംതൊ ഴിൽ സംഘങ്ങൾ രൂപീകരിച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നതാണ്. കൃഷിക്ക് അനുയോജ്യമായ ഭൂമി ലഭ്യമാക്കുകയാണെങ്കിൽ ഇവർ കാർഷിക മേഖലയിൽ അഭിവൃദ്ധി പ്രാപിക്കും.

- പുതിയതൊഴിൽ മേഖലകളെ യുവാക്കൾക്ക് പരിചയപ്പെടുത്തികൊടുക്കു കയും ഗവൺമെന്റിന്റെ സഹായങ്ങൾ ഉറപ്പുവരുത്തുകയും സ്ത്രീകൾക്ക് അനുയോജ്യമായിട്ടുള്ള ജോലികണ്ടെത്തി നൽകുകയും ചെയ്യുകയാണെ ങ്കിൽ ഉപജീവനപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം ലഭിക്കും

### (4) അരീക്കര (XV വാർഡ്)

15 വീടുകളിലായി 32 പണിയൻ കുടുംബങ്ങൾ 45 സെന്റ് കൈവശഭൂമിയിലായി അരീക്കര സങ്കേതത്തിൽ താമസിച്ചു വരുന്നു. താമസം സൗകര്യത്തിനായി പുനരധിവാസ പദ്ധതിയിൽ ഫണ്ട് അനുവദിച്ചെങ്കിലും ഇതുവരെ നടപ്പായിട്ടില്ല. സ്ക്കൂൾ, അംഗൻവാടി തുടങ്ങിയവ 1 കി.മീ. പരിധിക്കുള്ളിൽ ഉണ്ട്. എസ്.എസ്.എ. അനുവദിച്ച വാഹനം സ്ക്കൂളിൽ പോകാൻ വരുന്നുണ്ടെങ്കിലും സ്കൂളിൽ പോകുന്നത് കുറവാണ്. സങ്കേതത്തി

ലേക്കുള്ള റോഡ് സൗകര്യം മൺപാതയാണ്. മഴക്കാലത്ത് യാത്ര ദുസ്സഹമാണ്. റോഡിന് ഫണ്ട് പാസ്സായെങ്കിലും സാങ്കേതിക പ്രശ്നങ്ങളാൽ പണി മുടങ്ങിക്കിടക്കുകയാണ്. റേഷൻകട 1½ കി.മീ. അകലെയാണ്. പഞ്ചസാര ഒഴികെ ബാക്കി എല്ലാ സാധനങ്ങളും റേഷൻ കടയിൽ നിന്നും ലഭ്യമാകുന്നുണ്ട്. താലൂക്ക് ആശുപത്രി 3 ½ കി.മീ. അകലെയും ആയുർവേദ ആശുപത്രി 6 കി.മീ. അകലെയും ആണ് സ്ഥിതി ചെയ്യുന്നത്. ഈ സങ്കേ തത്തിൽ മൂന്ന് ക്ഷയരോഗികൾ ഉണ്ട്. 2 കാൻസർ രോഗികൾ ഉള്ളതിൽ ഒരാൾ അടു ത്തിടെ മരിച്ചു. പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തകരാണ് ചികിത്സാ സഹായത്തിന് വരാറുള്ളത്. രണ്ടുപേർക്ക് ത്വക്ക് രോഗം ഉണ്ട്. വർഷങ്ങളായി സ്ഥിരമായി മരുന്ന് കഴി ക്കുന്ന ഇവർക്ക് ഇതുവരെ ചികിത്സാ സഹായങ്ങൾ ഒന്നും ലഭ്യമായിട്ടില്ല. 14 വയസ്സുള്ള ഒരു പെൺകുട്ടി മാനസിക രോഗി ആണ്. എന്നാൽ കുടുംബത്തിൽ മറ്റാർക്കും മാനസിക പ്രശ്നങ്ങൾ ഇല്ല.

വീട് പണി പഞ്ചായത്ത് നേരിട്ട് കരാറുകാർക്ക് പണം നൽകി നടത്തുന്നു. കോൺട്രാ ക്ടർ അലസമായി വീടുണ്ടാക്കുന്നതിനാൽ വീടുകൾ ആദ്യമഴയിൽ തന്നെ ചോർന്നൊലിക്കു ന്നതുകൊണ്ട് , പുതിയ വീട് നിലനിൽക്കെ ഷെഡ്ഡുകളിൽ താമസിക്കാൻ ഇവർ നിർബന്ധിത രാകുന്നു. 8 കോഴികളെ വീതം എല്ലാ വീടുകളിലും ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതി ഇവയെ വളർത്താൻ പ്രോത്സാഹിപ്പിക്കുന്നില്ല.

വയോജനങ്ങൾക്കുള്ള സമഗ്ര ആയുർവേദ പരിചരണം, ജനനീ ജന്മരക്ഷ, സ്വയം തൊഴിൽ കാടൈട്ട് യന്ത്ര വിതരണം, ടി.എസ്.പി ഓവുചാൽ തുടങ്ങിയവ കോളനിയിൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ടി.എസ്.പി റോഡു നിർമ്മാണ് പ്രവർത്തനം ഇതുവരെ ആരം ഭിച്ചിട്ടില്ല.

നിലവിൽ സങ്കേതത്തിൽ 2 കിണർ മാത്രമാണുള്ളത്. ഇവയിൽ നിന്നും എല്ലാ വർക്കും ആവശ്യമായ വെള്ളം ലഭിക്കുന്നില്ല. ജലനിധിയുടെ വെള്ളം സങ്കേതത്തിൽ എത്തു ന്നുണ്ടെങ്കിലും സാമ്പത്തിക ഞെരുക്കം കാരണം 3 മാസമായി പണമടക്കാത്തതിനാൽ വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. 2 വീടുകൾക്ക് കക്കൂസ് സൗകര്യം ഇല്ല. സങ്കേതത്തിലേ ക്കുള്ള റോഡ് 15 കി.മീറ്ററോളം മൺറോഡാണ്. മഴ പെയ്താൽ യാത്ര ദു:സ്സഹമാകുമെന്ന തിനാൽ എത്രയും വേഗം റോഡ് പണി നടത്തേണ്ടതുണ്ട്. കൂട്ടുകുടുംബമായി താമസിക്കു ന്നതിനാൽ റേഷൻവിഹിതം തികയാതെ വരുന്നു.

പൊതുവെ എല്ലാവരും തൊഴിലുറപ്പിനും, കൂലിപ്പണിക്കും പോകുന്നുണ്ടെങ്കിലും അമിത മദ്യപാനം മൂലം പണം തികയാറില്ല. കൂടാതെ വാഴ, നെല്ല്, കപ്പ എന്നിവ പാട്ടത്തിന് കൃഷി ചെയ്യുന്നവരുമുണ്ട്.

സങ്കേതത്തിൽ 7 പേർക്ക് ക്ഷയം ബാധിച്ചിരുന്നു. ഇപ്പോൾ ഒരാൾക്കു മാത്രമാണു ള്ളത്. പ്രമേഹത്തിന് ചികിത്സ നേടാത്തതുമൂലം കാഴ്ച നഷ്ടപ്പെട്ട വ്യക്തിയും ത്വക്ക് രോഗം ബാധിച്ച 3 വ്യക്തികളും ഒരു ഭിന്നശേഷിക്കാരനും ഉൾപ്പെടുന്ന സങ്കേതത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തപ്പെടാറുണ്ട്. മദ്യപാനം, വെറ്റില മുറുക്ക് എന്നിവയ്ക്ക് വിധേ യരാണ് സങ്കേതനിവാസികൾ. പലപ്പോഴും മദ്യലഹരിയിൽ ബഹളംവെയ്ക്കുന്ന ഇവരെ ശാന്തരാക്കാൻ പോലീസിനെ ഇടപെടുത്തേണ്ട അവസ്ഥ ഉണ്ടാകാറുണ്ട്.

### സങ്കേത നിവാസികളുടെ നിർദ്ദേശങ്ങൾ

1. പട്ടയം എല്ലാവർക്കും നൽകുക. വീടും സ്ഥലവും എന്ന പദ്ധതി വിഭാവനം ചെയ്ത് ബാക്കി ഉള്ള സങ്കേത നിവാസികൾക്ക് സ്ഥലത്തിന്റെ പ്രശ്നം പരിഹരിക്കുക.
2. സ്വയംതൊഴിലിനായി തയ്യൽ പരിശീലനവും മെഷീനും വിതരണം ചെയ്യുക.
3. പഠനവീട് സൗകര്യം ലഭ്യമാക്കുക
4. മദ്യപാനം അക്രമാസക്തമാകുന്നതിനാൽ രാത്രികാലങ്ങളിൽ ഇവരെ നിയന്ത്രിക്കാൻ പോലീസ് സഹായം ഉറപ്പുവരുത്തുക.
5. മുൻപ് പെട്ടിക്കട നടത്തിയിരുന്ന ഭിന്നശേഷിക്കാരന് തുടർന്നു നടത്തുന്നിതിനാവശ്യ മായ ധനസഹായം നൽകുക

### (5)പൂരിഞ്ഞി

പച്ചപ്പിലും മലകളാലും മഞ്ഞിനാലും ചുറ്റപ്പെട്ടിരിക്കുന്ന വയനാട് ജില്ലയിലെ മാനന്ത വാടിക്കടുത്ത് വെള്ളമുണ്ട പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പൂരിഞ്ഞി സങ്കേതത്തിൽ പണിയൻ ഗോത്ര വിഭാഗത്തിൽപ്പെട്ട പത്ത് കുടുംബങ്ങൾ ഒൻപതു വീടുകളിലായി താമസി ച്ചുവരുന്നു. ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് വ്യക്തികളിൽ നിന്നും ഗവൺമെന്റ് ഉടമ സ്ഥതയിൽ വാങ്ങിയ 40 സെന്റ് സ്ഥലം ഒരു കൂട്ടം പണിയൻ ഗോത്ര വിഭാഗത്തിന് ഇന്ന് ആശ്രയമാണ്. മുൻപ് കാടുകളാൽ ചുറ്റപ്പെട്ട പൂരിഞ്ഞി സങ്കേത പ്രദേശം പണിയർ കാടു വെട്ടിത്തെളിച്ച് പഞ്ചായത്തിൽ നിന്നും ലഭിച്ച പണംകൊണ്ട് ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്നു. 15 വർഷങ്ങൾക്കു മുമ്പ് ഇവിടേക്ക് കാൽനടയായി പോകുന്നതിനു കുത്തനെയുള്ള സ്റ്റെപ്പു കൾ നിർമ്മിച്ചു. 5 വർഷം മുൻപ് പഞ്ചായത്ത് റോഡ് നിർമ്മിച്ചു നൽകിയെങ്കിലും ഇന്നും ഇവിടുള്ളവർ നടക്കാനായി സ്റ്റെപ്പിനെയാണ് ആശ്രയിക്കുന്നത്. 18 വർഷങ്ങൾക്കു മുൻപ് വൈദ്യുതി ലഭിച്ച സങ്കേതത്തിൽ ഇന്ന് ഭൂരിഭാഗം വീടുകളിലും തന്നെ വിനോദത്തിനായി ടെലിവിഷൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. 26 വർഷങ്ങൾക്കു മുൻപ് ലഭിച്ച പഞ്ചാ യത്തു കിണർ ഇന്നും ജലസേചനത്തിനായി ഉപയോഗിക്കുന്നു. പൂരിഞ്ഞി സങ്കേതം നില നിൽക്കുന്ന 40 സെന്റ് സ്ഥലത്തിനും ഇന്നും പട്ടയം ലഭിച്ചിട്ടില്ല. ഈ സങ്കേതത്തിലെ

ആരും നികുതി അടയ്ക്കാറില്ല. 2012 മുതൽ 2017 വരെയുള്ള കാലഘട്ടങ്ങളിലായി നടപ്പാത സൈഡ്കെട്ട്, സങ്കേതത്തിലേക്കുള്ള റോഡ് കോൺക്രീറ്റ് തുടങ്ങിയ ആവശ്യങ്ങൾക്കായി പഞ്ചായത്ത് സെക്രട്ടറി മുഖേനയും അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനയും സ്കീമുകൾ നടപ്പിലാക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2014 മുതൽ 2016 വരെയുള്ള വർഷങ്ങളിലായി രണ്ടുതവണ തോട് സൈഡ് കെട്ടിനാവശ്യമായ സ്കീം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വെള്ളത്തിന്റെ പരിമിതിമൂലം തോട് ഇപ്പോഴും ഉപയോഗ ശൂന്യമായി കിടക്കുന്നു. 2016-2017 കാലഘട്ടങ്ങളിലായി വനബന്ധു കല്യാൺയോജന പദ്ധതിയുടെ ഭാഗമായിപുതിയ വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

## (6) ചേമ്പിലേരി

ചേമ്പിലേരി കോളനിയിൽ 6 വീടുകളിലായി 36-ഓളം പണിയർ താമസിക്കുന്നുണ്ട്. ഐ.എ.വൈ പദ്ധതി പ്രകാരം ആണ് 6 വീടുകളും ലഭിച്ചിട്ടുള്ളത്. 20 സെന്റ് സ്ഥലം വീതം എല്ലാവർക്കും ഉണ്ട്. ഐ.എ.വൈ ഒന്നാം ഗഡു 30000 രൂപയും രണ്ടാം ഗഡു 28000 രൂപയും മൂന്നാം ഗഡു 42000 രൂപയും നാലാം ഗഡു 70000 രൂപയുമാണ് ലഭിക്കുന്നത്. കൃത്യമായി വീടുപണിക്കാവശ്യമായ പണം തികയാത്തതുകൊണ്ടു തന്നെ വീടുപണി പൂർത്തിയായിട്ടില്ല. സ്വന്തമായാണ് വീട് പൂർത്തീകരിക്കുന്നത്. പശു, എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നതിന് മതിയായ സൗകര്യം സങ്കേതത്തിൽ ഇല്ല. പങ്കുകച്ചവടം നടത്തുന്ന ഇവർ ഭൂഉടമകളുടെ സ്ഥലത്ത് വാഴ, പയറ്, കപ്പ തുടങ്ങിയവ കൃഷി ചെയ്യുന്നു. അരിവാൾ രോഗം ഉണ്ടായിരുന്ന ഒരാൾ മാനന്തവാടി ആശുപത്രിയിൽ നിന്നും ചികിത്സനേടിയെങ്കിലും സർക്കാർ സഹായമായ 2500 രൂപ കിട്ടിയിട്ടില്ല. സങ്കേതത്തിലേക്ക് മൺപാത ആണുള്ളത്. നടപ്പാത നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത് ലഭിച്ചിട്ടില്ല. അതിനാൽ വീട് പണിയുമ്പോൾ സാധനങ്ങൾ എത്തിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 9 | 3 | 41 | 47 | 88 |

## (7) കല്ലേരിക്കുന്ന്

റോഡ് ഗതാഗതം പൂർണമായും സാധ്യമായ കല്ലേരിക്കുന്ന് സങ്കേതത്തിൽ പണിയൻ വിഭാഗമാണ് ഉള്ളത്. വനിതകൾക്ക് ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, ജനറൽ ഹൗസിംഗ് കുടിവെള്ള പദ്ധതി തുടങ്ങിയ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയി

ട്ടുണ്ട്. ആടിന്റെ തോൽകൊണ്ട് ചെണ്ട നിർമ്മിക്കാറുള്ള ഇവർ അത് പുറത്ത് വിൽക്കാറില്ല. കുട്ടികൾക്ക് ഇരുന്ന് പഠിക്കാൻ മേശ, കസേര തുടങ്ങിയവ വേണം എന്ന് സങ്കേതനിവാസികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | പി.എച്ച്.സി | കോളേജ് | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | - | 0.500 | 0.500 | 3 | - | 0.500 | - |

## (8) കാപ്പുമ്മൽ

5 വീടുകൾ ഉള്ള കാപ്പുമ്മൽ പണിയൻ സങ്കേതത്തിൽ 3 പേർക്ക് ഭവന നിർമ്മാണത്തിനായി 3.50 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ജലസേചനം പൊതുകിണറിനെ ആശ്രയിച്ചാണ്. ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പാണ് വീട് അനുവദിച്ചിരിക്കുന്നത്. മറ്റ് വികസന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | പി.എച്ച്.സി | കോളേജ് | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം | - | 1 k.m | 1 k.m | 1 k.m | - | 500 mtr | - |

## (9) കൊടുവേരിക്കുന്ന്

85 വർഷങ്ങൾക്ക് മുമ്പ് ഗവൺമെന്റ് നൽകിയ 3 ഏക്കർ സ്ഥലത്തായി നാല് പണിയൻ കുടുംബങ്ങൾ താമസിക്കുന്നു. കുറേ സ്ഥലം മൈതാനമായി വെറുതെ കിടക്കുന്നു. 25 വർഷം മുമ്പ് ലഭിച്ച പഞ്ചായത്ത് കിണർ ഇന്നും ജലസേചനത്തിന് ഉപയോഗിക്കുന്നു.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 5 | 0 | 9 | 10 | 19 |

## (10) കോക്കുഴി

കോക്കുഴി പണിയൻ സങ്കേതത്തിലേക്ക് പണിപൂർത്തിയാകാത്ത വഴിയാണ് ഉള്ളത്. ജലസേചനത്തിന് പൊതുകിണറിനെയാണ് ആശ്രയിക്കുന്നത്. കുട്ടികൾക്ക് പഠിക്കാനാവശ്യമായ മേശ, കസേര തുടങ്ങിയവ അത്യാവശ്യമായി വേണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

22 വയസുള്ള ഒരാൾ 2 ആഴ്ചമുമ്പ് ബൈക്ക് അപകടത്തിൽ മരണപ്പെട്ടു. ജനനീ ജന്മ രക്ഷാ സേവനം ലഭിക്കുന്നുണ്ട്. പോഷാകാഹാരം അംഗൻവാടിയിൽ നിന്ന് ലഭിക്കുന്നുണ്ട്.

**പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം**

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | - | 1 | 1 | - | 4 | 1 | - |

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 10 | 2 | 16 | 15 | 31 |

**(11) ഉണ്ടാടി**

8 വീടുകളിലായി 40 വർഷങ്ങൾക്ക് മുൻപ് പണിയർ ഉണ്ടാടി സങ്കേതത്തിൽ താമസം ആരംഭിച്ചു. ഇവിടേക്ക് വാഹനസൗകര്യത്തോട് കൂടിയ റോഡ് ഇല്ല. നിലവിലുള്ള റോഡ് സ്വന്തം നിർമ്മിച്ചതാണ്. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ പണം ഇതുവരെ ലഭിച്ചിട്ടില്ല. ഗോത്ര സാരഥീ പദ്ധതി ലഭ്യമാണ് . കോഴി, ആട്, മുതലായവ ലഭിച്ചിട്ടുണ്ട്. എന്നാൽ പലർക്കും ഗഡുക്കളായി അടയ്ക്കാൻ പണം ഇല്ലാതിരുന്നതിനാൽ അവയെ വിറ്റു. അംഗൻവാടിയിൽ നിന്നും കൗമാരക്കാരായ കുട്ടികൾക്ക് ഗോതമ്പും വെളിച്ചെണ്ണയും ലഭിക്കുന്നുണ്ട്. പൊതുവെ കൂട്ടായ്മ ഇല്ലാത്ത സങ്കേതത്തിൽ കുടുംബശ്രീ, അയൽക്കൂട്ടം തുടങ്ങിയവ ഒന്നും തന്നെ ഇല്ല. എടത്തിൽ സങ്കേതവുമായി ചേർന്നാണ് ഊരുകൂട്ടം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നത്. സ്വന്തമായി വീട് നിർമ്മിക്കുന്ന ഇവിടെ വനബന്ധു കല്ല്യാൺയോജന പ്രകാരം ആണ് പണം ലഭിക്കുന്നത്. 420 sqft ൽ രണ്ട് മുറി, ഹാൾ, അടുക്കള, ബാത്ത്റൂം എന്ന രീതിയിൽ ആണ് വീട് നിർമ്മിക്കുന്നത്. ആദ്യ ഗഡു 52500 രൂപ ലഭിച്ചു. രണ്ടാം ഗഡു, മൂന്നാം ഗഡു, നാലാം ഗഡു എന്നിവ യഥാക്രമം 105000, 140000, 52500 രൂപാ നിരക്കിൽ ലഭിക്കും. ജനറൽ ഹൗസിംഗ്, ടി.എസ്.പി.വർക്ക് തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്.

## പൊതുസ്ഥാപനങ്ങളിലേക്കുള്ള ദൂരം

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം (കി.മീ) | 0.750 | 1 | 1 | | 3.5 | 0.500 | |

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 8 | 4 | 24 | 29 | 53 |

### (12) ചെമ്പ്രാംകുഴി

മാനന്തവാടി ബ്ലോക്കിൽ വെള്ളമുണ്ട വില്ലേജിൽ സ്ഥിതി ചെയ്യുന്ന പണിയൻ സങ്കേതം ആണ് ചെമ്പ്രാംകുഴി. 6 വീടുകൾ ഉള്ള ഇവിടെ 4 വീടുകളിൽ മാത്രമാണ് ആൾ താമസം ഉള്ളത്. 14 വർഷങ്ങൾക്ക് മുൻപ് 2 ഏക്കർ സ്ഥലം പഞ്ചായത്ത് സങ്കേതത്തിനു വേണ്ടി നൽകിയതാണ്. ഓരോ കുടുംബത്തിനും 4 സെന്റ് ഭൂമി ആണ് കൈവശമായി ഉള്ളത്. അംഗൻവാടി 1 കിലോ മീറ്റർ ചുറ്റളവിലും പി.എച്ച്.സി 4കിലോ മീറ്റർ ചുറ്റളവിലും ആണ് ഉള്ളത്. മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്ന കന്നുകുട്ടി പരിപാലനത്തിന്റെ സ്കീമിൽ നിന്നും പ്രയോജനം നേടിക്കൊണ്ട് സങ്കേത നിവാസികൾ കോഴിയെ വളർത്തുന്നുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന ഹൗസിംഗ് പദ്ധതിയിലൂടെയാണ് ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

### (13)പിലാച്ചാൽ

വെള്ളമുണ്ട വില്ലേജിൽ സ്ഥിതിചെയ്യുന്ന പിലാച്ചാൽ പണിയൻ സങ്കേതത്തിൽ 14 വീടുകളിലായി 15 കുടുംബങ്ങൾ താമസിച്ചുവരുന്നു. 1950 കാലഘട്ടത്തിൽ ജന്മിമാരുടെ കൈവശഭൂമി സർക്കാർ ഏറ്റെടുക്കുകയും 90,95,80 സെന്റ് ഭൂമി കണക്കുപ്രകാരം 14 കുടുംബങ്ങൾക്ക് സ്ഥലം നൽകുകയും ചെയ്തു. ഐ. എ. വൈ സ്കീം പ്രകാരം മൂന്ന് വീടുകൾ ലഭിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ ലഭിച്ച് 2 വീടുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 2013-2014 വർഷങ്ങളിൽ റ്റി.ഇ.ഒ യുടെ നേതൃത്വത്തിൽ ഹൗസിംഗ് പ്ലാൻ പൂർത്തീകരിച്ചിട്ടുണ്ട്. 1 കി.മീ. ദൂരെയുള്ള സ്കൂളിലേക്ക് കുട്ടികൾ നടന്നാണ് പോകാറ്.

അംഗൻവാടി 1 കി.മീ ദൂരെ ആയതിനാൽ കുട്ടികൾക്ക് പോകാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. പി.എച്ച്.സി 1 കി.മീ അകലെ സ്ഥിതി ചെയ്യുന്നു. ജലവിതരണ സ്കീം മുഖേനയാണ് കുടിവെള്ളം ലഭിക്കുന്നത്. എന്നാൽ മിക്കപ്പോഴും ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം വാങ്ങുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം ആവശ്യമുണ്ട്. സാധാരണയായി ചോറിന്റെ കൂടെ താള്, ചേമ്പ് തുടങ്ങിയവയാണ് പാകം ചെയ്യാറ്. ചെറിയതോതിൽ വാഴ കൃഷി നടത്തിവരുന്നു. കുരുമുളക് സാധാരണയായി വിൽക്കുന്നത് മാനന്തവാടിയിലാണ്. അതിന് കൃത്യമായ മാർക്കറ്റ് വില ലഭിക്കുന്നുണ്ട്. പശുവിനെ വളർത്തുന്നുണ്ടായിരുന്നെങ്കിലും പരിപാലിക്കാനുള്ള ബുദ്ധിമുട്ട് കാരണം ഒഴിവാക്കുകയും ചെയ്തു.

## (14) എടച്ചനക്കുന്ന്

ഈ സങ്കേതത്തിൽ 3 വീടുകളിലായി 8 പുരുഷന്മാരും 4 സ്ത്രീകളും ഉൾപ്പെടെ 12 പണിയൻ വിഭാഗക്കാർ താമസിക്കുന്നു. സാമ്പത്തികമായി വളരെ പിന്നോക്ക അവസ്ഥയിലുള്ള ഇവർ കൂലിപ്പണി, ഇവർ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നു. താള്, ചേമ്പ്, തുടങ്ങിയവ ശീലമാക്കിയ ഇവർ ദിവസത്തിൽ 2 നേരം മാത്രമെ ഭക്ഷണം കഴിക്കാറുള്ളൂ. 2 കി.മീ.ദൂരെയുള്ള സ്കൂളിലേക്ക് കുട്ടികൾ നടന്നാണ് പോകുന്നത്. ഗോത്ര സാരഥി വാഹനം ഇല്ല. പല ഭവനങ്ങളും പണത്തിന്റെ കുറവു മൂലം പൂർത്തായാക്കാതെ നിർത്തി വെച്ചിരിക്കുന്നു. ഐ.എ.വൈ പദ്ധതി പ്രകാരം ആണ് ഭവനനിർമ്മാണത്തിന് പണം നൽകുന്നതെങ്കിലും 2.50 ലക്ഷം രൂപ ചിലവായ പല വീടുകൾക്കും 65000 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കോഴിയെ വളർത്തുന്നുണ്ടെങ്കിലും കോഴിക്കൂട് ഇല്ല. അംഗൻവാടി സങ്കേതത്തിൽ നിന്നും 2 കി.മീ.അകലെയാണ് സ്ഥിതി ചെയ്യുന്നത്.

## (15) അരീക്കര

അഞ്ചു കുടുംബങ്ങൾ ഉള്ള അരീക്കര പണിയൻ സങ്കേതത്തിലെ എല്ലാ വീടുകളും പണി പൂർത്തിയായതാണ്. ഇവിടേക്കുള്ള റോഡ് കോൺക്രീറ്റ് പൂർത്തിയായതാണ്. ജലസേചനത്തിനായി ആശ്രയിക്കുന്നത് പൊതുകിണറിനെയാണ് എന്നാൽ ഇത് വേനൽക്കാലത്ത് വറ്റിപ്പോകുന്നതിനാൽ ജലക്ഷാമം രൂക്ഷമാണ്. അംഗനവാടി 5 കി.മീ. അകലെയും സ്ക്കൂൾ 1 കി.മീ.അകലെയും ആണ്. പി.എച്ച്.സി, റേഷൻകട തുടങ്ങിയവ1 കി.മീ.ചുറ്റളവിൽ ഉണ്ട്. പിലാച്ചാൽ സങ്കേതത്തിലാണ് സാധാരണയായി ഊരുകൂട്ടം കൂടാറുള്ളത്.

## (16)പുല്ലോറ

വെള്ളമുണ്ട വില്ലേജിൽ സ്ഥിതിചെയ്യുന്ന പുല്ലോറ പണിയ സങ്കേതത്തിൽ 10 വീടുകളിലായി 38-ഓളം ആളുകൾ താമസിച്ചുവരുന്നു. ഓരോ കുടുംബത്തിനും 20 സെന്റ് ഭൂമിയാണ് കൈവശമുള്ളത്. സങ്കേതത്തിലേക്ക് കോൺക്രീറ്റ് നടപ്പാത പണി പൂർത്തിയാക്കിയിട്ടുണ്ട്. സങ്കേതത്തിനകത്തു തന്നെ അംഗൻവാടി ഉണ്ട്. ഗോത്രസാരഥി വാഹനം ഇല്ല. പി.എച്ച്.സി 4 കി.മീ അകലെയാണ് സ്ഥിതി ചെയ്യുന്നത്. പശുവിനെ വളർത്തുന്നുണ്ടെങ്കിലും പാൽ, സൊസൈറ്റിയിൽ വിൽക്കുകയാണ് ചെയ്യുന്നത്. സങ്കേതത്തിൽ എല്ലാവരും കട്ടൻചായ ആണ് സ്ഥിരമായി കുടിക്കാറ്. പൊതുവെ പലരും നിയമപരമായി വിവാഹ ബന്ധം വേർപ്പെടുത്താതെ തന്നെ മറ്റുള്ളവരോടൊപ്പം താമസിക്കുന്ന പ്രവണത ഉണ്ട്. പ്രധാൻ മന്ത്രി ആവാസ് യോജനയിലൂടെയും, ജനറൽ ഹൗസിംഗിലൂടെയും ആണ് ഭവനങ്ങൾ നിർമ്മിച്ചിട്ടുള്ളത്. വനിതകൾക്ക് ആടുവളർത്തൽ പദ്ധതിയും ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

## (17) എടത്തിൽ

23 കുടുംബങ്ങൾ ഉള്ള എടത്തിൽ സങ്കേതത്തിൽ പണിയൻ വിഭാഗക്കാരാണ് താമസം. പഠിക്കുന്ന കുട്ടികൾ കൂടുതലായുള്ള സങ്കേതത്തിൽ ഗോത്രസാരഥി വാഹന സൗകര്യം ഉണ്ട്. ജീവിതശൈലീരോഗങ്ങൾ പൊതുവെ ഉള്ള ഇവിടെ തിമിരം ഉള്ള ഒരാൾ ഉണ്ട്. 1000 രൂപ തൊഴിലാളി പെൻഷൻ വാങ്ങുന്നവർ ഉണ്ട്. കുറച്ച് അംഗങ്ങൾക്ക് പഞ്ചായത്തിൽ നിന്നും കോഴിയെ വളർത്താൻ ലഭിച്ചിരുന്നു. വനിതകൾക്ക് ആടുവളർത്തൽ, കന്നുകുട്ടി പരിപാലനം, ഹഡ്‌ക്കോ, വനബന്ധു കല്ല്യാൺയോജന, ജനറൽ ഹൗസിംഗ്, വയോജനങ്ങൾക്കുള്ള സമഗ്ര ആയുർവേദ പരിചരണം, കോളനി നടപ്പാത കോൺക്രീറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 23 | 10 | 48 | 39 | 87 |

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം കി.മി | 250 | 500 | 2 | | | | |

## (18) ഓണിവയൽ

6 വീടുകൾ ഉള്ള ഓണിയവയൽ പണിയൻ സങ്കേതത്തിൽ 3 വീടുകളിൽ മാത്രമാണ് താമസമുള്ളത്. 3 വീട്ടുകാർ നെല്ലിക്കച്ചാൽ സമര ഭൂമിയിലാണ് താമസം. ഗോത്ര സാരഥി പദ്ധതിപ്രകാരം വാഹന സൗകര്യം ഉണ്ട്. അംഗൻവാടിയിൽ നിന്ന് ഗർഭിണിയായ സ്ത്രീക്ക് പോഷകാഹാരം ലഭിക്കുന്നുണ്ട്. കുട്ടികൾക്ക് ലപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്. വികസന പദ്ധതിപ്രകാരമുള്ള സ്കീമുകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. ജനറൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ ഇടയ്ക്ക് താമസിക്കുന്നതുകൊണ്ടു തന്നെ താരതമ്യേന സാമ്പത്തികമായും വിദ്യാഭ്യാസപരമായും സങ്കേതനിവാസികൾ മുന്നിട്ടാണ്.

| കുടുംബം | ഭൂരഹിത കുടുംബം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 3 | 0 | 6 | 11 | 17 |

| സ്ഥാപനം | റേഷൻ | അംഗൻവാടി | സ്കൂൾ | കോളേജ് | പി.എച്ച്.സി | ആയുർവേദം | ഹോമിയോ |
|---|---|---|---|---|---|---|---|
| ദൂരം കി.മി | 500 | 500 | 500 | - | 1 | - | - |

വെള്ളമുണ്ട പഞ്ചായത്തിലെ 18 പണിയൻ സങ്കേതങ്ങളിലായി നടത്തിയ ഫീൽഡ് വർക്കിന്റെയും, 3 പണിയൻ സങ്കേതങ്ങളിലെ പങ്കാളിത്ത ദ്രുതപഠനത്തിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു. ഭവന നിർമ്മാണം, തൊഴിൽ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഇവരുടെ പ്രശ്നങ്ങൾ കൂടുതൽ വ്യാപിച്ചു കിടക്കുന്നു.

ഭവനനിർമ്മാണത്തിനുള്ള പണം എങ്ങനെ വിനിയോഗിക്കണം എന്ന് അറിയാത്തതിനാൽ പണിയൻ കരാറുകാരെ പൊതുവെ ഏൽപ്പിക്കുന്നു. പക്ഷേ ഇവർ കോൺക്രീറ്റ് കനം കുറച്ചും മറ്റും ചെയ്ത് ഇവരെ ചൂഷണം ചെയ്യുന്നതിനാൽ ആദ്യമഴയിൽ തന്നെ വീടുകൾ ചോർന്നൊലിക്കുന്നത് സ്ഥിരം കാഴ്ചയാണ്. ഇതുമൂലം ഓരോ വർഷവും പുതുതായി വീടുകൾ നിർമ്മിച്ച് ഗവൺമെന്റിന് അനാവശ്യ ചെലവു വരുത്തുന്നു.

തോട് സൈഡ് കെട്ട് മുതലായ കാര്യങ്ങളിൽ സങ്കേതനിനിവാസികളുടെ നിർദ്ദേശങ്ങൾ ചെവി കൊള്ളാതെ നിർമ്മിക്കുന്നത് പലയിടങ്ങളിൽ ശ്രദ്ധയിൽ പെട്ടു. ഇതുമൂലം മഴയിൽ സങ്കേതത്തിനകത്ത് വെള്ളം കയറുകയും കെട്ടിയ സൈഡ് മഴയത്ത് ഇടിഞ്ഞു പോവുകയും ചെയ്യുന്നു.

പണിയൻ വിഭാഗത്തിൽ പെട്ടവർക്ക് സ്ഥല പരിമിതി ഉള്ളതു മൂലം കോഴി വളർത്തൽ സാധ്യമല്ല. എന്നാൽ ഈ പദ്ധതിയാണ് ഇവർക്ക് കൂടുതൽ ലഭ്യമാകുന്നത്. ഈ പദ്ധതി നടത്തിയ എല്ലായിടത്തും പരാജയമാണെന്ന് ഈ പഠനം കണ്ടെത്തിയിരിക്കുന്നു. കോഴിക്ക് പകരം ആടിനെ നൽകണമെന്ന് അവർ അഭിപ്രായപ്പെടുന്നുണ്ട്. കൂടാതെ സ്ഥിര വരുമാനം ലഭിക്കാവുന്ന തയ്യൽ, വയറിംഗ്, ആശാരിപ്പണി എന്നിവ ചെയ്യാൻ താൽപര്യം ഉള്ളവരെ പ്രൊമോട്ടർ മുഖേന കണ്ടെത്തി പരിശീലനം നൽകി, അവർക്ക് ജോലി ഉറപ്പുവരു ത്തേണ്ടതാണ്.

വെള്ളമുണ്ട പഞ്ചായത്തിലെ പണിയൻ സമുദായം മദ്യപാനം, മുറുക്ക് തുടങ്ങിയ ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടിരിക്കുന്നു. മദ്യം കൊടുത്ത് ഇവരെ അധികനേരം പണി യെടുപ്പിക്കുന്നതും പൊതുവെ മടിയൻമാരായ ഇവർക്ക് കോളനിക്കുള്ളിൽ മദ്യം എത്തിച്ചു കൊടുത്ത് പ്രോത്സാഹിപ്പിക്കുന്നതും ചുരുങ്ങിയ ദിവസത്തെ ഫീൽഡ് പഠനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞെങ്കിൽ, വേണ്ടപ്പെട്ട ഉദ്യോഗസ്ഥർ ഇത്രക്കാലം നടപടി എടാക്കാ ത്തത് മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നു.

പൊതുവിഭാഗത്തിൽപ്പെട്ട ആളുകളുടെ ഇടയിൽ താമസിക്കുന്ന പണിയൻ വിഭാഗ ക്കാർ എല്ലാ മേഖലകളിലും മികച്ചു നിൽക്കുന്നു എന്നത് ശ്രദ്ധ ആകർഷിക്കുന്ന വസ്തുത ആണ്.

അദ്ധ്യായം- 4

# കുറിച്യരുടേയും പണിയരുടെയും ഇടയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പ്രതിഫലനം

## 4.1 ആമുഖം

വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള സങ്കേതങ്ങളുടെ നിലവിലുള്ള അവസ്ഥ മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത് രണ്ട് സമുദായങ്ങ ളിലും ഏറ്റവും കൂടുതൽ നടപ്പിലാക്കിയിട്ടുള്ളത് ഭവന നിർമ്മാണ പദ്ധതികളാണ്. ഇതു വരെ നടത്തിയിട്ടുള്ള പട്ടിക വർഗ്ഗ വികസന പദ്ധതികൾ അവരെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ഉള്ളതായിരുന്നുവെങ്കിലും അത് പൂർണ്ണമായും വിജയത്തിലെത്തിക്കുവാൻ കഴിഞ്ഞില്ല. കേരളത്തിൽ പൊതു ദാരിദ്രത്തിന്റെ തോത് കുറയുമ്പോഴും ദരിദ്രരിൽ ഭൂരി ഭാഗം പേരും പട്ടികവർഗ്ഗ മേഖലയിലാണ് നിലകൊള്ളുന്നത്. ശരാശരി വരുമാനം ഭൂഉടമ സ്ഥത, വിദ്യാഭ്യാസ നിലവാരം എന്നീ വികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരി ശോധിക്കുമ്പോഴും മേൽപറഞ്ഞ വിഭാഗത്തിന്റെ അവസ്ഥ പൊതു നിലവാരത്തേക്കാൾ ഏറെ താഴെയാണ്. വയനാട് ജില്ലയിലെ വെള്ളമുണ്ട, എടവക, തവിഞ്ഞാൽ എന്നീ പഞ്ചാ യത്തുകളിലെ 150 കുറിച്യർ, പണിയർ ഗോത്രകുടുംബങ്ങളിൽ നിന്നും ശേഖരിച്ച ദത്തങ്ങ ളുടെ അപഗ്രഥനമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മാനന്തവാടി ബ്ലോക്കിലെ വെള്ളമുണ്ട പഞ്ചായത്തിലെ 18 പണിയൻ സങ്കേതങ്ങൾ, എടവക പഞ്ചായത്തിലെ 20 പണിയൻ, കുറിച്യൻ സങ്കേതങ്ങൾ, തവിഞ്ഞാൽ പഞ്ചായ ത്തിലെ 12 കുറിച്യൻ സങ്കേതങ്ങൾ എന്നിവയുടെ വിവരശേഖരണത്തിന്റേയും പഞ്ചായത്ത്, പ്ലാനിംഗ് ഓഫീസ്, ടി.ഇ.ഒ ഓഫീസ് തുടങ്ങിയവയിൽ നിന്നും ലഭിച്ച പദ്ധതിരേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, എക്സ്പന്റിച്ചർ റിപ്പോർട്ട് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ 12 - ാം പഞ്ചവ ത്സര പദ്ധതികളിൽ ഉൾപ്പെട്ട വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന്റെ അവലോകനമാണ് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നത്

## പട്ടിക 4.1 12 – ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ അവലോകനം

| ക്രമ നമ്പർ | പദ്ധതികൾ | പഞ്ചായത്ത് | | |
|---|---|---|---|---|
| | | എടവക | തവിഞ്ഞാൽ | വെള്ളമുണ്ട |
| 1. | ഗോത്രസാരഥി | 8 | 9 | 4 |
| 2. | പഠനവീട് | 5 | 5 | 3 |
| 3. | ജനനീ ജന്മരക്ഷ | 9 | 8 | 6 |
| 4. | ജലനിധി | 5 | 5 | 3 |
| 5. | പഞ്ചായത്ത് കിണർ | 5 | 2 | 7 |
| 6. | മഴവെള്ള സംഭരണി* | 3 | - | - |
| 7. | മെഡിക്കൽ ക്യാമ്പ് | 7 | 8 | 2 |
| 8. | ആടുവളർത്തൽ | 2 | 2 | 5 |
| 9. | കന്നുകുട്ടി പരിപാലനം | - | 1 | 3 |
| 10. | കോഴി വിതരണം | 6 | - | 5 |
| 11. | കസേര വിതരണം | 1 | - | - |
| 12. | വി.ഇ.ഒ വയറിംഗ് | 10 | 5 | 6 |
| 13. | ഐ.എ.വൈ | 1 | 1 | 3 |
| 14. | ബ്ലോക്ക് വീട് | 2 | 2 | 1 |
| 15. | ടി.ഇ.ഒ വീട് | 6 | 7 | 4 |
| 16. | എ.ടി.എസ്.പി വീട് | 2 | 2 | - |
| 17. | പഞ്ചായത്ത് വീട് | 4 | 3 | 2 |
| 18. | ഹഡ്കോ | 1 | - | 3 |
| 19. | വി..ബി. കെ. വൈ | 1 | 2 | 1 |
| 20. | പി.എം.എ.വൈ | - | 1 | - |
| 21. | ജനറൽ ഹൗസിംഗ് | - | - | 5 |
| 22. | കട്ടിൽ വിതരണം | 12 | 3 | 1 |

*മഴവെള്ള സംഭരണി ഉണ്ടെങ്കിലും തീർത്തും പ്രവർത്തന രഹിതമാണ്.


**പട്ടിക 4.2** കുടുംബത്തിന്റെ തരം

| ക്രമ നമ്പർ | | കുടുംബത്തിന്റെ തരം | | | ആകെ |
|---|---|---|---|---|---|
| | | അണുകുടുംബം | കൂട്ടുകുടുംബം | നീണ്ട കൂട്ടുകുടുംബം | |
| | | 1 | 2 | 3 | 4 |
| 1 | കുറിച്യൻ | 68 (90.66%) | 3 (4%) | 4 (5.33%) | 75 |
| 2 | പണിയൻ | 64 (85.33%) | 9 (12%) | 2 (2.66%) | 75 |
| | ആകെ | 132 (88%) | 11(7.33%) | 6 | 150 |

അണുകുടുംബം- ഭാര്യയും ഭർത്താവും അവിവാഹിതരായ കുട്ടികളും ഉൾപ്പെടുന്നു.

കൂട്ടുകുടുംബം - ഭാര്യ, ഭർത്താവ്, വിവാഹിതരായ മക്കൾ, വിവാഹിതരായ മക്കളുടെ കുടുംബം, ഭാര്യാ ഭർത്താക്കന്മാരുടെ മാതാപിതാക്കൾ എന്നിവർ ഉൾപ്പെടും.


നീണ്ട കൂട്ടു കുടുംബം- മുകളിൽ വിവരിച്ച കൂട്ടുകുടുംബാംഗങ്ങളോടൊപ്പം ഭാര്യാ ഭർത്താക്കന്മാരുടെ മാതാ പിതാക്കളുടെ സഹോദരീ സഹോദരന്മാരുടെ കുടുംബവും ഉൾച്ചേർന്നതാണ്.




കുറിച്യരിൽ 90.66% വും പണിയരിൽ 85.33% അണുകുടുംബങ്ങളാണ്. ഇതിൽ നിന്നും രണ്ട് സമുദായാംഗങ്ങളും അണുകുടുംബങ്ങളായി താമസിക്കുന്നതിനാണ് കൂടുതൽ താത്പര്യം പ്രകടിപ്പിക്കുന്നത് എന്ന് കാണാം. ഇതിലൊരു പ്രത്യേകത കാണുന്നത് നീണ്ട കൂട്ടുകുടുംബമായി വസിച്ചിരുന്ന കുറിച്യൻ സമുദായക്കാരിലെ പുതിയ തലമുറയിലെ അംഗങ്ങൾ അണു കുംടൂംബ വ്യവസ്ഥിതിയിലേക്ക് മാറിയിരിക്കുന്നതാണ്.

**പട്ടിക 4.3 കുടുംബത്തിന്റെ വലുപ്പം**

| | ശരാശരി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| കുറിച്യൻ | 4.49 | 75 |
| പണിയൻ | 5.57 | 75 |





കുറിച്യൻ കുടുംബങ്ങളുടെ ശരാശരി വലുപ്പം 4.49 ഉം പണിയരുടേത് 5.57 ഉം ആണ്. ഇതിൽ നിന്നും പണിയ സമുദായക്കാരുടെ കുടുംബത്തിന്റെ ശരാശരി വലുപ്പം കൂടുതലാണെന്നും വളരുന്ന തലമുറയുടെ വികസനത്തിന് നാനാതരത്തിലുള്ള പ്രശ്നങ്ങൾ അനുഭവപ്പെടുന്നതായിട്ടാണ് കാണുന്നത്.

**പട്ടിക 4.4 കുടുംബത്തിന്റെ വലുപ്പം പ്രായപരിധിയിലുള്ള അംഗങ്ങളുടെ എണ്ണം**


| | 1 | 2 | 3 | 4 |
|---|---|---|---|---|
| ക്രമ നമ്പർ | പ്രായപരിധി | കുറിച്യൻ | പണിയൻ | ആകെ |
| 1 | 0 -18 | 84 (24.92%) | 165 (39.47%) | 249 |
| 2 | 18 - 35 | 118 (35.01%) | 133 (31.82%) | 251 |
| 3 | 35 – 60 | 103 (30.56%) | 98 (23.44%) | 201 |
| 4 | 60 നു മുകളിൽ | 32 (9.49%) | 22 (5.26%) | 54 |
| 5 | ആകെ | 337 | 418 | 755 |

പണിയരിൽ 0 മുതൽ 18 വയസ്സുവരെയുള്ള പ്രായപരിധിയിൽ 39.47% പേരും കുറിച്യരിൽ 18 മുതൽ 35 വരെ പ്രായപരിധിയിൽ 35.01% പേരും ഉൾപ്പെടുന്നു. രണ്ട് സമുദായങ്ങളിലും 60 വയസ്സിനു മുകളിൽ പ്രായമുള്ള അംഗങ്ങളുടെ എണ്ണം വളരെ കുറവാണ്. ജോലി ചെയ്യുന്ന കുറിച്യരെ അപേക്ഷിച്ച് പണിയ സമുദായാംഗങ്ങളിൽ 18 മുതൽ 60 വയസ്സു വരെയുള്ളവരിൽ 65.57% കുറിച്യർ ഉണ്ടെങ്കിൽ പണിയ സമുദായത്തിൽ 55.36% മാത്രമാണ് ഇതിൽ നിന്നും ശരാശരി കുടുംബ വലുപ്പം കൂടുതലുള്ള പണിയൻ സമുദായത്തിന് ജോലി ചെയ്യുന്ന സമുദായാംഗങ്ങളുടെ സംഖ്യ കുറവായതു കൊണ്ടു തന്നെ കൂടുതൽ സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നുണ്ട്.




20 മുതൽ 40 വരെ പ്രായപരിധിയിലുള്ള അംഗങ്ങളുടെ എണ്ണം പരിശോധിച്ചാൽ പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളാണെന്നു കാണാം. ഇവിടേയും പണിയൻ സമുദാ

യത്തിലെ പുരുഷന്മാരുടെ കുറവ് നിമിത്തം വരുമാന മാർഗ്ഗങ്ങൽ കുറയുകയും സ്ത്രീകൾ കുഞ്ഞുങ്ങളെ പോറ്റാൻ പ്രയാസപ്പെടുന്നതായും അനുമാനിക്കാം.





ഗ്രാഫിൽ നിന്നും 20-40 പ്രായപരിധിയിൽ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷൻമാരാണ് കുറിച്യ സമുദായത്തിലുള്ളതെന്നു കാണാം. കൂടാതെ 80 വയസ്സിനു മുകളിൽ സ്ത്രീ ജനസംഖ്യ ഇല്ല എന്നും വ്യക്തമാകുന്നു. പണിയ സമുദായത്തെ അപേക്ഷിച്ച് 20-40 പ്രായപരിധിയിലും 80 വയസ്സിനു മുകളിൽ പ്രായമുള്ളവരും പുരുഷന്മാരെ കാണുന്നതുകൊണ്ട് കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക സംരക്ഷണത്തിന് കൂടുതൽ പ്രയോജനപ്പെടുന്നതായി കാണാം.

**പട്ടിക 4.5** സ്ത്രീകൾ **കുടുംബ**നാഥകളായിട്ടു**ള്ള** കുടുംബങ്ങൾ

| സമുദായം | കുടുംബങ്ങളുടെ എണ്ണം | ആകെ കുടുംബങ്ങൾ | ശതമാനം |
|---|---|---|---|
| കുറിച്യൻ | 12 | 75 | 16% |
| പണിയൻ | 25 | 75 | 33.33% |

സ്ത്രീകൾ **കുടുംബ**നാഥകളായിട്ടു**ള്ള** കുടുംബങ്ങൾ




**വൈവാഹികാവസ്ഥ**

**പട്ടിക 4.6 വൈവാഹികാവസ്ഥ**

| | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| സമുദായം | വിവാഹിതൻ/ വിവാഹിത | അവിവാഹിതൻ/ അവിവാഹിത | വിധവ/വിഭാര്യൻ | വിവാഹബന്ധം വേർപിരിഞ്ഞവർ | നിയമപരമായി വേർപിരിഞ്ഞിട്ടില്ല |
| കുറിച്യൻ | 57.27% | 21.36% | 2.07% | 0 | 0 |
| പണിയൻ | 47.36% | 11.48% | 4.30% | 0.7% | 0.5% |

കുറിച്യരിൽ 57.27% പേരും പണിയരിൽ 47.36% പേരും വിവാഹിതരാണ്. കുറിച്യരിൽ വിവാഹബന്ധം വേർപിരിഞ്ഞവർ ഇല്ല. എന്നാൽ പണിയരിൽ വിവാഹബന്ധം വേർപിരിഞ്ഞു താമസിക്കുന്ന അംഗങ്ങൾ ചെറിയൊരു ശതമാനം കാണപ്പെടുന്നു. ഇതിൽ നിന്നും കുടംബശിഥിലീകരണ പ്രവണത പണിയരിലാണ് കൂടി നിൽക്കുന്നത്.


**പട്ടിക 4.7 വീടിന്റെ ഉടമസ്ഥത**

| | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| സമുദായം | സ്വന്തം വീട് | വാടകയ്ക്ക് | താത്ക്കാലിക കുടിൽ | മറ്റുള്ളവ | ആകെ |
| കുറിച്യൻ | 71 | 1 | 3 | 0 | 75 |
| പണിയൻ | 60 | 0 | 13 | 2 | 75 |
| ആകെ | 131 | 1 | 16 | 2 | 150 |

കുറിച്യൻ സമുദായക്കാരിൽ 94.66% പേരും പണിയൻ സമുദായത്തിൽ 80% പേരും സ്വന്തം വീട്ടിലാണ് താമസിക്കുന്നത്.

**പട്ടിക 4.8 തൊഴിൽ**

| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| സമുദായം | തൊഴിൽ രഹിതർ | തൊഴിലുറപ്പ് | വനവിഭവ ശേഖരണം | കർഷക തൊഴിലാളി | പ്രാഗത്ഭ്യമുള്ള ജോലിക്കാർ | കൃഷിക്കാർ | കൂലി | ഗവ. ഉദ്യോഗസ്ഥർ | ആകെ |
| കുറിച്യൻ | 75(29.64%) | 20(11.46) | (0%) | 27 (10.67%) | 6(2.37%) | 50(19.7%) | 56(22.17%) | 10(3.95%) | 244 |
| പണിയൻ | 54(21.34%) | 30(11.85%) | 8 (3.16%) | 2 (0.79%) | 3(1.18%) | (0%) | 154(60.8%) | 2(0.79%) | 253 |
| ആകെ | 129 | 50 | 8 | 29 | 9 | 50 | 210 | 12 | 497 |



കുറിച്യരിൽ 19.7% പേർ കൃഷിക്കാരും 22.17% പേർ കൂലിപ്പണി ചെയ്യുന്നവരുമാണ്. കുറിച്യൻ സമുദായത്തിൽ ആരും തന്നെ വനവിഭവശേഖരണത്തിൽ ഏർപ്പെട്ടിട്ടില്ല. അതുപോലെ തന്നെ പണിയൻ സമുദായത്തിലെ ആരും തന്നെ കർഷകരല്ല. 0.79% പേർ കാർഷിക തൊഴിലാളികളാണ്. 60.8% പണിയൻ സമുദായക്കാരും കൂലിവേല ചെയ്താണ് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നത്. കുറിച്യരും പണിയരും തമ്മിൽ കൂലിപ്പണിയുടെ കാര്യത്തിൽ 38.63% ന്റെ വ്യത്യാസം കാണുന്നുണ്ട്.

**പട്ടിക 4.9 തൊഴിൽ , വീടിന്റെ** അവസ്ഥ

| | | തൊഴിൽ | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സമുദായം | Nature of Employment | | | | | | | | | | | | | | | |
| | | തൊഴിൽ രഹിതർ | | വനവിഭവ ശേഖരണം | | കർഷക തൊഴിലാളി | | പ്രാഗത്ഭ്യമുള്ള ജോലിക്കാർ | | കൃഷിക്കാർ | | കൂലി | | ഗവ. ഉദ്യോഗസ്ഥർ | | തൊഴിലുറപ്പ് | |
| | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | | വീടുകൾ താമസയോഗ്യമാണോ | |
| | | അതെ | അല്ല | അതെ | അല്ല | അതെ | അല്ല | അതെ | അല്ല | അതെ | അല്ല | അതെ | അല്ല | അതെ | അല്ല | അതെ | അല്ല |
| 1 | കുറിച്യൻ | 2 (10.5%) | 2 (10.5%) | 0 (0%) | 0 (0%) | 4 (100%) | 0(0%) | 0(0%) | 0(0%) | 22(91.7%) | 2(8.3%) | 16(89.9%) | 2(11.1%) | 5(100%) | 0(0%) | 4(100%) | 0(0%) |
| 2 | പണിയൻ | 13(86.7%) | 2(13.3%) | 1(100%) | 0(0%) | 0(0%) | 1(100%) | 0(0%) | 0(0%) | 0(0%) | 0(0%) | 36(70.6%) | 15(29.4%) | 0(0%) | 0(0%) | 7(100%) | 0(0%) |

കുറിച്യരിൽ 100% സർക്കാർ ഉദ്യോഗസ്ഥരും കൃഷിക്കാരിൽ 91.7% പേരും താമസയോഗ്യമായ സ്വന്തം വീട്ടിലാണ് താമസിക്കുന്നത്. പണിയൻ സമുദായക്കാരിൽ ഭൂരിഭാഗം പേരും കൂലിപ്പണി ചെയ്യുന്നവരാണ്. ഇവരിൽ 70.6% പേരും താമസയോഗ്യമായ സ്വന്തം വീടുകളിലാണ് താമസിക്കുന്നത്.

മുകളിലെ പട്ടികയിൽ നിന്നും വ്യക്തമാകുന്നത് ഭവന നിർമ്മാണ പദ്ധതി പണിയൻ സമുദായക്കാരേക്കാൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ളത് കുറിച്യസമുദായത്തിലാണെന്ന് കാണുവാൻ കഴിയും. ഇതിന്റെ പ്രധാന കാരണം പണിയൻ സമുദായാംഗങ്ങളുടെ താമസസ്ഥലത്തേക്ക് നിർമ്മാണ സാധനങ്ങൾ എത്തിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങളാണ്. ഭൂരിഭാഗം സമുദായാംഗങ്ങളും ഉയർന്ന പ്രദേശങ്ങളിലാണ് താമസിക്കുന്നത്. ഗതാഗത യോഗ്യമായ റോഡ് സൗകര്യം ഇല്ല. അതിനാൽ ഭവന നിർമ്മാണത്തിനനുവദിക്കുന്ന തുകയിൽ കൂടുതലും സാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടി ചിലവാകുന്നു. തൻമൂലം ഭവന നിർമ്മാണം പകുതി വഴിയിൽ നിന്നു പോകുന്നു.

## പട്ടിക 4.10 വീട് വൈദ്യുതീകരിച്ചതാണോ

| | വീട് വൈദ്യുതീകരിച്ചതാണോ ? | | ആകെ |
|---|---|---|---|
| | അതെ | അല്ല | |
| **കുറിച്യൻ** | 70 (93.33%) | 5(6.66%) | 75 |
| **പണിയൻ** | 65 (86.66%) | 10(13.4%) | 75 |
| **ആകെ** | 135 | 15 | 150 |

കുറിച്യരിൽ 93.33% പേരുടേയും പണിയരിൽ 86.66% പേരുടേയും വീടുകൾ വൈദ്യുതീ കരിച്ചതാണ്.

## പട്ടിക 4.11വിദ്യാഭ്യാസ നിലവാരം

| വിദ്യാഭ്യാസ നിലവാരം | | പ്രായപരിധി | | | | ആകെ |
|---|---|---|---|---|---|---|
| | | 0 - 18 | 18 - 35 | 35 - 60 | 60 നു മുകളിൽ | |
| 5 വയസ്സിൽ താഴെ | കുറിച്യൻ<br>പണിയൻ | 17<br>34 | - | - | - | 17<br>34 |
| | ആകെ | 51 | - | - | - | 51 |
| നിരക്ഷരർ | കുറിച്യൻ<br>പണിയൻ | 8<br>14 | 2<br>7 | 16<br>42 | 15<br>16 | 41(12.16%)<br>79(18.89%) |
| | ആകെ | 22 | 9 | 58 | 31 | 120 |
| സാക്ഷരർ | കുറിച്യൻ<br>പണിയൻ | 1<br>3 | 1<br>5 | 10<br>8 | 10<br>5 | 22(6.52%)<br>21(5.02%) |
| | ആകെ | 4 | 6 | 18 | 15 | 43 |
| പ്രൈമറി | കുറിച്യൻ<br>പണിയൻ | 24<br>52 | 3<br>34 | 5<br>20 | 4<br>0 | 36(10.68%)<br>106(25.35%) |
| | ആകെ | 76 | 37 | 25 | 4 | 142 |
| മിഡിൽ സ്കൂൾ | കുറിച്യൻ<br>പണിയൻ | 7<br>24 | 12<br>25 | 15<br>10 | - | 34(10.08%)<br>59(14.11%) |
| | ആകെ | 31 | 37 | 25 | - | 93 |
| ഹൈസ്കൂൾ | കുറിച്യൻ<br>പണിയൻ | 6<br>20 | 23<br>39 | 26<br>9 | 3<br>1 | 58(17.2%)<br>69(16.5%) |
| | ആകെ | 26 | 62 | 35 | 4 | 127 |
| എസ്. എസ്. എൽ. സി | കുറിച്യൻ<br>പണിയൻ | 9<br>7 | 31<br>15 | 17<br>7 | - | 57(16.9%)<br>29(6.93%) |
| | ആകെ | 16 | 46 | 24 | - | 86 |
| ഹയർസെക്കണ്ടറി | കുറിച്യൻ<br>പണിയൻ | 7<br>3 | 35<br>5 | 9<br>0 | - | 51(15.13%)<br>8(1.91%) |
| | ആകെ | 10 | 40 | 9 | - | 59 |
| ബിരുദം | കുറിച്യൻ<br>പണിയൻ | 1<br>0 | 10<br>2 | 4<br>1 | - | 15(4.45%)<br>3(0.71%) |
| | ആകെ | 1 | 12 | 5 | - | 18 |
| ബിരുദാന | കുറിച്യൻ | - | 1 | - | - | 1(0.29%) |

| | | | | | | |
|---|---|---|---|---|---|---|
| ന്തര ബിരുദം | പണിയൻ | | 0 | | | |
| | ആകെ | - | 1 | - | - | 1 |
| മറ്റുള്ളവ | കുറിച്യൻ<br>പണിയൻ | 4<br>8 | 0<br>1 | 1<br>1 | - | 5(1.48%)<br>10(2.39%) |
| | ആകെ | 12 | 1 | 2 | - | 15 |
| ആകെ | കുറിച്യൻ<br>പണിയൻ | 84<br>165 | 118<br>133 | 103<br>98 | 32<br>22 | 337<br>418 |
| | ആകെ | 249 | 251 | 201 | 54 | 755 |

രണ്ടു സമുദായങ്ങളുടേയും വിദ്യാഭ്യാസ നിലവാരം പരിശോധിച്ചാൽ പണിയൻ സമുദായാംഗങ്ങളിൽ ഭൂരിഭാഗം പേരും ഹൈസ്കൂൾ വിദ്യാഭ്യാസം വരെ മാത്രമാണ് വിദ്യാഭ്യാസം നേടിയിരിക്കുന്നത്. ഇതിൽത്തന്നെ ചെറിയൊരു ശതമാനം പേർ മാത്രമേ എസ്. എസ്. എൽ. സി വരെ പഠിച്ചിട്ടുള്ളത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പണിയൻ സമുദായത്തിന്റെ പ്രാതിനിധ്യം വളരെ കുറവാണ്. കുറിച്യരിൽ ഹയർസെക്കണ്ടറി തലം വരെ വിദ്യാഭ്യാസം പ്രാധാന്യം നൽകുന്നുണ്ടെങ്കിലും അതിനുശേഷം ഉപരിപഠനത്തിനു പോകുന്നവരുടെ എണ്ണം വളരെ കുറവാണ്. പഠനം നടത്തിയ കുടുംബങ്ങളിൽ കുറിച്യൻ സമുദായത്തിൽ ബിരുദാനന്തര ബിരുദമുള്ള ഒരാൾ മാത്രവും എന്നാൽ പണിയ സമുദായത്തിൽ ആരും തന്നെയില്ല. ഉന്നത പഠനത്തിനുവേണ്ടിയുള്ള പദ്ധതികൾ കുറച്ചുകൂടി കാര്യക്ഷമമായി കുറിച്യൻ സമുദായക്കാർക്കിടയിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ പണിയൻ സമുദായാംഗങ്ങളെ വിദ്യാഭ്യാസം നേടേണ്ട ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരിക്കുകയും അതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കുറിച്യരിൽ 18 വയസ്സിൽ താഴെയുള്ള 83.5% പേരും വിദ്യാർത്ഥികളാണ്. പഠനത്തിൽ ഇവർ താത്പര്യം കാണിക്കുന്നതായാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ പണിയരിൽ 26.9% കുട്ടികൾ മാത്രമാണ് സ്ഥിരമായി സ്കൂളിൽ പോകുന്നുള്ളൂ. ഇവരുടെ രക്ഷകർത്താക്കളും കുട്ടികളെ സ്കൂളിലയയ്ക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ അംഗനവാടി തലം മുതൽ തന്നെയാണ്. എന്നാൽ ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അംഗനവാടി മുതലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ കുറിച്ച്യർ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതായാണ് കണ്ടിട്ടുള്ളത്. എന്നാൽ പണിയരിൽ ഭൂരിഭാഗം രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ താത്പര്യം കാണിക്കുന്നില്ല. സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസനുകൂല്യങ്ങളെക്കുറിച്ച് പണിയൻ സമുദായാംഗങ്ങൾക്ക് വേണ്ടത്ര അവബോധം ലഭിച്ചിട്ടില്ല. അതിനാൽ വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ പണിയൻ സമുദായാംഗങ്ങൾക്കിടയിൽ വിജയം കൈവരിക്കുവാൻ സമുദായാംഗ

ങ്ങൾക്ക് അവയെക്കുറിച്ചുള്ള ബോധവൽക്കരണവും പിൻതുണയും നൽകേണ്ടത് അത്യാവശ്യമാണ്.

## വിദ്യാഭ്യാസം

കുറിച്ച്യൻകുടുംബങ്ങളിലെ ഗൃഹനാഥരുടേയും പണിയൻ കുടുംബങ്ങളിലെ ഗൃഹനാഥരുടേയും വിദ്യാഭ്യാസ നിലവാരം താരതമ്യം ചെയ്യുന്നതിനായി ടി ടെസ്റ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*** നൾ ഹൈപ്പോതിസിസ്**

കുറിച്ച്യൻഗൃഹനാഥരുടേയും പണിയൻ ഗൃഹനാഥരുടേയും വിദ്യാഭ്യാസ നിലവാരം തമ്മിൽ പ്രസക്തമായ വ്യത്യാസങ്ങളൊന്നുമില്ല.

****അൾട്ടർനേറ്റീവ് ഹൈപ്പോതിസിസ്**

രണ്ടു സമുദായങ്ങളിലേയും ഗൃഹനാഥരുടെ വിദ്യാഭ്യാസ നിലവാരത്തിൽ പ്രസക്തമായ വ്യത്യാസങ്ങളുണ്ട്.

*Null hypothesis

Null hypothesis is the hypothesis which is tested for the possible rejection under the assumption that it is true

**Alternate hypothesis

Any hypothesis which is complementary to the null hypothesis is called an alternate hypothesis

***Significant value (p value)

The value of test statistic which seperates the critical (rejection) region and the acceptance region is called the critical value or significant value.

**Group Statistics**

| | NAME OF THE COMMUNITY | N | Mean | Std. Deviation | Std. Error Mean |
|---|---|---|---|---|---|
| FORMALEDUCATION | PANIYA | 75 | 2.21 | 1.509 | .174 |
| | KURICHIYA | 75 | 3.36 | 1.706 | .197 |

**Independent Samples Test**

| | | Levene's Test for Equality of Variances | | t-test for Equality of Means | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | F | Sig. | t | df | Sig. (2-tailed) | Mean Difference | Std. Error Difference | 95% Confidence Interval of the Difference | |
| | | | | | | | | | Lower | Upper |
| FORMALEDUCATION | Equal variances assumed | .780 | .379 | -4.360 | 148 | .000 | -1.147 | .263 | -1.666 | -.627 |
| | Equal variances not assumed | | | -4.360 | 145.842 | .000 | -1.147 | .263 | -1.666 | -.007 |

മുകളിലെ പട്ടികയിൽ നിന്നും ലെവനീസ് ടെസ്റ്റിന്റെ പി വാല്യൂ (സിഗ്) .379 ആണ്. അതിനാൽ വേരിയൻസ് തുല്യമാണെന്നുള്ള നിഗമനം പൂർത്തീകരിച്ചിട്ടുണ്ട്. പി വാല്യ*** .05 നേക്കാൾ കുറവായതിനാൽ (.000) നൾ ഹൈപ്പോതിസിസ് റിജക്ട് ചെയ്യുന്നു. ആൾട്ടർനേറ്റ് ഹൈപ്പോതിസിസ് അംഗീകരിക്കുന്നു. അതായത് കുറിച്യൻ ഗൃഹനാഥരുടേയും പണിയൻ ഗൃഹനാഥരുടേയും വിദ്യാഭ്യാസ നിലവാരത്തിൽ പ്രസക്തമായ വ്യത്യാസങ്ങളുണ്ട്.

**പട്ടിക 4.12** ഏതു ജില്ലയിലാണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ

| ഏതു ജില്ലയിലാണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ | | പ്രായപരിധിയിലുള്ള ആളുകളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | 18 - 35 | 35 - 60 | 60 നു മുകളിൽ | |
| അറിയാം | കുറിച്യൻ | 104 (88.13%) | 82 (83.67%) | 27(79.41%) | 213(83.52%) |
| | പണിയൻ | 70 (52.6%) | 49 (50%) | 9 (36%) | 128 (50%) |
| ഇല്ല | കുറിച്യൻ | 5 (4.58%) | 20 | 7 (20.58%) | 32 (13.06%) |
| | പണിയൻ | 63 | 49(50%) | 16 (0.64%) | 128 (50%) |
| ആകെ | കുറിച്യൻ | 109 (44.44%) | 102 (41.63%) | 34 (13.87%) | 245 |
| | പണിയൻ | 133 (51.95%) | 98 (38.28%) | 25(9.76%) | 256 |

പട്ടികയിൽ നിന്നും 83.52% കുറിച്യർക്കും 50% പണിയർക്കും തങ്ങൾ ഏതു ജില്ലയിലാണ് താമസിക്കുന്നത് എന്ന് അറിയാവുന്നവരാണ്. ഇതിൽത്തന്നെ മുതിർന്നവരേക്കാൾ യുവതലമുറയിൽപ്പെട്ടവർക്കാണ് കൂടുതൽ അറിവുള്ളത്.

**പട്ടിക 4.13 ഏതു സംസ്ഥാനത്താണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ**

| **ഏതു സംസ്ഥാനത്താണ് നിങ്ങൾ താമസിക്കുന്നത് എന്ന് അറിയാമോ** | | **പ്രായപരിധിയിലുള്ള ആളുകളുടെ എണ്ണം** | | | **ആകെ** |
|---|---|---|---|---|---|
| | | 18 - 35 | 35 - 60 | 60 നു മുകളിൽ | |
| അറിയാം | കുറിച്യൻ | 99 (90.8%) | 80 (77.66%) | 21 (63.6%) | 200 (81.6%) |
| | പണിയൻ | 38 (28.57%) | 27 (27.55%) | 5 (20%) | 70 (27.34%) |
| ഇല്ല | കുറിച്യൻ | 10 (17.43%) | 23 (22.33%) | 12 (36.36%) | 54 |
| | പണിയൻ | 95 (71.42%) | 71 (72.44%) | 17 (68%) | 183 |
| ആകെ | കുറിച്യൻ | 109 (44.48%) | 103 (42.04%) | 33 (13.46%) | 245 |
| | പണിയൻ | 133 (51.95%) | 98 (38.28%) | 25 (9.76%) | 256 |

പട്ടികയിൽ നിന്നും 81.6% കുറിച്യർക്കും തങ്ങൾ ഏത് സംസ്ഥാനത്താണ് താമസിക്കുന്നത് എന്ന് അറിവുള്ളവരാണ് എന്നു കാണുവാൻ കഴിയും. എന്നാൽ പണിയരുടെ അവസ്ഥ വളരെ വ്യത്യസ്തമാണ്. 27.34% പണിയൻ സമുദായാംഗങ്ങൾ മാത്രമാണ് തങ്ങൾ ഏത് സംസ്ഥാനത്താണ് ജീവിക്കുന്നത് എന്ന കാര്യത്തിൽ ബോധവാൻമാരായിട്ടുള്ളത്. കൂടാതെ യുവ തലമുറയിൽപ്പെട്ടവരാണ് പൊതുവിജ്ഞാനത്തിൽ കൂടുതൽ അറിവുള്ളവരായി കാണപ്പെടുന്നത്. വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ കുറിച്യർ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ പണിയൻ സമുദായാംഗങ്ങൾ പദ്ധതികളെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന കാര്യത്തിൽ ഇല്ല എന്നു തന്നെ പറയേണ്ടിവരും. അതിനാൽ വേണ്ട വിധത്തിൽ തങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറച്ചും വിദ്യാഭ്യാസം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പണിയൻ സമുദായാംഗങ്ങളെ ബോധ്യപ്പെടുത്തേണ്ടതും അവരുടെ വരുമാന വർദ്ധനവിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**പട്ടിക 4.14 എപ്പോഴെങ്കിലും പത്രം വായിച്ചിട്ടുണ്ടോ**

| എപ്പോഴെങ്കിലും പത്രം വായിച്ചിട്ടുണ്ടോ ? | | പ്രായപരിധിയിലുള്ള ആളുകളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | 18 - 35 | 35 - 60 | 60 നു മുകളിൽ | |
| ഉണ്ട് | കുറിച്യൻ | 102 (87.93%) | 16 (15.53%) | 4 (12.5%) | 34 (13.54%) |
| | പണിയൻ | 6 (4.62%) | 10 (10.20%) | 0 | 16 |
| ഇല്ല | കുറിച്യൻ | 14 (12.06%) | 87 (84.46%) | 28 | 217 |
| | പണിയൻ | 124 (95.38%) | 88 (89.79%) | 25 | 237 |
| ആകെ | കുറിച്യൻ | 116 | 103 | 32 | 251 |
| | പണിയൻ | 130 | 114 | 25 | 269 |

**പട്ടിക 4.15 ഉടമസ്ഥത**

| ഉടമസ്ഥത | കുറിച്യൻ | | പണിയൻ | |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| റേഡിയോ | 51 (68%) | 24 (32%) | 13 (17.33%) | 62 (82.66%) |
| ടെലിവിഷൻ | 45 (60%) | 30 (40%) | 36 (48%) | 39 (52%) |
| ഗ്യാസ് സ്റ്റൗ | 32 (42.6%) | 43 (57.3%) | 7 (9.33%) | 68 (90.66%) |

വീട്ടുപകരണങ്ങളുടെ ഉടമസ്ഥാവകാശം ജീവിതനിലവാരത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനുള്ള ഒരു സൂചികയാണ്. കുറിച്യരിൽ 68% പേർക്ക് റേഡിയോ, 60% പേർക്ക് ടെലിവിഷൻ, 42.6% പേർക്ക് ഗ്യാസ് സ്റ്റൗ എന്നിവ സ്വന്തമായുണ്ട്. എന്നാൽ കുറിച്യരേക്കാൾ പണിയ

രുടെ ജീവിതനിലവാരം താഴെയാണ്. 17.33% പേർക്ക് റേഡിയോ, 48% പേർക്ക് ടെലിവിഷൻ, 9.33% പേർക്ക് ഗ്യാസ് സ്റ്റൗ എന്നിവ സ്വന്തമായുള്ളത്

കുറിച്യരിൽ 78.5% അംഗങ്ങൾക്കും പണിയരിൽ 59.42% അംഗങ്ങൾക്കും തിരിച്ചറിയൽ കാർഡുണ്ട്. 83.3% കുറിച്യർക്കും 92.2% പണിയർക്കും ആധാർ കാർഡ് ലഭിച്ചിട്ടുണ്ട്.

### പട്ടിക 4.16 കൈവശഭൂമിയുടെ വിസ്തൃതി

| | Mean | N | Std Deviation |
|---|---|---|---|
| കുറിച്യൻ | 5.74 | 75 | 1.656 |
| പണിയൻ | 2.55 | 75 | 1.044 |

### പട്ടിക 4.17 ഗൃഹനാഥൻ/നാഥയുടെ തൊഴിലും കൈവശഭൂമിയുടെ വിസ്തൃതിയും

| | | ഭൂമിയുടെ വിസ്തൃതി | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | ഭൂരഹിതർ | 0 - 10 Cents | 10 – 25 Cents | 25 – 50 Cents | 50 – 75 Cents | 75 – 100 Cents | Above 100 Cent | |
| തൊഴിൽ രഹിതർ | കുറിച്യൻ | 0 | 0 | 0 | 2 | 0 | 9(12%) | | 19 |
| | പണിയൻ | 0 | 12(16%) | 3(4%) | 0 | 0 | 0 | 8(10.6%) | 15 |
| വനവിഭവ ശേഖരണം | കുറിച്യൻ | 0 | 0 | 0 | 0 | 0 | 1 | 3(4%\|) | 4 |
| | പണിയൻ | 0 | 0 | 1 | 0 | 0 | 0 | 0 | 1 |
| കർഷക തൊഴിലാളികൾ/ കർഷകർ | കുറിച്യൻ | 1 | 0 | 1 | 1 | 0 | 14(58.36%) | 7(9.3%) | 24 |
| | പണിയൻ | 0 | 0 | 1 | 0 | 0 | 0 | 0 | 1 |
| കൂലിപ്പണി | കുറിച്യൻ | 0 | 6 | 1 | 0 | 0 | 2 | 9(12%) | 18 |
| | പണിയൻ | 1 | 34 (45.33%) | 6(8%) | 6(8%) | 2(2.66%) | 3(4%) | 0 | 52 |
| സർക്കാർ ഉദ്യോഗസ്ഥൻ | കുറിച്യൻ | 0 | 0 | 0 | 1 | 0 | 2 | 2 | 5 |
| | പണിയൻ | | | | | 0 | | 0 | |
| തൊഴിലുറപ്പു പദ്ധതി | കുറിച്യൻ | 0 | 1 | 0 | 1 | 0 | 1 | 2 | 5 |
| | പണിയൻ | 0 | 5 (6.66%) | 1(1.33%) | 0 | 0 | 0 | | 6 |
| ആകെ | കുറിച്യൻ | | | | | | | | 75 |
| | പണിയൻ | 1 | 51 | 12 | 6 | 2 | 3 | | 75 |

കുറിച്യരിൽ 44% പേരും 100 സെന്റിനുമുകളിൽ കൈവശഭൂമി ഉള്ളവരാണ്. എന്നാൽ പണിയരിൽ ആർക്കും തന്നെ 100 സെന്റിനു മുകളിൽ കൈവശഭൂമി ഇല്ല. കുറിച്യരിൽ സർക്കാർ ഉദ്യോഗസ്ഥരിൽ 80% പേരും 75 സെന്റിനു മുകളിൽ ഭൂമി സ്വന്തമായുള്ളവരാണ്.

പണിയരിൽ കൂലിപ്പണി ചെയ്യുന്നവരിൽ 65.38% പേർക്കും 0 മുതൽ 10 സെന്റ് വരെയാണ് കൈവശഭൂമിയുള്ളത്.

ഭൂമി വിതരണ പദ്ധതിയുടെ വിശകലനം ചെയ്ത് നോക്കിയാൽ 58.3% കുറിച്യരും 75 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമിയുള്ളവരും കാർഷിക പ്രവർത്തനത്തിൽ ഏർപ്പെടുന്നവരുമാണ്. എന്നാൽ പണിയരിൽ 65.32% പേരും 10 സെന്റിനുള്ളിൽ ഭൂമിയുള്ളവരാണ്. ഭൂമിയുടെ അപര്യാപ്തത കൊണ്ട് പണിയർ കാർഷിക പ്രവർത്തനങ്ങളിൽ താത്പര്യം കാണിക്കുന്നില്ല. പണിയൻ സമുദായക്കാർ പ്രധാനമായും കൂലിപ്പണി ചെയ്താണ് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നത്.

ഭൂമി വിതരണ പദ്ധതി പണിയരുടെ ഇടയിൽ കുറേക്കൂടി കാര്യക്ഷമമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## കൃഷി

12-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൃഷിക്കനുയോജ്യമായ പദ്ധതികളൊന്നും തന്നെ പഠന വിധേയമായി തിരഞ്ഞെടുത്ത സങ്കേതങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. വിവരശേഖരണത്തിൽ നിന്നും മനസിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത് പണിയൻ സമുദായാംഗങ്ങൾക്ക് ഭൂമിയുടെ അപര്യാപ്തത മൂലം മറ്റു സമുദായാംഗങ്ങളുടെ ഭൂമി പാട്ടത്തിനെടുത്ത് വാഴകൃഷി ചെയ്യുന്നതായാണ്. ഇതിനായി ധനസഹായം ഒന്നും തന്നെ സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

അതുപോലെ തന്നെ കുറിച്യൻ സമുദായാംഗങ്ങളും കൃഷി ചെയ്യുന്നതിൽ താത്പര്യം പ്രകടിപ്പിക്കുന്നവരാണ്. കൃഷിയിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ സമുദായത്തിലുണ്ട്.

അതുകൊണ്ടു തന്നെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ രണ്ട് സമുദായാംഗങ്ങൾക്കിടയിലും നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

## മൃഗപരിപാലനം

പശു, ആട്, എരുമ, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളെ പണിയൻ സമുദായാംഗങ്ങൾക്കു ലഭിച്ചിട്ടുണ്ടായിരുന്നെങ്കിലും വേണ്ട രീതിയിൽ അവയെ പരിപാലിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പദ്ധതി വിജയം കണ്ടില്ല. എന്നാൽ കുറിച്യൻ സമുദായക്കാർ മൃഗ പരിപാലനത്തിൽ പരമ്പരാഗതമായിതന്നെ താല്പര്യം കാണിക്കുന്നവരാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ കൂടി സഹായം കിട്ടുന്നതിന് താല്പര്യം കാണിക്കുന്നുണ്ട്.

**പട്ടിക 4.18 കുടിവെള്ളം**

| | സ്വന്തം കിണർ | പൊതുകിണർ | കുളം | ജലവിതരണ പദ്ധതി | മറ്റുള്ളവ | |
|---|---|---|---|---|---|---|
| കുറിച്യൻ | 50 (66.66%) | 12 (16%) | (0%) | 9 (12%) | 4 (5.33%) | 75 |
| പണിയൻ | 12 (16%) | 36 (48%) | 10 (13.33%) | 14 (18.66%) | 3 (4%) | 75 |

കുടിവെള്ള പദ്ധതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് രണ്ടു സമുദായങ്ങൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട് എന്ന് പറയുവാൻ കഴിയും. കുറിച്യരിൽ 66.66% പേരും സ്വന്തം കിണറ്റിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. അതേ സമയം പണിയരിൽ 48% പേർ കുടിവെള്ളത്തിനായി പൊതുകിണറിനെ ആശ്രയിക്കുന്നു. ജലവിതരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ള പണിയൻ സങ്കേതങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൂടാതെ കുളങ്ങളിൽ നിന്നും ജലം ശേഖരിക്കുന്നവരും ഇതേ പ്രശ്നം നേരിടുന്നുണ്ട്. ഇതിനുള്ള പ്രതിവിധി കൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായാൽ കുടിവെള്ള പദ്ധതി സമ്പൂർണ്ണ വിജയത്തിലെത്തിച്ചേരും.

**പോഷകാഹാരം**

കുറിച്യൻരുടേയും പണിയരുടേയും പ്രധാനപ്പെട്ട ഭക്ഷണം അരി ആഹാരമാണ്. കുറിച്യരിൽ 97.33% പേരും മൂന്നു നേരം ഭക്ഷണം കഴിക്കുന്നവരാണ്. 56% ആഴ്ചയിലൊരിക്കൽ മുട്ട കഴിക്കുന്നവരും 81.33% പേർ ആഴ്ചയിലൊരിക്കൽ മത്സ്യം കഴിക്കുന്നവരും 64% ദിവസേന പാൽ ഉപയോഗിക്കുന്നവരുമാണ്. എന്നാൽ പണിയരിൽ 747 പേരും മൂന്നുനേരവും ഭക്ഷണം കഴിക്കാത്തവരാണ്. പാൽ, മുട്ട, മത്സ്യം എന്നിവയുടെ ഉപയോഗവും ഇവരിൽ വളരെ കുറവാണ്. അംഗനവാടികൾ വഴിയുള്ള പോഷകാഹാര വിതരണം പണിയരുടെ ഇടയിൽ കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.

റേഷൻകടകളിൽ നിന്നാണ് കുറിച്യരും പണിയരും അരിയും മറ്റ് സാധനങ്ങളും വാങ്ങുന്നത്. എന്നാൽ പണിയൻ സമുദായക്കാർക്ക് റേഷൻകടകളിൽ നിന്നും അനുവദനീയമായ തോതിലുള്ള റേഷൻ ഉത്പന്നങ്ങൾ ലഭിക്കുന്നില്ല എന്ന് പഠനത്തിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അധികൃതരുടെ ഭാഗത്തുനിന്ന് ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട രീതിയിലുള്ള ഇടപെടലുകൾ അത്യാവശ്യമാണ് എന്ന് പണിയൻ സമുദായാംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## പൊതു പ്രവർത്തനങ്ങളിലെ പങ്കാളിത്തം

കുറിച്ച്യരിൽ 85% tപരും പണിയരിൽ 73% പേരും തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ പണിയരുടെ അഭിപ്രായത്തിൽ രാഷ്ട്രീയ താത്പര്യം കൊണ്ടല്ല മറിച്ച് നേതാക്കൻമാരുടെ നിർബന്ധം മൂലമാണ് വോട്ട് രേഖപ്പെടുത്തുവാൻ പോകുന്നത്. കുറിച്യരിൽ ഭൂരിഭാഗം പേരും ഗ്രമസഭയിൽ പങ്കെടുക്കാറുണ്ട്. എന്നാൽ ഗ്രാമസഭയിൽ പണിയരുടെ പങ്കാളിത്തം വളരെ കുറവാണ്. ഇതിനു കാരണമായി സമുദായാംഗങ്ങൾ പറയുന്നത് ഊരുകൂട്ടങ്ങളിലും ഗ്രാമസഭകളിലും തങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് വേണ്ട പരിഹാരങ്ങളൊന്നും തന്നെ ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. അതുകൊണ്ട് തന്നെ ഊരുകൂട്ടങ്ങളിലും ഗ്രാമസഭകളിലും പങ്കെടുക്കുന്നതിന് താൽപര്യമില്ല എന്നാണ്.

മുകളിൽ വിവരിച്ച പട്ടികകളിൽ നിന്നും കുറിച്യൻ സമുദായവും പണിയൻ സമുദായവും വികസന നിലവാരത്തിൽ വളരെയധികം അന്തരം പുലർത്തുന്നതായാണ് കാണുന്നത്. താഴെ പറയുന്ന സംഗ്രഹ പട്ടിക ഇത് വെളിവാക്കുന്നുണ്ട്. പ്രസ്തുത പഠനത്തിൽ നിന്നും പട്ടികവർഗ്ഗ സമുദായങ്ങളുടെ വികസനത്തിനായി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികളെപ്പറ്റി പണിയ സമുദായംഗങ്ങൾക്ക് ബോധവൽകരണം നടത്തുകയും അവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. പഠനത്തിൽ നിന്നും പണിയൻ സമുദായക്കാർ പൊതു വിജ്ഞാനത്തിലും, വിദ്യാഭ്യാസം, കൈവശഭൂമി, പോഷകാഹാരം എന്നീ തലങ്ങളിലെല്ലാം കുറിച്യരേക്കാൾ പിന്നോക്കം നിൽക്കുന്ന അവസ്ഥയാണുള്ളത്. സമുദായംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള പദ്ധതികൾ അല്ല പല സങ്കേതങ്ങളിലും നടപ്പിലാക്കിയിട്ടുള്ളത്. അതു കൊണ്ടു തന്നെ ഈ പദ്ധതികൾ അവയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ സാധിക്കാതെ വരുന്ന അവസ്ഥയും നിലനിൽക്കുന്നു.

**പട്ടിക 4.19 സംഗ്രഹ പട്ടിക**

| വിഷയം | കുറിച്യൻ | പണിയൻ |
|---|---|---|
| അണുകുടുംബം | 90.66% | 85.33% |
| കുടുംബ ശരാശരി വലുപ്പം | 4.49 | 5.57 |
| 18-60 പ്രായപരിധിയിലുള്ള അംഗങ്ങൾ | 65.57% | 55.26% |
| 60 നു മുകളിൽ | 9.49% | 5.26% |
| വിധവ/ വിഭാര്യൻ | 2.07% | 4.30% |
| വിവാഹം വേർപിരിഞ്ഞവർ | 0% | 0.7% |
| ബിരുദം | 4.45% | 0.7% |
| ബിരുദാനന്തര ബിരുദം | 0.29% | 0% |
| കൂലിപ്പണി | 22.17% | 60.8% |
| സർക്കാർ ജോലി | 3.95% | 0.79% |
| ശരാശരി കൈവശഭൂമി | 5.74 | 2.55 |
| സ്വന്തം കിണർ | 66.66% | 16% |

**അദ്ധ്യായം- 5**

# സംഗ്രഹവും ഉപസംഹാരവും

## 5.1 ആമുഖം

സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് അടിച്ചമർത്തലിന്റേയും ഒറ്റപ്പെടുത്തലുകളുമടക്കം ജീവിത ദുരിതത്തിന്റെ തീവ്രത അനുഭവിച്ചറിഞ്ഞിട്ടുള്ളവരാണ് ഭാരതത്തിലെ അസമത്വത്തിന് വിധേയരായ ജനങ്ങൾ. ഇതിൽ നിന്നും ഒരു പരിധിവരെ ഒരു വിഭാഗം മുക്തരായി എങ്കിലും ചില വിഭാഗം ജനങ്ങൾ ഇന്നും മോചിതരാകുകയോ പൊതുധാരയിലേക്ക് എത്തപ്പെടുകയോ ചെയ്തിട്ടില്ല. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഈ ഗണത്തിൽ ഉൾപ്പെടുന്നു. ഈ വിഭാഗത്തെ പിന്നോക്കാവസ്ഥയിൽ നിന്നു പുരോഗതിയിലേക്കു നയിക്കാൻ ശക്തമായ നേതൃത്വത്തിന്റെ ഇട പെടലുകളും പദ്ധതികളുടെ പ്രയോജനങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുകയും വേണം.

വികസന പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനുള്ള സാമ്പത്തിക സഹായം അനു വദിക്കുകയും ചെയ്തു കഴിഞ്ഞാൽ സമുദായങ്ങളുടെ വികസന ത്വരിതഗതിയുലാകുമെന്നുള്ള കാഴ്ചപ്പാട് നിലവിലുള്ള പ്രശ്നങ്ങളെ ലഘൂകരിക്കുകയാണ്. എന്നാൽ പരമ്പരാഗത സമുദായ ങ്ങളുടെ വികസനം വളരെ സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. സമൂഹത്തെ ആകെ ആധുനീക രിക്കുക കൂടി ചെയ്യേണ്ടതാണ്. മൂലധന നിക്ഷേപം കൊണ്ടു മാത്രം ഇതു സാധ്യമാവില്ല. വിക സനത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളെ വസ്തു നിഷ്ഠമായി വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി വേണം വികസന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

ആവശ്യങ്ങളും ലഭ്യതയും തമ്മിലുള്ള വർദ്ധിച്ചുവരുന്ന വിടവ് ഈ പഠനത്തിൽ നിന്നും വ്യക്തമാണ്. പരിഷ്കൃത സമൂഹത്തിൽ നിന്നും പുതിയ ജീവിത സൗകര്യങ്ങളിൽ നിന്നും മാറി വനഭാഗങ്ങളിലും മറ്റും അധിവസിക്കുന്ന ഗോത്രജനതയെ പൊതുധാരാ സമൂഹത്തോടടുപ്പി ക്കാൻ സർക്കാർ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികൾ പലതാണ്. ആദിവാസികളെ പൊതുധാരയിൽ എത്തിക്കുന്നതിൽ വിദ്യാഭ്യാസത്തിന് വലിയൊരു സ്ഥാനമുണ്ട് എന്ന തിരിച്ച റിവുകൊണ്ടാണ് വിദ്യാഭ്യാസ അവകാശങ്ങൾ, കുട്ടികൾക്കുള്ള ഗ്രാന്റിന് പുറമെ രക്ഷിതാ ക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്, പഠനയാത്രകൾ, സ്പെഷ്യൽ ക്ലാസ്സുകൾ, മാതൃകാ റസി ഡെൻഷ്യൽ സ്കൂളുകൾ, കോളേജുകളിൽ ഫീസ് ഇളവ്, തൊഴിൽപരിശീലനം, തൊഴിലിന് വയസിളവ്, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, ഇന്റർവ്യൂവിന് ധനസഹായം ഇവയൊക്കെ അനുവദിച്ചിരിക്കുന്നത്

ഭവനനിർമ്മാണം, വൈദ്യൂതീകരണം, കുടിവെള്ള വിതരണം, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം, വിവാഹധനസഹായം, സ്വയംതൊഴിൽ വായ്പ, കാർഷികലോണുകൾ തുടങ്ങിയ പദ്ധതികൾ ആദിവാസികളുടെ നിലവിലുള്ള ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ളവയാണ്.

മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നിൽക്കുന്ന ആദിവാസികളെ മുന്നിലെത്തിക്കാൻ ദീർഘവീക്ഷണത്തോടെ ആവിഷ്ക്കരിക്കപ്പെട്ടവയാണ്. അവ യുക്തിപൂർവ്വവുമാണ്.

## 5.2 പഠന ലക്ഷ്യത്തിന്റെ ഫലങ്ങൾ

പ്രസ്തുത പഠനത്തിന്റെ ആരംഭത്തിൽ 3 ലക്ഷ്യങ്ങൾ പറഞ്ഞിരുന്നു. അവയിലൊന്ന് വരുമാനവും ഉപജീവന മാർഗ്ഗങ്ങളും കണക്കിലെടുത്ത് കുറിച്യ പണിയ സമുദായങ്ങൾക്കിടയിൽ നിലനിൽക്കുന്ന അസമത്വങ്ങൾ കണ്ടെത്തുക എന്ന-ചരിത്രപരമായ അസമത്വങ്ങളെക്കുറിച്ച് ദ്വിതീയ പഠനങ്ങളിൽ വെളിവായത് രണ്ടാം അധ്യായത്തിലും, സങ്കേതങ്ങളുടെ അസമത്വത്തെക്കുറിച്ച് മൂന്നാം അധ്യായത്തിലും കുടുംബങ്ങളുടെ അസമത്വത്തെക്കുറിച്ച് നാലാം അധ്യായത്തിലും വിശദമായി നൽകിയിട്ടുണ്ട്. ചരിത്രപരമായി നിലനിന്നിരുന്ന പണിയ സമുദായത്തിന്റെ അവസ്ഥ, ഭരണഘടനാപരമായ വികസനവും പരിരക്ഷയും നൽകിയിട്ടുപോലും തുടരുന്ന അവസ്ഥയാണ് ഈ കാലഘട്ടത്തിലും നിലനിൽക്കുന്നത്. ഇതിന്റെ പ്രധാന കാരണം ഭൂരാഹിത്യം, തൊഴിലില്ലായ്മ, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ തുടങ്ങിയവയാണ്. സാമൂഹ്യ പരിവർത്തനം കൈവരിക്കുന്നത് ആ വിഭാഗം ജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമഗ്രമായി അപഗ്രഥനം ചെയ്ത് വികസന പ്രവർത്തനം നടത്തുമ്പോഴാണ്.

പഠനത്തിന്റെ രണ്ടാമത്തെ ലക്ഷ്യം രണ്ട് ഗോത്ര വിഭാഗങ്ങളുടേയും സാമൂഹിക സാഹചര്യങ്ങൾ വിദ്യാഭ്യാസം പൊതു കാര്യങ്ങളിലെ അവബോധം പൊതു പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ മനസ്സിലാക്കുവനായിരുന്നു. പിന്നോക്കാവസ്ഥയെ നിശ്ചിത സമയത്തിനുള്ളിൽ ഒരു ദൗത്യ സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു തീർക്കുവാൻ കഴിയാത്തതുകൊണ്ട് സംജാതമായ അവസ്ഥയാണ് ഇപ്പോഴുള്ളത്.

രണ്ടു സമുദായങ്ങളിലും നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ താരതമ്യം ചെയ്യുന്നതായിരുന്നു. മനുഷ്യന്റെ പല തരത്തിലുള്ള മൂലധന വ്യവസ്ഥിതികളുചേയും അവസ്ഥാപന വൽക്കരിക്കപ്പെട്ട രീതിയിലുമാണ് ഓരോ കാലഘട്ടത്തിലും അതിജീവന പ്രക്രിയയകൾ രൂപീകരിക്കപ്പെട്ടത്. ഇവിടെ കുറിച്യ സമുദായത്തിന്റെ ചരിത്രപരമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അവരുടെ വികസനത്തിന്റെ സൂചകങ്ങളിലും

പ്രതിഫലിച്ചിട്ടുണ്ട്. അതേസമയം കാർഷിക വൃത്തിയിൽ മാത്രം ഊന്നിയ ഒരു ജ്ഞാന വ്യവസ്ഥയിൽ നിന്നും മറ്റു മൂലധനങ്ങളുടെ ഇല്ലായ്മയുടെ അടിസ്ഥാനത്തിൽ സർവ്വാശ്ലേഷിയായ ഒരു വികസനവും കൈവരിക്കാനുള്ള സാഹചര്യം ഉണ്ടായില്ല എന്നതാണ് കാണുവാൻ കഴിഞ്ഞത്. അതുകൊണ്ട് താരതമ്യേന പണിയൻ കുറിച്യൻ വിഭാഗങ്ങൾ വികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ധ്രുവങ്ങളിലാണ് ഉള്ളത് എന്നു വ്യക്തമാക്കുന്നു.

## 5.3 നിരീക്ഷണങ്ങളും കണ്ടെത്തലുകളും

സൂക്ഷ്മ പഠനത്തിന് വിധേയമാക്കിയ 50 സങ്കേതങ്ങൾ 3 പഞ്ചായത്തുകളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. ഇതിൽ 20 സങ്കേതങ്ങളുടെ പങ്കാളിത്ത നിരീക്ഷണ പഠനം നടത്തിയിട്ടുണ്ട്. 50 സങ്കേതങ്ങളിലേയും നിലവിലെ അവസ്ഥയിൽ അവ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും പരാമർശിക്കപ്പെട്ടിട്ടുണ്ട്. പങ്കാളിത്ത പഠനം നടത്തിയ സങ്കേതങ്ങളിൽ പട്ടിക വർഗ്ഗക്കാർ തന്നെ സൂക്ഷ്മ തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ട് പറഞ്ഞിട്ടുണ്ട്. ആയതുകൊണ്ട് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള 50 സങ്കേതങ്ങളുടേയും പ്രശ്നങ്ങൾ സൂക്ഷ്മ തലത്തിൽ തന്നെ പരിശോധിച്ച് പരിഹാരം കാണുന്നതിനുള്ള നടപടികൾ ഉടനടി കാണേണ്ടതാണ്. ഇങ്ങനെ ചെയ്താൽ മാത്രമേ സമുദായങ്ങൾ തമ്മിൽ ഓരോ വിഷയത്തിലും നിലനിൽക്കുന്ന വിടവു കണ്ടെത്താനും അവ പരിഹരിക്കാനും സാദ്ധ്യമാവുകയുള്ളൂ.

### 5.2.1 അടിസ്ഥാന സൗകര്യ വികസനം

- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കുറിച്യരുടേയും, പണിയരുടേയും ഇടയിൽ പ്രധാനമായും ഭവനനിർമ്മാണം, ഭവന നവീകരണം, റോഡ്, വൈദ്യുതി, കുടിവെള്ളം, സംരക്ഷണഭിത്തി നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.
- സ്വന്തമായി ഒരു വീട് ഗോത്രസമുദായംഗങ്ങളുടെ ജീവിത സ്വപ്നമാണെന്നാണ്, പഠനം നടത്തിയ സങ്കേതങ്ങളിൽ നിന്നും മനസിലായിട്ടുള്ളത് കുറിച്യർക്കും, പണിയർക്കും ഭവനനിർമ്മാണത്തിനനുവദിക്കുന്ന തുകയിൽ വീടുപണി പൂർത്തിയാക്കുവാൻ കഴിയുന്നില്ല എന്നതാണ്. ഭവനനിർമ്മാണത്തിന് സർക്കാർ തൽകുന്ന തുക ഒരു സഹായം മാത്രമാണോ അതോ വീടു പൂർത്തീകരിക്കുന്നതിനു വേണ്ടിയാണോ എന്ന കാര്യത്തിൽ തീരുമാനം എടുക്കേണ്ടതാണ്. എന്തെന്നാൽ ഭൂരിഭാഗം പണിയൻ സങ്കേതങ്ങളും ഗതാഗത യോഗ്യമായ വഴി സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലാണുള്ളത്. അതു കൊണ്ടുതന്നെ

ഭവനനിർമ്മാണത്തിനനുവദിക്കുന്ന തുകയിൽ ഏറിയ പങ്കും നിർമ്മാണ സാധനങ്ങൾ എത്തിക്കുന്നതിനായി ചിലവാകുന്നു. തൻമൂലം ഭവനനിർമ്മാണം പകുതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നു.

- കുറിച്യ സമുദായക്കാരുടെ സ്ഥിതിയും പണിയരുടേതിൽ നിന്നും വ്യത്യസ്തമല്ല. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് വീടിന്റെ വിസ്തീർണ്ണം കൂടുന്നതോടെ അനുവദിക്കുന്ന തുകയ്ക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. കുറിച്യർക്കും പണിയർക്കും നിലവിൽ സർക്കാർ അനുവദിച്ചിട്ടുള്ള 460 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള വീടുകൾ പര്യാപ്തമാവുന്നില്ല. വീടുകളുടെ വിസ്തീർണ്ണത്തിൽ രണ്ടു സമുദായംഗങ്ങളും തൃപ്തരല്ല. അവർക്കായി നിർമ്മിച്ചു നൽകിയ വീടുകളിൽ പലതിലും നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ആദിവാസികളിൽ ഭൂരിപക്ഷവും പണിയരാണ്.

- എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ആ ലക്ഷ്യം നേരിടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാർപ്പിട മേഖലയിൽ ഏറ്റെടുക്കേണ്ടതായ ചുമതലകൾ താഴെപ്പറയുന്നവയാണ്.

  (1) ഭൂരഹിതർക്ക് സ്ഥലം വാങ്ങി ഭവനസമുച്ചയം നിർമ്മിച്ചു നൽകുന്ന പ്രൊജക്ടുകൾ ഗ്രാമ- ബ്ലോക്ക്- ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

  (2) ജനകീയാസൂത്രണം മുതൽ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് വീട് പൂർത്തിയാക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

- (3)അപ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം അനുവദിക്കുമ്പോൾ ബേസ്മെന്റ്, റൂഫ്ലെവൽ. ലിന്റൽ ലെവൽ എന്നിങ്ങനെ ഓരോ ഘട്ടങ്ങളിലും അവശേഷിക്കുന്ന പണികളുടെ അവസ്ഥ പരിഗണിച്ച് ആനുപാതികമായാണ് തുക കണക്കാക്കേണ്ടത്.
- ഓരോ പദ്ധതികളും നടപ്പിലാക്കുമ്പോൾ സങ്കേതത്തിലുള്ളവരുടെ അഭിപ്രായത്തിനാണ് മുൻഗണന നല്കേണ്ടത്. ഉദാഹരണത്തിന് തോട് സൈഡ് കെട്ട് എന്ന പദ്ധതി പല സങ്കേതങ്ങളിലും വ്യക്തമായ ധാരണയില്ലാതെ നടപ്പാക്കുകയും, അതിലൂടെ ആ സ്കീം കൊണ്ട് ഉപകാരമില്ലാതാവുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് അവരുടെ ആവശ്യങ്ങൾ അവരുടെ അഭിപ്രായം മാനിച്ച് നിർവ്വഹിക്കേണ്ടത് അത്യാവശ്യമാണ്.

## 5.2.2 ഉപജീവന മാർഗ്ഗങ്ങൾ

- പൊതുവെ, വികസിത പ്രദേശങ്ങളിൽ താമസിക്കുന്ന കുറിച്യർക്കും, ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പണിയർക്കും ഒരേപോലെ ഫണ്ട് ലഭിക്കുമ്പോൾ പണിയർക്ക് ആ പദ്ധതി യുടെ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരുന്നു.
- വികസന പ്രവർത്തനങ്ങൾ കുറിച്യർക്കും, പണിയർക്കും ഒരേപോലെ നൽകിയിട്ടും രണ്ടുകൂട്ടർക്കും, വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുനന്നതിന്റെ പ്രധാന കാരണം ഇരുവരുടെയും സാമ്പത്തിക ഭദ്രത, ഭൂപ്രദേശം, ജീവിക്കുന്ന സ്ഥലം എന്നിവയിലെ വ്യത്യസ്തത ആണ്. ആയതിനാൽ ഈ വ്യത്യാസം കണക്കിലെടുത്തുകൊണ്ട് കൂടുതൽ സഹായം ആവശ്യമുള്ളിടത്ത് കൂടുതൽ നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാം.
- പണിയരും, കുറിച്യരും ഇടകലർന്ന് താമസിക്കുന്ന സ്ഥലങ്ങളിലും, പണിയർ മാത്രമായി താമസിക്കുന്ന സ്ഥലങ്ങളിലും പണിയരുടെ അവസ്ഥ ഒരേപോലെയാണ്. ജീവിതരീതിക്കൊ, സാമ്പത്തിക അവസ്ഥയ്ക്കൊ, യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. അതേ സമയം, രണ്ടോ, മൂന്നോ പണിയൻ കുടുംബങ്ങൾ ജനറൽ വിഭാഗത്തിന്റെ കൂടെ ഇടകലർന്ന് താമസിക്കുന്ന കോളനികളിൽ വിദ്യാഭ്യാസം, തൊഴിൽ, ജീവിതരീതി എന്നിവയിൽ പണിയർ ഗണ്യമായ മാറ്റം വരുത്തിയിരിക്കുന്നത് കാണാൻ സാധിക്കും.
- ഓരോ പദ്ധതികളും നടപ്പിലാക്കുമ്പോൾ സങ്കേതങ്ങളിലുള്ളവരുടെ അഭിപ്രായത്തിന് മുൻതൂക്കം നൽകേണ്ടതാണ്. സ്ഥലസൗകര്യം ഇല്ലാത്ത പല പണിയൻ സങ്കേതങ്ങ ളിലും ആട്, കോഴി മുതലായവയെ നൽകുകയും അവയെ പരിപാലിക്കുവാൻ കഴിയാ തെ വരുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്.
- ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. വളരെ ചുരുങ്ങിയ സ്ഥലത്ത് ജീവിച്ചു വരുന്ന പണിയർക്ക് അവരെക്കൊണ്ട് വളർത്താൻ സാധിക്കാത്ത കോഴി, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളെ നൽകുമ്പോൾ അത് അവർക്ക് ഉപകാരപ്പെടാതെ പോകുന്നു.
- ജോലി ചെയ്യുന്നതിൽ കുറിച്യരേക്കാൾ താത്പര്യം കാണിക്കുന്നത് പണിയൻ സ്ത്രീകളാണ്. തൊഴിലുറപ്പ്, കുടുംബശ്രീ എന്നീ പദ്ധതികളിൽ കൂടി വയനാട്ടിൽ മിക്ക പട്ടിക വർഗ്ഗ സങ്കേതങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ മുഖ്യ പങ്കാളിത്തം വഹി ച്ചവരാണ് പണിയൻ സമുദായത്തിലെ സ്ത്രീകൾ. ഈ ഒരു അനുഭവത്തിന്റെ വെളിച്ച ത്തിലാണ് വരുമാനദായക അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഉണർവ്വ് ഈ വിഭാഗം സ്ത്രീകളിൽ ഉണ്ടായി വരുന്നത്. അതുകൊണ്ട് തന്നെ പണിയർക്ക് സ്വയംതൊഴിൽ പരിശീലനവും അതിലൂടെ ജോലിയും നൽകേണ്ടതുണ്ട്.

സ്വയംതൊഴിൽ പരിശീലനം ലഭിച്ച പല കുറിച്യൻ സങ്കേതങ്ങളിലെ സ്ത്രീകളും ഇന്ന് യാതൊരു തൊഴിലും ഇല്ലാത്ത അവസ്ഥയിലാണ്. അതുകൊണ്ട് തന്നെ മാസത്തിൽ ഒന്നോ, രണ്ടോ ദിവസങ്ങളിൽ മാത്രം ജോലി ലഭിക്കുന്ന സങ്കേതങ്ങളിൽ സ്വയംതൊഴിൽ പരിശീലനവും, ജോലി ലഭ്യതയും ഉറപ്പുവരുത്തേണ്ടതുണ്ട്.

## 5.2.3 വിദ്യാഭ്യാസം, ആരോഗ്യം

- പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ പുരോഗതിക്കായി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും പണിയൻ സമുദായംഗങ്ങൾക്ക് വേണ്ടത്ര അറിവ് ഈ പദ്ധതികളെക്കുറിച്ച് ലഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഈ പദ്ധതികളുടെ പ്രയോജനങ്ങൾ വേണ്ട വിധത്തിൽ അവരിലേക്ക് എത്തിച്ചേർന്നിട്ടില്ല. തന്മൂലം പണിയൻ സമുദായംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്ന നിലയിലാണുള്ളത്. അവർക്കിടയിൽ പടർന്നുകയറുന്ന മാരകരോഗങ്ങളും പട്ടിണിയും അവർക്കിടയിലെ മരണസംഖ്യ വർദ്ധിപ്പിക്കുന്നു. അരിവാൾ (സിക്കിൾ സെൽ അനീമിയ) രോഗത്തിനു മുന്നിൽ പകച്ചുനിൽക്കുകയാണ് അവർ

- എന്നാൽ കുറിച്യൻ സമുദായംഗങ്ങൾ തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതായി കാണാം.സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളേക്കുറിച്ച് സമുദായംഗങ്ങൾ അവബോധം ഉള്ളവരും പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നവരുമാണ്.അതുകൊണ്ടു തന്നെ കുറിച്യ സമുദായംഗങ്ങൾ വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നിട്ടു നിൽക്കുന്നു. കൊഴിഞ്ഞു പോക്കും ഇവരുടെ ഇടയിൽ താരതമ്യേന കുറവാണ്.

## 5.2.4 കൃഷി

- 12-ാം പഞ്ചവത്സര പദ്ധതിയിൽ ഭൂമി വിതരണത്തിനായി പദ്ധതികളൊന്നും തന്നെ കുറിച്യർക്കും, പണിയർക്കും നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നില്ല. ഭൂരിഭാഗം പണിയൻ സമുദായക്കാരും 10 സെന്റിൽ താഴെ ഭൂമിയുള്ളവരാണ്.
- പണ്ടുകാലത്ത് പറമ്പിൽ കൃഷി ചെയ്ത് പണിയെടുത്ത് ജീവിച്ച പണിയർക്ക് പലർക്കും ഇന്ന് കൃഷിഭൂമി എന്നത് സ്വപ്നം മാത്രമാണ്. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂമി നഷ്ടപ്പെട്ട് മറ്റുള്ളവരുടെ കൃഷിയിടങ്ങളിൽ കൂലിവേല ചെയ്തും, ചുരുങ്ങിയ സ്ഥലത്ത് താമസിച്ചു വരികയും ചെയ്യുന്ന ഇവർക്ക് മതിയായ ഭൂമി കൃഷി ചെയ്യാൻ ലഭിക്കുകയാണെങ്കിൽ സാമ്പത്തികമായ അഭിവൃദ്ധി ഉണ്ടാകും.

- TSP ഫണ്ട്  തീർന്നുപോയി എന്ന് പറഞ്ഞ് പകുതി വഴിക്ക് ഉപേക്ഷിക്കുന്ന പല പ്രവർത്തനങ്ങളും ജനറൽ ഫണ്ട് കൂടി ഉൾപ്പെടുത്തി നടത്തുകയാണെങ്കിൽ സുഗമമായി പൂർത്തിയാക്കാവുന്നതാണ്.
- ആദിവാസികൾക്ക് വേണ്ടി ചിലവഴിക്കുന്ന കോടികളുടെ പ്രയോജനം അവർക്കിടയി ലേക്ക് എത്തിച്ചേരാത്തതിന്റെ പ്രധാനപ്പെട്ട കാരണം ആദിവാസിക്ക് ഇങ്ങനെയൊക്കെ മതി എന്ന പരിഷ്കൃത സമൂഹത്തിന്റെ മനോഭാവവും വികസന പദ്ധതികൾ നടപ്പിലാ ക്കുന്നതിലെ അപാകതകളുമാണ്. ആദിവാസി ക്ഷേമപദ്ധതികളെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു ജനവിഭാഗമാണ് പണിയർ.  നൂറ്റാണ്ടുകൾ നീണ്ട അടിമത്തം ഉണ്ടാക്കിയ അപകർഷതാബോധത്തിൽ നിന്നും അവരിന്നും മോചിത രായിട്ടില്ല.  .

## 5.3 നിർദ്ദേശങ്ങൾ

മൂന്നാം അദ്ധ്യായത്തിലും നാലാം അദ്ധ്യായത്തിലും കുറിച്യൻ സമുദായത്തിന്റേയും പണിയൻ സമുദായത്തിന്റേയും അവസ്ഥാ നിലവാരവും അവർ തമ്മിൽ നാൾക്കു നാൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അന്തരങ്ങളും അതു വഴി ഉടലെടുക്കുന്ന പാർശ്വവർക്കരണ ത്തെപ്പറ്റിയും ചർച്ച ചെയ്തിരുന്നു. ഇവയെല്ലാം സംഗ്രഹിച്ച് വിഷയാടിസ്ഥാനത്തിലുള്ള അവതരണമാണ്  താഴെ നൽകിയിരിക്കുന്നത്.

### 5.3.1 അടിസ്ഥാന സൗകര്യ വികസനം

- സങ്കേതങ്ങളിലേക്ക് ഗതാഗത സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.
- ശ്മശാനഭൂമി സംരക്ഷിക്കുന്നതിനും തോടിനു കുറുകെ കോൺക്രീറ്റ് പാലവും തോടിനു സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.
- വീടുപണി കരാർ കൊടുക്കാതെ സ്വയം പണിയുന്നതിന് സങ്കേതവാസികളെ പ്രാപ്തരാക്കണം.
- മലയോര പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിന് കൂടുതൽ തുക അനുവദിക്കണം.
- എല്ലാ സങ്കേതങ്ങളിലും ശ്മശാന ഭൂമി ലഭ്യമാക്കുക.
- സങ്കേത നിവാസികൾക്ക് കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- എല്ലാ സങ്കേത നിവാസികൾക്കും സ്വന്തമായി വീടും സ്ഥലവും ഉറപ്പാക്കുക.
- കുടിവെള്ള സൗകര്യം പര്യാപ്തമല്ലാത്ത സങ്കേതങ്ങളിൽ പൊതു കിണർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പാലക്കോളി പോലെ സ്ഥലസൗകര്യമുള്ള (കുറിച്യൻ)

സങ്കേതങ്ങളിൽ ഇതിനു വേണ്ട പദ്ധതികൾ സങ്കേത നിവാസികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്.

- പമ്പ് ഹൗസ്. ജലനിധി എന്നിവ പ്രവർത്തന രഹിതമായാൽ 15 വീടുകൾ കേന്ദ്രീകരിച്ച് കിണർ നിർമ്മിക്കുവാൻ ധനസഹായം നൽകുക.
- നെച്ചോളി സങ്കേതം കബനി നദിയുടെ തീരത്താണ് ഉള്ളത്. അതുകൊണ്ട് നദിയിൽ നിന്നും സങ്കേതത്തിലേക്ക് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
- സങ്കേതവാസികൾ നിർദ്ദേശിക്കുന്ന സ്ഥലത്ത് കുളം നിർമ്മിക്കുക.
- വളാരം കുന്ന് സങ്കേതത്തിൽ കൊടുംവേനലിൽ പോലും വറ്റാത്ത ഉറവ ഉണ്ട്. മുകൾ ഭാഗത്തുള്ള ഉറവയ്ക്കടുത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി സങ്കേതത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

## 5.3.2 ഉപജീവനമാർഗ്ഗങ്ങൾ

- സർക്കാർ ജോലി ലക്ഷ്യം വെയ്ക്കുന്നവർക്ക് പി.എസ്.സി പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
- പിന്നോക്കം നിൽക്കുന്ന സമുദായാംഗങ്ങൾക്ക് അർഹമായ പരിഗണന കൊടുത്തു കൊണ്ട് സ്വയം തൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ഥിര വരുമാനം ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- ഡ്രൈവിംഗ്, വയറിംഗ്, പ്ലംബിംഗ്, ആശാരിപ്പണി, കന്നുകാലി വളർത്തൽ, തയ്യൽപരിശീലനം, കുട്ടനെയ്ത്ത് പരിശീലനം തുടങ്ങിയവ നടപ്പിലാക്കണം.
- തൊഴിലുറപ്പ് പദ്ധതി വഴിയുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം.
- കോഴി, പശു, ആട് മുതലായ കന്നുകാലികളെ വളർത്തുന്നതിന് താൽപര്യമുള്ള അംഗങ്ങൾക്ക് നൽകുകയും അവയുടെ പരിപാലനത്തിനുള്ള പരിശീലനം നൽകുകയും വേണം.
- ഉപജീവന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം സ്വയംതൊഴിൽ സംഘങ്ങൾ രൂപീകരിച്ച് പരിശീലനം നൽകേണ്ടതാണ്.
- പുതിയ തൊഴിൽ മേഖലകൾ യുവാക്കൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ഗവൺമെന്റിന്റെ സഹായങ്ങൾ ഉറപ്പുവരുത്തുകയും സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി നൽകുകയും വേണം.

## 5.3.3. വിദ്യാഭ്യാസം

- വിദ്യാഭ്യാസ കാര്യങ്ങൾ ചർച്ച ചെയ്യാൻ ഒരു പ്രത്യേക കൂട്ടായ്മ രൂപീകരിക്കുകയും പഠന വീട് കാര്യക്ഷമമാക്കുകയും ചെയ്യുകയാണെങ്കിൽ ഭൂരിഭാഗം വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കുവാൻ സാധിക്കും.

- വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കാൻ പ്രാഥമിക തലത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. അദ്ധ്യാപകരും, രക്ഷിതാക്കളും കുട്ടികളുടെ കാര്യത്തിൽ കൂട്ടായ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

- പണിയൻ സമുദായാംഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണം രക്ഷിതാക്കളുടെ അറിവില്ലായ്മ,. കുട്ടികൾക്ക് അധ്യാപകരുമായി ആശയവിനിമയം നടത്തുന്നതിനുള്ള ഭാഷാപ്രശ്നം തുടങ്ങിയവയാണ്. പണിയൻ കുട്ടികളെ പഠിപ്പിക്കുന്ന പ്രൈമറി തലത്തിലുള്ള അധ്യാപകർക്ക് പണിയ ഭാഷയിലുള്ള പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

- കുറിച്യൻ സമുദായക്കാരെ അപേക്ഷിച്ച് പണിയൻ സമുദായത്തിലെ കുട്ടികൾക്ക് വീടുകളിൽ പഠിക്കുന്നതിനനുയോജ്യമായ സാഹചര്യം വളരെ കുറവാണ്. തങ്ങളുടെ പാഠപുസ്തകം സൂക്ഷിക്കുന്നതിനോ ഗൃഹപാഠം ചെയ്യുന്നതിനോ ഉള്ള സൗകര്യങ്ങൾ ഇല്ല. മിക്ക സങ്കേതങ്ങളിലും പഠനവീട് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്

- വിദ്യാഭ്യാസ ആനുകൂല്യമായി ലഭിക്കുന്ന ഗ്രാൻഡ് സമയ ബന്ധിതമായി കുട്ടികൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

- ഉന്നത വിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കുന്നവർക്ക് ട്യൂഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

- വിദ്യാഭ്യാസ പുരോഗതിയിലുണ്ടാകുന്ന വിജയ ശതമാനത്തിന്റെ കുറവ് പഠനവീട്, പഠനോപകരണങ്ങൾ, മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി നടപ്പിലാക്കിയാൽ പരിഹരിക്കാനാവുന്നതാണ്.

- എടത്തനയിലെ ഗവൺമെന്റ് ട്രൈബൽ സ്കൂളിന് ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഇതുവഴി കൊഴിഞ്ഞുപോക്ക്, സ്ഥിരാധ്യാപകർ ഇല്ലാത്ത അവസ്ഥ എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണാനാകും.

### 5.3.4 കൃഷി

- കാർഷിക മേഖലയിൽ പുരോഗതി കൈവരിക്കാൻ സർക്കാർ ധനസഹായം നൽകേണ്ടതുണ്ട്.
- മായം കലർന്ന ഭക്ഷണ സാധനങ്ങളുടെ ഉപയോഗം ഒഴിവാക്കാൻ സമുദായാംഗങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.
- നെൽ കൃഷിക്ക് ജൈവവള സംവിധാനം ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കുക. കാപ്പി, മഞ്ഞൾ, കുരുമുളക്, എന്നിവയ്ക്ക് ഇൻഷൂറൻസ് പദ്ധതികൾ നടപ്പിലാക്കുക. കാർഷിക വിളകൾക്ക് മാർക്കറ്റ് വില ഉറപ്പു വരുത്തുക.
- കൃഷി ചെയ്യുവാൻ താൽപര്യമുള്ള എല്ലാവർക്കും സ്വന്തമായി കൃഷി ഭൂമി ഉറപ്പു വരുത്തുക.

## 5.4 മറ്റ് നിർദ്ദേശങ്ങൾ

- പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് സങ്കേതനിവാസികളെ ബോധവാൻമാരാക്കേണ്ടത് അത്യാവശ്യമാണ്.
- ഊരുകൂട്ടങ്ങളെ ശക്തിപ്പെടുത്തണം, അതുപോലെതന്നെ യുവതീയവാക്കളുടെ ക്ലബ്ബുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തണം കൂടാതെ പദ്ധതികൾ മുന്നോട്ട് കൊണ്ട് പോകുന്നതിനാവശ്യമായ പരിശീലനവും സമുദായംഗങ്ങൾക്ക് നൽകേണ്ടതാണ്.
- ഓരോ സങ്കേതത്തിനും അനുയോജ്യമായ രീതിയിലുള്ള പദ്ധതികളായിരിക്കണം നടപ്പിലാക്കേണ്ടത്. കുടുംബത്തിലെ അംഗസംഖ്യയ്ക്കനുസരിച്ചുള്ള വിസ്തൃതിയിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കേണ്ടതാണ്.
- സാമൂഹികപരമായും സാമ്പത്തികപരമായും പിന്നിൽ നിൽക്കുന്ന പണിയൻ സമുദായംഗങ്ങൾക്ക് സർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികളേക്കുറിച്ച് കൃത്യമായ അവബോധം നൽകേണ്ടത് അത്യാവശ്യമാണ്.
- പാരമ്പര്യ തൊഴിലുകൾ ചെയ്യുവാൻ താത്പര്യമുള്ളവർക്ക് അതിനുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണ ചെയ്തു നടപ്പാക്കേണ്ടതാണ്.
- ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് മുൻഗണനാ ക്രമത്തിലായിരിക്കണം.
- പിന്നോക്ക അവസ്ഥയിൽ ഉള്ളവരെയും, മുന്നോക്ക അവസ്ഥയിൽ ഉള്ളവരെയും ഒരേ രീതിയിൽ പരിഗണിക്കാതെ പിന്നോക്ക അവസ്ഥയിൽ ഉള്ളവർക്ക് കൂടുതൽ പരിഗണന നൽകേണ്ടതാണ്.

- ഓരോ സമുദായത്തിന്റേയും സംസ്ക്കാരത്തിനും ആവശ്യത്തിനും അനുസരിച്ചുള്ള പദ്ധതികളായിരിക്കണം ആവിഷ്ക്കരിക്കേണ്ടത്. ഇക്കാര്യത്തിൽ അദ്ധ്യായം നാലിലെ സംഗ്രഹപട്ടികയിൽ പരാമർശിച്ചിട്ടുള്ള വികസന വിടവുകൾ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുക.
- പദ്ധതികൾ നടപ്പിലാക്കികഴിഞ്ഞാൽ അവയുടെ പുരോഗതി നിരന്തരം വിലിയിരുത്തേ ണ്ടത് അത്യാവശ്യമാണ്. തദ്ദേശസ്വയംഭരണാടിസ്ഥാനത്തിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കുകയും പട്ടികവർഗ്ഗ വികസന പദ്ധതികളുടെ നിർവ്വഹണം നിരീക്ഷിക്കു കയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
- പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിനു പുറമേ ജനറൽ ഫണ്ടും / കോർപ്പസ് ഫണ്ടും പട്ടിക വർഗ്ഗ വിഭാഗങ്ങളിലൂടെ വികനത്തിനുവേണ്ടി ഉപയോഗിക്കേണ്ടതാണ്.
- സ്വന്തമായി ഭൂമിയില്ലാത്തവരും എന്നാൽ കൃഷി ചെയ്യുവാൻ താത്പര്യമുള്ളവരുമായ സമുദായാംഗങ്ങൾക്ക് പാട്ടകൃഷി കുടുംബശ്രീ സംവിധാനങ്ങളിൽ കൂടി നടപ്പിലാക്കാവു ന്നതാണ്.
- തങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മനസിലാക്കുവാനും അവ വില യിരുത്തുന്നതിനുമുള്ള അവസരം സങ്കേത നിവാസികൾക്ക് നൽകേണ്ടതാണ്. ഇതിനു വേണ്ടിയുള്ള സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.
- പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിൽ സമുദായാടിസ്ഥാനത്തിൽ അവരുടെ സാമൂ ഹിക സാമ്പത്തിക പുരോഗതി ഉറപ്പു വരുത്തുന്ന തരത്തിലുള്ള പദ്ധതികളാവണം ആവി ഷ്ക്കരിക്കപ്പെടുന്നത്.
- ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്നത് കുറിച്യൻ സമുദായക്കാരുടെ തദ്ദേശീയ ജ്ഞാന വ്യവസ്ഥ നിലനിർത്തിക്കൊണ്ട് വികസന സംരംഭങ്ങളോട് എളുപ്പം പ്രതികരി ക്കാനും സ്വീകരിക്കപ്പെടാനുമുള്ള നിലവിലെ അവസ്ഥ പുറകോട്ട് പോകാതെ നോക്കണ മെന്നുമാണ്. അതേസമയം പണിയൻ വിഭാഗക്കാരുടെ ഇപ്പോഴത്തെ ദുരവസ്ഥക്ക് മാറ്റം വരുത്തുവാൻ വേണ്ടി വിവിധോദ്ദേശ്യ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി ആ സമുദായത്തേയും രാഷ്ട്ര നിർമ്മാണ പ്രക്രിയയിലേക്ക് ഉൾച്ചേർക്കുക യാണ് സാമൂഹ്യ നീതി കൈവരിക്കുവാൻ ചെയ്യേണ്ടത്

## സഹായക ഗ്രന്ഥങ്ങൾ


- Tribes of Kerala; Luiz A.A.D, Bharathiya Adimjati Sevak Sangh, (1962)
- ആദിവാസികളുടെ കേരളം , നെട്ടൂർ.പി.ദാമോദരൻ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, (1974)
- കുറിച്ച്യരുടെ ലോകം ഡി.ചാക്കോ കണ്ണാട്ടുതെഴി (1994)
- 'പണിയർ' , പി.സോമശേഖരൻ നായർ നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, (1976)
- Tribal Situation in Kerala : P.R.G Mathur ; Kerala Historical Society (1977)
- Tribal Development : The Concept and the Frame : B.D Sharma. , Prachi Prakashan (1978)
- 'Ecology, Economy, Matriliney And Fertility of Kurichiyas : A Ayyappan, M. Mahadevan, B.R Publishing Corporation, Delhi, (1990)
- Castes and Tribes of Southern India, Volume VI: E-Thurston, Cosmo Publication. (1975)
- 'കുറിച്ച്യരുടെ ജീവിതവും സംസ്കാരവും (നാടോടി വിജ്ഞാനീയം)
  ഡോ.കുമാരൻ വയലേരി (1996)
- Malabar Series, Wayanad: Its People and Tradition - Rao Bahadur, C.Gopalan Nair, Gowtham Jaitley for Asian Educational Service - Publications. (2000)
- Tribal Development in India, The Contemporary Debate : Govinda Chandra Rath ; Sage Publications India Pvt.Ltd , (2006)
- Wayanad Initiative; Report submitted to Government of Kerala by Centre of Excellenceon behalf if IIM Calicut (2006)
- Action Anthropology, Tribal Development Issues- Indian Indigenenous People Service Society, Wayanad S. Bindhu (2008)
- Paniyas of Wayanad- Sandhya Reshmi , Modern Offset Printers, Sulthan Bathery, (2008)

- The Paniyan:Tribal Health and Medicine in Kerala, D C Books, Kottayam Kerala (2008)
- 'പട്ടികവർഗ സമൂദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം'- 2008
  തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്
- Report on the Socio Economic Status, Scheduled Tribes Development Department, (2013)
- കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്ക്കാരവും, കറന്റ് ബുക്സ്-സീലിയ തോമസ്, പേജ് 78
- Tribal Development in India : Suresh manchi, Crescent Publishing Corporation (2015)

- Rethinking Tribes in India Context Realities, Issues and Challenge Edited by Bidhan Kanthi Das, Rejath Kanthi Das, Prem Ravath for Ravathv Publications. (2017)


**************



## വികസന പഠനവിഭാഗം


കിർടാഡ്സ്
(കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന
വികസന പഠനവകുപ്പ്)
കോഴിക്കോട്–17